'എല്ലാവരും എഴുതട്ടെ, വിധിനിർണയം കാലത്തിനു വിടുക' : സച്ചിദാനന്ദൻ

കമലദാസ് : ആല്മാവിന്റെ പ്രകാശം ചൊരിയുന്ന എഴുത്തുകാരി

അവയവ മാഫിയയുടെ താവളങ്ങൾ തേടി

സെല്ലുലോയിഡിലെ അതിശയങ്ങൾ

JUNE | VOL.3 | ISSUE 6

മലയാളി.com magazine 2024



# ദേശീയ മൂല്യങ്ങൾ വീണ്ടെടുത്ത ഇന്ത്യൻ വോട്ടറുടെ കയ്യൊപ്പ്




Once you download and register and login to the App, your email will be automatically entered to win. **Restrictions apply.** This offer is valid only for anyone who downloads the app from **June 1st until June 30th, 2024**. You can enter from anywhere except legally restricted by any States or Countries. For complete details and rules visit **medialogistics.us/downloadandwinrules**. Winner will be announced on July 7th, 2024 via all Media Outlets. No purchase necessary.

മലയാളി.com Magazine
DIGITAL MAGAZINE
2024
JUNE
VOL/03
ISSUE/6
Contact: mag@emalayalee.com | www.emalayalee.com

# ജനങ്ങളാണ് യഥാർത്ഥ ഭരണ കർത്താക്കൾ !

ഇത് പോലൊരു പരാജയം വിജയമായിട്ടില്ല ,വിജയം പരാജയത്തിൽ കലാശിച്ചിട്ടുമില്ല.ഇന്ത്യയെ പോലുള്ള മൂന്നാം ലോക ജനാധിപത്യ രാഷ്ട്രങ്ങൾ അനായാസം എകാധിപത്യത്തിലും ആയുഷ്കാലഭരണത്തിലും കൂപ്പുകുത്തുമ്പോൾ ഇന്ത്യ ആർക്കും പിടികൊടുക്കാത്ത പ്രഹേളികയാണെന്നു ഒരിക്കൽ കൂടി തെളിയിച്ചു .അടിയന്തിരാവസ്ഥയുടെ അമ്പതാം വാർഷികം പടി കടന്നു വരുന്ന ഈ വേളയിൽ ഒരിക്കൽ കൂടി ജനങ്ങളാണ് യഥാർത്ഥ ഭരണ കർത്താക്കൾ എന്ന് ഈ പൊതു തെരഞ്ഞെടുപ്പു വിധിയെഴുതി .നിന്ദിതരും പീഡിതരുമായ സാധാരണ ജനങ്ങൾ നിലവിലുള്ള വ്യവസ്ഥിതിക്കും അതിനെ സംരക്ഷിക്കുന്ന ഭരണഘടനക്കും അനുകൂലമായി വോട്ട് ചെയ്തു . തുടർച്ചയായി രണ്ടുവട്ടം ഇന്ത്യ ഭരിച്ച ബി ജെ പിയെ കേവല ഭൂരിപക്ഷത്തിൽ നിന്നും എത്രയോ അകലെ തളച്ച അവർ തങ്ങളുടെ സ്വരം രാഷ്ട്രം കേൾക്കുന്നുണ്ട് എന്നുറപ്പിച്ചു .ഇതു രാഹുൽ ഗാന്ധി നേതൃത്വം കൊടുക്കുന്ന ഇന്ത്യ സംഖ്യത്തിന്റേയോ പ്രതിപക്ഷത്തിന്റേയോ വിജയമല്ല സാധാരണ ജനങ്ങൾ ഇന്ത്യൻ ഭരണഘടനക്ക് നൽകിയ ആദരമാണ് .ബി ജെ പി നേതൃത്വത്തിൽ എൻ ഡി എ സർക്കാർ അധികാരം എല്ക്കുകയാണെങ്കിലും അവർ കുതിരക്കച്ചവടത്തിലൂടെ അംഗബലം കൂട്ടിയാലും ജനങ്ങളുടെ വിധി ഒരു ചൂണ്ടു പലകയായി നിലകൊള്ളും

ഭരണഘടനയിലെ മൂല്യങ്ങൾ ഓരോന്നോരോന്നായി തിരുത്തിയെഴുതുന്നതിനു സാക്ഷ്യം വഹിച്ച വർഷങ്ങൾ ആയിരുന്നു കടന്നു പോയത് .അതേപോലെ യാതൊരു കൂടിയാലോചനകളും നടത്താതെ നടത്തിയ നിരവധി നടപടികൾ .സംസ്ഥാനങ്ങളെ കേന്ദ്ര സർക്കാരിൻറെ കീഴിലുള്ള ഒരു ഭരണപ്രദേശം മാത്രമായി തള്ളിയ കാലങ്ങൾ .അതുണ്ടാക്കിയ പ്രത്യാഘാതം ഇപ്പോഴും നില കൊള്ളുന്നു എങ്കിലും ഇനിയങ്ങനെ ചെയ്യും മുൻപ് ഭരണാനാധികാരികൾ രണ്ടു വട്ടം ആലോചിക്കും .നമ്മുടെ മൂല്യങ്ങളിൽ ഒരു പുനർ വിചിന്തനമുണ്ടാകും .പക്ഷെ അതൊന്നും എളുപ്പമല്ല തോറ്റെങ്കിലും പരാജയം ഇപ്പോഴും ഉൾക്കൊള്ളാൻ ഭരണകക്ഷിക്കാകുന്നില്ല .ദക്ഷിണസംസ്ഥാനങ്ങളിൽ ഉണ്ടായ വോട്ട് വർദ്ധനയാണ് അവരുടെ തുറപ്പ് ശീട്ട്.

പക്ഷേ ഈ പൊതു തെരഞ്ഞെടുപ്പു പ്രസിഡൻഷ്യൽ ശൈലിയിലുള്ള തെരഞ്ഞെടുപ്പ് തിരിച്ചടിക്കുമെന്നു തെളിയിച്ചു .മോദി പ്രഭാവത്തിൽ വോട്ടു പിടിച്ചിരുന്ന ബി ജെ പിക്ക് ഇത്തവണ യഥാർത്ഥ പ്രചാരണത്തിലേക്ക് കടന്നു ചെല്ലേണ്ടി വന്നു.പ്രതിയോഗികളുടെ ചോദ്യങ്ങൾക്ക് മറുപടി പറയേണ്ടി വന്നു . ബിഉ ജെ പി പ്രചാരണം രാമ്ക്ഷേത്രത്തിലും ഹിന്ദുത്വയുടെ കാതലായ അംശങ്ങളിലും നിന്ന് മാറി അത് വിദ്വേഷത്തിന്റെ കറുത്ത തലത്തിൽ എത്തി .എന്തിനു കോർപ്പറെറ്റ് ചെങ്ങാത്തം പ്രതിയോഗികൾക്ക് നേരെ ആരോപിക്കാനും അവർ ശ്രമം നടത്തി കോൺഗ്രസ് സംവരണം അട്ടിമറിക്കുമെന്നും സ്വത്ത് പിടിച്ചെടുത്തു വീതിക്കുമെന്നും ജനങ്ങളെ ഭീഷണിപ്പെടുത്തി

പക്ഷെ ഗ്രാമവാസികളും സാധാരണക്കാരുമായ വോട്ടർമാർ പ്രത്യേകിച്ചു സ്ത്രീകൾ സർക്കാരിനു നേരെ തിരിഞ്ഞുവെന്നാണ് വിശ്വസനീയമായ ഒരു സർവേ റിപ്പോർട്ട് സൂചിപ്പിക്കുന്നത് ..നഗരവാസികളിൽ ബി ജെ പി സ്വാധീനം നിലകൊള്ളുന്നുവെങ്കിലും വലിയ മുന്നേറ്റം കാണാനില്ല .കാലത്തിന്റെ ചുവരെഴുത്തുകൾ ആണിവ.2004 ഇൽ ഇന്ത്യ തിളങ്ങുന്നു എന്ന പ്രചാരണം ഫലിക്കാതെ പോയത് പോലെ പ്രസിഡൻഷ്യൽ പോരാട്ടവും നനഞ്ഞ പടക്കമായി .

ഈ ചുവരെഴുത്തുകൾ ബി ജെപി ശ്രദ്ധിച്ചില്ലെങ്കിൽ അവർക്ക് അധികാരത്തിൽ തുടരുക എളുപ്പമായിരിക്കില്ല വിഭജനത്തിന്റെ രാഷ്ട്രീയം ഒരു പരിധി വരെയേ ഫലിക്കുകയുള്ളൂ . പകരം നൂറ്റി നാൽപതു കോടി ജനങ്ങളുടെ സമൃദ്ധി ഉറപ്പു വരുത്തുന്ന എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു സമീപനം ഭരണകൂടം സ്വീകരിക്കേണ്ടി വരും അതിനു ഓഹരി വിപണി ഉയർന്നത് കൊണ്ടായില്ല. വൻതോതിൽ തൊഴിൽ അവസരങ്ങൾ ഉണ്ടാകണം വിലക്കയറ്റം തടയണം സമാധാനവും സുരക്ഷിതത്വവും തിരികെ കൊണ്ടു വരണം . നൂറിൽ ഒരു ശതമാനത്തിന്റെ വികാസത്തിനല്ല ,അതിൽ 140 പേരുടെ മുന്നേറ്റത്തിനല്ല പകരം സാധാരണക്കാരുടെ ജീവിത നിലവാരം ഉയർത്തുന്നതിനു ആകണം പുതിയ സർക്കാർ ശ്രദ്ധിക്കേണ്ടത് .

മൂന്നാമത് ഒരു അവസരം ഒരു ഭരണാധികാരിക്ക് ലഭിക്കുന്നത് അപൂർവമാണ് .ഇനിയും രാഷ്ട്രത്തെ നല്ല നിലയിൽ നയിക്കാനുള്ള അവസരമാണ് പ്രധാനമന്ത്രി മോദിക്ക് മുന്നിൽ ഉള്ളത് .മൂന്നാം അവസരത്തിന്റെ പേരിൽ അല്ല ,ആ അവസരത്തെ ഒരു നിയോഗമായി എടുത്തു ചരിത്രം തിരുത്തി കുറിക്കുമ്പോഴേ ഈ സർക്കാർ ചരിത്രത്തിൽ സ്ഥാനം പിടിക്കൂ അതിനു ആദ്യമായി ജനഹൃദയങ്ങളുടെ കണ്ണീർ ഒപ്പണം. ആ തുടക്കം മണിപ്പൂരിൽ നിന്ന് തന്നെ യാകട്ടെ .




*സ്നേഹത്തോടെ,*

**ഇ-മലയാളി പത്രാധിപസമിതി**

EDITORIAL BOARD

**George Joseph** Editor-in-Chief | **Sunil Tristar** Managing Editor | **P.S. Joseph** Executive Editor | **Antony Kanayamplackal** Senior Editor | **Anju** Design | **Abhi** Cover

# CONTENTS


05 മുഖ ലേഖനം
ദേശീയമൂല്യങ്ങൾ വീണ്ടെടുത്ത ഇന്ത്യൻ വോട്ടറുടെ കയ്യൊപ്പ്
പി എസ് ജോസഫ്

11 പ്രത്യേക അഭിമുഖം
'എല്ലാവരും എഴുതട്ടെ, വിധിനിർണയം കാലത്തിനു വിടുക': സച്ചിദാനന്ദൻ
വിജയ് സി എച്ച്

15 ചെറുകഥ
അലമാര
ജിഷ കെ റാം

19 ചെറുകഥ
വിദ്യയും ലക്ഷ്മിയും
മാത്യു സണ്ണി കെ

23 ബാല സാഹിത്യം /നോവൽ
പരൽമീനുകൾ നീന്തിക്കളിക്കുന്ന തോട്ടു വക്കത്തെ വീട്
ബാബു ഇരുമല

31 കവിത
സവാരി
സീന ശ്രീവത്സൻ

33 കവിത
കടങ്ങൾ
ഭരത കുമാർ കെ എം
അച്ഛനോളം
ഡോ പി അനീഷ്കുമാർ
കാലഗതി
കെ പ്രേംജിത്ത്

35 സാഹിത്യം/ഓർമ്മ
കമലാദാസ്:ആത്മാവിന്റെ പ്രകാശം ചൊരിയുന്ന എഴുത്തുകാരി
രമപിഷാരടി

39 സാഹിത്യം/നിരൂപണം
ജീവിത കാഴ്ചകൾ കഥകളിലൂടെ
സുധീർ പണിക്കവീട്ടിൽ

43 കോളം /വൃശ്ചികകാറ്റ് പോലെ ഒരു കുട്ടിക്കാലം
ത്രേസ്യക്കുട്ടിയുടെ ആടുകൾ
റോസി തമ്പി

47 മാധ്യമം /ഓർമ്മ
അവയവ മാഫിയയുടെ താവളങ്ങൾ തേടി
കുര്യൻ പാമ്പാടി

51 സാഹിത്യം/പുനർ വായന
അധികാരത്തിന്റെ ശവപ്പറമ്പുകൾ
ദുർഗ മനോജ്




57 മലയാള സിനിമ
ഐ ഇ എഫ് എഫ് കെ സെല്ലുലോയിഡിലെ അതിശയങ്ങൾ

62 സിനിമ :അഭ്രപാളിയിലെ ഇതിഹാസങ്ങൾ
അടൂർ ഗോപാലകൃഷ്ണൻ : മലയാളിയുടെ ദൃശ്യബോധം തിരുത്തിയ സംവിധായകൻ
ഏബ്രഹാം തോമസ്

65 വ്യക്തി / ഫാ. ജോസഫ് തേർമഠം
ദൈവവിളി തേടിയെത്തിയ കേൾവി പരിമിതൻ
ആന്റണി കണയംപ്ലാക്കൽ

67 സാഹിത്യം/പുനർ വായന
മുട്ടത്തു വർക്കി കഥകൾ പച്ചനോട്ടും പഞ്ചായത്ത് വിളക്കും

73 വാക്കനൽ



# ദേശീയ മൂല്യങ്ങൾ വീണ്ടെടുത്ത ഇന്ത്യൻ വോട്ടറുടെ കയ്യൊപ്പ്

◉ പി എസ് ജോസഫ്

തങ്കലിപികളിൽ ചരിത്രം 2024ലെ പൊതു  തെരഞ്ഞെടുപ്പിനെ കൊണ്ടാടും.അടിയന്തിരാവസ്ഥക്കു ശേഷം നടന്ന 1977ലെ തെരഞ്ഞെടുപ്പു പോലെ ജനങ്ങൾ വോട്ടു കൊണ്ടു ഒരു രാഷ്ട്രത്തിൻറെ ഭാഗധേയം നിശ്ചയിച്ച വർഷമാണിത് .ബി ജെ പിക്ക് ഒറ്റയ്ക്ക് ഭൂരിപക്ഷം കിട്ടിയില്ല എന്നതല്ല ,ഏറ്റവും വർഗീയമായി ഭൂരിപക്ഷ ഹിന്ദുവിഭാഗത്തെ ധ്രുവീകരിക്കാൻ നടത്തിയ ശ്രമം അതേ ജനങ്ങൾ തള്ളിക്കളഞ്ഞു എന്നതാണ് ഈ തെരഞ്ഞെടുപ്പിൻറെ പ്രത്യേകത .അയോധ്യ മന്ദിരം പോലെ മനസ്സുകളെ വിഭജിക്കുന്ന പ്രശ്നങ്ങൾ അത് നിലകൊള്ളുന്ന ഫൈസാബാദ് തന്നെ തള്ളിക്കളഞ്ഞു എന്നത് കാലത്തിൻറെ ചുവരെഴുത്തുകൾ വ്യക്തമാക്കുന്നു .രാമക്ഷേത്രത്തിന്റെ തേരിൽ മൂന്നിൽ രണ്ടു ഭൂരിപക്ഷത്തോടെ അധികാരത്തിൽ എത്തുമെന്ന് കരുതിയിരുന്ന കക്ഷി അയോധ്യയിൽ തന്നെ വീണത് കാവ്യനീതിയാകാം .മാത്രമല്ല ,ഗുജറാത്ത് പോലെ ഹിന്ദുത്വത്തിന്റെ പരീക്ഷണശാലയായി മാറിക്കൊണ്ടിരുന്ന ഉത്തർപ്രദേശിൽ സമാജ് വാദി പാർട്ടിയും കോൺഗ്രസ്സും വലിയ

> **ഭൂരിപക്ഷ ഹിന്ദുവിഭാഗത്തെ ഏറ്റവും വർഗീയമായി ധ്രുവീകരിക്കാൻ നടത്തിയ ശ്രമം ജനങ്ങൾ തള്ളിക്കളഞ്ഞു എന്നതാണ് ഈ തെരഞ്ഞെടുപ്പിന്റെ പ്രത്യേകത**

വിജയം കൊയ്തു എന്നത് വരാനിരിക്കുന്ന തെരഞ്ഞെടുപ്പുകൾ ബി ജെ പിക്ക് ഗുണകരമല്ല എന്ന തിരിച്ചറിവ് നൽകുന്നു.സമ ഭാവനയുടെയും അഴിമതി വിരുദ്ധതയുടെയും ന്യൂനപക്ഷ സൗഹാർദ്ദത്തിൻറെയും മുഖം കാണിച്ചു മണിപ്പൂരിനെ പറ്റി ഒരു വാക്ക് മിണ്ടാതെ കേരളത്തിൽ ഒരു സീറ്റ് നേടി ബി ജെ പി  എന്നതും ഇവിടെ വിസ്മരിച്ചു കൂടാ.

ഇത്ര ശക്തമായ തെരഞ്ഞെടുപ്പ് യന്ത്രത്തെ ആണ് ഇന്ത്യയിലെ സാധാരണ ജനങ്ങൾ നിഷ്പ്രഭരാക്കിയത് എന്നത് വളരെ ചെറിയ കാലത്തെ പാരമ്പര്യം മാത്രം അവകാശപ്പെടാവുന്ന നമ്മുടെ ജനാധിപത്യത്തിൻറെ സവിശേഷമായ ശേഷിയാണ് .അധികാരത്തിൻറെ ഉന്നത തലങ്ങളിൽ ചോദ്യം ചെയ്യപ്പെടാനാവാത്ത ശക്തികളായി വിരാജിച്ചവർ പോലും നമ്മുടെ രാഷ്ട്രജീവിതത്തിൽ അവിഭാജ്യഘടകമല്ല എന്ന് ആ പാർട്ടിക്കുള്ളിലുള്ളവർക്ക് പോലും തോന്നുന്നു എങ്കിൽ അതാണ് ജനാധിപത്യത്തിന്റെ ചാലക ശക്തി .

ബി ജെ പി 240 സീറ്റ് നേടി ഏറ്റവും കൂടിയ സീറ്റ് ഉള്ള ഒറ്റക്കക്ഷി ആയി ഒതുങ്ങിയെങ്കിലും അവർ നേതൃത്വം

നൽകുന്ന എൻ ഡി എ 294 സീറ്റ് നേടി അധികാരത്തിനുള്ള അർഹത നേടിയെടുത്തിട്ടുണ്ട് .മോദി അങ്ങനെ മൂന്നാം വട്ടവും പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യുന്നു ഒരു വോട്ടിൻറെ കുറവിൽ ഭരണം നഷ്ടപ്പെട്ട ബി ജെ പി നേതാവ് വാജ്പേയിയുടെ പാരമ്പര്യം അവകാശപ്പെടുന്ന ബി ജെ പിക്ക് ഇതൊന്നും വലിയ തിരിച്ചടിയായി തോന്നില്ല .രണ്ടിൽ നിന്ന് 303 ഇൽ എത്തിയ ചരിത്രമുള്ള ഒരു കക്ഷിക്ക് ഈ വീഴ്ച വലുതാണെന്നും പറയാനാവില്ല .പക്ഷെ ഭരണഘടന തന്നെ മാറ്റിയെഴുതാൻ തക്കവണ്ണം 400 സീറ്റുകളിൽ അധികം നേടുമെന്ന് വീമ്പിളക്കിയ ഒരു കക്ഷിക്ക് ഇതൊരു കടുത്ത പതനം ആയിരുന്നു .ഗോഡി മീഡിയ എന്ന് പരിഹസിക്കപ്പെട്ട മാധ്യമങ്ങൾ അതനുസരിച്ച് എക്സിറ്റ് പോൾ കൂടി പടച്ചിറക്കിയതോടെ പതനം ആഴത്തിലായി .അഭിപ്രായ വോട്ടെടുപ്പുകൾ ഇന്ത്യ പോലെയുള്ള ഒരു രാജ്യത്ത് എത്ര തെറ്റായ സന്ദേശം നൽകും എന്ന് ഈ കൂട്ട തോൽവികൾ വെളിപ്പെടുത്തി.

> **അധികാരത്തിൻറെ ഉന്നത തലങ്ങളിൽ ചോദ്യം ചെയ്യപ്പെടാനാവാത്ത ശക്തികളായി വിരാജിച്ചവർ പോലും നമ്മുടെ രാഷ്ട്ര ജീവിതത്തിൽ അവിഭാജ്യഘടകമല്ല എന്ന് ആ പാർട്ടിക്കുള്ളിലുള്ളവർക്ക് പോലും തോന്നുന്നു എങ്കിൽ അതാണ് ജനാധിപത്യത്തിന്റെ ചാലക ശക്തി**

ഇ മലയാളി കഴിഞ്ഞ ലക്കത്തിൽ തന്നെ ബി ജെ പി തകർച്ച പ്രവചിച്ചിരുന്നു എന്ന് അവകാശപ്പെടട്ടെ .

പക്ഷെ ഒരു പോൾ കൊണ്ടൊന്നും ജനാഭിപ്രായം തകർക്കാൻ കഴിയില്ലെന്ന് ഈ തെരഞ്ഞെടുപ്പു വ്യക്തമാക്കി .അതിനു കാരണമായത് ശക്തമായ പ്രതിപക്ഷ പ്രചാരണവും .പരിമിതികളിൽ നിന്നായിരുന്നു പ്രതിപക്ഷ പ്രചാരണം.പണത്തിൻറെ കുറവും ആപ് നേതാവ് കേജ്രിവാളിൻറെ അറസ്റ്റും മുന്നണിയുടെ പ്രചാരണത്തെ ബാധിച്ചു .ഏഴു ഘട്ടങ്ങളായി നടത്തിയ തെരഞ്ഞെടുപ്പ് പ്രതിപക്ഷത്തിന്റെ ക്ഷമ പരീക്ഷിക്കുന്നതായിരുന്നു .ഓരോ ഘട്ടത്തിലും മേഖല തിരിഞ്ഞു നടത്തിയ ആരോപണവും പ്രചാരണവും മുന്നണിയെ പാടെ ഉലക്കുന്നതായിരുന്നു .പശ്ചിമ ബംഗാളിൽ സന്ദേശ്കലി കേന്ദ്രീകരിച്ചു മമതയുടെ ത്രുണമൂലിനെതിരെ ബി ജെ പി ആക്രമണം അഴിച്ചു വിട്ടു.പ്രചാരണത്തിൽ നിന്ദ്യമായ പരസ്യങ്ങൾ കടന്നു വന്നു. .ഹൈ കോടതിയാണ് തെരഞ്ഞെടുപ്പു കമ്മീഷനല്ല അത് നീക്കാൻ ഉത്തരവ് നൽകിയത് ഒരു സർക്കാർ നയം ആയിട്ടും അഗ്നിവീർ പദ്ധതി പ്രചാരണത്തിന് ഉപയോഗിക്കരുതെന്ന് കമ്മീഷൻ തിട്ടൂരമിറക്കി .വിദ്വെഷപ്രസംഗം നടത്തിയവരെ മൃദുലമായി തലോടി .കോൺഗ്രസ് മാനിഫെസ്റ്റോ തന്നെ ബി ജെ പി തെറ്റായി വ്യാഖ്യാനിച്ചു . സ്വത്തു വീതിക്കുമെന്നും സംവരണം മുസ്ലിംകൾക്ക് മാത്രമായി നൽകുമെന്നും അവർ പ്രചാരണം നടത്തി . പ്രചാരണത്തിലെ ഹീറോ ഭരണഘടനയായിരുന്നു.ബി ജെപി അത് ഭേദഗതി ചെയ്യുമെന്ന ഭയം വോട്ടർമാരെ പ്രത്യേകിച്ചു ദളിത് വിഭാഗങ്ങളെ ബാധിച്ചു എന്ന് വേണം കരുതാൻ .അങ്ങനെ ആദ്യമായി ഇന്ത്യൻ ഭരണഘടന വലിയ പ്രചാരണ ആയുധമായി മാറി .ബി ജെപി മറുത്തു പറഞ്ഞുവെങ്കിലും അതൊന്നും ഏശിയില്ല .

### ബീഹാർ സമ്മാനിച്ച ആശ്വാസ വിജയം

തെരഞ്ഞെടുപ്പിന് തൊട്ടു മുൻപാണ് ഇന്ത്യ മുന്നണിക്ക് നേതൃത്വം നൽകുമെന്ന കരുതിയിരുന്ന നിതീഷ് കുമാർ ബി ജെ പി ക്യാമ്പിലേക്ക് പോയത് . .ബി ജെ പ l നടത്തിയ നിർണ്ണായകമായ നീക്കം നിതിഷുമായി നടത്തിയ ഉടമ്പടിയാണ് .ബീഹാറിൽ ഇന്ത്യ മുന്നണിയുടെ മുന്നേറ്റം നിതിഷും അടുത്തു മാത്രം ബന്ധം ഉറപ്പിച്ച ചിരാഗ് പാസ്വാനും തടഞ്ഞു നിർത്തി.ബി ജെപിയും അതിൽ നിന്ന് നേട്ടം കൊയ്തു .പക്ഷെ നിതിഷിന്റെ 12 സീറ്റും ടി ഡി പിയുടെ 16 സീറ്റും ആണ് ഇന്ന് എൻ ഡി ഏ യുടെ ആണിക്കല്ല് .ഇരുവർക്കും വ്യക്തമായ രാഷ്ട്രീയ മോഹങ്ങളും താല്പര്യങ്ങളും ഉള്ള നേതാക്കളാണ് .ലക്ഷ്യം കൈവരിക്കാൻ ഏതു മാർഗവും സ്വീകരിക്കുന്നവർ .ആ നിലക്ക് ബി ജെ പി ഒരു ഉലയുന്ന ഭരണ മുന്നണിക്കാണ് നേത്രുത്വം നൽകുന്നത് .

ഗുജറാത്തിൽ അധികാരത്തിൽ എത്തിയത് മുതൽ മറ്റാരെയും വകവെച്ചിട്ടില്ലാത്ത ഭരണാധികാരിയാണ് നരേന്ദ്ര മോദി .അത് കൊണ്ടു തന്നെ അദ്ദേഹം ഒരു കൂട്ട് കക്ഷി സർക്കാരിനെ നയിക്കുമ്പോൾ സ്വയം മാറുമോ എന്നത് ഒരു ചോദ്യമാണ് .സാധ്യത വിരളമാണെന്നു അദ്ദേഹത്തിൻറെ ഭരണത്തെ സൂക്ഷ്മമായി നിരീക്ഷിച്ചവർ പറയുന്നു അങ്ങനെയെങ്കിൽ അദ്ദേഹവുമായി ടി ഡി പിയും ജെ ഡി യുവും എത്ര പൊരുത്തപ്പെട്ടു പോകും എന്നതാണ് ചോദ്യം .സ്പീക്കർ പദവി ചോദിച്ച ടി ഡി പി ക്ക് ഇപ്പോഴേ ആശങ്കകൾ ഉണ്ടെന്നു വ്യക്തം .എന്തായാലും തീവ്ര ഹിന്ദുത്വ നിലപാടുകൾ ഇല്ലാത്ത ഈ രണ്ടു കക്ഷികളും മോദിയുടെ മുന്നോട്ടുള്ള ഗതിവേഗം നിയന്ത്രിക്കും എന്ന് വേണം കരുതാൻ .

### ഉത്തരപ്രദേശ് കൈവിട്ടു

പ്രായോഗികമായ രാഷ്ട്രീയ ബുദ്ധിമുട്ടുകൾ എന്തായാലും എൻ ഡി ഏ യെ വലയ്ക്കും . പക്ഷെ ബി ജെ പിയെ മുന്നോട്ടുള്ള വളർച്ചക്ക് ഒരുക്കുക എന്ന ദുഷ്ക്കര ദൌത്യമാണ് ഇന്ന് പാർട്ടി അഭിമുഖീകരിക്കുന്നത് .പ്രത്യേകിച്ചും തെരഞ്ഞെടുപ്പിന്റെ മൂന്ന് മുതൽ ഏഴു വരെയുള്ള ഘട്ടത്തിൽ ഹിന്ദി ഹൃദയഭൂവിനെ ലക്ഷ്യമാക്കിയുള്ള തീവ്ര ഹിന്ദുത്വ പ്രചാരണം ഫലിക്കാതെ പോയ സാഹചര്യത്തിൽ .ബീഹാറിൽ വിജയം കൈവരിച്ചുവെങ്കിലും 80 സീറ്റുകൾ ഉള്ള യു പി യിൽ പാതി സീറ്റുകൾ കൈ വിട്ടു എന്നത് ബി ജെ പിയുടെ ചങ്കിടിപ്പ് കൂട്ടുന്നു .

അയോധ്യ ക്ഷേത്രത്തിന്റെ നിർമാണവും പ്രാണപ്രതിഷ്ഠയും നടത്തിയതോടെ ബി ജെ പി അജയ്യമായി എന്ന് ബി ജെ പി നേതൃത്വം മാത്രമല്ല ,മറ്റുള്ളവരും കരുതി .തെ

രഞ്ഞെടുപ്പിന് മുൻപേ വിജയം എല്ലാവരും ഉറപ്പിച്ചുവെങ്കിൽ കാര്യങ്ങൾ മാറി മറിഞ്ഞു .പുലവാമ ആക്രമണവും ബാലകോട്ടുതിരിച്ചടിയും പോലെ വികാരാവേശം ചൊരിയുന്ന വിഷയങ്ങൾ ഇത്തവണ ഉണ്ടായില്ല .പുലവാമ ആക്രമണം തന്നെ വലിയ വിവാദങ്ങൾക്ക് വിധേയമായതിനാൽ ഇത്തവണ അത്തരമൊരു പ്രചാരണം ജനവികാരത്തെ സ്വാധീനിക്കാൻ സാധ്യത കുറവുമായിരുന്നു .ആ നിലക്കാണ് മുസ്ലിങ്ങൾ എന്ന് പറയാതെ അവരാണ് എന്ന് ദ്യോതിപ്പിക്കുന്ന വിധത്തിൽ കടിത്ത ആക്രമണം മോദി തന്നെ നടത്തിയത് തെരഞ്ഞെടുപ്പു കമ്മീഷൻ വിമർശിച്ചിട്ടും ആ ആക്രമണം തുടർന്നു .
പക്ഷെ അത് ഫലിച്ചില്ലഎന്ന് യു പി തെരഞ്ഞെടുപ്പു ഫലം തെളിയ്ടിക്കുന്നു

യു പിയിൽ മോദിയുടെ ഭൂരിപക്ഷം തന്നെ നാലര ലക്ഷത്തിൽ നിന്ന് കുറഞ്ഞു ഒന്നര ലക്ഷമായി. തുടക്കത്തിൽ മോദി 6000 വോട്ടിനു പിന്നിട്ടു നിന്നു .ബി ജെ പിയുടെ മുഖവും കഴിഞ്ഞ തവണ രാഹുൽ ഗാന്ധിയെ പരാജയപ്പെടുത്തിയ താരവുമായ മന്ത്രി സ്മൃതി ഇറാനി ഇത്തവണ നിലം പൊത്തി .അയോധ്യ സ്ഥിതി ചെയ്യുന്ന ഫൈസാബാദിൽ സമാജവാദി പാർട്ടി ജയിച്ചു എന്ന് മാത്രമല്ല മനേക ഗാന്ധി ഉൾപ്പടെയുള്ള വലിയ താരനിരയെ അവർക്ക് തോ ൽപ്പിക്കാനുമായി .ഇതോടൊപ്പം രാഹുൽ ഗാന്ധിയുടെ റായി ബറേലിയിലെ ഭൂരിപക്ഷം മൂന്നു ലക്ഷമായി . കഴിഞ്ഞ തവണ രാഹുൽ പരാജയപ്പെട്ട അമേതി കോൺഗ്രസ് വൻ ഭൂരിപക്ഷത്തോടെ തിരികെ പിടിക്കുകയും ചെയ്തു .ഈ വിജയം വരാനിരിക്കുന്ന വിജയങ്ങളുടെ മുന്നോടിയായി കാണണം .പ്രധാനമന്ത്രി സ്ഥാനത്തേക്ക് പോലും പേര് ഉയർന്നു കേട്ടിരുന്ന യോഗി ആദിത്യനാഥിന്റെ സ്ഥാനവും തെറിക്കാൻ ഇതിടയാക്കിയെക്കും .യു പിയും ബീഹാറും നേടാതെ ഒരു രാഷ്ട്രീയ കക്ഷിക്കും ഇന്ത്യ ഭരിക്കാൻ ഭൂരിപക്ഷം കിട്ടുക എളുപ്പമല്ല എന്ന നിലക്ക് യു പി യും മഹാരാഷ്ട്രയും ബി ജെ പി യുടെ നവീന കർമ്മഭൂമിയായി മാറും .



ഭരണഘടന തന്നെ മാറ്റിയെഴുതാൻ തക്കവണ്ണം 400 സീറ്റുകളിൽ അധികം നേടുമെന്ന് വീമ്പിളക്കിയ ബി ജെ പി ക്ക് ഇതൊരു കടുത്ത പതനം ആയിരുന്നു . മാധ്യമങ്ങൾ അതനുസരിച്ച് എക്സിറ്റ് പോൾ കൂടി പടച്ചിറക്കിയതോടെ പതനം ആഴത്തിലായി

## ■ രാജധർമംപരീക്ഷിക്കപ്പെടുന്നു

ബി ജെ പി സംഖ്യധർമം ഒട്ടും പാലിക്കാതെ പ്രവർത്തിച്ച സംസ്ഥാനമാണ് മഹാരാഷ്ട്ര..തങ്ങളോടൊപ്പം നിന്ന ഉദ്ധവ് താക്കറെ നയിക്കുന്ന ശിവസേനയുമായി ഒരു സർക്കാർ രൂപികരിക്കാൻ വിട്ടുവീഴ്ചകൾക്ക് പാർട്ടി തയ്യാറായില്ല .ഒരു പക്ഷെ ബി ജെപിക്കെതിരായ പോരാട്ടത്തിൽ ഇന്ത്യ മുന്നണിക്ക് കിട്ടിയ ഏറ്റവും വലിയ നേട്ടമായിരുന്നു ശിവസേനയുമായുള്ള സംഖ്യം .കോൺഗ്രസ് എൻ സി പി ശിവസേന സംഖ്യം അവിടെ സംസ്ഥാനത്തു ഭൂരിപക്ഷം നേടി സർക്കാർ രൂപികരിച്ചുവെങ്കിലും അധാർമ്മികമായി ശിവസേനയെ പിളർത്തി ആ സർക്കാരിനെ മറിച്ചിട്ട് സർക്കാർ രൂപികരിച്ചു പിന്നിട് എൻ സി പിയുടെ അജിത്പവാർ വിഭാഗത്തെയും അവർ അടർത്തിയെടുത്തു .അവരുടെ പാർട്ടിയുടെ പേരും ചിഹ്നവും പോലും അവർക്ക് നഷ്ടമായി .എന്നാൽ ഈ തെരഞ്ഞെടുപ്പോടെ അവർ അതിനു കടുത്ത മറുപടി നൽകിയിരിക്കുന്നു കോൺഗ്രസിന്റെയും ഇന്ത്യ മുന്നണിയുടെയുംവിജയത്തിൽ വലിയ സ്ഥാനം മഹാരാഷ്ട്രയിലെ വിജയത്തിനുണ്ട്. .

കർണാടകയിൽ മുൻപ് നടപ്പാക്കിയ അതെ അടർത്തിയെടുക്കലാണ് മഹാരാഷ്ട്രയിലും ബി ജെപി നടപ്പാക്കിയത് .പക്ഷെ ജനവിധി അത് തിരുത്തിയെഴുതി .മാത്രമല്ല 25 സീറ്റ് നേടിയ കർണാടകയിൽ ഇത്തവണ നേടിയത് 17 സീറ്റ് മാത്രം .സംഖ്യ കക്ഷിയായ ജെ ഡി എസിന് രണ്ടും .താൻ തന്നെ നടത്തിയ ബലാത്സംഗത്തിൻറെ മൂവായിരത്തോളം അശ്ലീല ദൃശ്യങ്ങൾ ചിത്രീകരിച്ചു ക്യുപ്രസിദ്ധി നേടിയ ഹസൻ എം പി ക്ക് ഇത്തവണ എം പി സ്ഥാനവും നഷ്ടപ്പെട്ടു . സ്ത്രീപീഡനക്കേസിൽ ജയിലിൽ കഴിയുന്ന പ്രജ്വൽ രേവണ്ണ ടേപ്പുകൾ ഇത്തവണ ബി ജെ പി യുടെ ഉറച്ച ചില സീറ്റുകൾ നഷ്ട്ടപ്പെടാൻ കാരണമായി.എങ്കിലും സിദ്ധരാമയ്യ സർക്കാരിൻറെ ദൗർബല്യങ്ങൾ ബി ജെ പി മുതലെടുത്തു എന്ന് വ്യക്തം. അധികാരത്തിൽ എത്തിയത് കൊണ്ടു മാത്രമായില്ല കോൺഗ്രസ് നയപരിപാടികൾ നടപ്പാക്കാൻ സർക്കാരിനു കഴിയുന്നുണ്ടോ എന്നതും വലിയ പ്രശ്നമാണ് .മാത്രമല്ല നഗരമേഖലകളിൽ ബി ജെ പി അനുകൂല വികാരം മാഞ്ഞിട്ടില്ല എന്നതും മറ്റൊരു കാരണമായി . .

## ■ ദക്ഷിണേന്ത്യക്കായി ഒരു തന്ത്രം

വ്യക്തമായ ഒരു തന്ത്രം ബി ജെ പിക്ക് ബാലികേറാമലയായിരുന്ന ദക്ഷിണ സംസ്ഥാനങ്ങളിൽ ബി ജെ പി ആവിഷ്ക്കരിച്ചിരുന്നു .കഴിഞ്ഞ തവണ കോൺഗ്രസുമായി ചേർന്ന് മത്സരിച്ചു പിന്നിൽ പോകുകയും പല കേസുകളിലുംപെട്ടു ജയിൽ വാസം അനുഭവിക്കുകയും ചെയ്ത ടി ഡി പിയുടെ ചന്ദ്രബാബു നായിഡുവുമായി ഉണ്ടാക്കിയ സംഖ്യം ആണ് ഇന്ന് ബി ജെ പിയുടെ ജീവനാഡിയായി മാറിയിരിക്കുന്നത് ..ഇരുവരും യോജിച്ചു മത്സരിച്ചപ്പോൾ അമ്പതു ശതമാനത്തോളം വോട്ടു

നേടിയിരുന്നു എന്ന യാഥാർത്ഥ്യം ഇത്തവണ വൈ എസ് ആർ കോൺഗ്രസ് നേതാവ് ജഗൻ മോഹൻ റെഡിയുടെ നിഷ്ക്കാസനത്തിൽ കലാശിച്ചു .ബി ജെപിയുടെ ചെറിയ വിജയത്തിലെ വലിയ ഘടകവുമായി ഇത്തവണ ആന്ധ്ര..പക്ഷെ യുസ് ആൻഡ് ത്രോ എന്ന ബി ജെ പി രീതി ഇനിയുമാവർത്തിക്കുമോ അതോ തിരികെ അതിനു പാർട്ടി ഇരയാകുമോ എന്നതാണ് കണ്ടറിയാനുള്ളത് .

> **പരിമിതികളിൽ നിന്നായിരുന്നു പ്രതിപക്ഷ പ്രചാരണം. പണത്തിൻറെ കുറവും ആപ് നേതാവ് കേജ്രിവാളിൻറെ അറസ്റ്റും മുന്നണിയുടെ പ്രചാരണത്തെ ബാധിച്ചു . ഏഴു ഘട്ടങ്ങളായി നടത്തിയ തെരഞ്ഞെടുപ്പ് പ്രതിപക്ഷത്തിന്റെ ക്ഷമ പരീക്ഷിക്കുന്നതായിരുന്നു . ഓരോ ഘട്ടത്തിലും മേഖല തിരിഞ്ഞു നടത്തിയ ആരോപണവും പ്രചാരണവും മുന്നണിയെ പാടെ ഉലക്കുന്നതായിരുന്നു**

ഒഡിസയിൽ ഇതുവരെ തങ്ങളെ പിന്തുണച്ച നവീൻ പട്നായിക്കിന്റെ അഞ്ചാമൂഴം ബി ജെപി തകർത്തു. നിയമസഭയും സീറ്റുകളും സ്വന്തമാക്കി എന്നത് ബി ജെപിയുടെ മറ്റൊരു ചാണക്യതന്ത്രം.

85 ശതമാനം ഹിന്ദുക്കൾ ഉള്ള തമിഴ്നാട്ടിൽ ബി ജെപിക്കോ അവരെ എതിർത്ത ഏ ഐ ഏ ഡി എ ക്കോ ഒരു സീറ്റും നേടാൻ കഴിഞ്ഞില്ല .ദ്രാവിഡ മൂല്യങ്ങൾ ഹിന്ദുത്വയെ നിരാകരിച്ചു എന്ന് പറയുകയാകും ശരി. അതിന്റെ വലിയ ഗുണഭോക്താക്കൾ കോൺഗ്രസും സി പി ഐ യും സി പി എമ്മും ആയിരുന്നു .

ഈ തെരഞ്ഞെടുപ്പിലെ മറ്റൊരു സവിശേഷത രാഹുൽ ഗാന്ധിയും പുത്തൻ കൂറ്റ് നേതാക്കളുമായി ഉണ്ടായ ഗാഢ ബന്ധമാണ് മമതയിൽ നിന്നും ലാലൂവിൽ നിന്ന് വ്യത്യസ്തമായി അഖിലേഷ് യാദവും എം കെ സ്റ്റാലിനും തേജസിയും ഉദ്ധവുമായും അദ്ദേഹത്തിനു നല്ല ബന്ധം സ്ഥാപിക്കാൻ കഴിഞ്ഞു . ഇത് പിൽക്കാലത്തെ സംഖ്യങ്ങളെ ശക്തിപ്പെടുത്തും . തെലുങ്കാനയിൽ ബി ആർ എസിനെ ഏതാണ്ട് തുടച്ചു നീക്കി കോൺഗ്രെസ് വലിയ നേട്ടമുണ്ടാക്കി .ബി ജെപിയും ഇവിടെ മൂന്നു സീറ്റ് നേടി. ഒവൈസിയുടെ ഏ ഐ എം എം ഐ ഒന്നും . ബീഹാറിലും ഹൈദരാബാദിലുമായി ഒവൈസി . 88 ശതമാനം വോട്ടു നേടി എന്നത് മതേതര കക്ഷികളെ ഇരുത്തി ചിന്തിപ്പിക്കേണ്ടതാണ് .

## കേരളവും മോദി ഗാരന്റിയും

കേരളത്തിൽ ഏതായാലും മോദി ഗാരന്റി ഫലിച്ചു.18 സീറ്റിൽ വിജയിച്ചു യു ഡി എഫ് വലിയ മുന്നേറ്റമുണ്ടാക്കിയെങ്കിലും തൃശൂരും ആലത്തൂരും നഷ്ടപ്പെട്ടത് അവർക്ക് വലിയ നഷ്ടമാണ് .പ്രത്യേകിച്ചും തൃശൂർ .ഇവിടെ സിറ്റിംഗ് സീറ്റ് ആയ വടകരയിൽ നിന്നു മാറ്റി സുരേഷ് ഗോപിയെ നേരിടാൻ നിയോഗിച്ച കെ മുരളിധരൻ മൂന്നാമത് ആയി എന്നത് ബി ജെപി അക്കൗണ്ട് തുറന്നതു പോലെ ശ്രദ്ധേയമായ കാര്യമാണ് .സുരേഷ് ഗോപി കഴിഞ്ഞ തെരഞ്ഞെടുപ്പിൽ തനിക്കു 27ശതമാനം വോട്ട് കിട്ടിയത് മുതൽ തൃശൂർ സീറ്റിനു വേണ്ടി കിണഞ്ഞു ശ്രമിക്കുകയായിരുന്നു .തൻറെ മതേതര സ്വഭാവം പ്രകടിപ്പിക്കാൻ അദ്ദേഹം ക്രിസ്ത്യൻ പള്ളിയിൽ മാതാവിന് സ്വർണ്ണകിരീടം തന്നെ നൽകി .വിജയിച്ചാൽ പത്തു ലക്ഷത്തിന്റെ കിരീടം വാഗ്ദാനം ചെയ്തിട്ടുമുണ്ട് .പ്രധാന മന്ത്രി മോദി തന്നെ മൂന്നു തവണ ഇവിടെ എത്തി .ത്രുശൂരുകാരുടെ എല്ലാം ഉത്സവമായ പൂരം കലക്കിയതും സുരേഷ് ഗോപിക്ക് അനുകൂലമായി വന്നു. അതിലും പ്രധാനമായി അവിടെ 26 ശതമാനം വരുന്ന ക്രൈസ്തവരിൽ ഒരു നല്ല പങ്കു അദ്ദേഹത്തിന് വോട്ട് ചെയ്തു .മണിപ്പൂരിലെ തീ അടങ്ങിയിട്ടില്ലെങ്കിലും ഹിന്ദുത്വയുടെ പ്രചാരകരുറെ ഗാരന്റി ക്രൈസ്തവ വിഭാഗത്തിൽ ഒരു പക്ഷത്തിനു ഇഷ്ടമായി എന്ന് വേണം കരുതാൻ .ലവ് ജിഹാദും റബ്ബർ വിലയും സി ഏ ഏ പോലെയുള്ള നിയമങ്ങളെ അത്ഇരുളിൽ നിർത്തിയെന്ന് വേണം കരുതാൻ.കരുവന്നൂർ ബാങ്ക് അഴിമതിയും ജനങ്ങളെ മാറി ചിന്തിപ്പിക്കാൻ പ്രേരകമായിട്ടുണ്ടാകാം .. സി പിഎമ്മുമായി ബി ജെപിക്ക് അലിഖിത ധാരണ ഉണ്ടായിരുന്നതായി രാഷ്ട്രീയ ദല്ലാൾ നന്ദകുമാർ കുറ്റപ്പെടുത്തുന്നു .മാത്രമല്ല പാർട്ടി തന്നെ പ്രചാരണത്തിൽ സഹായിച്ചില്ല എന്ന് മുരളിധരൻ തന്നെ കുറ്റപ്പെടുത്തുന്നു. ഇതിനിടെ മുൻ എം പി ടി എൻ പ്രതാപനും ഡി സി സി പ്രസിഡന്റും അലംഭാവം കാട്ടിയെന്ന് കോൺഗ്രസ് പ്രവർത്തകർ തന്നെ ആരോപിക്കുന്നു .ബി ജെ പി ഒരു സീറ്റ് പിടിച്ചത് കൊണ്ടല്ല സാധ്യത ഉണ്ടായിട്ടും അത് ഒഴിവാക്കാൻ കോണ്ഗ്രസ് നേതൃത്വം തയ്യാറായില്ല .പ്രത്യേകിച്ചു മുരളിധരനെ പോലെ കരുത്തനായ ഒരു പോരാളിയെ തൃശൂരിൽ അവർ ബലി കൊടുത്തു . ഒരു സിറ്റിംഗ് എം എൽ ഏ യെ മുരളിയുടെ സിറ്റിംഗ് സീറ്റായ വടകരയിൽ നിയോഗിച്ചായിരുന്നു ഈ സാഹസം. മുരളി അതിനു ഒരുങ്ങിയപോൾ അദ്ദേഹത്തിനെ പിന്തുണയ്ക്കേണ്ട ബാധ്യതയുള്ള കേരള നേതൃത്വം ഇവിടെ ദയനീയമായി പരാജയപ്പെട്ടു .മുരളിയെ പോലെയുള്ള പോരാളികൾ കോൺഗ്രസ്സിൽ കുറയുന്നു എന്നതാണ് ഏറെ സങ്കടകരം

> **നിതിഷിന്റെ 12 സീറ്റും ടി ഡി പിയുടെ 16 സീറ്റും ആണ് ഇന്ന് എൻ ഡി ഏ യുടെ ആണിക്കല്ല് . ഇരുവർക്കും വ്യക്തമായ രാഷ്ട്രീയ മോഹങ്ങളും താല്പര്യങ്ങളും ഉള്ള നേതാക്കളാണ് . ലക്ഷ്യം കൈ വരിക്കാൻ ഏതു മാർഗവും സ്വീകരിക്കുന്നവർ . ആ നിലക്ക് ബി ജെ പി ഒരു ഉലയുന്ന ഭരണ മുന്നണിക്കാണ് നേതൃത്വം നൽകുന്നത്**

## സി പി എമ്മിന്റെ നഷ്ടം

കേരളത്തിൽ ഏറ്റവും വലിയ നഷ്ടം ഉണ്ടായത് സി പി

എമ്മിനാണ് 11 0 നിയമസഭാ തെരഞ്ഞെടുപ്പുമണ്ഡലങ്ങളിൽ എൽ ഡി എഫ് പിന്നിലായി മാത്രമല്ല ആലപ്പുഴയിൽ ചില മണ്ഡലങ്ങളിൽ ബി ജെ പിയുടെ ശോഭാസുരേന്ദ്രൻ രണ്ടാം സ്ഥാനത്തെത്തി .തിരുവനന്തപുരത്തു പുതുമുഖമായ ബി ജെ പി മന്ത്രി രാജീവ് ചന്ദ്ര ശേഖർ തന്നെ രണ്ടാമതെത്തി . . നല്ല സ്ഥാനാർഥികളുടെ അഭാവമായിരുന്നു പാർട്ടിയുടെ മറ്റൊരു വീഴ്ച .. ആരോപണങ്ങൾ ചൂഴ്ന്നു നിന്ന പാർട്ടി പുനർ വിചിന്തനാവും നേതൃമാറ്റവും നടത്തിയില്ലെങ്കിൽ ബംഗാളിലെ പോലെ ഇല്ലാതാകുമെന് എല്ലാവരും ഒറ്റസ്വരത്തിൽ പറയുന്നു .സി പി എമ്മിന്റെ തട്ടകത്തിൽ അവരുടെ മണ്ഡലത്തിൽ പരകായപ്രവേശം നടത്താൻ കാത്തിരിക്കുകയാണ് ബി ജെ പി. എങ്കിലും സി പി എം ദേശീയതലത്തിൽ രാജസ്ഥാനിലെ സിക്കാർ ഉൾപടെ നാലു സീറ്റ് നേടി . സിക്കാരിൽ എന്നപോലെ മധുരയിലും ദിണ്ടിഗലിലും സി പി എം ഇന്ത്യ മുന്നണിയുടെ പിന്തുണയോടെയായിരുന്നു വിജയിച്ചത് . കേരളത്തിൽ കോൺഗ്രസിന്റെ ചുറുചുറുക്കുള്ള വനിതാ നേതാവ് രമ്യ ഹരിദാസിനെ പരാജയപ്പെടുത്തി മന്ത്രി കെ രാധാകൃഷ്ണൻ സീറ്റ് കരസ്ഥമാക്കി ഇംഗ്ലീഷോ ഹിന്ദിയോ കാര്യമായി അറിയാത്ത നേതാവാണ് അദ്ദേഹം .പക്ഷെ വലിയ വീഴ്ചയിൽ നിന്ന് അദ്ദേഹം സി പി എമ്മിനെ ഈ കനൽ കാത്തു . .

> **ബി ജെ പിയെ മുന്നോട്ടുള്ള വളർച്ചക്ക് ഒരുക്കുക എന്ന ദുഷ്‌ക്കര ദൌത്യമാണ് ഇന്ന് പാർട്ടി അഭിമുഖീകരിക്കുന്നത്. പ്രത്യേകിച്ചും തെരഞ്ഞെടുപ്പിന്റെ മൂന്ന് മുതൽ ഏഴു വരെയുള്ള ഘട്ടത്തിൽ ഹിന്ദി ഹൃദയഭൂവിനെ ലക്ഷ്യമാക്കിയുള്ള തീവ്ര ഹിന്ദുത്വ പ്രചാരണം ഫലിക്കാതെ പോയ സാഹചര്യത്തിൽ .**

**മുസ്ലിം പ്രാതിനിധ്യം കുറയുന്നു**

ബംഗാളിലും വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലും നേട്ടം ഉണ്ടാകും എന്ന് കരുതി സി എ എക്ക് ചട്ടങ്ങൾ തയാറാക്കി തെരഞ്ഞെടുപ്പിന് തൊട്ടു മുൻപ് പല ഹിന്ദു അഭയാർഥികൾക്കും പൗരത്വം കൊടുത്തുവെങ്കിലും പശ്ചിമ ബംഗാളിൽ അത് ഏശിയില്ല .തനിക്കെതിരെ ശബ്‌ദിച്ച അധിർ രഞ്ജൻ ചൌധരിയെ ക്രിക്കറ്റ് താരം യുസുഫ് പത്താനെ നിർത്തി മമത തോല്പിച്ചു .അഞ്ചു മുസ്ലിം എം പി മാരാണ് മമതയുടെ പാർട്ടിയിൽ നിന്ന് ലോക്‌സഭയിൽ എത്തുന്നത് .കൊണ്ഗ്രെസ്സിൽ നിന്ന് ഏഴും .മൊത്തം 24 മുസ്ലിം എംപി മാരിൽ ഒരു ബി ജെ പി എം പിയും ഇല്ല .വർഗീയ സംഘർഷങ്ങൾക്ക് വേദിയായ മണിപ്പൂരിൽ രണ്ടു സീറ്റിലും കോൺഗ്രസ് ജയിച്ചു .

**ഇന്ത്യ മുന്നണിക്ക് വട്ടപൂജ്യം**

മധ്യപ്രദേശിലെ വിജയമാണ് ബി ജെ പിയുടെ വലിയ നേട്ടം .28 സീറ്റും അവർ നേടി .കമൽ നാഥിന്റെ മകൻ നകുൽ നാഥ് അടക്കം എല്ലാവരും സംപൂജ്യരായി . ബി ജെ പിയുമായി വിലപേശിയിരുന്ന ഒരു സംസ്ഥാന നേതൃത്വത്തിൻറെ കീഴിൽ ഇത്തരം തോൽവികൾ അതിശയമല്ല .എന്നാൽ രാജസ്ഥാനും ഹരിയാനയും കോൺഗ്രസ്സിനു അനുകൂലമായി മാറി . പഞ്ചാബിൽ കർഷകസമരത്തിന്റെ കനലുകൾ ആണ് പാർട്ടിക്ക് സഹായകരമായത് . ഡൽഹിയിൽ ബി ജെ പി എഴിൽ ഏഴു സീറ്റും നേടിയെന്നത് നഗര വോട്ടർമാരിപ്പോഴും ബി ജെ പിക്ക് ഒപ്പമാണെന്ന ധാരണ ബലപ്പെടുത്തുന്നു .. പൊതുവേ ഇന്ത്യൻ രാഷ്ട്രീയത്തിന്റെ പരിഛേദം ആകേണ്ട തലസ്ഥാനം ഇത്തവണ വ്യത്യസ്തമായാണ് ചിന്തിച്ചത് ഇ ഡി റൈഡും കേജ്രിവാളിൻറെ അറസ്റ്റും ഒന്നുമവരെ ഇളക്കിയില്ല മാധ്യമങ്ങൾ ചതിക്കുഴിയിൽ പെട്ടതിൽ അതിശയിക്കാനുണ്ടോ ?

**നോട്ടയുടെ നേട്ടം**

എങ്കിലും അതിശയിപ്പിക്കുന്ന നേട്ടം കൊയ്യന്നത് നോട്ടയാണ് .കോൺഗ്രസ് സ്ഥാനാർഥി കളം വിട്ടൊഴിഞ്ഞ ഇൻഡോറിൽ രണ്ടു ലക്ഷത്തിലും അധികം വോട്ടാണ് നോട്ട നേടിയത് .രാജ്യത്ത് മൊത്തം.99 ശതമാനം . സി പി എമ്മിന് 1.76 ശതമാനം വോട്ടേ ഉള്ളു എന്നറിയുമ്പോൾ അതിന്റെ വലുപ്പം മനസ്സിലാക്കാം .ഒരിക്കൽ നോട്ട തന്നെ ഭരണത്തിൽ എത്തുന്ന നില വരുമോ ?

ഒരു കാര്യം വ്യക്തം ബി ജെപിയെ ഒരിക്കലും എഴുതിത്തള്ളാൻ ആവില്ല മോദി പ്രഭാവം കുറഞ്ഞിരിക്കാം പക്ഷെ ആവനാഴിയിൽ ഇനിയും ആയിരം അമ്പുകൾ ഉണ്ട് അപ്പോൾ കോൺഗ്രസ് നേതൃത്വം നൽകുന്ന ഇന്ത്യ മുന്നണി ശക്തമായി തങ്ങളുടെ മൂല്യങ്ങളിൽ വ്യതിചലിക്കാതെ പ്രവർത്തിച്ചാൽ മാത്രമേ എൻ ഡി ഏ സർക്കാരിനെ അടുത്തവട്ടം പുറത്താക്കാനാവൂ .. കർണാടക വേദനിപ്പിക്കുന്ന ഒരു ഉദാഹരണമാണ് . കേരളം മറ്റൊരു പുതിയ മുഖവും .ബംഗാൾ അടുത്ത തെരഞ്ഞെടുപ്പിൽ എങ്ങനെ മാറും എന്നത് മറ്റൊരു ചോദ്യം . പാർട്ടി ആദ്യം ചെയ്യേണ്ടത് മധ്യപ്രദേശു നേതൃത്വം ഉടച്ചു വാർക്കുകയാണ് ആന്ധ്ര തിരിച്ചു പിടിക്കാനും ശ്രമിക്കണം .ആന്ധ്രയാണ് യു പി പോലെ ഇന്ത്യൻ ഭരണം നിശ്ചയിക്കുക .

> **യു പിയിൽ മോദിയുടെ ഭൂരിപക്ഷം തന്നെ നാലര ലക്ഷത്തിൽ നിന്ന് കുറഞ്ഞു ഒന്നര ലക്ഷമായി. തുടക്കത്തിൽ മോദി 6000 വോട്ടിനു പിന്നിട്ടു നിന്നു . ബി ജെ പിയുടെ മുഖവും കഴിഞ്ഞ തവണ രാഹുൽ ഗാന്ധിയെ പരാജയപ്പെടുത്തിയ താരവുമായ മന്ത്രി സ്‌മൃതി ഇറാനി ഇത്തവണ നിലം പൊത്തി . അയോധ്യ സ്ഥിതി ചെയ്യുന്ന ഫൈസാബാദിൽ സമാജവാദി പാർട്ടി ജയിച്ചു എന്ന് മാത്രമല്ല മനേക ഗാന്ധി ഉൾപടെയുള്ള വലിയ താര നിരയെ അവർക്ക് തോൽപ്പിക്കാനുമായി**



Experience Elegance Redefined in New Jersey
Dear Patron,
It is with great joy and pride that we invite you to the grand opening of our newly renovated Joyalukkas showroom in New Jersey.
Location : 1665 Oak Tree Rd Suite #325, Edison, NJ 08820
Date : Saturday, 15th June, 2024.
Time : 5:30 pm
Looking forward to your support & presence.
Warm Regards,
Joy Alukkas
Chairman, Joyalukkas Group.
joyalukkas.com
Joyalukkas
World's favourite jeweller
USA • UK • INDIA • UAE • OMAN • QATAR • BAHRAIN • KSA • KUWAIT • SINGAPORE • MALAYSIA

● പ്രത്യേക അഭിമുഖം



**ഇന്ത്യൻ സാഹിത്യത്തിന്റെ പ്രതിനിധിയായി അന്തർദേശീയ അക്ഷര വീഥികളിൽ അര നൂറ്റാണ്ടു കാലം നിറഞ്ഞുനിന്ന പണ്ഡിതനും, കേരള സാഹിത്യ അക്കാദമിയുടെ അദ്ധ്യക്ഷനുമായ സച്ചിദാനന്ദൻ ഇന്ന് ഏറെ പറയുന്നത് മലയാള കവിതയിൽ ഇക്കാലങ്ങളിൽ കണ്ടുവരുന്ന ജനാധിപത്യത്തെക്കുറിച്ചാണ്. എല്ലാവരും എഴുതട്ടെയെന്നും, നല്ല കവിത എന്നത് ഒരു ആത്മനിഷ്ഠ സങ്കൽപം മാത്രമാണെന്നും വിശ്വസിക്കുന്ന സച്ചിദാനന്ദൻ, തന്റെ കാവ്യ നിരീക്ഷണങ്ങളെല്ലാം ഇവിടെ പങ്കുവയ്ക്കുന്നു...**

# 'എല്ലാവരും എഴുതട്ടെ, വിധിനിർണയം കാലത്തിനു വിടുക'


# സച്ചിദാനന്ദൻ

◉ വിജയ് സി. എച്ച്.

**? കവിത ആദ്യ ആവിഷ്കാരോപാധി**

മലയാളത്തിൽ ഇന്ന് എല്ലാവരും കവികളാണെന്ന സ്ഥിതി ഒരു ചർച്ചാവിഷയമാണ്. കാരണം, ദിവസം തോറും നിരവധി പുതിയ കവികളും കവിതകളും പിറക്കുന്നു. ഇതിനുത്തരം എന്റെ നാട്ടുകാരനായിരുന്ന കവി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ പണ്ടേ പറഞ്ഞിട്ടുണ്ട്, 'കവിതയെഴുതിക്കൂട്ടുവിൻ, കൂട്ടുകാരേ'യെന്ന്! അത് പിന്നീട് അയ്യപ്പപ്പണിക്കർ തന്റെ പ്രവൃത്തികളിലൂടെ ആവർത്തിക്കുകയും ചെയ്തു. ഇന്ന് എഴുതിത്തുടങ്ങുന്നവരിൽ അധികം പേരും കവിതയെ തങ്ങളുടെ ആദ്യത്തെ ആവിഷ്കാരോപാധിയായി കാണുന്നു എന്നത് കവിത ജനാധിപത്യവൽകരിക്കപ്പെടുന്നു എന്നതിനു തെളിവാണ്. ഒപ്പം നമ്മുടെ സാക്ഷരതയുടെ വർധനവും അതിനു കാരണമാണ്. 'നല്ല' കവിത എന്നത് ഒരു ആത്മനിഷ്ഠ സങ്കൽപമാണ്. അതിന്റെ നിർവചനങ്ങൾ മാറിവരാം. കവിത ആവിർഭവിക്കുന്ന കാലത്തു തന്നെ അത്

> **എഴുത്ത് അതെഴുതുന്നവർക്ക് ആഹ്ളാദം നൽകുന്നുവെങ്കിൽ അവർ എഴുതട്ടെ. ആയിരം കവിതകൾ എഴുതപ്പെടുമ്പോൾ അതിൽ പത്തെണ്ണം നല്ലതാണെങ്കിൽ നിരാശതയ്ക്ക് വഴിയില്ല, അത് എന്നും അങ്ങനെയായിരുന്നു**



വിലയിരുത്തപ്പെട്ടുകൊള്ളണം എന്നില്ല. അത്തരം വിലയിരുത്തലുകൾ പലപ്പോഴും താൽകാലികം ആവുകയാണ് പതിവ്. ഞാൻ വിധിപ്രഖ്യാപനങ്ങൾക്ക് ആളല്ല. തീർച്ചയായും എനിയ്ക്ക് ഇഷ്ടപ്പെട്ട ചില കവികൾ, കവിതകൾ, ആ കൂട്ടത്തിൽ ഉണ്ടെന്നു പറയുകയാവും കൂടുതൽ ശരി.

## ആയിരത്തിൽ പത്ത്

എല്ലാവരും എഴുതട്ടെ, അത് അവരുടെ മൗലികാവകാശമാണ്. ചിലത് നിലനിൽക്കാം, ചിലത് വിസ്മൃതമായേക്കാം. പക്ഷേ, എഴുത്ത് അതെഴുതുന്നവർക്ക് ആഹ്ളാദം നൽകുന്നുവെങ്കിൽ അവർ എഴുതട്ടെ. ആയിരം കവിതകൾ എഴുതപ്പെടുമ്പോൾ അതിൽ പത്തെണ്ണം നല്ലതാണെങ്കിൽ നിരാശതയ്ക്ക് വഴിയില്ല, അത് എന്നും അങ്ങനെയായിരുന്നു. വിധിനിർണയം കാലത്തിനു വിടുക. കാലം എന്നു പറഞ്ഞാൽ, നിരൂപണത്തിൽ, മാറിമാറി വരുന്ന ഭാവുകത്വങ്ങൾ എന്നാണർഥം. ആ മാറ്റങ്ങൾക്കു മുൻപിലും പിടിച്ചു നിൽക്കാൻ കഴിയുന്ന കവിത നിലനിൽക്കും. അപ്പോഴും എഴുതുന്ന നിമിഷത്തിൽ കവി അനുഭവിക്കുന്ന ആനന്ദത്തിന്റെയോ വേദനയുടെയോ മൂല്യം തെല്ലും കുറയുന്നില്ലെന്നുകൂടി പറയുന്നു.

## കവിത നിർവചനാതീതം

കവിതയെ എക്കാലത്തേയ്ക്കുമായി നിർവചിക്കുക പ്രയാസമാണ്. കവിത ഒരു തരത്തിൽ നോക്കിയാൽ നാലു മാനങ്ങളുള്ള ഒരു സംഭാഷണമാണ്: കവിയുമായി, സമൂഹവുമായി, പ്രകൃതിയുമായി, പ്രപഞ്ചവുമായി, ഉള്ള സംഭാഷണം. ഒരു കവിതയിൽ തന്നെ ഇത്രയും മാനങ്ങളെല്ലാം ഉണ്ടാകണം എന്നില്ല, പക്ഷേ ഏതു വലിയ കവിയുടെയും കവിതയെ സമഗ്രമായി പരിശോധിച്ചാൽ ഇവയെല്ലാം കാണാം. കവി തന്നോട് തന്നെ സ്വകാര്യങ്ങൾ പറയുന്നുണ്ട്, മറ്റുള്ളവരോട് അവരുടെ ജീവിതത്തെയും സംഘർഷങ്ങളെയും കുറിച്ചു പറയുന്നുണ്ട്, പ്രകൃതിയുമായി പല രീതികളിൽ സംവദിക്കുന്നുണ്ട്, അനേകം നക്ഷത്രയൂഥങ്ങൾ അടങ്ങിയ ഈ പ്രപഞ്ചത്തിന്റെ രഹസ്യം അന്വേഷിക്കുന്നുമുണ്ട്!

> **കവിത ഒരു തരത്തിൽ നോക്കിയാൽ നാലു മാനങ്ങളുള്ള ഒരു സംഭാഷണമാണ്: കവിയുമായി, സമൂഹവുമായി, പ്രകൃതിയുമായി, പ്രപഞ്ചവുമായി, ഉള്ള സംഭാഷണം. ഒരു കവിതയിൽ തന്നെ ഇത്രയും മാനങ്ങളെല്ലാം ഉണ്ടാകണം എന്നില്ല, പക്ഷേ ഏതു വലിയ കവിയുടെയും കവിതയെ സമഗ്രമായി പരിശോധിച്ചാൽ ഇവയെല്ലാം കാണാം. കവി തന്നോട് തന്നെ സ്വകാര്യങ്ങൾ പറയുന്നുണ്ട്, മറ്റുള്ളവരോട് അവരുടെ ജീവിതത്തെയും സംഘർഷങ്ങളെയും**

## ആധുനികത, ആധുനികാനന്തരത

കവിത കവിതയായിരുന്നുകൊണ്ടു തന്നെ നിരന്തരം പരിണമിക്കുന്നു. ആ പരിണാമങ്ങൾക്ക് നാം പേരുകൾ ഇടുന്നു. ഇത് വിമർശകർക്കും അധ്യാപകർക്കും ഓരോ കാലത്തെയും കവിതയുടെ രൂപ-ഭാവങ്ങളിലെ മാറ്റങ്ങളെക്കുറിച്ചു സംസാരിക്കാൻ അനിവാര്യമാണെന്നുവരാം. നാം മലയാള കവിതയെക്കുറിച്ചു പറയുമ്പോഴും ഭക്തികാലം, കാൽപനിക കാലം, ആധുനിക കാലം മുതലായ സംജ്ഞകൾ സാധാരണം എന്ന പോലെ ഉപയോഗിക്കാറുണ്ടല്ലോ, അതും പോരാതെ രണ്ടോ മൂന്നോ കവിത്രയങ്ങളെക്കുറിച്ചും (ചെറുശ്ശേരി-എഴുത്തച്ഛൻ-പൂന്താനം, ആശാൻ-വള്ളത്തോൾ-ഉള്ളൂർ, വയലാർ-പി.ഭാസ്കരൻ -ഒഎൻവി) പലരും പറയാറുണ്ട്, ഇവർക്ക് പൊതുവായി ഉള്ളതിനേക്കാൾ കൂടുതൽ വ്യത്യാസങ്ങളാണ് ഉള്ളതെന്ന് എന്റെ വായനയിൽ തോന്നിയിട്ടുണ്ടെങ്കിലും. ഇതു കൂടാതെയാണ് അറുപതുകൾ, എഴുപതുകൾ, എൺപതുകൾ, തൊണ്ണൂറുകൾ തുടങ്ങിയ ദശാബ്ദങ്ങൾ അടിസ്ഥാനമാക്കിയുള്ള വിഭജനങ്ങൾ. ഓരോ പ്രസ്ഥാനത്തിനും, അഥവാ കാലഘട്ടത്തിനും, നിരൂപകർ ലക്ഷണങ്ങൾ കൽപിച്ചു നല്കാറുമുണ്ട്. പക്ഷേ, ഈ അക്കാദമിക് സമീപനത്തിനും അപ്പുറം പോകുന്നതാണ് അനുവാചകരുടെ സമീപനം.

## എന്റെ വായന

ഒരു വായനക്കാരൻ എന്ന നിലയിൽ പോയ നൂറ്റാണ്ടുകളിലെ പല കവികളും എന്നോട് സാർത്ഥകമായി സംവദിക്കുന്നുണ്ട്. ഞാൻ ഭക്തി-സൂഫി കവികളെക്കുറിച്ചു പലപ്പോഴായി കവിതകൾ തന്നെ എഴുതിയിട്ടുമുണ്ട്. മഹാമാരിയുടെ കാലം ഞാൻ പ്രധാനമായും ചിലവിട്ടത് അവരിൽ ചിലരുടെ കവിതകൾ പരിഭാഷ ചെയ്യാനാണ് -- അങ്ങനെ അഞ്ചു സമാഹാരങ്ങളും ഉണ്ടായി. കബീർ, മീരാബായ്, ബസവ, അക്കമഹാദേവി, ആണ്ടാൾ, ബുള്ളേ ഷാ തുടങ്ങിയവർ നമ്മോടെല്ലാം ആത്മീയ-നൈതിക മൂല്യങ്ങളെക്കുറിച്ചും സർവധർമസഹഭാവത്തെക്കുറിച്ചും മനുഷ്യസമത്വത്തെക്കുറിച്ചും, എല്ലാ ജീവികൾക്കും ഭൂമിയിലുള്ള അവകാശത്തെക്കുറിച്ചും പറയുന്നു. ഹോമർ, അഥവാ ഷേക്സ്പിയർ, അഥവാ വാല്മീകി, അഥവാ കാളിദാസൻ... ഇവരുടെയെല്ലാം കൃതികൾ ക്ലാസ്സിക്കുകൾ

ആവുന്നത് അവർ എന്നത്തേയും മനുഷ്യരുടെ ജീവിതത്തെയും മരണത്തെയും ബാഹ്യവും ആഭ്യന്തരവുമായ സംഘർഷങ്ങളെയും സ്നേഹ-വൈരാഗ്യങ്ങളെയും അസ്തിത്വവ്യഥകളെയും കുറിച്ച് സംസാരിക്കുന്നതുകൊണ്ടാണ്. അങ്ങനെ എന്നോ എവിടെയോ ജീവിച്ച കവികൾ നമ്മുടെ സമകാലീനരായി മാറുന്നു. ഭൂമിയിലെ കവികൾ എല്ലാം ചേർന്നു ഒരു നീണ്ട കവിത എഴുതുകയാണെന്നും അതിൽ ഒരു വാക്കോ വരിയോ കൂട്ടിച്ചേർക്കുകയാണ് ഓരോ കവിയും ചെയ്യുന്നതെന്നും തിരിച്ചറിഞ്ഞാൽ നമ്മുടെ അഹന്തകൾ അസ്തമിക്കും.

### കവിതയുടെ അനുസ്യൂതി

കവിതയുടെ രീതികൾ മാറിക്കൊണ്ടിരിക്കുന്നു. മാറുന്ന അനുഭവങ്ങൾക്കൊത്ത് ഭാവവും ഭാഷയുമെല്ലാം മാറുന്നു. അപ്പോഴും അത് കവിതയാണെന്നു തിരിച്ചറിയാൻ നമ്മെ സഹായിക്കുന്ന ഒരു ഘടകം നിലനിൽക്കുകയും ചെയ്യുന്നു. ഒരു കാലത്ത് പദ്യം, ഗദ്യം എന്ന വേർതിരിവുണ്ടായിരുന്നു. അതിപ്പോൾ ഇല്ല. പണ്ടും പദ്യത്തിൽ എഴുതപ്പെട്ടതെല്ലാം കവിതയായിരുന്നില്ല. ഓർക്കാൻ എളുപ്പത്തിനായി വൈദ്യവും, ജ്യോതിഷവും, തത്വചിന്തയുമെല്ലാം സംബന്ധിച്ച ഗ്രന്ഥങ്ങൾ പദ്യരൂപത്തിലാണ് എഴുതപ്പെട്ടിരുന്നത്. പക്ഷേ, അവയെ നാം 'കവിത' എന്നു വിളിക്കാറില്ലല്ലോ. ഇന്നും വൃത്തത്തിൽ എഴുതപ്പെടുന്നതെല്ലാം കവിതയാണെന്ന് പറയുകവയ്യ. കവിയും, പണ്ഡിതനും, ഇന്ത്യൻ ക്ലാസിക്കൽ സാഹിത്യത്തിലെ ആധികാരിക ശബ്ദവുമായിരുന്ന എ. കെ. രാമാനുജൻ പറയാറുള്ള ഒരു കന്നഡ നാടോടിക്കഥയുണ്ട്: ഒരു മരംവെട്ടുകാരൻ താൻ ഉപയോഗിക്കുന്ന മഴു അനേകം തലമുറകളായി തന്റെ വീട്ടിൽ ഉണ്ടായിരുന്നതാണെന്നു അവകാശപ്പെടാറുണ്ട്. എന്നാൽ, ഇത്രയേറെ കാലം അതിന്റെ പിടി നിലനിൽക്കുകയില്ലല്ലോയെന്നു പറയുമ്പോൾ, പിടി പല കുറി മാറിയെന്ന് അയാൾ സമ്മതിക്കുന്നു. അലകിനെക്കുറിച്ചു പറയുമ്പോഴും അത് തന്നെയാണ് അയാളുടെ ഉത്തരം. അലകും പിടിയും മാറുമ്പോഴും മഴുവിന്റെ അനുസ്യൂതി വിസ്മയകരമായി നിലനിൽക്കുന്നു! ഇതിലുണ്ട് കവിതയിലെ പാരമ്പര്യത്തിന്റെയും ആധുനികതയുടെയും രഹസ്യം.

> **രൂപം – ഭാവം, പഴമ – പുതുമ, വയ്യക്തികം – സാമൂഹ്യം, സമകാലികം – സാർവകാലികം എന്നൊക്കെയുള്ള ദ്വന്ദ്വങ്ങളിലൂടെയാണ് നാം പലപ്പോഴും കവിതയെക്കുറിച്ച് സംസാരിക്കുക പതിവ്. എന്നാൽ, കവിത വിസ്മയകരമായ രീതിയിൽ ഇവയെ സമന്വയിക്കുന്നതായാണ് അനുഭവം. ഇതിന്നർത്ഥം കവിത നിശ്ചലമായി നിൽക്കുന്നുവെന്നല്ല. അത് ഒഴുകിക്കൊണ്ടിരിക്കയും, നദിയായിത്തന്നെ കാണപ്പെടുകയും ചെയ്യുന്നു!**



### ലാവണ്യ-നീതിബോധം ശക്തം

മലയാള കവിതയിൽ, ഒരു പക്ഷേ ഇന്ത്യൻ കവിതയിൽ തന്നെ, ഇപ്പോൾ ലാവണ്യബോധവും നീതിബോധവും കൂടുതൽ പ്രാവർത്തികമാണ്. രൂപം-ഭാവം, പഴമ -പുതുമ, വയ്യക്തികം -സാമൂഹ്യം, സമകാലികം-സാർവകാലികം എന്നൊക്കെയുള്ള ദ്വന്ദ്വങ്ങളിലൂടെയാണ് നാം പലപ്പോഴും കവിതയെക്കുറിച്ച് സംസാരിക്കുക പതിവ്. എന്നാൽ, കവിത വിസ്മയകരമായ രീതിയിൽ ഇവയെ സമന്വയിക്കുന്നതായാണ് അനുഭവം. ഇതിന്നർത്ഥം കവിത നിശ്ചലമായി നിൽക്കുന്നുവെന്നല്ല. അത് ഒഴുകിക്കൊണ്ടിരിക്കയും, നദിയായിത്തന്നെ കാണപ്പെടുകയും ചെയ്യുന്നു! ചില കാലങ്ങളിൽ ചില അംശങ്ങൾ മുന്നോട്ടു വരുന്നു. ഉദാഹരണത്തിന്, 'ആധുനികത'യെന്ന് നാം പേരിട്ട കാലത്ത് കവിതയുടെ രൂപപരമായ ഘടകങ്ങൾ മുന്നോട്ടു വന്നു, അതിനു പിറകിൽ അനുഭവപരമായ മാറ്റങ്ങൾ ഉണ്ടായിരുന്നപ്പോൾ തന്നെ. അതു പോലെ തന്നെയാണ് ഇതുവരെയും അദൃശ്യരോ നിശ്ശബ്ദരോ ആയിരുന്ന വിഭാഗങ്ങൾ കവിതയിലേക്കു വരുമ്പോൾ പുതിയ അനുഭവലോകങ്ങളും ഭാഷകളും ഉയർന്നുവരുന്നത്. സ്ത്രീ കവിത, ദളിത് കവിത, ആദിവാസി കവിത, ട്രാൻസ്ജെൻഡർ കവിത, ന്യൂനപക്ഷ കവിത -- ഇവയെല്ലാം കവിതയുടെ അനുഭവലോകം വിസ്തൃതമാക്കി. ഒപ്പം അവർ തങ്ങൾക്കുവേണ്ട ഭാഷകളും രൂപങ്ങളും കണ്ടെത്തുകയും ചെയ്തു. ഇന്ന് കേരളകവിതയിൽ മാത്രമല്ല, ഇന്ത്യൻ കവിതയിൽ തന്നെ മാനകഭാഷയെ ഭേദിച്ചുകൊണ്ടു പ്രദേശഭാഷകളും, സമുദായഭാഷകളും, വംശഭാഷകളും, തൊഴിൽഭാഷകളും ഉയർന്നു വരുന്നതും ഭിന്നലിംഗങ്ങളിൽ പെട്ടവർ ഒരു പുതിയ ഭാഷ, അഥവാ പല ഭാഷകൾ, തേടുന്നതും നാം കാണുന്നു. അങ്ങനെ അവർ കവിതയിലും സമൂഹത്തിലും നിലനിന്ന ചില മൗനങ്ങളെ പൂരിപ്പിക്കുന്നു. വാമൊഴിയെ മാത്രം ആശ്രയിച്ചിരുന്നവർ വരമൊഴിയിലേക്കു കടന്നുവരുന്നു. നിലനിൽക്കുന്ന കാവ്യഭാഷ തങ്ങളുടെ അനുഭവാവിഷ്കാരത്തിനു പര്യാപ്തമല്ലെന്നു അവർ കണ്ടെത്തുന്നു. കവിതയിൽ ജനാധിപത്യം വികസിക്കുന്നത് ഇങ്ങനെയെല്ലാമാണ്!




• IGI Certified Diamonds • Buyback Guarantee
• Free Lifetime Maintenance • Best Prices, Guaranteed

Wear the timeless elegance with captivating designs on perfectly cut diamonds...
Mine Diamonds presents pristine party wear for prestigious women.

SHOP VIRTUAL
CALL: +1(908) 848-3308


SHOP ONLINE AT
www.malabargoldanddiamonds.com

NEW JERSEY: 1348 OAK TREE ROAD, ISELIN 08830, TEL: 732 283 0916
CHICAGO: 2652 W DEVON AVENUE, IL 60659, TEL: 773 465 5755

MALABAR
GOLD & DIAMONDS


OVER 260 BRANCHES ACROSS USA, SINGAPORE, MALAYSIA, UAE, OMAN, QATAR, BAHRAIN, KUWAIT, KSA & INDIA

● ചെറുകഥ



ജിഷ കെ റാം

# അലമാര



വര: മറിയം ജാസ്മിൻ

'ഹോ! അങ്ങനെ 50 തികഞ്ഞു. ഇനിവേണം സ്വാതന്ത്ര്യത്തോടെ ഒന്ന് ജീവിക്കാൻ 'രാവിലെ റോസക്കുട്ടി എന്ന റോസമ്മ ഉറക്കമുണർന്നത് തന്നെ ഇങ്ങനെ ഒരു ആത്മഗതത്തിന്റെ ' അകമ്പടിയോടെയാണ് ഇന്ന് റോസക്കുട്ടിയുടെ അല്ല, റോസമ്മയുടെ അമ്പതാം പിറന്നാൾ ആണ് . റോസക്കുട്ടി എന്ന യുവതി റോസമ്മ എന്ന മധ്യവയസ്കയായി പരിണമിക്കുന്ന സുദിനം.

> ഇനി വേണം ഒന്ന് നന്നായി ഒരുങ്ങി പള്ളിയിൽ പോകാൻ . ഇഷ്ടമുള്ള സാരി ഒന്ന് ഞൊറിഞ്ഞുടുത്ത് ഞെളിഞ്ഞു നടക്കാൻ . നെറ്റിയിലൊരു പൊട്ടുകുത്താൻ ചെറുപ്പം മുതലുള്ള ആഗ്രഹം പള്ളിയിലേക്കുള്ള യാത്രയായതിനാൽ വേണ്ടെന്നുവച്ചു. അവളുടെ പതിവില്ലാത്ത തിടുക്കവും വേവലാതിയും കണ്ടു ആൻഡ്രൂസ് കണ്ണുമിഴിക്കുന്നത് റോസമ്മ കണ്ടില്ലെന്നു നടിച്ചു. വയസ്സ് 50 ആയി ഇനി എന്തിന് ഇവനെ പേടിക്കണം ?

സാധാരണ സ്ത്രീകൾ ഭയത്തോടെ മാത്രം നോക്കി കാണുന്ന ഇത്തരം സന്ദർഭങ്ങൾ എല്ലാം തന്നെ റോസക്കുട്ടിയെ പതിവിലധികം സന്തോഷിപ്പിച്ചിരുന്നു. കറുത്ത മുടിയിൽ ആദ്യത്തെ വെള്ളി നര പ്രത്യക്ഷപ്പെട്ട ദിവസത്തിൽ അനുഭവപ്പെട്ട അതേ സന്തോഷമാണ് ഈ പിറന്നാൾ ദിനത്തിലും റോസമ്മയ്ക്ക് അനുഭവപ്പെട്ടത്. റോസമ്മ എന്ന 50 കാരിയായി പകൽവെളിച്ച

ത്തിൽ തന്നെ തന്നെ ഒന്ന് കാണാൻ ധൃതിപ്പെട്ടു അവൾ മുറിക്ക് പുറത്തിറങ്ങി.

'അമ്മച്ചിക്ക് എന്നാ പറ്റി ? ഇന്ന് വല്യ സന്തോഷത്തിലാണല്ലോ'

കണ്ണും തിരുമ്മി മുറിക്ക് പുറത്തേക്ക് വന്ന ഇളയമകൻ ആൻഡ്രൂസ് അത്ഭുതപ്പെട്ടു. അവനറിയില്ലല്ലോ റോസമ്മയുടെ മനോവിചാരങ്ങൾ .

ഇനി വേണം ഒന്ന് നന്നായി ഒരുങ്ങി പള്ളിയിൽ പോകാൻ . ഇഷ്ടമുള്ള സാരി ഒന്ന് ഞൊറിഞ്ഞുടുത്ത് ഞെളിഞ്ഞു നടക്കാൻ . നെറ്റിയിലൊരു പൊട്ടുകുത്താൻ ചെറുപ്പം മുതലുള്ള ആഗ്രഹം പള്ളിയിലേക്കുള്ള യാത്രയായതിനാൽ വേണ്ടെന്നുവച്ചു. അവളുടെ പതിവില്ലാത്ത തിടുക്കവും വേവലാതിയും കണ്ടു ആൻഡ്രൂസ് കണ്ണുമിഴിക്കുന്നത് റോസമ്മ കണ്ടില്ലെന്നു നടിച്ചു.

വയസ്സ് 50 ആയി ഇനി എന്തിന് ഇവനെ പേടിക്കണം ?

ചായ തിളപ്പിച്ച് ആൻഡ്രൂസിന് കൊടുത്തു പുട്ടും കടലക്കറിയും ഉണ്ടാക്കി മേശപ്പുറത്ത് അടച്ചുവച്ച് റോസമ്മ കുളിക്കാൻ കയറി. തലവഴി നല്ല തണുത്ത വെള്ളം താഴേക്ക് അരിച്ചിറങ്ങിയപ്പോൾ ഒരു മൂളിപ്പാട്ട് പാടിയാൽ എന്തെന്ന് റോസമ്മയ്ക്ക് തോന്നി. പക്ഷേ പതിനേഴാം വയസ്സിൽ മറന്നുവെച്ചതു കൊണ്ടാകും ഒരൊറ്റ മൂളിപ്പാട്ട് പോലും അപ്പോൾ റോസമ്മയുടെ തണുത്ത തലമണ്ടയിലേക്ക് കയറി വന്നില്ല. അതുകൊണ്ട് തൽക്കാലം ആ ആഗ്രഹത്തെ സോപ്പ് പെട്ടിയിൽ വെച്ചടച്ച് അവൾ വേഗം കുളിച്ച് ഇറങ്ങി.

അലമാരയിൽ നിന്നും ഒരുപാട് കൊതിച്ചു വാങ്ങിയ പിങ്കിൽ ചുവപ്പും വെളുപ്പും പൂക്കൾ തുന്നിപ്പിടിപ്പിച്ച ഓർഗൻസാ സാരി എടുത്ത് ഭംഗിയായി ഞൊറിഞ്ഞുടുത്തു. കറുത്തമുടിയിലെ അനേകം വെള്ളി നരകളെ അഭിമാനത്തോടെ ചീകിയൊതുക്കി. ആരും കാണാതെ അലമാരയുടെ അടിയിൽ സൂക്ഷിച്ചിരുന്ന കണ്മഷിച്ചെപ്പെടുത്ത് കണ്ണെഴുതി . മുഖത്ത് കുറച്ചു പൗഡർ ഇട്ടു . ദുർമേദസ്സ് ഒട്ടും ആക്രമിക്കാത്ത തന്റെ ശരീരവടിവിനെ ഒന്നുകൂടി നോക്കി സംതൃപ്തിയടഞ്ഞ് അവൾ മുറിക്ക് പുറത്തിറങ്ങിയപ്പോൾ ദാണ്ടെ നിൽക്കുന്നു മുന്നിൽ ആൻഡ്രൂസും കെട്ടിച്ചു വിട്ട് രണ്ടാമത്തെ പ്രസവത്തിനു വേണ്ടി വീട്ടിൽ വന്നു നിൽക്കുന്ന മൂത്ത മകൾ ആൻമറിയയും. വലിയ വയറും താങ്ങിപ്പിടിച്ച് മുഖം അതിനേക്കാൾ വീർപ്പിച്ചു പിടിച്ചുള്ള അവളുടെ നിൽപ്പ് കണ്ടാൽ തോന്നും താൻ അവളുടെ സാരി ആണ് എടുത്ത് ചുറ്റിയിരിക്കുന്നത് എന്ന്.

' അമ്മച്ചിക്ക് ഇന്ന് എന്തുപറ്റി പതിവില്ലാതെ എങ്ങോട്ടാ രാവിലെ ഇങ്ങനെ ഒരുങ്ങി ചമഞ്ഞ് ?' ആൻമറിയ കടുപ്പിച്ച് ചോദിച്ചു.

' എനിക്കെന്താ ഒരുങ്ങി കൂടായോ ? ഞാനേ ഇപ്പോൾ 50 വയസ്സായ ഒരു മധ്യവയസ്കയാണ്. ഇനി എനിക്ക് എന്നാ പേടിക്കാനാ?'

പുറകിൽ നിൽക്കുന്ന മക്കളുടെ മുഖത്തെ ഭാവത്തിൽ തനിക്ക് യാതൊരു പങ്കുമില്ലെന്ന് ഭാവേന തലയുയർത്തിപ്പിടിച്ച് റോസമ്മ പുറത്തേക്കിറങ്ങി.

**പതിനേഴാമത്തെ വയസ്സിൽ ആന്റണിയുടെ മണവാട്ടിയായി പുതുശ്ശേരി തറവാട്ടിൽ വന്നുകയറിയ അന്നുമുതൽ റോസക്കുട്ടിക്ക് തന്റെ ഇഷ്ടങ്ങൾ എല്ലാം അലമാരക്കടിയിൽ ആരും കാണാതെ ഒളിപ്പിക്കേണ്ടി വന്നു. മിന്നുകെട്ട് കഴിഞ്ഞ് ആദ്യത്തെ ഞായറാഴ്ച പള്ളിയിലേക്ക് പോകാൻ അപ്പച്ചൻ തന്ന അലമാരയിലെ പുതിയ ഓർഗൻസാ സാരികളിൽ ഒന്ന് എടുത്തുടുത്ത് കണ്ണെഴുതി ,പൗഡറിട്ട് പുറത്തേക്കിറങ്ങിയ റോസക്കുട്ടിയെ കണ്ടു ആന്റണിയുടെ അമ്മച്ചിയും പിന്നാലെ ആന്റണിയും നെറ്റിചുളിച്ചു.**

റോസമ്മ റോസക്കുട്ടി ആയിരുന്ന കാലം....

പതിനേഴാമത്തെ വയസ്സിൽ ആന്റണിയുടെ മണവാട്ടിയായി പുതുശ്ശേരി തറവാട്ടിൽ വന്നുകയറിയ അന്നുമുതൽ റോസക്കുട്ടിക്ക് തന്റെ ഇഷ്ടങ്ങൾഎല്ലാം അലമാരക്കടിയിൽ ആരും കാണാതെ ഒളിപ്പിക്കേണ്ടി വന്നു. മിന്നുകെട്ട് കഴിഞ്ഞ് ആദ്യത്തെ ഞായറാഴ്ച പള്ളിയിലേക്ക് പോകാൻ അപ്പച്ചൻ തന്ന അലമാരയിലെ പുതിയ ഓർഗൻസാ സാരികളിൽ ഒന്ന് എടുത്തുടുത്ത് കണ്ണെഴുതി ,പൗഡറിട്ട് പുറത്തേക്കിറങ്ങിയ റോസക്കുട്ടിയെ കണ്ടു ആന്റണിയുടെ അമ്മച്ചിയും പിന്നാലെ ആന്റണിയും നെറ്റിചുളിച്ചു.

'എന്നതാ കൊച്ചേ നീ കണ്ണേലൊക്കെ വാരിത്തേച്ചേക്കുന്നത്? കുടുമ്മത്തിൽ പിറന്ന സത്യക്രിസ്ത്യാനികൾ ഒന്നും ഇങ്ങനെ കരിയും വാരി തേച്ചു നടക്കില്ല കേട്ടോ...എടാ ആൻറണിയേ നീ ഇതൊന്നും കണ്ടില്ലയോടാ ?'

അമ്മച്ചിയുടെ പുറകിൽ ആന്റണിയുടെ കത്തുന്ന കണ്ണുകൾ കണ്ടതോടെ റോസക്കുട്ടി തന്റെ കണ്ണെഴുത്ത് മോഹങ്ങളെ സോപ്പിട്ട് പാടേ കഴുകി കളഞ്ഞു.

പള്ളിയിൽ വച്ച് പലരുടേയും നോട്ടങ്ങൾ അവൾക്ക് നേരെ പാറിവരുന്നത് കണ്ടിട്ടാണോ എന്തോ തിരിച്ചുവരും വഴി ആന്റണി സ്വകാര്യമായി എന്നാൽ കടുത്ത സ്വരത്തിൽ റോസക്കുട്ടിയോട് പറഞ്ഞു.

' വീട്ടീന്ന് തന്നു വിട്ടതിൽ വേറെ സാരി ഒന്നും ഇല്ലേ? ഇങ്ങനെ നിഴലു കാണുന്ന സാരി ഒന്നും ഇനി മേലാൽ ഉടുത്തേക്കരുത്.'

അതോടെ റോസക്കുട്ടിയുടെ ഓർഗൻസാ പ്രിയങ്ങൾക്കും താഴു വീണു. അവൾ അപ്പച്ചനോട് പ്രത്യേകം പറഞ്ഞു മേടിപ്പിച്ചവ ആയിരുന്നു ആ സാരികൾ . പിന്നീടങ്ങോട്ട് റോസക്കുട്ടിക്ക് നിറം കുറഞ്ഞ കോട്ടൻ സാരികൾ ഭംഗിക്ക് ഞൊറിയിട്ട് ഉടുക്കാതെ ചുമ്മാ പൊതിഞ്ഞുകെ

ട്ടി ചുമൽമറച്ചു പള്ളിയിലേക്ക് പോകേണ്ടിവന്നു.

വസ്ത്രത്തിന്റെ കാര്യത്തിൽ വിപ്ലവകരമായ ഒരു മാറ്റം വന്നത് ചുരിദാറിന്റെ വരവോടെയാണ്. സാരിയിൽ നിന്ന് ചുരിദാറിലേക്ക് റോസക്കുട്ടി ആന്റണിയാൽ പരകായപ്രവേശം നടത്തപ്പെട്ടത് കാണാൻ ആന്റണിയുടെ അമ്മച്ചി ജീവിച്ചിരിപ്പില്ലാതിരുന്നതിനാൽ സത്യ ക്രിസ്ത്യാനികളുടെ പാരമ്പര്യത്തിന്റെ പേരിലും റോസക്കുട്ടിക്ക് രക്ഷപ്പെടാൻ കഴിഞ്ഞില്ല. എന്നാൽ ഫാഷൻ തലയ്ക്കു പിടിച്ചിട്ടല്ല ആന്റണി ചുരിദാർ എന്ന പുതിയ വസ്ത്ര സങ്കൽപത്തെ അവതരിപ്പിച്ചത് എന്ന് കുറച്ചു മാസങ്ങൾക്ക് ശേഷമാണ് റോസക്കുട്ടിക്ക് മനസ്സിലായത് .



നാത്തൂന്റെ മകളുടെ മനസമ്മതത്തിന് പോകാൻ കുറെ നാളുകൾക്കു ശേഷം റോസക്കുട്ടി ഒരു സാരി എടുത്ത് ഉടുത്തുകൊണ്ടിരുന്ന സമയം. കുളി കഴിഞ്ഞ് മുറിയിലേക്ക് കടന്നുവന്ന ആന്റണിയുടെ നാവിൽ നിന്ന് തെറിച്ച 'ഒടുക്കത്തെ ഷെയ്പ്പ് ആണല്ലോ കർത്താവേ' എന്ന ആത്മഗതം കേട്ട് റോസക്കുട്ടിക്ക് ഓക്കാനം വന്നു. ഒരിക്കൽ പോലും തന്റെ സൗന്ദര്യത്തെക്കുറിച്ച് ഒരു നല്ല വാക്ക് പോലും പറയാത്ത ആന്റണിയുടെ ആ വാക്കുകൾ വഴിവക്കിലെ ആഭാസൻമാരുടെ നാവിൽനിന്നും തെറിച്ച തുപ്പൽ പോലെ അവളിൽ അറപ്പും വെറുപ്പും ഉളവാക്കി. അന്നാണ് ആൻറണിയുടെ ചുരിദാർ പ്രേമത്തിന്റെ ഗുട്ടൻസ് അവൾക്ക് പിടികിട്ടിയത്.

**പക്ഷേ ആ സന്തോഷത്തിന് അധിക ദിവസം ആയുസ്സുണ്ടായില്ല . റോസക്കുട്ടിയുടെ സ്വാതന്ത്ര്യം കൂടുതൽ വിലക്കുകളിലേക്ക് വീണു. കെട്ട്യോൻ മരിച്ച നാല്പത്തിരണ്ടുകാരി സുന്ദരി . നാട്ടുകാരും വീട്ടുകാരും അവൾക്ക് ചുറ്റും മുള്ളുവേലി കെട്ടി . ഒരു വിധവ പാലിക്കേണ്ട അച്ചടക്ക നടപടികളിൽ കുരുങ്ങി റോസക്കുട്ടിക്ക് മുമ്പത്തേതിനേക്കാൾ ശ്വാസംമുട്ടി.**

ഒരു ചാക്കിനകത്ത് കയറിയതുപോലെ ചുരിദാറിൽ മൊത്തം പൊതിഞ്ഞെടുത്ത തന്റെ ശരീരവുമായി പള്ളിയിലെത്തിയ റോസക്കുട്ടിയെ കണ്ട് പത്താംക്ലാസിൽ ഒന്നിച്ച് പഠിച്ച് ഒരേ നാട്ടിലേക്ക് കെട്ടിച്ചയക്കപ്പെട്ട സിസിലി മൂക്കത്ത് വിരൽ വെച്ചു.

' ഇതെന്നാ കോലമാ റോസക്കുട്ടീ? ഈ ചുരിദാർ ഒന്ന് വണ്ണം കുറച്ചു ഷെയ്പ്പ് ചെയ്യരുതോ ?ഇതൊരുമാതിരി അച്ചന്മാരുടെ ളോഹ പോലെ ...'

ഷെയ്പ്പ് തന്നെയാണ് പ്രശ്നം എന്ന് പറയാൻ തോന്നിയെങ്കിലും സ്വന്തം പല്ലിനിടയിൽ കുത്തി മണപ്പിക്കണ്ടല്ലോ എന്ന് കരുതി റോസക്കുട്ടി വെറുതെ ചിരിച്ചു.

കുട്ടികൾ ഉണ്ടായപ്പോഴും റോസക്കുട്ടിയുടെ ഇഷ്ടങ്ങൾ ചിറക് കരിഞ്ഞു വീണു. ആദ്യത്തെ കുട്ടി പെണ്ണാണെന്ന് അറിഞ്ഞപ്പോൾ തന്നെ മാലാഖയെ പോലെ ഇരിക്കുന്ന അവൾക്ക് 'എയ്ഞ്ചൽ' എന്ന് പേരിടണമെന്ന് റോസക്കുട്ടി ആഗ്രഹിച്ചിരുന്നു. എന്നാൽ ആന്റണി അയാ

ളുടെ പേരും അമ്മച്ചിയുടെ പേരും കൂട്ടിക്കലർത്തി ഒരു സമ്മിശ്ര രൂപത്തിൽ ആൻ മറിയ എന്ന് പേരിട്ട് റോസക്കുട്ടിയുടെ മാലാഖ മോഹത്തിന്റെ ചിറക് അറുത്തുകളഞ്ഞു . പിന്നീട് ആൻഡ്രൂസും ആന്റണിയുടെ പാരമ്പര്യ അവകാശിയായി.

മക്കളൊക്കെ വലുതായി കഴിഞ്ഞിട്ടും ആന്റണി റോസക്കുട്ടിയെ സാരിയിലേക്കു തിരിച്ചു വിട്ടില്ല .ആരുമറിയാതെ പലപ്പോഴും മുറിയടച്ച് റോസക്കുട്ടി തന്റെ സാരികളെ ഓമനിച്ചു പോന്നു.

'ഈ ചുരിദാറിന് അങ്ങനെയൊരു ഗുണമുണ്ട്. ഏത് പ്രായക്കാർക്കും ധരിക്കാം' – എന്നൊരു കമൻറ് ഇടയ്ക്കിടെ പാസാക്കി ആൻറണി റോസക്കുട്ടിയുടെ സാരി ഭ്രമത്തെ വേരോടെ പിഴുതെറിയാൻ ശ്രമിച്ചുകൊണ്ടിരുന്നു.

ഒടുവിൽ റോസക്കുട്ടിയുടെ 42–ാമത്തെ വയസ്സിൽ പെട്ടുന്നനെ യാത്രയായ ആൻറണിയുടെ ശവശരീരത്തിന് അരികിൽ ഇരുന്ന റോസക്കുട്ടിയുടെ മനസ്സിലേക്ക് മനഃപൂർവ്വമല്ലാതെ തന്റെ അലമാരയിൽ ആൻറണി കാണാതെ വാങ്ങിവെച്ച സാരികളും സാരികൾക്കിടയിൽ ഒളിപ്പിച്ചു വെച്ച കൺമഷിയും കറുത്ത സ്റ്റിക്കർ പൊട്ടും കടന്നുവന്നു. അറിയാതെ ഉള്ളിൽ തുള്ളിക്കുതിച്ച സന്തോഷം മറ്റാരെങ്കിലും അറിഞ്ഞു കളയുമോ എന്ന് ഭയപ്പെട്ട് റോസക്കുട്ടി ഉറക്കെ കരഞ്ഞു.

**റോസമ്മ വീട്ടിലെത്തിയപ്പോൾ മക്കൾ അമ്മച്ചിയുടെ പതിവില്ലാത്ത ദിനചര്യകളിലും ചമഞ്ഞൊരുങ്ങലിലും ആശങ്കപ്പെട്ട് പുട്ടും കടലയും കഴിച്ചു ശൂന്യമായ പാത്രത്തിലേക്ക് നോക്കിയിരിക്കുകയായിരുന്നു. അകത്തേക്ക് വന്ന അമ്മച്ചിയുടെ കൈയ്യിലെ പുസ്തകങ്ങൾ കണ്ട് ആശങ്ക അധികരിച്ചതിനെത്തുടർന്ന് ആൻഡ്രൂസ് കാസറോളിൽ നിന്നും ഒരു കഷണം പുട്ട് കൂടി എടുത്തു പാത്രത്തിൽ വച്ച് ഞെരിച്ചുടച്ചു അതിനു മുകളിലേക്ക് കുറച്ച് കടലക്കറി കൂടി ഒഴിച്ചു.**

പക്ഷേ ആ സന്തോഷത്തിന് അധിക ദിവസം ആയുസ്സുണ്ടായില്ല .റോസക്കുട്ടിയുടെ സ്വാതന്ത്ര്യം കൂടുതൽ വിലക്കുകളിലേക്ക് വീണു. കെട്ട്യോൻ മരിച്ച നാല്പത്തിരണ്ടുകാരി സുന്ദരി . നാട്ടുകാരും വീട്ടുകാരും അവൾക്ക് ചുറ്റും മുള്ളുവേലി കെട്ടി . ഒരു വിധവ പാലിക്കേണ്ട അച്ചടക്ക നടപടികളിൽ കുരുങ്ങി റോസക്കുട്ടിക്ക് മുമ്പത്തേതിനേക്കാൾ ശ്വാസംമുട്ടി.

അങ്ങനെയിരിക്കുമ്പോഴാണ് ഒരിക്കൽ സിസിലി 50 വയസ്സു കഴിഞ്ഞാൽ കിട്ടുന്ന സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള തന്റെ അറിവ് തുറന്നിട്ടത്.

'കെട്ടിയോനും മക്കളും കാണിച്ചുതരുന്ന ചൂട്ടു വെളിച്ചത്തിലാണ് നമ്മൾ പെണ്ണുങ്ങളുടെ ജീവിതം . ആ വെളിച്ചത്തിന് അപ്പുറത്തേക്ക് പോകാൻ ആരും നമ്മളെ സമ്മതിക്കത്തില്ല. പിന്നെ ഒരു പത്തമ്പതുവയസ്സാകുമ്പോഴേക്കും അവർക്കീ വെട്ടം കാട്ടി നടക്കുന്നതു മടുക്കും. മക്കൾക്കാണെങ്കിൽ അവരുടെ സ്വന്തം കാര്യം കൂടി നോക്കാൻ നേരമില്ലാതാകും. അന്നാണ് നമുക്ക് സ്വാതന്ത്ര്യം കിട്ടുന്നത്. നാട്ടുകാർക്കും ഈ അമ്പതുകഴിഞ്ഞവരുടെ കാര്യത്തിൽ വലിയ ആശങ്ക ഒന്നുമില്ല.'

അതോടെയാണ് റോസക്കുട്ടി അമ്പതാകാനുള്ള കാത്തിരിപ്പ് തുടങ്ങിയത്.

പള്ളിയിൽ നിന്നും തിരിച്ചു വരുന്ന വഴി റോസമ്മ ഗ്രാമീണ വായനശാലയിൽ കയറി ഒരു മെമ്പർഷിപ്പ് എടുത്ത് പതിനേഴാം വയസ്സിൽ ആന്റണിയുടെ കൂടെ വരുന്നതിന്റെ തലേദിവസം സ്വന്തം വീട്ടിൽ മറന്നുവച്ച വായനാശീലത്തെ തിരികെയെടുത്തു. കല്യാണം കഴിഞ്ഞ് വീട്ടിൽ തനിച്ചിരുന്ന് മുഷിഞ്ഞ നാളുകളിലൊന്നിൽ ഒരു പുസ്തകം വായിക്കാനുള്ള മോഹം റോസക്കുട്ടി ആന്റണിയെ അറിയിച്ചിരുന്നു.


'വായിക്കണമെന്ന് അത്രയ്ക്ക് നിർബന്ധമാണേൽ ദാണ്ടെ ബൈബിളിരിക്കുന്നു എടുത്തുവച്ചു വായിച്ചോ' – എന്നായിരുന്നു അതിന് ആന്റണിയുടെ മറുപടി.

വായനശാലയിൽ നിന്നും എടുത്ത പുസ്തകങ്ങൾ മാറത്തടുക്കിപ്പിടിച്ച് വീട്ടിലേക്ക് നടക്കുമ്പോൾ തന്റെ അമ്പതാം പിറന്നാൾ എങ്ങനെ ആഘോഷിക്കണം എന്നായിരുന്നു റോസമ്മയുടെ ചിന്ത.


റോസമ്മ വീട്ടിലെത്തിയപ്പോൾ മക്കൾ അമ്മച്ചിയുടെ പതിവില്ലാത്ത ദിനചര്യകളിലും ചമഞ്ഞൊരുങ്ങലിലും ആശങ്കപ്പെട്ട് പുട്ടും കടലയും കഴിച്ചു ശൂന്യമായ പാത്രത്തിലേക്ക് നോക്കിയിരിക്കുകയായിരുന്നു. അകത്തേക്ക് വന്ന അമ്മച്ചിയുടെ കൈയ്യിലെ പുസ്തകങ്ങൾ കണ്ട് ആശങ്ക അധികരിച്ചതിനെത്തുടർന്ന് ആൻഡ്രൂസ് കാസറോളിൽ നിന്നും ഒരു കഷണം പുട്ട് കൂടി എടുത്തു പാത്രത്തിൽ വച്ച് ഞെരിച്ചുടച്ചു അതിനു മുകളിലേക്ക് കുറച്ച് കടലക്കറി കൂടി ഒഴിച്ചു.

റോസമ്മ ഇതൊന്നും തന്നെ കണ്ടതായി ഭാവിക്കാതെ മുറിക്കുള്ളിൽ കടന്ന് ആൻണിയുടെ അലമാര തുറന്നു. അതിലൊരു അറയിലെ ആൻറണിയുടെ കുറച്ച് ഷർട്ടും മുണ്ടും ഒഴിച്ചാൽ ബാക്കിയെല്ലാം ആൻറണി റോസക്കുട്ടിക്ക് വാങ്ങിക്കൊടുത്ത ചുരിദാറുകൾ ആയിരുന്നു . റോസമ്മ ആ ചുരിദാറുകൾ എല്ലാം വാരി എടുത്തു പുറത്തേക്കു നടന്നു. അമ്മച്ചിയുടെ മാറ്റം ദഹിക്കാത്ത കടലക്കറി പോലെ മക്കളെ അസ്വസ്ഥരാക്കിക്കൊണ്ടിരുന്നപ്പോൾ റോസമ്മയാകട്ടെ അപ്പച്ചന്റ ഓർമ്മയ്ക്ക് അമ്മച്ചി എന്നും സൂക്ഷിച്ചു വെക്കും എന്ന് മക്കൾ തെറ്റിദ്ധരിച്ച ചുരിദാറുകൾ എല്ലാം പറമ്പിന്റെ ഒരു മൂലയിൽ കൂട്ടിയിട്ട് തീ കൊളുത്തി തന്റെ അമ്പതാം പിറന്നാൾ ആഘോഷത്തിന് തുടക്കം കുറിക്കുകയായിരുന്നു.

ചെറുകഥ



മാത്യു
സണ്ണി കെ




വര:
പി.ആർ. രാജൻ

# വിദ്യയും ലക്ഷ്മിയും

ഗുരുകുലത്തിൽ പഠിക്കുമ്പോൾ ദ്രോണർ അഗ്രഗണ്യനായിരുന്നു. പക്ഷേ, എല്ലാ ഒന്നാമൻമാരെപ്പോലെപഠനശേഷം ഉപജീവനത്തിനുള്ള വക കണ്ടെത്താൻ ആ മനുഷ്യനും പരാജയപ്പെട്ടു! ഭാര്യ കൃപ സങ്കടപ്പെട്ടു. നിഴൽ പോലെ തന്നെ പിൻതുടരുന്ന ദാരിദ്രത്തിൽ നിന്ന് രക്ഷപ്പെടാൻ പഠിച്ചപണി പന്ത്രണ്ട് നോക്കിയിട്ടും നടന്നില്ല. പിതാവിൽ നിന്നു പഠിച്ച യുദ്ധമുറകളോ പരശുരാമനിൽ നിന്ന് ഗ്രഹിച്ച അസ്ത്രവിദ്യകളോ ജീവസന്ധാരണത്തിന് ഉപകരിക്കാത്തതിൽ അയാൾ ഭഗ്നാശനായി.

ദ്രോണർക്ക് തേജസ്വിയായ ഒരു പുത്രൻ ജനിച്ചിരുന്നു. അവന്റെ കൈകാലുകൾ ചുള്ളികമ്പുകൾ പോലെ ശോഷിച്ചിരുന്നു. കാരണം ഒരുനേരം പോലും ആ ബാലന് വയർ നിറച്ച് ആഹാരം കൊടുക്കാൻ പിതാവിനു പ്രതിഫലം ലഭിച്ചില്ല. അമ്മ സങ്കടപ്പെട്ടു.

ഒരിക്കൽ വീടിന്റെ തിണ്ണയിൽ ഇരിക്കുമ്പോൾ ബാലൻ ഒരു കാഴ്ച കണ്ടു. കളികഴിഞ്ഞ് അയൽ പക്കത്തെ കുട്ടികൾ പാൽ കുടിക്കുന്നു. അവരുടെ പിതാവ് ഗംഗാ

ദ്വാരത്തെ ഒരു ധനികനായിരുന്നു. അവനും പാൽ കുടിക്കണമെന്നാഗ്രഹമുണ്ടായി. പക്ഷേ, പിതാവ് എത്ര തന്നെ പരിശ്രമിച്ചിട്ടും ഒരു പശുവിനെ പ്രതിഗ്രഹമായി ലഭിച്ചില്ല. ബാലൻ നിരാശനായി.

ബാലന്റെയുള്ളിൽ പാലിനായുള്ള ആശ അരിമാവു പോലെ പുളിച്ചു പൊന്തി. ധവളാകാശത്തേക്ക് നോക്കി അവൻ നെടുവീർപ്പെട്ടു. അതു കണ്ടപ്പോൾ അയൽപക്കത്തെ ബാലർക്ക് ഒരു തമാശ തോന്നി. പാലാണെന്ന് പറഞ്ഞ് കുറച്ച് അരിമാവ് കലക്കിയ വെള്ളം അവനു കൊടുത്തു. പാലാണെന്ന് വിചാരിച്ച് അതു മുഴുവൻ ഒറ്റവലിക്ക് സ്വാദോടെ കുടിച്ചുത്തീർത്തു. പിന്നെ ജീവിതത്തിൽ ആദ്യമായി പാൽ കുടിച്ച സന്തോഷത്തിൽ ഒരു പശുകിടാവിനെ പോലെ തുള്ളിച്ചാടി. അപ്പോൾ അവർ പരിഹസിച്ചു.

'വിഡ്ഢീ, നീ കുടിച്ചത് പാലല്ല, അരിമാവുകലക്കിയ വെള്ളമാണ്. '

അവൻ ലജ്ജിച്ചു തലതാഴ്ത്തി. പിന്നെ വീട്ടിൽ കയറി മുഷിഞ്ഞ തലയണയെ കെട്ടിപ്പിടിച്ചു കരഞ്ഞു.

മകന്റെ കണ്ണീരു കണ്ടപ്പോൾ ദ്രോണരുടെ ഇടനെഞ്ചുപ്പൊട്ടി.

ദാരിദ്രത്തിന്റെ പടുകുഴിയിൽ നിന്നു കരകയറാൻ ഗുരുമുഖത്ത് നിന്ന് പഠിച്ച വിദ്യകളൊന്നും മതിയാവില്ലെന്ന് ആ നിമിഷം മനസ്സിലായി. സമൃദ്ധമായ താടിയിൽ അയാൾ വിരലോടിച്ചു. പൊടുന്നനെ തന്റെ കൂടെ പഠിച്ച ഒരു സഹപാഠിയെ ഓർമ്മവന്നു. ! അവൻ പാഞ്ചാല രാജാവിന്റെ പുത്രനായിരുന്നു.

ക്ഷുത്പീഢയിൽ നിന്ന് രക്ഷനേടാൻ സതീർത്ഥ്യനായ ദ്രുപദന്റെ സഹായം തേടാൻ ഉറച്ചു. ഭാര്യ മുന്നറിയിപ്പ് നൽകി.

'പണ്ടത്തെ ലോഗ്യം ചൊല്ലി ചങ്ങാതിയെ കാണാൻ ചെല്ലുന്നത് നാണക്കേടാണ്.''

കൂട്ടുകാരനെ സന്ദർശിക്കാൻ പോകുന്നതിൽ ഒരു മാനക്കേടും തോന്നിയില്ല. കാരണം പിരിയാൻ നേരത്ത് അവൻ കൊട്ടാരത്തിലേക്ക് ക്ഷണിച്ചിരുന്നു.

'സുഹൃത്തേ നീ എന്റെ ആത്മാവിന്റെ അംശമാണ്. അതു കൊണ്ട് ഞാൻ രാജാവാകുമ്പോൾ നീ രാജബന്ധുവായിരിക്കും. എന്റെ സമ്പത്ത് നിന്റെ സ്വന്തമെന്നു നീ ധരിക്കുക.'

പിന്നീട് മറുത്തൊന്നും അവൾ പറഞ്ഞില്ല. ഈശ്വര നിശ്ചയം പോലെ എല്ലാം വരട്ടെ ..ആകെ കൂടി ഉണ്ടായിരുന്ന ഒന്നുരണ്ട് വസ്ത്രങ്ങൾ ഭാണ്ഡകെട്ടിലാക്കി. ദ്രോണർ മകന്റെ കരം പിടിച്ചു.

ദ്രോണരും കുടുംബവും രാജധാനിയിൽ എത്തിച്ചേർന്നു. എന്നാൽ കൊട്ടാരകവാടം കടന്നു വരുന്ന സഹപാഠിയെയും കുടുംബത്തെയും സ്വീകരിക്കുവാൻ ദ്രുപദൻ തയ്യാറയില്ല. കാരണം നാട്ടിൻമ്പുറത്തുകാരായ ദാരിദ്രവാസികളെ കൊട്ടാരത്തിൽ സ്വീകരിക്കുന്നതിൽ ഊട്ടു മേശയിലെ സ്നേഹിതർ കളിയാക്കിയിരുന്നു. പഴയ ബന്ധങ്ങൾ പറഞ്ഞ് കൊട്ടാരത്തിലേക്ക് വലിഞ്ഞുകയറി വരുന്നവരോട് റാണിക്കും പുച്ഛമായിരുന്നു. അതുകൊണ്ട് മലിനവേഷധാരിയായ സതീർത്ഥ്യനെ സ്വീകരിച്ചാൽ അത് തന്റെ യശസ്സിനു കളങ്കമാകുമെന്ന് ദ്രുപദൻ വിശ്വസിച്ചു.

**കൊട്ടാരകവാടം കടന്നു വരുന്ന സഹപാഠിയെയും കുടുംബത്തെയും സ്വീകരിക്കുവാൻ ദ്രുപദൻ തയ്യാറയില്ല. കാരണം നാട്ടിൻമ്പുറത്തുകാരായ ദാരിദ്രവാസികളെ കൊട്ടാരത്തിൽ സ്വീകരിക്കുന്നതിൽ ഊട്ടു മേശയിലെ സ്നേഹിതർ കളിയാക്കിയിരുന്നു. പഴയ ബന്ധങ്ങൾ പറഞ്ഞ് കൊട്ടാരത്തിലേക്ക് വലിഞ്ഞുകയറി വരുന്നവരോട് റാണിക്കും പുച്ഛമായിരുന്നു. അതുകൊണ്ട് മാലിനവേഷധാരിയായ സതീർത്ഥ്യനെ സ്വീകരിച്ചാൽ അത് തന്റെ യശസ്സിനു കളങ്കമാകുമെന്ന് ദ്രുപദൻ വിശ്വസിച്ചു.**

ദ്രുപദന്റെ കണ്ണകളിൽ പുച്ഛം നിറഞ്ഞു. അതു കാര്യമാക്കാതെ രാജാവിനെ നമസ്ക്കരിച്ച് പഠന കാലത്തെ സൗഹൃദം ഹൃസ്വമായി ദ്രോണർ ഓർമ്മിപ്പിച്ചു. രാജാവ് പുഞ്ചിരിച്ചു; ആ സൗഹൃദത്തെ ചോദ്യം ചെയ്തു.

' കാലക്രമേണ നശിച്ചുപോകാത്തതായി ഈ ലോകത്തിൽ എന്തു സ്നേഹമാണുള്ളത്?

മറുപടി പറയാനാവാതെ ദ്രോണർ കുഴങ്ങി. ദ്രുപദൻ തുടർന്നു

' അപ്പോൾ പിന്നെ പഴയ സ്നേഹത്തിന്റെ കഥ പറയുന്നതിൽ എന്തർത്ഥമാണുള്ളത്? '

ദ്രോണരുടെ മുഖം വിളറി.

അത്താഴപ്പട്ടിണി മാറ്റാൻ സഹപാഠിയെ സന്ദർശിക്കാൻ തീരുമാനിച്ചത് അബദ്ധമായെന്ന് ദ്രോണർക്ക് ബോദ്ധ്യമായി. ഭാര്യ പറഞ്ഞതാണ് പക്ഷേ ,കേട്ടില്ല. അയാൾ വിഷണ്ണനായി. ഒടുവിൽ നാണക്കേട് വിസ്മരിച്ച് വീട്ടിലെ അവസ്ഥയെ പറ്റി ദ്രോണർ മനസ്സ് തുറന്നു.

' സ്നേഹിതാ , ഞാൻ വല്ലാത്ത അവസ്ഥയിലാണ്. ആചാര്യനാണെന്നു പറഞ്ഞിട്ടു വല്യകാര്യമൊന്നുമില്ല. വീട്ടിലെ കാര്യം കുറെ കഷ്ടത്തിലാണ്. അതു കൊണ്ട് നീ എന്നെ ഒന്നു സഹായിക്കണം. '

സിംഹാസനത്തിൽ ദ്രുപദൻ ഇളകിയിരുന്നു. പിന്നെ പരിഹസിച്ചു.

'വലിയ ബുദ്ധിമാനാണെന്ന് പറഞ്ഞിട്ടൊന്നും ഈ ലോകത്തിൽ ഒരു കാര്യവും ഇല്ല ദ്രോണാ... അഷ്ടിക്കുള്ളത് ഉണ്ടാക്കാൻ പഠിക്കാനാണ് ബുദ്ധി വേണ്ടത്. '

അയാൾ കൂട്ടുകാരനെ ദയനീയമായ നോക്കി. അതു കാര്യമാക്കാതെ ദ്രുപദൻ തുടർന്നു.

കവാടത്തിൽ കൃപയും കുട്ടിയും കാത്തുനിന്നിരുന്നു. മുഷിഞ്ഞു നാറിയ പട്ടിണികോലങ്ങളെ കണ്ട് ദ്രുപദൻ സതീർത്ഥ്യനെ ഉപദേശിച്ചു.

'എടോ താനീ വിദ്യയെ ഉപാസിച്ചിട്ട് വലിയ കാര്യമില്ല. കാരണം ധനദേവതയുടെ ശത്രുവാണ് വിദ്യ. അതു കൊണ്ട് നീ പോയി ലക്ഷ്മിയെ നമസ്കരിക്കുക '

സദസ്സിൽ ഉപവിഷ്ടരായിരുന്ന സ്നേഹിതരും ശരിവെച്ചപ്പോൾ ദ്രോണർ പതറി. വിശ്വസ്തയായ വിദ്യയെ ഉപേക്ഷിച്ച് അസ്ഥിരചിത്തയായ ലക്ഷ്മിയെ ഉപാസിക്കാൻ കഴിയില്ല. അയാൾ യാത്ര പറഞ്ഞു.

'നമുക്ക് വീണ്ടും കാണാം '

ദ്രുപദൻ പരിഹസിച്ചു

'ഓ ശരി , നമുക്ക് കാണാം '

അയാൾ ഇറങ്ങി.

സ്നേഹിതന്റെ വാക്കുകൾ കേട്ടപ്പോൾ കൃപക്ക് വലിയ അത്ഭുതമൊന്നും തോന്നിയില്ല. വേലയും കൂലിയും ഇല്ലാത്തവരെ അവ ഉള്ളവർക്ക് എല്ലാ കാലത്തും പുച്ഛമാണ്. അതാണ് ലോകഗതി. അവൾ ഭർത്താവിനെ ആശ്വസിപ്പിച്ചു.

'തൽക്കാലം നമുക്ക് ജേഷ്ഠന്റെ വീട്ടിൽ പോകാം. '



**അമ്മ പറഞ്ഞു. 'വെറുതെ നീ വാശി പിടിക്കരുത്. രാജാവിനെ തോൽപ്പിക്കാൻ നമ്മൾക്ക് ഒരിക്കലും കഴിയില്ല ' അവൻ ഒരു നിമിഷം അച്ഛന്റെ മുഖത്തേക്ക് നോക്കി. പിതാവിന്റെ കണ്ണിൽ ഒരു ഗൂഢസ്മിതം മിന്നിമറഞ്ഞതു കണ്ട് പുഞ്ചിരിച്ചു.**

'ശരി ഇവിടം വരെ വന്നതല്ലേ ഞാൻ ഒരു കാര്യം ചെയ്യാം.'

ദ്രോണർക്ക് പ്രതീക്ഷ തോന്നി

രാജാവ് തുടർന്നു.

'ആകട്ടെ നിനക്ക് തേര് തെളിക്കാനറിയാമോ? '

ദ്രോണർ നിലവിളിച്ചു.

'സ്നേഹിതാ.... '

രാജാവിന്റെ കണ്ണുകളിൽ തികഞ്ഞ ഔദ്ധത്യം നിറഞ്ഞു.

'സ്നേഹിതനോ? ഈ ലോകത്ത് ദരിദ്രനും ധനികനും തമ്മിലും , പാമരനും പണ്ഡിതനും തമ്മിലും ക്ലീബനും ശൂരനും തമ്മിലും ഒരിക്കലും സഖാക്കാളാകില്ലെന്ന് അറിയില്ലേ?

ദ്രോണർ തല കുനിച്ചു.

അയാൾ സമ്മതിച്ചു. കൃപയുടെ സഹോദരൻ ഹസ്തിനപുരം കൊട്ടാരത്തിലെ രാജഗുരുവായിരുന്നു.

കവാടത്തിലേക്ക് നടക്കുമ്പോൾ ബാലനു കഴിഞ്ഞതൊന്നും മറക്കാനായില്ല. തങ്ങളെ അപമാനിച്ച രാജാവിനോടു ക്ഷമിക്കാനും കഴിഞ്ഞില്ല. ദ്രുപദനെ ഒരു പാഠം പഠിപ്പിക്കണമെന്ന് അവൻ പിതാവിനോട് അപേക്ഷിച്ചു. അയാൾ മറുപടിയൊന്നും പറഞ്ഞില്ല. അവൻ നിരാശനായി.

അമ്മ പറഞ്ഞു.

'വെറുതെ നീ വാശിപിടിക്കരുത്. രാജാവിനെ തോൽപ്പിക്കാൻ നമ്മൾക്ക് ഒരിക്കലും കഴിയില്ല '

അവൻ ഒരു നിമിഷം അച്ഛന്റെ മുഖത്തേക്ക് നോക്കി. പിതാവിന്റെ കണ്ണിൽ ഒരു ഗൂഢസ്മിതം മിന്നിമറഞ്ഞതു കണ്ട് പുഞ്ചിരിച്ചു.

# 1st Annual AAPI World Health Congress

American Association of Physicians of Indian Origin — AAPI

## July 18-22 | Marriott Marquis | New York



**Anjana Samadder, MD**
President, AAPI



**Sumul Raval, MD**
Secretary | Convention Treasurer



**Achintya Moulick, MD**
Convention Chair

| Empowering Health | Bridging Communities
| Exploring Confluence: 'AI and Medicine'
| 'Literary & Film Seminar'

## INVITED DIGNITARIES



**Donald Trump**
45th U.S. President



**Amit Shah**
Minister Of Home Affairs Of India



**Sri Sri Ravishankar**
World Spiritual Leader



**Dr. Mansukh Mandivya**
Minister Of Health And Family Welfare



**Dr. Jesse Ehrenfeld**
President Of AMA



**Dr. Vivek Murthy**
United States Surgeon General



**Bernie Sanders**



**Michelle Obama**

**Dive into the future of healthcare at the 1st Annual AAPI World Health Congress, a pivotal event bringing together the brightest minds and hearts in healthcare.**

**REGISTER NOW** at: aapiworldhealthcongress.org

More Info: 1-630-990-2277 | eMail: convention@aapiusa.org


**'EARLY BIRD SPECIAL DISCOUNT AVAILABLE NOW!'**

# പരൽമീനുകൾ കളിക്കുന്ന തോട്ടുവക്കത്തെ വീട്




വര: മറിയം ജാസ്മിൻ

ബാബു ഇരുമല



അദ്ധ്യായം 8

## പാതിരാക്കോഴി

ഉറക്കം വരാഞ്ഞ് ഞങ്ങൾ അപ്പുവിന്റെ മൂന്നാർ വിശേഷങ്ങൾ ഒക്കെ കേട്ടുകൊണ്ടിരുന്നു. തമിഴിലെ അത്യാവശ്യം വാക്കുകളൊക്കെ അപ്പു പറഞ്ഞു തന്നു.

തുടർന്ന് സംസാരം മന്ത്രവാദിയുടെ വീട്ടു വിശേഷങ്ങളിലേക്കായി. ഞാൻ ചോദിച്ചു.

'അപ്പൂന് മന്ത്രവാദം വല്ലതും പഠിക്കാൻ പറ്റിയോ? ആറേഴു മാസം അണ്ണന്റെ വീട്ടിൽ നിന്നതല്ലേ?'.

'ഞാൻ ചെറുതായി ഒക്കെ പഠിച്ചിട്ടുണ്ട്. ആ അണ്ണൻ പഠിപ്പിച്ചതല്ല. കണ്ട് മനസ്സിലാക്കിയെടുത്തതാണ്'.

അപ്പു പറഞ്ഞു.

'എന്നാ ഒരു മന്ത്രവാദം ഞങ്ങൾക്ക് കാണിച്ച് തരാമോ?.

ഞാൻ ചോദിച്ചു. അപ്പോൾ നേഹ പറഞ്ഞു.

'ഞങ്ങക്ക് അമ്മമ്മേടെ ആ കറുമ്പിയെ ഒരു പൂവൻ കോഴി ആക്കി താട്ടെ'.

അപ്പു കുറേ നേരം ആലോചിച്ചിട്ടു പറഞ്ഞു.

'പൂവൻകോഴി ഒക്കെ ആക്കി തരാം. പക്ഷേ കറുമ്പി ഇടുന്ന മുട്ട ഒന്നും പിന്നെ കിട്ടില്ല. പൂവൻകോഴി മുട്ട ഇടൂല്ലല്ലൊ '.

അപ്പു തുടർന്നു.

'മൊട്ട കിട്ടാത്തപ്പെ അമ്മമ്മയ്ക്ക് ഇഷ്ടക്കുറവ് ആവൂല്ലെ?'.

അപ്പോൾ ഞാൻ പറഞ്ഞു.

'പൂവൻകോഴി ആയത് അപ്പു കാരണാന്ന് അമ്മമ്മ അറിയാൻ പോണില്ല. ഞങ്ങളേതായാലും പറയൂല. അമ്മമ്മ പുതിയ കോഴി പെടയെ വാങ്ങിച്ചോളും.'

'അപ്പു, ഞങ്ങക്ക് ഒന്ന് കണ്ട് മനസ്സിലാക്കാൻ വേണ്ടിയല്ലെ ഈ പറയുന്നത്. ശരിയായിട്ടും ഇങ്ങനെയൊക്കെ നടക്കുമോ എന്ന് അറിയാൻ വേണ്ടിയിട്ട് അല്ലെ?'

**കറുമ്പിയെ പൂവനാക്കാം. പക്ഷേ തിരിച്ച് കറുമ്പി ആക്കി മാറ്റി തരാൻ എന്നോട് പറഞ്ഞേക്കരുത്.' വരുംവരായ്കകളെ കുറിച്ചുള്ള അപ്പുവിന്റെ വിശദീകരണമൊന്നും ഞങ്ങൾ കേട്ടില്ല. കൂവുന്ന ഒരു കറുത്ത പൂവൻകോഴിയുടെ ലൈവ് എന്റെയും, കൂടാതെ നേഹയുടെയും ഉള്ളിൽ നിലയുറപ്പിച്ച് കഴിഞ്ഞിരുന്നു.**

എന്റെയും, നേഹയുടെയും ആവശ്യത്തിലേക്ക് അപ്പു അനുകൂലമായി വരുന്നുവെന്ന് ഞങ്ങൾക്ക് മനസിലായി.

'കുറച്ചു കൂടി രാത്രിയാകട്ടെ. ഞാൻ ഇന്നുതന്നെ ശ്രമിക്കാം'.

അപ്പു തുടർന്നു.

'കറുമ്പിയെ പൂവനാക്കാം. പക്ഷേ തിരിച്ച് കറുമ്പി ആക്കി മാറ്റി തരാൻ എന്നോട് പറഞ്ഞേക്കരുത്.'

വരുംവരായ്കകളെ കുറിച്ചുള്ള അപ്പുവിന്റെ വിശദീകരണമൊന്നും ഞങ്ങൾ കേട്ടില്ല. കൂവുന്ന ഒരു കറുത്ത പൂവൻകോഴിയുടെ ലൈവ് എന്റെയും, കൂടാതെ നേഹയുടെയും ഉള്ളിൽ നിലയുറപ്പിച്ച് കഴിഞ്ഞിരുന്നു.

രാത്രി 11 മണി കഴിഞ്ഞപ്പോൾ മുൻവശത്തെ വാതിൽ പതുക്കെ തുറന്ന് ഞങ്ങൾ മൂവരും പുറത്തിറങ്ങി. അപ്പോൾ ചക്കിയെന്ന് ഞങ്ങൾ ചുമ്മ ഒരു പേരിട്ടിരിക്കുന്ന, മിക്കവാറുമൊക്കെ വീട്ടിൽ വന്നു പോകുന്ന ആ തടിച്ച വെള്ളപ്പൂച്ച സിറ്റൗട്ടിലെ കസേരയിൽ നിന്നും മുറ്റത്തേക്ക് ചാടി ഇരുളിലേക്ക് ഓടി മറന്നു.

ചാച്ചന്റെ മുറിയിൽ മാത്രം ഇപ്പോഴും വെളിച്ചമുണ്ട്. ഐടി കമ്പനിയിൽ ജോലി ചെയ്യുന്ന ബെന്നി ചാച്ചൻ തന്റെ ജോലികൾ വീട്ടിലിരുന്നാണ് ചെയ്യുക.വല്ലപ്പോഴും കാക്കനാട്ടെ ഓഫീസിൽ പോയാൽ മതി. കോവിഡ് കാലത്ത് തുടങ്ങിയ പതിവാണ്.

ചെരുപ്പ് ഇട്ട് മുറ്റത്തേക്ക് ഇറങ്ങിയപ്പോൾ എനിക്ക് ഒരു സംശയം തോന്നിയത് അപ്പുവിനോട് പറഞ്ഞു.

'ഇതിപ്പോ അപ്പുവിനെ ഞങ്ങൾ രക്ഷിച്ച് കൊണ്ടുവന്ന പോലെ എന്തെങ്കിലും വല്യ പ്രശ്നായിട്ട് മാറുമോ?'.

നേഹയാണ് എനിക്ക് മറുപടി തന്നത്.

'അപ്പു ചേട്ടായി ഒരു മനുഷ്യനാണ്. കറുമ്പി ഒരു കോഴി മാത്രമല്ലേ. ഒരു കോഴിയെ പൂവൻകോഴി ആക്കീന്ന് വച്ച് എന്നാ കോലാഹലം ഉണ്ടാവാന. ഒന്നും സംഭവിക്കില്ല.'

അപ്പു പറഞ്ഞു.

'നമുക്ക് രണ്ട് സാധനം കൂടി വേണം. പിറകിലെ മുറ്റത്ത് ലൈറ്റിട്ട ശരിയാവൂല്ല. വല്ല പാമ്പും ഉണ്ടെങ്കിലോ. ഒരു ടോർച്ച് വേണം. പിന്നൊരു കാലി ഗ്ലാസും.'

ഞാൻ അമ്മമ്മയുടെ കട്ടിലിന്റെ തലയ്ക്കപാത്ത് ഇരുന്നിരുന്ന കറുത്ത കുഞ്ഞൻ ടോർച്ച് എടുത്തു. അടുക്കളയിൽ ചെന്ന് ഞങ്ങൾ ചായ കുടിക്കുന്ന തരം ഒരു ചെറിയ ഗ്ലാസും കൈക്കലാക്കി.

വാതിൽ ചാരി മുററത്തു നിന്നിരുന്ന നേഹയോടും അപ്പുവിനോടും ഒപ്പം കിഴക്കേ മുറ്റത്തുകൂടി നടന്ന് തെക്കെ മുറ്റത്തെത്തി.

അവിടെ മൂന്ന് കോഴികളും കോഴിക്കൂട്ടിൽ കണ്ണടച്ച് ഇരുന്ന് ഉറങ്ങുകയായിരുന്നു. കറുമ്പിയാണെങ്കിൽ ഉറങ്ങാനുള്ള കൂട്ടയുടെ വക്കിൽ അഭ്യാസപ്പെട്ടിരുന്നേ ഉറങ്ങൂ.

ജാക്കി ഞങ്ങളെ കണ്ടതോടെ ശബ്ദം ഉണ്ടാക്കി. രണ്ടുമൂന്നു തവണ സ്നേഹത്തോടുകൂടി പതുക്കെ കുരച്ചു കാണിച്ചു. പിന്നെ നിശബ്ദനായി.

ഗ്ലാസ് കൊടുത്തപ്പോൾ അപ്പു മുററത്തെ പൈപ്പിൽ നിന്നും മുക്കാൽ ഗ്ലാസ് വെള്ളം എടുത്തു. എന്നിട്ട് കോഴിക്കൂട്ടിൽ കറുമ്പി ഇരുന്നിടത്ത് ചെന്ന് നിന്ന് എന്തോ മന്ത്രങ്ങൾ ഉരുവിട്ട് ഗ്ലാസിൽ വിരലുകൾ മുക്കി വെള്ളം അവളുടെ പൂടകളിലേക്ക് തളിച്ചു.

10 തവണ ഇങ്ങനെ ആവർത്തിച്ചതോടെ അമ്മമ്മയുടെ കറുമ്പിപ്പിട പൂട നിവർത്തി എഴുന്നേറ്റു നിന്നു. മന്ത്രം ഉരുവിടുന്നത് അപ്പു ചേട്ടൻ തുടരുന്നുണ്ടായിരുന്നു.

അനന്തരം ഇരുട്ടിൽ ഞങ്ങൾ ഒരു കാഴ്ച കണ്ടു. മൂരി നിവർന്ന പോലെ കോഴി സടകുടഞ്ഞ് ആകെയൊന്ന് ഇളകിയാടി. അങ്കവാലും, തലയിലെ പൂവും ഉൾപ്പെടെയുള്ള കറുമ്പിയിലെ മാറ്റങ്ങൾ കണ്ട് ഞങ്ങൾ ഞെട്ടിപ്പോയി.

ലക്ഷണമൊത്ത ഒരു നാടൻ പൂവൻകോഴിയായി കറുമ്പി മാറിയിരിക്കുന്നു. മന്ത്രോച്ചാരണം നിറുത്തി അപ്പു ഗ്ലാസിലെ വെള്ളമൊഴിച്ചു കളഞ്ഞു.

സുന്ദരിയും മദാമ്മയും ഇപ്പോഴും നല്ല ഉറക്കത്തിലാണ്. കോഴിക്കൂടടച്ച് ഞങ്ങൾ തിരിച്ചു നടന്നപ്പോൾ നേഹ ടോർച്ച് തെളിയിച്ചു.


മുൻവാതിൽ കുറ്റിയിട്ട ശേഷം അമ്മമ്മയുടെ കട്ടിലിൽ ഞാൻ ടോർച്ച് കൊണ്ടുപോയി വച്ചു. ശേഷം അമ്മ നിർദേശിച്ച പ്രകാരം ഉറങ്ങുവാനായി മൂവരും കിടന്നു.

കുറെ കഴിഞ്ഞ് ഒരു പൂവൻകോഴിയുടെ കൂവൽ ഞങ്ങൾ കേട്ടു. പാതിരാക്കോഴി കൂവി. ഒരക്ഷരം ഉരിയാടാനാകാത്ത വിധം ഞാനും നേഹയും ഭയപ്പെട്ടു പോയിരുന്നു. ഉറങ്ങിയത് നേരം വെളുക്കാറായപ്പോഴാണ്.

**അദ്ധ്യായം 9**

## ഞാണിന്മേൽ കളി

രാവിലെ മുററത്തും, അടുക്കളയിലും നിന്ന് ഉച്ചത്തിലുള്ള സംസാരങ്ങൾ കേട്ടാണ് ഞങ്ങൾ മൂവരും എഴുന്നേറ്റത്. ഏഴു മണി കഴിഞ്ഞിരിക്കുന്നു. മുറിയിൽ നിന്നും കിഴക്കോട്ടുള്ള ഒരു ജനൽ പാളി തുറന്നിട്ടു.



വിഷയം കറുമ്പിയെന്ന പിടക്കോഴി കൂവിയതു തന്നെ. ഇവിടന്നുള്ള അമ്മയുടെയും, അമ്മമ്മയുടെയും ഉറക്കെയുള്ള സംസാരങ്ങൾ കേട്ടിട്ടാകണം കിഴക്കേ വീട്ടിലെ സുമ ആന്റിയും, മകൾ സീറ ചേച്ചിയും ഉയരമുള്ള മതിലിന്റെ ഭിത്തിയിൽ നിന്നും തല പുറത്തേക്കിട്ട് കോഴിക്കൂട്ടിലേക്ക് നോക്കി സംസാരിക്കുന്നുണ്ട്.

പിടക്കോഴി കൂവിയാൽ അതിനെ വളർത്തുന്ന വീട് നശിക്കുമെന്ന് കേട്ടിട്ടുണ്ടെന്നാണ് ആന്റി പറയുന്നത്. എന്നാൽ, അതിനെ കൊന്ന് കറി വച്ചേക്കാമെന്ന് അമ്മമ്മ.

അങ്ങനെ ചെയ്താൽ വീട്ടുകാരുടെ സർവനാശമായിരിക്കുമെന്ന് ആന്റി വീണ്ടും വിശദീകരിക്കുന്നു. അതോടെ അമ്മമ്മ മാത്രമല്ല, അമ്മയും മുററത്തേക്ക് ഇറങ്ങി. സുമ ആന്റിയുടെ സംസാരത്തോടെ ഇരുവരും ആകെ അങ്കലാപ്പിലായിരിക്കുന്നു.

'ഞാമ്പറഞ്ഞത് കാർന്നോമ്മാര് പറഞ്ഞു കേട്ടൊള്ള അറിവാട്ടൊ. അത് മുഖവിലയ്ക്ക് എടുക്കണോന്നില്ല'.

സുമ ആന്റിയുടെ ഭയപ്പെടുത്തൽ തുടരുകയാണ്. അപ്പോഴാണ് ജനാലയിലൂടെ നേഹ ഉറക്കെ വിളിച്ചു പറഞ്ഞത്.

' അങ്ങനെയാണെങ്കി നമുക്കതിനെ കാറീ കൊണ്ടുപോയി എവിടേങ്കിലും പറത്തി വിടാം. പക്ഷിയല്ലെ. അത് പൊക്കോളും' .

ഞങ്ങള് മൂന്നു പേരും ഇപ്പോഴേ അറിഞ്ഞൊള്ളു എന്ന മട്ടിൽ കറുമ്പിയുടെ മാറ്റം കാണുവാനായി കോഴിക്കൂടിനടുത്തേക്ക് പോയി.

അപ്പുവിനെ കണ്ടതോടെ പൂവൻകോഴി 'കൊക്കരക്കോ' എന്ന് കേൾപ്പിക്കുകയും, ഉച്ചത്തിൽ കൂവുകയും ചെയ്തു.

അമ്മമ്മ ജോലിക്കാരിയുമായി ബന്ധപ്പെടുത്തി മററൊരു പദ്ധതിയാണ് അമ്മയുമായി ചർച്ച ചെയ്യുന്നത്.

'നാളെയല്ലെ ലിസി വരണ ദിവസം. അവക്ക് അതിനെയങ്ങ് കൊടുത്തു വിട്ടേക്കാം. അവള് എന്താന്നു വച്ചാ ചെയ്തോട്ടെ.'

അമ്മമ്മ. അമ്മ അഭിപ്രായമൊന്നും പറയുന്നില്ല. ഞങ്ങളെ കണ്ടപാടെ ബോധോദയം ഉണ്ടായതു പോലെ അമ്മയുടെ കണ്ടുപിടുത്തം വന്നു.

'ഇതിനി ഇവര് മൂന്നു പേരുടേം വിക്രിയ ആണോ?'.

'അല്ലാട്ടൊ അമ്മെ '

നേഹ.

'നീ ഒന്ന് ചുമ്മാതിരിക്കടി, പിള്ളേരെ വിഷമിപ്പിക്കാതെ.'

അമ്മമ്മ അങ്ങനെ പറഞ്ഞതോടെ സമാധാനമായി. അമ്മ പോയി ചാച്ചനെ വിളിച്ചുണർത്തി.

കണ്ണു തിരുമി എഴുന്നേറ്റു വന്ന ബെന്നി ചാച്ചന്, കോഴിക്കൂട്ടിൽ കറുത്ത പൂവൻകോഴിയുടെ നിൽപ് കണ്ടപ്പോൾ അത്ഭുതവും, അതിലേറെ കൗതുകവും ആയി.

മൊബൈലിൽ പൂവന്റെ ഫോട്ടോയും വീഡിയോയും മകൻ എടുക്കുന്നതു കണ്ട് അമ്മമ്മ ചാടി വീണു.

'എടാ, ഞാനാ സുമയോടൊന്ന് ചോദിച്ചോട്ടെ. ഫോട്ടോ എടുക്കാമോന്ന് '.

അമ്മമ്മ സുമ ആന്റിയെ നീട്ടി വിളിച്ചു.

'സുമേ'.

അടുക്കളയിലോ മറ്റോ ആയിരുന്നിരിക്കണം ആന്റി. അതിനാൽ ആന്റിയോ, മകളോ മതിലിനു സമീപം പ്രത്യക്ഷപ്പെട്ടില്ല. ഏതായാലും അമ്മമ്മ തീർത്തും നിശബ്ദയായി.

ചാച്ചൻ ഗൂഗിളിൽ പരതുകയാണ്. ഹോർമോൺ ചെയിഞ്ച് പിടക്കോഴിയെ പൂവൻകോഴിയാക്കുമെന്നാണ് പഠനങ്ങളിൽ പറയുന്നതെന്ന് അമ്മമ്മയോടും, അമ്മയോടും ചാച്ചൻ വിശദീകരിച്ച് വായിച്ചു കേൾപ്പിച്ചുവെങ്കിലും ഇരുവർക്കും സുമ ആന്റി പറഞ്ഞതിലാണ് വിശ്വാസം.

സിററൗട്ടിൽ കിടന്നിരുന്ന അന്നത്തെ പത്രം ഞാൻ വിശദമായി തന്നെ വായിച്ചു. നേഹയും, ഞാനും എവിടെയായാലും പത്രവായന മുടക്കാറില്ല. അതൊരു ശീലമാണ്.

ഭാഗ്യം. അപ്പുവിനെ കാണാനില്ലെന്ന വാർത്തയൊന്നും പത്രത്തിൽ ഇന്നും ഇല്ല.

അദ്ധ്യായം 10

## കൂടിയാലോചന

'വിശക്കുന്നു'.

അങ്ങനെ പറഞ്ഞ് അടുക്കളയിൽ ചെന്നുവെങ്കിലും ഒന്നും കാലായിരുന്നില്ല. അന്ന് പതിവിനു വിപരീതമായി പ്രഭാത ഭക്ഷണം വൈകി.

ഒൻപതു മണിക്ക് പുട്ടും, ചായയും റെഡിയായെങ്കിലും കറികൾ ഒന്നുമില്ല. ബീഫ് കറി തീർന്നിട്ടുണ്ടാകണം.

പഞ്ചസാര കൂട്ടി കഴിച്ചോളുവാൻ അമ്മമ്മ പറഞ്ഞപ്പോൾ ഞാനും, അപ്പുവും തലേ ദിവസം ടിന്നിൽ ബാക്കിയുണ്ടായിരുന്ന കാച്ചിയപപ്പടം പൊടിച്ചിട്ട് പുട്ടു കഴിച്ചു.

നേഹയ്ക്ക് ഒന്നും വേണ്ടെന്ന് പറഞ്ഞ് വാശി പിടിച്ച് വിതുമ്പിക്കൊണ്ട് മുറിയിലേക്ക് പോയി. ചായ കുടി കഴിഞ്ഞ് മുറിയിലെത്തിയപ്പോൾ എന്നോടും, നേഹയോടുമായി അപ്പു ഇപ്രകാരം പറഞ്ഞു.

'ലിസി ചേച്ചിക്ക് നാളെ കോഴിയെ കൊടുത്തു വിടുമെന്നല്ലെ അമ്മമ്മ പറയുന്നത്. അവര് കൊണ്ടു പോയാൽ ഒരു പക്ഷെ ആ വീട്ടുകാരു തന്നെ പാചകം ചെയ്തു കഴിച്ചേക്കാം. അല്ലെങ്കിൽ അതിനെ ആർക്കെങ്കിലും വിറ്റ് പണം വാങ്ങിയേക്കാം.'

അപ്പു തുടർന്നു.

'അങ്ങനെ ആരെങ്കിലും വാങ്ങിച്ചാലും പൂവൻകോഴി ആയതിനാൽ അവരതിനെ തുടർന്ന് വളർത്തൂല്ല. ചുരുക്കി പറഞ്ഞാൽ ഈ പൂവൻകോഴിയുടെ അന്ത്യം അടുത്തു.'

ഞാൻ അഭിപ്രായപ്പെട്ടു.

'അതിന് നമുക്കെന്താ. മറ്റൊരു വീട്ടിൽ വച്ച് ഈ പൂവൻ കൊല്ലപ്പെട്ടാൽ അതിന്റെ ദോഷം ആ വീട്ടുകാർക്കല്ലെ?.

'അതല്ല വരാൻ പോകുന്നത്. ഈ കോഴി പ്രായമായി മരിക്കുന്നതല്ലാതെ കൊന്നു കഴിഞ്ഞാൽ ദോഷം ഈ കുടുംബത്തിന് തന്നെയാണ്. അതിനുള്ള ഏക പോംവഴി പൂവൻകോഴിയെ കുറെ വർഷക്കാലം ആരാലെങ്കിലും സംരക്ഷിക്കപ്പെടുക എന്നതാണ്.'

അപ്പു തുടർന്നു.

'അതായത് ഇതിനെ ഉത്തമ വിശ്വാസമുള്ള നിങ്ങളുടെ ഏതെങ്കിലും ഒരു വീട്ടുകാർക്ക് കാര്യകാരണങ്ങൾ ബോദ്ധ്യപ്പെടുത്തി കൈമാറണം'.

അപ്പു പറഞ്ഞു.

'എന്നാ നമുക്കിവനെ ഇരുമലപ്പടിയിലെ സൂസി അമ്മാമ്മയുടെ വീട്ടിലേക്ക് മാറ്റാം'

നേഹ പറഞ്ഞതിനോട് ഞാനും അനുകൂലിച്ചു. സൂസി അമ്മമ്മ ഞങ്ങടെ അമ്മമ്മയുടെ സ്വന്തം അനിയത്തിയാണ്. ഞങ്ങളോട് ഒത്തിരി ഇഷ്ടമുള്ള, ഞങ്ങൾക്കും ഏറെ സ്നേഹമുള്ളവരാണ് സൂസി അമ്മമ്മയും കുടുംബവും.

> **ചാച്ചൻ ഗൂഗിളിൽ പരതുകയാണ്. ഹോർമോൺ ചെയിഞ്ച് പിടക്കോഴിയെ പൂവൻകോഴിയാക്കുമെന്നാണ് പഠനങ്ങളിൽ പറയുന്നതെന്ന് അമ്മമ്മയോടും, അമ്മയോടും ചാച്ചൻ വിശദീകരിച്ച് വായിച്ചു കേൾപ്പിച്ചുവെങ്കിലും ഇരുവർക്കും സുമ ആന്റി പറഞ്ഞതിലാണ് വിശ്വാസം.**

പക്ഷെ, കോതമംഗലം തങ്കളത്തു നിന്ന് മൂന്നു കിലോമീറ്ററിൽ കൂടുതൽ ദൂരമുണ്ട് ഇരുമലപ്പടിക്ക്. എപ്പോൾ പോകും, എങ്ങനെ പോകും എന്നായി ചർച്ച. ഒടുവിൽ തീരുമാനത്തിലെത്തി.

രാത്രി 10 മണി കഴിഞ്ഞ് പുറപ്പെടാം. കോഴിയെ അപ്പു ചേട്ടൻ എടുക്കും. ജാക്കിയുടെ നിയന്ത്രണം ഞാൻ ഏറ്റു. ടോർച്ച് ആവശ്യത്തിന് നേഹ തെളിക്കും. ഒരു വടിയും കരുതാം.

സൂസി അമ്മമ്മയും, അവരുടെ ഭർത്താവ് ജോയി കൊച്ചപ്പനും, മകൻ ഐടി കമ്പനി ഉദ്യോഗസ്ഥൻ ബേസിൽ അങ്കിളും ആണ് ആ വീട്ടിൽ ഉള്ളത്. അങ്കിൾ തിരിച്ച് നമ്മളെ കാറിൽ കൊണ്ടു വിടും എന്ന് ന്യായമായും പ്രതീക്ഷിക്കാം.

'നമ്മുടെ ഇവിടത്തെ കുടുക്ക പൊട്ടിച്ചാൽ കിട്ടുന്ന രൂപ വേണ്ട ഒരു ഓട്ടോറിക്ഷ വിളിക്കാൻ. നമുക്ക് ഷാജി ചേട്ടന്റെ ഓട്ടോ വിളിച്ചാലോ?. നമ്പറ് അമ്മമ്മേടെ മൊബൈലിലുണ്ട് '.

നേഹ പറഞ്ഞു. പക്ഷെ, അമ്മമ്മയോടൊ മറ്റോ ഷാജി ചേട്ടൻ ഇത് എന്നെങ്കിലും പറഞ്ഞാൽ പണി പാളുമെന്നും, ഇക്കാര്യത്തിൽ നമ്മുടെ താൽപ്പര്യം എന്തായിരുന്നുവെന്ന് അമ്മയുമായി, അമ്മമ്മ ചർച്ച ചെയ്യുമെന്നും ഞാൻ തന്നെ പറഞ്ഞതോടെ, ഈ രാത്രി തന്നെ ഇരുമലപ്പടിക്ക് നടന്നു പോകുവാൻ അവസാനമായി തീരുമാനിച്ചു.

സുമ ആന്റിയുടെ രാവിലത്തെ സംസാരം അമ്മമ്മയെ സാരമായും, അമ്മയെ കുറച്ചൊക്കെയും ആശങ്കാകുലരാക്കിയെന്ന് അവരുടെ മുഖഭാവങ്ങളാലും, സന്ധ്യ കഴിഞ്ഞിട്ടും വീട്ടിനുള്ളിൽ തുടർന്ന നിശബ്ദതയാലും വ്യക്തമായിരുന്നു.

യാത്രക്കുള്ള സമയമാകുവാൻ വേണ്ടി ഞങ്ങൾ മൂവരും കാത്തിരുന്നു. 'ഓപ്പറേഷൻ ഡാർക്ക്' എന്ന് യാത്രക്ക് ഞാൻ പേര് കൊടുത്തത് നേഹക്കും, അപ്പുവിനും നന്നെ ബോധിച്ചു.

അദ്ധ്യായം 11

# ഓപ്പറേഷൻ ഡാർക്ക്

പ്രാർത്ഥനയും ഭക്ഷണവും കഴിഞ്ഞ് എല്ലാവരും കിടന്നു. ചാച്ചൻ കിടന്നിട്ടില്ലെന്ന് തോന്നുന്നു. ഞങ്ങൾക്ക് പോകാനുള്ളതല്ലെ. മൂന്നു പേർക്കും ഉറക്കം വന്നില്ല.

11 മണിയായപ്പോൾ ഞങ്ങൾ എഴുന്നേറ്റു. അമ്മമ്മയുടെ തലയിണയുടെ അടിയിലിരുന്ന താക്കോൽ കൂട്ടമെടുത്തു. തുടർന്ന് ഫ്രണ്ട് ഡോർ പൂട്ടി.

തെക്കേമുററത്ത് എത്തിയപാടെ കോഴിക്കൂട് തുറന്ന് പൂവൻകോഴിയെ അപ്പു ചേട്ടൻ കൈക്കലാക്കി.

കോഴിക്കൂട് അടയ്ക്കും വരെ ചെറിയ കൊക്കലും, കൂവലുമൊക്കെ കുട്ടിലും പുറത്തും നിന്നുണ്ടായി.

ഞാൻ പട്ടികൂട് തുറന്ന് ജാക്കിയെ പുറത്തിറക്കി. ജാക്കി ആദ്യം തന്നെ പൂവൻകോഴിയെ പിടിക്കുവാനായി അപ്പു ചേട്ടന്റെ നെഞ്ചിലേക്ക് ചാടിയെങ്കിലും, മാറിൽ ഒതുക്കി പിടിച്ചിരുന്നതിനാലും, അപ്പു പെട്ടെന്ന് പുറം തിരിഞ്ഞതിനാലും എത്താനായില്ല. അപ്പു പറഞ്ഞു.

' ഒടസൈ പോടാമൽ വാ'.

തമിഴിൽ എന്താണ് പറഞ്ഞതെന്ന് എനിക്കും നേഹക്കും മനസിലായില്ല. അപ്പുവിനോട് ചോദിച്ചതുമില്ല.

ഞങ്ങൾ മെല്ലെ ഗേറ്റ് ചാരി, ടാറിട്ട ചെറുറോഡിലൂടെ നടന്നു. വഴി കാണിച്ച്, വെട്ടം തെളിച്ച്, ചൂരൽ വടിയുമായി നേഹ മുന്നിലുണ്ടായിരുന്നു.

ബൈപാസ് കഴിഞ്ഞ് തങ്കളം ജംഗ്ഷനിലെത്തിയപ്പോൾ പെരുമ്പാവൂർ റോഡിൽ രാത്രി പ്രവർത്തിക്കുന്ന രണ്ട് കുഴിമന്തി ഹോട്ടലുകളും, ആൾക്കൂട്ടവും ഉണ്ടായിരുന്നത് പ്രശ്നമായില്ല. ഞങ്ങൾക്ക് പോകേണ്ടത് ഇരുമലപ്പടി ഭാഗത്തേക്കാണല്ലൊ.

എച്ചിത്തൊണ്ടു വഴിയാണെങ്കിൽ മെയിൻ റോഡ് അല്ലാത്തതിനാൽ വാഹനങ്ങൾ, കടകൾ, ആളുകൾ ഒക്കെ കുറവായിരിക്കുമെന്നതിനാൽ ഞാൻ തെരഞ്ഞെടുത്തത് ആ വഴി ആയിരുന്നു.

അമ്മയുടെ കൂടെ കാക്കനാട് നിന്ന് പലപ്പോഴും കോതമംഗലത്തിനു വരുന്നത് എച്ചിത്തൊണ്ടു വഴി ആയതിനാൽ റോഡും ഏകദേശം നിശ്ചയമുണ്ട്. നെല്ലിക്കുഴി എത്തിയാൽ പിന്നെ ഒരു കിലോമീറ്ററോളം മെയിൻ റോഡെതന്നെ പോകേണ്ടതുണ്ട്.

തങ്കളം ടെലഫോൺ എക്സ്ചേഞ്ച് ജംഗ്ഷനിൽ നിന്ന് നടന്ന് ഞങ്ങൾ തൃക്കാരിയൂർ റോഡിലേക്കും, അവിടെ നിന്ന് 100 മീറ്റർ പിന്നിട്ട് എച്ചിത്തൊണ്ട് റോഡിലേക്കും കടന്നു.

അൽപ്പം കൂടി നടന്നപ്പോൾ ജാക്കി നന്നായൊന്ന് കുരച്ചു. എന്നിൽ നിന്നും കതറി ഓടിയ അവൻ ഇടത്തരമൊരു പാമ്പിന്റെ വാലിൽ പിടിച്ചു വലിക്കുന്നതാണ് നേഹയുടെ കൈയ്യിൽ നിന്നു തെളിഞ്ഞ ടോർച്ച് വെളിച്ചത്തിൽ ഞങ്ങൾ കണ്ടത്.

ജാക്കിയുടെ പ്രകടനം അഞ്ചു മിനിറ്റുകൊണ്ട് അവസാനിച്ചു. അതൊരു വളവളപ്പൻ പാമ്പായിരുന്നു. നേഹ ജാക്കിക്ക് ഷെയിക്ക് ഹാൻഡ് കൊടുക്കുവാൻ തുടങ്ങിയെങ്കിലും ഞാൻ വേണ്ടെന്ന് പറഞ്ഞു.

ഞങ്ങൾ പിന്നെയും നടന്നു തുടങ്ങി. ഡെന്റൽ കോളേജ് കഴിഞ്ഞ്, ഗ്രീൻവാലി സ്ക്കൂളിന് അടുത്ത് എത്തിയപ്പോൾ ഞങ്ങളുടെ മുൻപിൽ ഒരു പോലീസ് ജീപ്പ് വന്നു നിന്നു.



ഞങ്ങൾ മൂവരും സത്യത്തിൽ പകച്ചു പോയി. മൂന്ന് കുട്ടികൾ, പട്ടി, കോഴി, ടോർച്ച്, വടി !

'എന്താ പരിപാടി. ഈ പാതിരായ്ക്ക് പട്ടിയും, കോഴിയുമായി എങ്ങോട്ട്'.

എസ്. ഐ. ആയിരിക്കണം. രണ്ട് പോലീസുകാരുമുണ്ട്. ഉള്ളിൽ ഭയമുണ്ടെങ്കിലും ഞങ്ങൾ പുറമേക്ക് കാണിച്ചില്ല.

ഞങ്ങൾ കാര്യങ്ങൾ പറഞ്ഞു. അത്ര ദഹിച്ചില്ലെങ്കിലും, മടങ്ങി പൊയ്ക്കൊള്ളുവാൻ ആദ്യം പറഞ്ഞെങ്കിലും പിന്നീട് അയഞ്ഞു.

കുട്ടികളായതുകൊണ്ടും, ദൃശ്യമാധ്യമങ്ങളുടെ കാലമായതുകൊണ്ടുമാകാം, ചീത്ത പറച്ചിലൊക്കെ പ്രതീക്ഷിച്ചെങ്കിലും ഒന്നും ഉണ്ടായില്ല.

ഞങ്ങളുടെ ലക്ഷ്യസ്ഥാനവും, ആവശ്യവും, വിലാസവും ഒക്കെ ഞങ്ങളെക്കൊണ്ട് ഒരിക്കൽ കൂടി പറയിപ്പിച്ചു. നുണയാണോന്ന് അറിയാനാകണം അങ്ങനെ ചെയ്തത്.

'പാതിരാത്രി ഒരു കോഴിയെ കൊടുക്കാമ്പോക്ക്. നിങ്ങടെ വീട്ടിലെ മുതിർന്നോരൊക്കെ എന്തെടുക്കുവ. മൊബൈലും എടുക്കാതെ എറങ്ങിയേക്കണു. ങ്ങ കയറ്. ഞങ്ങള് കൊണ്ട് വിടാം'.

അങ്ങനെ പോലീസ് ജീപ്പിന്റെ പിന്നിൽ ജാക്കിയും, പൂവൻകോഴിയുമായി ഞങ്ങൾ യാത്ര തുടർന്നു. ഇരുമലപ്പടി ജംങ്ഷൻ എത്തിയപ്പോൾ ഞാൻ പറഞ്ഞു.

'സാറേ, ഈസ്റേറൺ കമ്പനി കഴിഞ്ഞിട്ട '.

കമ്പനി പിന്നിട്ടപ്പോൾ ഞാൻ വീണ്ടും പറഞ്ഞു.

' സാറേ, പെട്രോൾ പമ്പു കഴിഞ്ഞുള്ള ഇടതു വശത്തെ ആദ്യ വീട'.

വണ്ടി നിറുത്തിയപ്പോൾ എസ്.ഐ., ബേസിൽ അങ്കിളിനെ വിളിച്ചു കൊണ്ടുവരുവാൻ പറഞ്ഞു. ഞാൻ കോളിങ്ങ് ബെല്ലടിച്ച് അങ്കിളിനെ വിളിച്ചിറക്കി കാര്യം പറഞ്ഞു.

**യാത്രക്കുള്ള സമയമാകുവാൻ വേണ്ടി ഞങ്ങൾ മൂവരും കാത്തിരുന്നു. 'ഓപ്പറേഷൻ ഡാർക്ക്' എന്ന് യാത്രക്ക് ഞാൻ പേര് കൊടുത്തത് നേഹക്കും, അപ്പുവിനും നന്നെ ബോധിച്ചു.**

അങ്കിൾ ജീപ്പിനടുത്തേക്ക് ചെന്നു. എസ്.ഐ.യുടെ വായിൽ നിന്ന് എന്തൊക്കെയോ കിട്ടിയെന്ന് തോന്നുന്നു.

'ഇനി ഇങ്ങനെ ഉണ്ടാവില്ല സാർ.ഇനി ഉണ്ടാവില്ല'.

അങ്കിൾ അങ്ങനെ ആവർത്തിച്ചു പറയുന്നത് ഞങ്ങൾ കേട്ടു. ജീപ്പ് വട്ടം തിരിച്ച് പോകുന്ന പോക്കിൽ കൈകൾ ഉയർത്തി ഞങ്ങൾ പോലീസ് മാമൻമാർക്ക് റ്റാറ്റ കൊടുത്തു.

ഇത് അമ്മമ്മേടെ അനിയത്തീടെ വീടാണ് എന്ന് ഞാൻ നേരത്തെ പറഞ്ഞൂല്ലൊ. ജാക്കിയെ മുറ്റത്തിന്റെ പുറം അരികിൽ നിന്നിരുന്ന ഒരു പേരമരത്തിൽ കെട്ടി. കോഴി അപ്പുവിന്റെ ഒക്കത്തു തന്നെയുണ്ട്.

അപ്പുവിനെ ഞങ്ങൾ പരിചയപ്പെടുത്തി. കഥകൾ കേട്ടപ്പോൾ അപ്പുവിനെ രക്ഷപെടുത്തിയത് ഒരു ധീരമായ നടപടിയാണെന്നും, കൊച്ചു കുട്ടികളാണെങ്കിലും ഞാനും നേഹയും ചെയ്തത് വലിയ കാര്യമാണെന്നും സൂസി അമ്മമ്മയും, ബേസിൽ അങ്കിളും പറഞ്ഞു. ജോയി കൊച്ചപ്പൻ ഉറങ്ങിയിരുന്നു.

'രാത്രീല് നിങ്ങള് മൂന്നു കിലോമീറ്റർ നടന്നു വന്നത് ഒട്ടും ശരിയായില്ല'.

സൂസി അമ്മമ്മയാണ് അങ്ങനെ പറഞ്ഞത്. പക്ഷെ, കോതമംഗലത്ത് ഞങ്ങളുടെ യാത്രയെക്കുറിച്ച് അറിഞ്ഞാൽ ശരിയാവില്ലെന്നും, ഇവിടെ മൊബൈലിൽ വിളിച്ചു പറയുവാൻ സാഹചര്യം ഒത്തുവന്നില്ലെന്നും ഞങ്ങൾ പറഞ്ഞു.

ഇവിടെ വിളിച്ചു പറഞ്ഞാലും എല്ലാ കാര്യങ്ങളും മനസിലാക്കാതെ അങ്ങോട്ടെങ്ങാൻ തിരിച്ചു വിളിച്ചാലും പ്രശ്നമാകുമല്ലോ എന്ന് കരുതിയെന്നും പറഞ്ഞു മനസിലാക്കി.

പൂവൻകോഴി സുരക്ഷിതമായി ഇരുന്നില്ലെങ്കിൽ കോതമംഗലത്തെ കുടുംബത്തിന് ബുദ്ധിമുട്ടുകളും, നാശങ്ങളും ഉണ്ടാകുമെന്ന നിലപാട് സൂസി അമ്മമ്മ സ്വീകരിച്ചു.

ബേസിൽ അങ്കിളും ഞങ്ങൾ പറഞ്ഞത് ശരിവച്ചു എങ്കിലും, അതൊക്കെ മനുഷ്യനെ പേടിപ്പിക്കാനുള്ള അന്ധവിശ്വാസങ്ങളാണെന്നു കൂടി പറഞ്ഞു.

അപ്പു മന്ത്രവാദം ചെയ്താണ് കറുമ്പിയെ പൂവൻകോഴിയാക്കിയതെന്ന സംഗതി മാത്രം ഇരുമലപ്പടിയിലും ഞങ്ങൾ മറച്ചുവെച്ചു.

സൂസി അമ്മമ്മ കട്ടൻ ചായയും, കാരറ്റ് കേക്കും കൊണ്ടുവന്നു വെച്ചു. ഞങ്ങൾ ചായയും കേക്കും കഴിച്ചപ്പോഴേക്കും ബേസിൽ അങ്കിൾ ഡ്രസ് മാറി വന്നു.

ജാക്കിക്ക് ഞാൻ ഒരു പീസ് കേക്ക് കൊടുത്തത് അവൻ കമ്മിയെടുത്ത് കഴിച്ചു.

കാറിൽ ഞങ്ങളെ ഗേററിനു മുന്നിൽ ഇറക്കിവിട്ട് അങ്കിൾ തിരിച്ചു പോയി. ജാക്കിയെ കൂട്ടിലാക്കിയ ശേഷം കോഴിക്കൂടിന്റെ അടപ്പ് അപ്പു പകുതി തുറന്നു വച്ചു.

കോഴിക്കൂട് അടക്കുവാൻ മറന്നതിനാൽ പൂവൻകോഴി ചാടിപ്പോയീന്ന് വീട്ടുകാരെ ചിന്തിപ്പിക്കുവാനുള്ള തന്ത്രമാണ് അപ്പു ചെയ്തത്.

'ഏതെങ്കിലും പട്ടിയോ മറ്റോ വന്നാലോ?'.

ഞാൻ സംശയം പറഞ്ഞു.

'സുന്ദരിയോ, മദാമ്മയോ പുറത്തു ചാടിയാലോ'.

നേഹ.

'ഒന്നും സംഭവിക്കൂല്ല'.

അപ്പു ധൈര്യം തന്നു. വാതിൽ തുറന്ന് ഞങ്ങൾ മുറിയിലെത്തി. താക്കോൽ കൂട്ടവും, ടോർച്ചും അമ്മാമ്മയുടെ കട്ടിലിൽ യഥാസ്ഥാനത്ത് വച്ചു. കാലനക്കം കേട്ടാകണം അമ്മ ഉറക്കത്തിനിടയിൽ ചോദിച്ചു.

'മക്കളേ, നിങ്ങള് കെടന്നില്ലേ?'.

**അദ്ധ്യായം 12**

## ഇരട്ടി മധുരം

'നിങ്ങൾക്കാർക്കും നേരം വെളുത്തില്ലെ മക്കളെ. സമയം എട്ട് കഴിഞ്ഞു. '

അമ്മമ്മയാണ്.

'അപ്പു, ആരാ ഈ വന്നേക്കണേന്ന് കണ്ടോ?' എല്ലാവരും എണീറ്റെ. '

അമ്മയും വന്നു.

'നിങ്ങള് വെക്കം പല്ലുതേച്ച് ടോയ്‌ലറ്റിൽ പോയി വാ. ചായ കുടിക്ക്'.

ജോലിക്കു വന്ന ലിസി ചേച്ചിയെ അപ്പുവിന് പരിചയപ്പെടുത്തുവാനാണ് അമ്മമ്മ വന്ന് വിളിച്ചതെന്ന് തോന്നുന്നു. ഞങ്ങള് ഡൈനിങ്ങ് ഹാളിലേക്ക് ചെന്നപ്പോഴുണ്ട്, അവിടെ അപ്പുവിന്റെ അമ്മ ശെൽവി ഇരുന്ന് ചായയും, പലഹാരവും കഴിക്കുകയാണ്. മകനെ കണ്ടപാടെ ശെൽവി അമ്മ പറഞ്ഞു.

'തേനീർ അരുന്തലാം'.

ആ മകൻ ഓടി ചെന്ന് അമ്മയെ കെട്ടിപ്പിടിച്ചു. അമ്മയുടെ കവിളിൽ ഉമ്മ കൊടുത്തു. അമ്മ അപ്പുവിനെ കുറെ നേരം കെട്ടിപ്പിടിച്ചു.

**പാതിരാത്രി ഒരു കോഴിയെ കൊടുക്കാമ്പോക്ക്. നിങ്ങടെ വീട്ടിലെ മുതിർന്നോരൊക്കെ എന്തെടുക്കുവ. മൊബൈലും എടുക്കാതെ എറങ്ങിയേക്കണു. ങ്ങ കയറ്. ഞങ്ങള് കൊണ്ട് വിടാം'. അങ്ങനെ പോലീസ് ജീപ്പിന്റെ പിന്നിൽ ജാക്കിയും, പൂവൻ കോഴിയുമായി ഞങ്ങൾ യാത്ര തുടർന്നു. ഇരുമല പടി ജംങ്ഷൻ എത്തിയപ്പോൾ ഞാൻ പറഞ്ഞു. 'സാറേ, ഈസ്റേറൺ കമ്പനി കഴിഞ്ഞിട്ട'.**

ചായകുടി കഴിഞ്ഞ് കൈകഴുകി വന്ന ശെൽവി അമ്മ അപ്പുവുമായി ഡ്രോയിങ്ങ് റൂമിലിരുന്ന് ഏഴു മാസക്കാലത്തെ വിശേഷങ്ങൾ എല്ലാം പറഞ്ഞു. ശെൽവി ഉപദേശിച്ചു.

' നിരാസൈയെ വിട്ടു എഴുന്തിരു.'

അപ്പുവിന്റെ അമ്മ എന്നെയും, നേഹയെയും അടുത്തേക്കു വിളിച്ചു. ഞങ്ങളെ രണ്ടു പേരെയും ഇരു കൈകൾ കൊണ്ട് ഇരുന്ന ഇരുപ്പിൽ കെട്ടിപ്പിടിച്ചു.

'മക്കളേ, നാൻ എന്ത് ശൊല്ലി എൻ മകിഴ്ച്ചി അറിയിക്കും ഇരുവർ ചേർന്താൽ തുണിവു ആകും.'

അപ്പുവിനോട് പറഞ്ഞ് ശെൽവി അമ്മ ടീപ്പോയിയിലെ ഹാൻഡ് ബാഗ് എടുപ്പിച്ചു. അതിൽ നിന്നും ഒരു പാക്കറ്റ് മിഠായി എടുത്ത് ഞങ്ങൾ മൂന്ന് പേരുടെയും കൈകളിലേക്ക് വച്ചു തന്നു.

'ഇന്ന് അപ്പൂന്റെ പിറന്നാളാട്ടൊ. അതിന്റെ മധുരാ. ഉള്ളം മകിഴ്ന്തതു.'

പിറന്നാൾ ദിവസം അപ്പു പോലും ഓർത്തിരുന്നില്ല.

രാവിലെ ഏഴു മണിക്ക് മൂന്നാറിൽ നിന്നും പോരുന്ന തിരുവനന്തപുരം ട്രാൻസ്‌പോർട്ട് ബസിൽ പോരുവാനാണ് ഉദ്ദേശിച്ചിരുന്നത്. ശെൽവി അമ്മ അയൽപക്കത്തെ അക്കയുടെ ഒരു പഴയ കുഞ്ഞൻ മൊബൈലും കടം വാങ്ങിയത്രെ.

അഞ്ചു മണി കഴിഞ്ഞ് മറ്റൊരു കെ.എസ്.ആർ.ടി.സി. ഉണ്ടെന്ന് ഇന്നലെ വൈകിട്ട് ഓട്ടോറിക്ഷ ഓടിക്കുന്ന അഭിമന്യു പറഞ്ഞപ്പോൾ യാത്ര നേരത്തെ ആക്കുക ആയിരുന്നു.

അയൽപക്കക്കാരൻ കൂടിയായ അഭിമന്യു ആണ് അപ്പുവിന്റെ അമ്മയെ ഓട്ടോയിൽ മൂന്നാർ സ്റ്റാൻഡിൽ എത്തിച്ചത്. ഏഴരക്ക് കോതമംഗലം ബസ് സ്റ്റാൻഡിൽ എറണാകുളത്തിനുള്ള ആ ബസ് എത്തി.

ചാച്ചന്റെ ഫോണിലേക്ക് ശെൽവി വിളിച്ചപ്പോൾ കാറുമായി ചെന്ന് കൂട്ടിക്കൊണ്ടുവരികയായിരുന്നു. അപ്പു എല്ലാവർക്കും മിഠായി കൊടുത്തു.

ലിസി ചേച്ചി അപ്പോഴാണ് വന്നത്. ചേച്ചിയ്ക്കും അപ്പു മിഠായി കൊടുത്തു. ഇതാരൊക്കെയാണെന്ന് ലിസി ചേച്ചി ചോദിച്ചപ്പോൾ പണിത്തിരക്ക് കുറഞ്ഞിട്ട് കാര്യമായി പരിചയപ്പെടുത്താമെന്നും, അപ്പു ഒരു സംഭവമാണെന്നും അമ്മമ്മ പറഞ്ഞു.

'ചേച്ചീ, ദേ കോഴിക്കൂട് തൊറന്നു കിടക്കുവാണല്ലൊ. നമ്മുടെ കറുമ്പി പിടയെ കാണണില്ല '

ലിസി ചേച്ചിയുടെ കാറൽ കേട്ട് അമ്മമ്മയും, അമ്മയും മുറ്റത്തേക്ക് ഓടി ചെന്നു.

'നിങ്ങള് രണ്ടും, എല്ലാടൊം ഒന്ന് തെരഞ്ഞെ.'

ലിസി ചേച്ചിയോടും, അമ്മയോടും ആണ് അമ്മമ്മ പറഞ്ഞതെങ്കിലും ഒച്ച കേട്ടെത്തിയ ഞങ്ങളും അവരോടൊപ്പം പൂവൻകോഴിയായി മാറിയ കറുമ്പിയെ തെരയുവാൻ തുടങ്ങി.

'മക്കളേ, നിങ്ങളിന്നലെ കൂട് അടച്ചില്ലെ'. അമ്മമ്മ.

'അടച്ചൂന്ന തോന്നണെ'.

ഞാൻ പറഞ്ഞൊപ്പിച്ചു . തെരച്ചിൽ അവസാനിച്ചപ്പോൾ അമ്മ, ലിസി ചേച്ചിയോട് കറുമ്പി പൂവൻകോഴിയായതും, സുമ ആന്റി പറഞ്ഞ വിശ്വാസ കാര്യങ്ങളും എല്ലാം പറഞ്ഞു.

അപ്പോൾ ലിസി ചേച്ചി പറഞ്ഞു.

'ഇത്തരം കെട്ടുകഥകളൊന്നും കേട്ട് നിങ്ങളാരും പേടിക്കണ്ട'.

എന്നിട്ട് ചേച്ചി ഒരു സംഭവം പറഞ്ഞു. മുൻപ് ജോലിക്ക് പോയിക്കൊണ്ടിരുന്ന വാഴാട്ട് ജോൺ സാറിന്റെ വീട്ടിൽ ഇങ്ങനെ ഒരു പിടക്കോഴി പൂവൻകോഴിയായി മാറി കൂവി തുടങ്ങിയ കഥ.

സാറും, ഭാര്യയും പറഞ്ഞിട്ട് ചേച്ചി അതിനെ കൊന്ന് കറി വെച്ചു കൊടുത്തു. ചേച്ചി ഉൾപ്പെടെ എല്ലാവരും കഴിച്ചു. ഇറച്ചിയോളം തന്നെ നെയ്യും ഉണ്ടായിരുന്നുവത്രെ.

നല്ല രുചിയായിരുന്നു കറി വച്ചതിനെന്നും, പിന്നീട് കപ്പബിരിയാണിയും ആ ഇറച്ചി ഇട്ട് വച്ചുവെന്നും ചേച്ചി ഓർമയിൽ നിന്ന് പറഞ്ഞു.

'ഇപ്പ ആ സാറിന്റെ വീട്ടില് ഇട്ടു മൂടാനൊള്ള സാമ്പ

ത്തികോണ്ട്. അവർക്കൊന്നും ഒരു നാശോം സംഭവിച്ചിട്ടില്ല. അതു കൊണ്ട് സുമ കൊച്ചമ്മ പറഞ്ഞതൊന്നും കേട്ട് നിങ്ങളാരും പേടിക്കേണ്ട'.

അതോടെ അമ്മമ്മക്കും, അമ്മക്കും സമാധാനമായെന്ന് തോന്നിച്ചു . ഞങ്ങളാണെങ്കിൽ പൂവൻകോഴിയുടെ ജീവിതം മുന്നോട്ട് നീട്ടിയതിലെ സന്തോഷത്തിൽ ആയിരുന്നു.

അപ്പുവിന്റെ ബേർത്ത് ഡേ ആണെന്ന് മിഠായി കിട്ടി അറിഞ്ഞ്, കുറെ കഴിഞ്ഞപ്പോൾ ചാച്ചൻ പുറത്തേക്ക് പോയിരുന്നു. വലിയൊരു പാക്കറ്റുമായിട്ടാണ് ചാച്ചൻ തിരിച്ചു വന്നത്.

മുരുകൻ എന്ന് പേരെഴുതിയ വലിയ കേക്കും, '9' എന്നെഴുതിയ ക്യാൻഡിലും പിന്നെ എന്തൊക്കെയോ കൂട്ടിൽ ഉണ്ട്.

ഡൈനിങ്ങ് ടേബിളിൽ കേക്കും, കാൻഡിലും എല്ലാം നിരന്നു. കുറെ സോസർ സൈസ് ഡിസ്പോസിബിൾ പാത്രങ്ങൾ കേക്ക് പീസുകൾക്കായി കാത്തിരുന്നു.



എല്ലാവരും മേശക്ക് ചുറ്റും കൂടി. അപ്പുവിനോട് പറഞ്ഞപ്പോൾ ക്യാൻഡിൽ ഊതി. കേക്ക് മുറിക്കുവാൻ കത്തി കൊടുത്തപ്പോൾ എന്നെയും, നേഹ യേയും കൂടി അപ്പു വിളിച്ചു. മൊബൈലുകൾ ചിത്രങ്ങളും വീഡിയോകളും പകർത്തിക്കൊണ്ടിരുന്നു.

ഞങ്ങൾ മൂന്നു പേരും കൂടി കേക്ക് മുറിച്ചു മധുരം പരസ്പരം പങ്കിട്ടു. പിന്നീട് അപ്പു , അപ്പുവിന്റെ അമ്മക്ക് കേക്ക് പീസ് കൊടുത്തു. ശബ്ദത്തോടെ വർണക്കടലാസു പൊടികൾ അന്തരീക്ഷത്തിൽ നിന്നും താഴേക്ക് ആകെ ചിതറി വീണു.

പിറ്റേന്ന് പോകാമെന്ന അമ്മമ്മയുടെയും, ഞങ്ങൾ രണ്ടു പേരുടെയും അഭ്യർത്ഥന അപ്പുവിന്റെ അമ്മ ചെവിക്കൊണ്ടു. ഞങ്ങളും കാക്കനാട് യാത്ര പിറ്റേ ദിവസത്തേക്ക് മാറ്റിയതായി ഇതിനിടെ അനുഅമ്മ പറഞ്ഞിരുന്നു.

'അപ്പു കോതമംഗലത്ത് നിന്നുകൊള്ളട്ടെ. ഞാനവനെ സ്കൂളിലും വിട്ടോളാം'.

അമ്മമ്മയുടെ തീരുമാനത്തെ അപ്പുവിന്റെ അമ്മ ശെൽവി സ്വീകരിച്ചു. എല്ലാവർക്കും സന്തോഷമായി.

അപ്പുവിന്റെ വിഷയത്തിൽ എന്തെങ്കിലും പ്രശ്നങ്ങൾ മന്ത്രവാദി അങ്കിൾ ഉണ്ടാക്കിയാൽ പോലീസ് സ്റ്റേഷൻ വഴി, ആവശ്യമെങ്കിൽ ചൈൽഡ് ഹെൽപ് ലൈൻ ഉൾപ്പെടെ മറ്റുവഴികൾ തേടാമെന്നും അപ്പുവിന്റെ അമ്മയുമായി, ചാച്ചനും അമ്മയും ധാരണയായി.

ആവശ്യമെങ്കിൽ എപ്പോൾ വേണമെങ്കിലും വരാമെന്നും അപ്പുവിന്റെ അമ്മ പറഞ്ഞു. ശെൽവി അമ്മ കരഞ്ഞുകൊണ്ട് ആ മന്ത്രവാദി അങ്കിളിനെക്കുറിച്ച് പറഞ്ഞു.

' ഏമാറ്റുതൽ പാപമല്ലവാ? പൊറുമൈക്കും എല്ലൈ ഉണ്ട്'.

അങ്ങനെ കഴിഞ്ഞ മൂന്ന് ദിവസമായി കൂറ്റൻ തിരമാലകൾ ഉയർന്നുപൊങ്ങി അശാന്തമായി നിന്നിരുന്ന എന്റെയും നേഹയുടെയും മനസ് ശാന്തിയിലേക്ക്, സമാധാനത്തിലേക്ക് മടങ്ങി. അപ്പുവും, അവന്റെ അമ്മയും ആകട്ടെ ഏറെ സന്തോഷത്തിലായിരുന്നു. മറ്റൊന്നു പറഞ്ഞോട്ടെ.

ഇന്ന് രാത്രി സെക്കന്റ് ഷോ സിനിമക്ക് പോകാമെന്ന എന്റെ താൽപ്പര്യം ചാച്ചൻ അംഗീകരിച്ചു. 'ആടുജീവിതം' കാണുവാൻ ജവഹറിൽ ഓൺലൈൻ ടിക്കറ്റുകളും എല്ലാവർക്കുമായി ബുക്ക് ചെയ്ത് കഴിഞ്ഞൂട്ടൊ.

ഞാനും, നേഹയും, അപ്പുവും ഇരട്ടി മധുരത്തോടെ, ഏറെ സന്തോഷത്തോടെ വീണ്ടും കളികളിൽ ഏർപ്പെടുവാൻ തുടങ്ങി.

**അപ്പു മന്ത്രവാദം ചെയ്താണ് കറുമ്പിയെ പൂവൻ കോഴിയാക്കിയതെന്ന സംഗതി മാത്രം ഇരുമലപ്പടിയിലും ഞങ്ങൾ മറച്ചുവെച്ചു.**

അതിനിടെയാണ് മുൻവശത്തെ ഗേറ്റ് തുറന്നിട്ടിരിക്കുന്നത് ഞങ്ങൾ മൂവരും കണ്ടത്. ഗേററ് അടക്കും മുൻപ് ഞങ്ങൾ വീടിന്റെ മുന്നിലെ റോഡരികിലെ തോട്ടുവക്കത്തേക്ക് നടന്നു.

'അതേ, അടുത്ത പരിപാടി ഒപ്പിക്കാനാണോ . ഗേറ്റ് അടച്ചിട്ട് വീട്ടിലോട്ട് കയറിക്കേ'.

അമ്മമ്മയാണ്. തോട്ടിൽ തുള്ളിച്ചാടുന്ന പരൽ മീനുകളെ വീണ്ടും കാണുന്നത് വൈകിട്ടത്തേക്ക് മാറ്റി വച്ച്, ഞങ്ങൾ മൂവരും അനുസരണയുള്ള കുട്ടികളായി മാറി.

**(നോവൽ ഈ ലക്കത്തോടെ അവസാനിക്കുന്നു)**

കവിത

സീന ശ്രീവത്സൻ



# സവാരി



മൂവാണ്ടന്റെ മണ്ടയിലെ കൊമ്പില്
ഊഞ്ഞാലാടാനുറച്ചപ്പോഴാണ്
റിൽക്കെ പൊയ്ക്കുതിരകളെയും കൊണ്ട്
കുറുകി ചാടിയത്.

അല്ലേലും ഓനും ഓളും കുത്തിയൊലിച്ച
മലവെള്ളത്തിൽ മരക്കീറ് പോലെ
വായിച്ച് വായിച്ചു കനം കുറഞ്ഞോരാന്ന് മാളോര്.

എന്ത് കണ്ടിട്ടാണെന്നറിയില്ല
വെളുത്ത ആനയും ചുവന്ന സിംഹവും
ശേലായുമായി അച്ചടിവിട്ട് കൂടെ കൂടി.

ആനപ്പുറത്ത് നീയ് കുതിരപ്പുറത്ത് ഞാന്
ഞങ്ങളുറപ്പിച്ചു. സവാരിയായി.

ഉലഞ്ഞ് നീർന്ന് പൊങ്ങിയിറങ്ങി വട്ടത്തി ചുറ്റി
ചുഴിപ്പായി വലിഞ്ഞ്.


കയറിയിറങ്ങി ചിറ്റിത്തിരിഞ്ഞ് മൂവാണ്ടന്റെ മണ്ടേല് തൂ
ങ്ങണ മാങ്ങാക്കുട്ട്യോളെ
കാറ്റിലുണ്ട് ചുണച്ചൂരിൽ
ആനയും സിംഹവും
പിന്നെ ഞങ്ങളും.

Note : റിൽക്കെയുടെ കൊറോസൽ വായനയിൽ നിന്ന്

# കടങ്ങൾ

കവിത

ഭരതകുമാർ
കെ എം



അല്പപ്രാണിയായ് മാനവജന്മത്തിൽ
അഹംബോധം നയിച്ചുനീങ്ങുന്നവൻ
കടങ്ങൾ കൊണ്ടു മൂടുന്നുവെങ്കിലും
കടിപിടി കൂടി നടന്നു മുന്നേറിഞാൻ....

മാതാവിൻ വാത്സല്യദുഗ്ധം നുകർന്നതും
താതൻ വിരിച്ച തണലിൽ വളർന്നതും
ആ കടം വീട്ടുവാനാവില്ലൊരിക്കലും
ആജീവനാന്തം പരിശ്രമിച്ചാലും ഞാൻ

കളിച്ചു രസിച്ചു നടന്ന ബാല്ല്യത്തിലും
കലഹിച്ചു സ്നേഹിച്ച സോദരർ തമ്മിലും
ബന്ധുമിത്രാദി ഗുരുക്കന്മാർ തമ്മിലും
ബന്ധിച്ചെന്നെ പലവിധകടത്താൽ

സുഖദുഃഖസമ്മിശ്ര ജീവിതം പകുത്ത
ഭാര്യാഭർത്തൃബന്ധം കടമായിത്തീരുന്നു
സ്നേഹം നൽകി സ്നേഹിതരായവർ
സ്നേഹത്താൽ പിന്നെയും കടക്കാരനാക്കുന്നു!

വീട്ടുവനാവാത്ത കടമെന്ന ചങ്ങല
വിട്ടുപോകാത്ത ബന്ധനമാകുമ്പോൾ
അന്ത്യകാലേ വരുമൊരുശക്തിയായ്
ആശങ്കതീർത്തെന്റെ ചങ്ങല പൊട്ടിക്കാൻ

# MUKKUT MONUMENTS INC.

**PHONE (C) 972-342-0041**
**E-mail: mukkutmonuments@gmail.com**
**www.mukkutmonuments.com**




**We Specialize in Custom Creation and Installation of Cemetery Granites, Bronze Memorials Sculptures, Large Stone Cross for Churches. We Service all over USA, Canada & India**

കവിത

കെ.പ്രേംജിത്ത്





# കാലഗതി

നീയറിഞ്ഞോ
ഭൂമിയുടെ *കാന്തിക മണ്ഡലങ്ങൾ
വെച്ചുമാറാൻ പോകുന്നത്

കാട്ടു പൊന്തയിൽ
ഒളിച്ചിരുന്ന് കാമാർത്തരായ
സ്ത്രീകൾ പുരുഷനെ
കൂട്ട ബലാത്സംഗം
ചെയ്യുമെന്ന്

ദൂര ഘോരവനങ്ങളിൽ
മാനുകൾ കടുവകളുടെ
കുടലും, ആമാശയവും
തിന്നു തീർക്കുമെന്ന്

മീനുകൾ, ചുഴികളിൽത്തിരിഞ്ഞ്
പർവ്വതങ്ങളുടെ മുനമ്പുകളിലേക്ക്
ഊളിയിടുമെന്ന്

പഞ്ചസമുദ്രങ്ങളാകെ
നീലാംബരങ്ങളിലേക്ക്
മഹാ പ്രളയമായ് പെയ്യുമെന്ന്

വെരുകുകൾ നായ്ക്കൾക്കു പകരം
മനുഷ്യന്റെ വിശ്വസ്തരാവുമെന്ന്

ബുദ്ധനും,ഗാന്ധിയും ഒരാളുടെ
ചെകിട്ടത്തടിച്ചത്

മതങ്ങൾ ദൈവങ്ങളെ
വെച്ചു മാറിയത്

കവിത,നാദത്തെ
ഫോട്ടോഫിനിഷിൽ
വെള്ളിയണിയിച്ചത്

നീയറിഞ്ഞില്ലേ
പ്രേമം അനശ്വരമായെന്ന്

*ഭൂമിയുടെ വടക്കൻ കാന്തിക ധ്രുവം തെക്കൻ കാന്തിക ധ്രുവത്തിലേക്ക് തെന്നിമാറുന്നതായുള്ള ശാസ്ത്രലോകത്തിന്റെ കണ്ടെത്തലുകൾ.

# അച്ഛനോളം...

കവിത

ഡോ.വി.
അനീഷ്കുമാർ



"വെയിലണയുന്ന നേരത്തു
വീടണയുന്ന അച്ഛന്റെ സ്നേഹം
ഞാനറിഞ്ഞത് ആ സാമീപ്യത്തിലായിരുന്നു
മാറത്തെ വിയർപ്പുകൊണ്ടുണങ്ങിയ
വസ്ത്രം വലിച്ചൂരുമ്പോൾ ആ സ്നേഹം
എന്റെ സിരകളിൽ ജ്വലിച്ചമരുമായായിരുന്നു
ഉമ്മറപ്പടിയിൽ തളർന്നിരിക്കുന്ന
ആ വിളറിയ ശരീരം കാണുമ്പോൾ
എന്റെ കണ്ണുകൾ സങ്കടലാകുമായിരുന്നു
തലോടലായും താരാട്ടയും
മുനിഞ്ഞു കിനിഞ്ഞിറങ്ങിയ ആ തളർന്ന സ്വരം
ഇന്നോളം ഞാനറിഞ്ഞ സംഗീതലഹരിയായിരുന്നു
കൈക്കുമ്പിളിലെ തഴമ്പിനൊപ്പം പകർന്നുനൽകിയ
പച്ചരിച്ചോറിന്റെ രുചിയിൽ എന്റെയുള്ളിൽ
ഊർന്നിറങ്ങിയതു ആ സ്നേഹനീരായിരുന്നു
അച്ഛന്റെ ഉള്ളുപിടച്ചിൽ നെഞ്ചിടിപ്പിന്റെ
താളത്തിൽ
എന്നിൽ താരാട്ടായി അമരുമ്പോൾ
ആ ഹൃദയം തികച്ചും ശാന്തമായിരുന്നു
എങ്കിലും അച്ഛന്റെ ആ സ്നേഹം
അച്ഛനോളം... ഞാൻ തിരിച്ചറിഞ്ഞത്
ഞാനുമൊരു അച്ഛനായപ്പോഴാണ്
കാലം തുടികൊട്ടി കടന്നുപോകുമ്പോൾ
ഒരു ഓളപ്പകർച്ചയായി അച്ഛനോളംപോന്ന
സ്നേഹത്തിനായി ഞാനും നീണ്ടൊരു
കാത്തിരിപ്പിലാണ് "

Blue Ocean
Wealth Solutions

A member of the MassMutual Financial Group

# PHILIPOSE SAMUEL

## 30 Years of Service

I specialize in helping businesses and individuals plan for the future by customizing solutions to meet their needs. I take a client-centered approach by using relevant financial and personal information to understand their goals. I analyze this information and prepare a specific Action Plan to help my clients focus on the steps necessary to reach these goals.



## BUSINESS NEEDS

**EMPLOYEE BENEFITS PRODUCTS**

Group Term Life Insurance

Group Whole Life Insurance

Short-term and Long-term Disability Insurance

Health Insurance*

MassMutual Leaders Conference: 2022, 2021,2019, 2018
MetLife Leaders Conference: 2015, 2014, 2012-10, 2008, 2005-03, 2001, 1998, 1997
MetLife Presidents Conference: 2007
NAIFA National Sales Achievement Award: 1999
NAIFA Quality Award: 1998

## PHILIPOSE SAMUEL (SAM)

30 Years of Service

Financial Services Representative Financial Advisor

O: (516) 326-7028 | C: (516) 312-2902

psamuel@financialguide.com | www.blueocean.us.com

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its aliated US insurance companies. Registered Representative of and securities and investment advisory services oered through MML Investors Services, LLC, Member SIPC and a MassMutual subsidiary.2200 Northern Boulevard Suite 200 East Hills NY 11548 (516) 686-7000. Local sales agencies are not subsidiaries of MassMutual or its aliated companies. *Property & Casualty insurance is oered through a variety of quality insurance companies that are not aliated with MassMutual or MML Investors Services, LLC. Some health insurance products oered by unaliated insurers. **Not practicing on behalf of MassMutual or its aliates. CRN202501-1659414.



രമാ
പിഷാരടി



# കമലദാസ്

## ആല്മാവിന്റെ പ്രകാശം ചൊരിയുന്ന എഴുത്തുകാരി

Listen differently for what
I have to tell
Your descendant shall hear me
എനിക്ക് പറയാനുള്ളത് വ്യത്യസ്ത
മായി കേൾക്കുക
നിന്റെ പിൻഗാമികൾ എന്റെ വാ
ക്കുകൾ കേൾക്കും

(Kamla Das)

എങ്ങനെ പാടണമെന്ന് ആത്മാവിനേ അറിയൂ' (Only The Soul Knows How to Sing) എന്ന കമലാദാസിന്റെ നോബൽ പുരസ്കാരനോമിനേഷൻ ലഭിച്ച ആംഗലേയ കവിതാസമാഹാരത്തിലെ 'വുഡ് ആഷ്' (Wood Ash) എന്ന കവിതയിലെ വരികളാണിത്. എന്നെ വ്യത്യസ്തമായി കേൾക്കൂ, നിനക്ക് പിന്നാലെ വരുന്നവർ എന്നെ തീർച്ചയായും കേൾക്കും എന്ന് പറയുന്ന കവിത.

**ഈ ലോകത്തിൽ നിന്ന് യാത്രയായെങ്കിലും മാധവിക്കുട്ടിയുടെ രചനകൾ ഇന്നും വായിക്കപ്പെടുന്നു. മാധവിക്കുട്ടിയ്ക്ക് വേണ്ടി നട്ട നീർമാതളങ്ങളുടെ തണലിൽ ലോകം പ്രിയപ്പെട്ട എഴുത്തുകാരിയുടെ പിറന്നാൾ മാർച്ച് 31ന് ഇപ്പോഴും ആഘോഷിക്കുന്നു**

In this new world i lack coherence
Listen differently for what i have
to tell
Let your blood listen and from
within
Your descendants shall hear
me
.........................................................
I have learnt to listen to the
thump of blood in my ear
I have learnt to brief language of
sea mourns

ഈ ലോകത്തിൽ നിന്ന് യാത്രയായെങ്കിലും മാധവിക്കുട്ടിയുടെ രചനകൾ ഇന്നും വായിക്കപ്പെടുന്നു. മാധവിക്കുട്ടിയ്ക്ക് വേണ്ടി നട്ട നീർമാതളങ്ങളുടെ തണലിൽ ലോകം പ്രിയപ്പെട്ട എഴുത്തുകാരിയുടെ പിറന്നാൾ മാർച്ച് 31ന് ഇപ്പോഴും ആഘോഷിക്കുന്നു, വിയോഗദിനമായ മെയ് 31ന് വീണ്ടും അതേ നീർമാതള

ച്ചോടുകൾ മാധവിക്കുട്ടിയുടെ സാഹിത്യ ലോകത്തെ അനുസ്മരിക്കുന്നു.

'ഒരെഴുത്തുകാരി അപഹരിക്കപ്പെടുന്നു'

മാധവിക്കുട്ടിയ്ക്ക് വേണ്ടി പ്രശസ്ത എഴുത്തുകാരൻ സക്കറിയ എഴുതിയ കഥയാണിത്.

സക്കറിയയുടെ മൃഗ,പ്രാണി,പക്ഷി എന്ന കഥാ സമാഹാരത്തിലാണ് ഈ കഥയുള്ളത്. 'പ്രണയത്തിന്റെ രാജകുമാരി' എന്ന ക്ളീഷേ എഴുത്തുകളിൽ നിന്ന് വ്യത്യസ്തമായി അതീവ ചാരുതയോടെ സർഗ്ഗാത്മകതയുടെ ശ്രേഷ്ഠഭാവത്തിലെഴുതിയ കഥയാണത്. ചിലന്തികൾ എഴുത്തുകാരിയെ അപഹരിക്കുന്ന കഥയാണത്.

ഭ്രാന്ത് എന്ന സൃഷ്ടി പമ്മൻ എന്ന ആർ.പി. പരമേശ്വരമേനോൻ എഴുതിയത് മാധവിക്കുട്ടിയെക്കുറിച്ചാണെന്ന് സംസാരമുണ്ടായി

വ്യക്തിഹത്യയും, സ്വഭാവഹത്യയുമായി ആ സൃഷ്ടി മാധവിക്കുട്ടിയെ വേട്ടയാടി. സദാചാരക്കാവലാളുകൾ സ്വന്തം തെറ്റുകുറ്റങ്ങളോർമ്മിക്കാതെ എഴുത്തുകാരിയുടെ മാനസികവ്യഥയെ ഇരട്ടിപ്പിച്ചു. പമ്മൻ സ്വന്തം മനോവ്യാപാരവും, നിലവാരവും കൊണ്ടാണ് എഴുതിയത് . അതേ മനോവ്യാപാരവും, നിലവാരമുള്ളവർ മാധവിക്കുട്ടിയെ നിരന്തരം വേട്ടയാടി.

സക്കറിയയുടെ 'ഒരെഴുത്തുകാരി അപഹരിക്കപ്പെടുന്നു' എന്ന കഥ സക്കറിയുടെ സർഗ്ഗപ്രതിഭ വെളിച്ചപ്പെടുത്തുന്നതാണ്. മാധവിക്കുട്ടി 'വുഡ് ആഷ്' എന്ന കവിതയിൽ പറഞ്ഞത് പോലെ പറഞ്ഞ 'വ്യത്യസ്തമായി ചിന്തിക്കൂ' എന്ന മാനവികഭാവം ഈ കഥയിൽ നിറഞ്ഞ് നിൽക്കുന്നു. സക്കറിയ മാധവിക്കുട്ടിയുടെ സർഗ്ഗചൈതന്യത്തെ ദർശിച്ചപ്പോൾ പമ്മൻ സ്വന്തം കണ്ണിലെ കോല് മറച്ച് മറ്റുള്ളവരുടെ കണ്ണിലെ കരട് തിരയുന്ന ദോഷൈദൃക്കായി മാറി..

കന്നഡയിൽ ഒരു പഴംചൊല്ലുണ്ട്. നിന്റെ ദോശയിലും കുഴിയുണ്ട്. സ്വന്തം പരിമിതികളറിയാതെ, സ്വന്തം തെറ്റുകുറ്റങ്ങൾ തിരുത്താതെ മറ്റുള്ളവരുടെ പോരായ്മകളെ കൂട്ടം കൂടി ആക്രമിക്കുന്നവർ.



**സക്കറിയയുടെ മൃഗ,പ്രാണി,പക്ഷി എന്ന കഥാസമാഹാരത്തിലാണ് ഈ കഥയുള്ളത്. 'പ്രണയത്തിന്റെ രാജകുമാരി' എന്ന ക്ളീഷേ എഴുത്തുകളിൽ നിന്ന് വ്യത്യസ്തമായി അതീവ ചാരുതയോടെ സർഗ്ഗാത്മകതയുടെ ശ്രേഷ്ഠഭാവത്തിലെഴുതിയ കഥയാണത്.**

മാധവിക്കുട്ടിക്ക് വേണ്ടി എഴുതിയ സക്കറിയയുടെ ക്രാഫ്റ്റിംഗിന്റെയും, കഥയുടെയും ക്ളാസിക് തലത്തെ സ്പർശിക്കുന്നുണ്ട്. മാർക്വസിന്റെ മാജിക്കൽ റിയലിസത്തിന്റെ ചില മിന്നലടരുകൾ സക്കറിയയുടെ പല കഥകളിലും ദർശിക്കാനാകും. അസാമാന്യമായ രചനാപാടവവും, കഥാതന്തുവിനെ വികസിപ്പിക്കുന്ന രീതിയും സക്കറിയയെ മികച്ച ഒരു സ്റ്റോറി ടെല്ലറാക്കുന്നു കഥ തുടങ്ങുന്നതിങ്ങനെയാണ്

''അതീവസുന്ദരിയും, നീലക്കണ്ണുകളും, സ്ഫടിക്കാലുകളും ഉള്ളവളുമായ ഒരെട്ടുകാലി വലക്കണ്ണിയുടെ നീണ്ട ഊഞ്ഞാലിൽ ഞാന്നിറങ്ങി തന്റെ മുഖത്തിന് മുന്നിൽ തൂങ്ങിക്കിടന്ന് തന്നെ നോക്കി പുഞ്ചിരിക്കുകയും, കണ്ണുകൾ തിളക്കുകയും സ്ഫടികക്കാലുകളെ നൃത്തം ചെയ്യിപ്പിക്കുകയും ചെയ്തതായി എഴുത്തുകാരി സ്വപ്നം കണ്ടു...

അതീവ ചാരുതയോടെ എഴുതപ്പെട്ട ഈ കഥയുടെ അവസാനം ഇങ്ങനെയാണ്

അനേകായിരം ഊഞ്ഞാലുകൾ അവളുടെ അടുത്തേക്ക് മെല്ലെ നീങ്ങിവന്ന് അവളെ വലയം ചെയ്തു.. പരിപൂർണ്ണനിശ്ശബ്ദത പരന്നു. എഴുത്തുകാരി അമ്പരപ്പോടെ ചുറ്റും നോക്കി. അപ്പോൾ നീലയും ചുമപ്പും വർണ്ണങ്ങളണിഞ്ഞ സുന്ദരിച്ചിലന്തി തന്റെ കണ്ണുകൾ തിളക്കിക്കൊണ്ട് ആദരപൂർവ്വം അവളോട് പറഞ്ഞു. ഞങ്ങളോട് ഒരു കഥ പറയാമോ? ഞങ്ങൾ അതിനാണ് നിന്നെ അപഹരിച്ച് കൊണ്ട് വന്നത്.

എഴുത്തുകാരി സ്നേഹത്തോടെ പറഞ്ഞു. പറയാം..

എന്ത് കഥയാണ് വേണ്ടത്? സന്തോഷമുള്ള കഥയോ, സങ്കടമുള്ള കഥയോ?

നിന്റെ കഥ,

ഊഞ്ഞാലുകളിൽ നിന്ന് അനവധി കാത്തിരിക്കുന്ന സ്വരങ്ങൾ ഒന്നിച്ച് പറഞ്ഞു

പക്ഷെ കഥ തീരുമ്പോൾ ഞാൻ കണ്ണുനീർ പൊഴിക്കും എഴുത്തുകാരി പറഞ്ഞു.

സാരമില്ല, ഊഞ്ഞാൽത്തുമ്പുകളിൽ നിന്ന് വീണ്ടും ഒന്നിച്ച് ശബ്ദമുയർന്നു. ആ കണ്ണുനീർ ഞങ്ങളേയും കൂടി ആശ്വസിപ്പിക്കട്ടെ.

(മാധവിക്കുട്ടിക്കായി എഴുതിയത്.)

ആരോപണങ്ങളുടെയും, പരിഹാസങ്ങളുടെയും കൂരമ്പുകളേറ്റ് തളർന്നെങ്കിലും ഒരെഴുത്തുകാരി അപഹരിക്കപ്പെടുന്ന കഥ പോലെ മാധവിക്കുട്ടിയുടെ ആത്മാവിന്റെ പ്രകാശം മനസ്സിലാക്കിയവർ അവരുടെ എഴുത്തിന്റെ മൂല്യം ദർശിച്ചു. അവരുടെ ചിന്തകളെ മനസ്സിലാക്കാതിരുന്നവരുടെ സാധാരണത്വത്തിനിടയിലൂടെ ആത്മാവിന് മാത്രമേ എങ്ങനെ പാടാനറിയൂ എന്ന കൃതിയുമായി നോബൽ പുരസ്കാരപരിഗണനയിലേയ്ക്ക് നടന്ന് കയറി. നിഘണ്ടുവിലെ വാക്കുകളെക്കാൾ ആത്മാവിന്റെ ഭാഷയുടെ നേര് കാണാൻ കഴിയുന്നവർക്ക് മാധവിക്കുട്ടിയുടെ എഴുത്തിലെ ദീർഘദർശനം മനസ്സിലാക്കാനാവും.

മാധവിക്കുട്ടി മനുഷ്യഭാവത്തിലുള്ള സ്വന്തം ചിന്തകളെ അതേ പടി പകർത്തി. പതിഞ്ഞ ശബ്ദത്തിൽ നിറയുന്ന ഒരു ബ്ളന്റ് സ്റ്റൈൽ എന്ന് പറയാവുന്ന നേരിട്ടുള്ള സംവേദനശൈലിയായിരുന്നു മാധവിക്കുട്ടിയുടെ എഴുത്ത്.

ആമി, മാധവിക്കുട്ടി, കമലാദാസ്,, കമലാ സുരയ്യ എന്നിങ്ങനെ വിവിധ പേരുകൾ ആഭരണം പോലെ അണിഞ്ഞെങ്കിലും ആത്യന്തികമായി മാധവിക്കുട്ടിയുടെ എഴുത്ത് കൃത്രിമത്വമില്ലാത്ത ഹൃദയഭാഷയുടെ ലിപികളിലായിരുന്നു. ഗഹനമായ ചിന്തകളും, വായനയും, അതിൽ നിന്നുണർന്ന് വന്ന മൂല്യവത്തായ സാഹിത്യസൃഷ്ടികളും എഴുത്തിന്റെ തറവാടും കൂടെയുണ്ടായിരുന്ന മാധവിക്കുട്ടിയെ ഇടുങ്ങിയ മനോവ്യാപരങ്ങളാൽ അളന്ന് തീർക്കാതെ എഴുത്തുകാരി പറയും പോലെ തന്നെ വ്യത്യസ്തമായി കണ്ട് വായിക്കേണ്ടതാണ്.

Words are Birds

Words are birds
Where have they gone to roost
Wings tired
Hiding from the dusk?
Dusk is upon my hair
Dusk is upon my skin
When i lie down to sleep
I am not sure
That i shall see
The blessed dawn again



**ജീവിതത്തിന്റെ നൈമിഷകതിയിലും ജീവിതത്തെ സ്നേഹിക്കേണ്ടതെങ്ങനെയെന്ന്മാധവിക്കുട്ടിയുടെ സൃഷ്ടികൾ വായനക്കാരോട് നിരന്തരം പറഞ്ഞ് കൊണ്ടിരിക്കുന്നു.**

വാക്കുകൾ പക്ഷികളാണ്

വാക്കുകൾ പക്ഷികളാണ്, അവർ
എവിടെ പോയിരിക്കുന്നു,
ചിറകുകൾ തളർന്ന് സന്ധ്യയിൽ നിന്ന് മറഞ്ഞിരിക്കുകയാണോ?
എന്റെ മുടിയിൽ സന്ധ്യ,
എന്റെ തൊലിപ്പുറത്ത് സന്ധ്യ
ഞാൻ ഉറങ്ങാൻ കിടക്കുമ്പോൾ എനിക്ക് ഉറപ്പില്ല അനുഗൃഹീതമായ പ്രഭാതം ഞാൻ വീണ്ടും കാണുമെന്ന്..

ജീവിതത്തിന്റെ നൈമിഷകതിയിലും ജീവിതത്തെ സ്നേഹിക്കേണ്ടതെങ്ങനെയെന്ന്മാധവിക്കുട്ടിയുടെ സൃഷ്ടികൾ വായനക്കാരോട് നിരന്തരം പറഞ്ഞ് കൊണ്ടിരിക്കുന്നു.

പരിമിതികളെ, ആരോപണങ്ങളെ എങ്ങനെ നേരിടുന്നു എന്ന ഒരു ചോദ്യത്തിന് മാധവിക്കുട്ടി പറഞ്ഞ മറുപടി ശ്രദ്ധേയമാണ്.

I have some courage to be what I am, and I don't see my faults as faults - I see them as characteristics; strengths too. Why not, if you realise that you are only a human being?"

വ്യത്യസ്തമായി വായിക്കൂ.. ആരും പൂർണ്ണരല്ല, അപൂർണ്ണതയിൽ നിന്ന് പൂർണ്ണതയിലേക്കുള്ള ദൂരത്തിലെ ഇടത്താവളമാണ് ജീവിതം.. ആത്മാവിന് മാത്രമേ ഹൃദ്യമായി ഗാനമാലപിക്കാനാവൂ.

Listen differently for what i have to tell..

HEDGE
BROKERAGE INC.



- Life Insurance with Long Term Care
- Disability Income
- Business Overhead Expense Disability Insurance
- 10 Pay Life Insurance
- Estate Planning
- Advantage Index Universal Life S&P 500
- Life Income Annuity

HEDGE
BROKERAGE INC.

1-516-433-4310
hedgebrokerage@gmail.com



**നൈജൽ**

**ചെറുകഥകൾ**

*പ്രസാധകർ* -നാഷണൽ ബുക്ക് സ്റ്റാൾ

ഇമെയിൽ spcsktm@gmail.com

**മാലിനി (നിർമ്മല ജോസഫ് തടം )**

ഇമെയിൽ nirjoseph@gmail.com.




# ജീവിത കാഴ്ച്ചകൾ കഥകളിലൂടെ

## മാലിനിയുടെ 'നൈജൽ എന്ന കഥാസമാഹാരം ശ്രദ്ധിച്ചു വായിക്കുന്നവരെ ചിന്തിപ്പിക്കുന്ന, അവരെ ആസ്വാദനത്തിന്റെ വിശാല മേഖലകളിലേക്ക് കൊണ്ടുപോകാൻ കഴിവുള്ളവയാണ്

**സുധീർ പണിക്കവീട്ടിൽ**

പരിണാമവിധേയമായിക്കൊണ്ടിരിക്കുന്ന ഒരു കലാരൂപമാണ് ചെറുകഥ. എഴുത്തുകാർ അവരുടെ പരീക്ഷണ കൗതുകം തുടർന്നുകൊണ്ടേയിരിക്കുന്നതിനാൽ പണ്ടത്തെപ്പോലെ ഈ കഥ നല്ലത് ഈ കഥ മോശം എന്ന് പറയുക എളുപ്പമല്ല., എഴുത്തുകാരന്റെ ജീവിതാനുഭവങ്ങൾ സങ്കീർണവും, സാന്ദ്രവുമാകുമ്പോൾ അയാളുടെ കലാസൃഷ്ടിയിലും അത് പ്രകടമാകും  എഴുത്തുകാരൻ ചുറ്റിലും കാണുന്ന സംഭവങ്ങൾ അതേപടി  പകർത്തിയാൽ അത് കലയാകുകയില്ലല്ലോ . കഥാകൃത്തുക്കൾ ചുറ്റിലും കാണുന്ന ഒരു രംഗമോ സംഭവങ്ങളോ അവരിൽ ഉളവാക്കുന്ന വികാരത്തെ ഏകാഗ്രമായി ആവിഷ്കരിക്കയാണ് ചെയ്യുന്നത്. ഏകാഗ്രതയിൽ വരുന്ന വ്യതിയാനങ്ങൾ കഥയെ പല തലത്തിലേക്കും എത്തിക്കുന്നു. നിർമല ജോസഫിന്റെ ഇരുപത്തിയൊന്ന്  കഥകൾ വായിച്ചുതീരുമ്പോൾ കഥാകൃത്തിന്റെ സൂക്ഷ്മതയും, കഥയിലെ ഇതിവൃത്തങ്ങളെ ഏകാഗ്രതയോടെ സമീപിച്ചിട്ടുള്ള രീതിയും വ്യക്തമാകും. ജീവിതത്തിലെ  സംഘർഷങ്ങളും വ്യക്തിബന്ധങ്ങളും ഇഴപിരിച്ചെടുത്ത് യാഥാർഥ്യബോധത്തോടെ പറഞ്ഞ കഥകളിലെല്ലാം വ്യത്യസ്തതയെക്കാൾ ഓരോന്നും വായനക്കാരന്റെ ചിന്തകളെ ഉദ്പിപിപ്പിക്കുന്ന  വിധമാണ്.

കല്പിത  കഥകൾ എഴുത്തുകാരന്റെ ഭാവനയും അയാളുടെ ആശയങ്ങളും ആണെങ്കിലും അവർ അതിലൂടെ ചില സത്യങ്ങൾ കൊണ്ടുവരുന്നു. സത്യം കല്പിത കഥയേക്കാൾ വിചിത്രമാണെന്നു ചൊല്ല് വാസ്തവമാണ്. നൈജൽ എന്ന കഥാ സമാഹാരത്തിലെ കഥകളിലൂടെ സഞ്ചരിക്കുമ്പോൾ എഴുത്തുകാരി ഒരു വഴിക്കാട്ടിയെപോലെ വായനക്കാരനൊപ്പം ഉണ്ടെന്ന പ്രതീതിഉളവാക്കുന്നുണ്ട്.  ജീവിത കാഴ്ച്ചകൾ കാട്ടിത്തരുന്ന ഒരു മാർഗ്ഗദർശി (guide) യെ പോലെ.

ഓരോ കഥകളിലും ജീവിതമുണ്ടായിരിക്കണം. അത്




വായനക്കാരന് പരിചയമുള്ളതായിരിക്കണം അതേസമയം അവനു പുതിയ ഉൾക്കാഴ്ചകൾ, ദർശനങ്ങൾ നല്കുന്നവയായിരിക്കണം. എഴുത്തുകാരി തൊട്ടറിഞ്ഞ സംഭവങ്ങളെ കലാപരമായി അവതരിപ്പിക്കുമ്പോൾ അവരോടൊപ്പം വായനക്കാരന് നടക്കാൻ കഴിയണമെന്നാണ് കഥകളുടെ വിജയമാകുന്നത്. വെറുതെ ആലോചിച്ച ബുദ്ധിയുടെ ബലത്തിൽ രചിക്കപെടുന്ന കഥകൾ അവഗണിക്കപ്പെടുമെന്നു തീർച്ചയാണ്. ആധുനികത എന്ന പേരിൽ പുറത്തിറങ്ങിയ പല കഥകളും സഹൃദയ ലോകം തിരസ്കരിച്ചു.


മകൻ നഷ്ടപ്പെട്ട നിസ്സഹായയായ ഒരമ്മയുടെ ഹൃദയവികാരങ്ങൾ പകർത്തുമ്പോൾ വളരെ സൂക്ഷ്മത പാലിച്ചതായി കാണാം. അമേരിക്കയിൽ പ്രവാസിയായി കഴിയുന്ന എഴുത്തുകാരി മറ്റു അമ്മമാരുടെ പ്രതിനിധിയാണ്. ഇവിടെ നിയമങ്ങൾ കണിശമായി പാലിക്കുന്നെങ്കിലും പ്രവാസികളും ഇവിടത്തുകാരും തമ്മിലുള്ള മാനസിക അകൽച്ച വിവരണങ്ങളിൽ നിന്നും വ്യക്തമാണ്. പ്രതികളെ ശിക്ഷിച്ചെങ്കിലും ഒരമ്മയെ സംബന്ധിച്ചേടത്തോളം അവരുടെ മകന്റെ ആകസ്മികമായ മരണം ഒരിക്കലും നികത്താനാവാത്തതാണ്. ആ മാതൃഹൃദയത്തിൽ തുടിക്കുന്ന വേദനകളും, ചിന്തകളും അനുഭവപ്പെടും വിധത്തിലുള്ള പ്രതിപാദ്യം കഥയെ കൂടുതൽ ഹൃദയസ്പർശിയാക്കുന്നു.


ഈ സമാഹാരത്തിലെ നൈജൽ എന്ന കഥ വായനക്കാരന്റെ ജിജ്ഞാസയെ ഉണർത്തുന്നു. ന്യുസിലാൻഡിന്റെ പടിഞ്ഞാറൻ തീരത്തുള്ള മാന ദ്വീപിൽ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന മീൻ റാഞ്ചിപ്പക്ഷികള ആകർഷിക്കാനായി അവിടത്തെ വന്യജീവി സംരക്ഷണ വകുപ്പിലെ ജീവനക്കാർ അവയുടെ കോൺക്രീറ്റ് പ്രതിരൂപങ്ങൾ ഉണ്ടാക്കി. അവയുടെ ശബ്ദവും രേഖപ്പെടുത്തിവച്ചു. അവരുടെ ഉദ്ദേശ്യം കാര്യമായി ഫലിച്ചില്ലെങ്കിലും അതു ഒരു പ്രണയകാവ്യത്തിന് സാക്ഷ്യം വഹിച്ചു. ആ ദ്വീപിലേക്ക് പറന്നുവന്നു ഒരു പക്ഷി അതിനെ നൈജൽ എന്ന് വിളിക്കുന്നു; കോൺക്രീറ്റ് പ്രതിമകളിൽ ഒന്നിൽ അനുരക്തനായി. ഋതുക്കൾ പോയതറിയാതെ തന്റെ കാമുകിയുടെ സ്നേഹം കിട്ടാനായി അവൻ കാത്തിരുന്നു. അങ്ങനെ ഏകാന്തതയുടെ അഞ്ചു വർഷങ്ങൾ കഴിഞ്ഞപ്പോൾ തന്റെ കാമുകിയുടെ കൽപ്രതിമക്ക് മുന്നിൽ അവൻ ജീവൻ വെടിഞ്ഞു. ആ കിളിയുടെ പ്രണയകഥപോലെ കഥാകൃത്തിനു പരിചയമുള്ള ഒരു കാമുകനെ അവർ ഓർക്കുന്നു. ആ കാമുകന്റെ കാമുകി പ്രതിമയല്ലായിരുന്നു. അവളുടെ പ്രേമം സത്യമായിരുന്നില്ലെന്നു അവൻ തിരിച്ചറിയുന്നു. അവൾ അവളുടെ ജന്മനാട്ടിലേക്ക് അയാളെ വിട്ടു പോകുന്നു. പിന്നെ അയാൾ അവിവാഹിതനായി കഴിഞ്ഞു. നൈജൽ പക്ഷി കഥയിൽ ഒരു നിമിത്തമാകുക മാത്രമാണ്. ഇതിലെ നായകനും പക്ഷിയെപ്പോലെ കാമുകിയെ വികാരതീവ്രതയോടെ പ്രണയിച്ചു .പക്ഷിയുടെ കാമുകി സിമെന്റും കമ്പികൾ കൊണ്ട് നിർമ്മിച്ച ഒരു പ്രതിമയായിരുന്നെങ്കിൽ കഥയിലെ നായകൻറെ കാമുകി മനുഷ്യസ്ത്രീയായിരുന്നു. പ്രണയം പ്രതിമകൾക്കുപോലും ജീവൻ നൽകിയ കഥകൾ നമ്മൾ വായിച്ചിട്ടുണ്ട്. പക്ഷെ മനുഷ്യസ്ത്രീകൾ വികാരശൂന്യരായി പ്രതിമകളാകുന്നതും നമ്മൾക്കറിയാം. ഇവിടെ ഒരു മനുഷ്യസ്ത്രീ പ്രതിമയായി പ്രിയന്റെ പ്രണയം തിരിച്ചുനൽകാതെ യാത്രയാകുന്നു.പക്ഷെ നായകൻ അവളെ വിശ്വസിച്ച് അവിവാഹിതനായി കഴിയുന്നു. തിരസ്കരിക്കപ്പെട്ട പ്രണയത്തിന്റെ സ്മാരകം പോലെ അയാൾ. അയാളും വാസ്തവത്തിൽ ജീവിതത്തിലെ ഒരു പ്രതിമയാകുന്നുവെന്നു കഥാകാരി സൂചന നൽകുകയാണ് കഥയിലൂടെ..

പ്രണയിനി കരിങ്കൽ പ്രതിമപോലെ അവളുടെ സ്വപ്ങ്ങളിലേക്ക് ഇഴുകിപോയി. മനുഷ്യരെപോലും അതിശയിപ്പിക്കുന്ന ഒരു പക്ഷിയുടെ പ്രണയകഥ. യഥാർത്ഥ പ്രണയം ത്യാഗമാണ് സമർപ്പണമാണ്, വിശ്വാസമാണ് എന്നൊക്കെ ഈ കഥ നമ്മെ ഓർമ്മിപ്പിക്കുന്നു.

ശീർഷകങ്ങൾ തെരഞ്ഞെടുക്കുന്നതിൽ കഥാകൃത്തിന്റെ സൗന്ദര്യബോധവും നർമ്മവും പ്രകടമാണ് കഥയിലെ ഇതിവൃത്തത്തെ കൂടുതൽ ആസ്വാദകരമാക്കാനും മനസ്സിലാക്കിപ്പിക്കാനും സഹായകമാകുന്ന വിധമാണ് കഥയുടെ തലക്കെട്ടുകൾ. ഒട്ടുമാവ് എന്ന കഥയുടെ ശീർഷകം അതിനുദാഹരമാണ്. പ്രകൃതി വിരുദ്ധമായ പ്രവൃത്തികളിലൂടെ സൃഷ്ടിയെ ചോദ്യം ചെയ്തുനടക്കുന്ന മനുഷ്യരുടെ ചിത്രം അനാവരണം ചെയ്യുന്നു ഇതിൽ.അവിഹിതഗർഭങ്ങൾ പഴതലമുറക്കാരുടെ അന്തസ്സിൽ കളങ്കം ചേർക്കുമ്പോൾ ഇപ്പോഴത്തെ തലമുറ അതിനെ ലാഘവമായി കാണുന്നു. ഒട്ടുമാവും കായ്ക്കുന്നത് നമ്മൾ കാണുന്നു അതിന്റെ പ








ഴവും തിന്നുന്നു. ശരിയും തെറ്റും വായനക്കാർക്ക് വിടുന്ന രീതിയാണ് ഉപയോഗിച്ചിരിക്കുന്നത്. മനുഷ്യന്റെ പ്രകൃതി വിരുദ്ധമായ ലൈംഗിക താൽപ്പര്യങ്ങളും ധീരതയോടെ കഥാകൃത്ത് സ്പർശിക്കുന്നുണ്ട്. കഥയിലെ സന്ദർഭം അത് ആവശ്യപ്പെടുന്നതുകൊണ്ട് അശ്ലീലമാകുന്നില്ല. കാമുകിയോ ഭാര്യയോ ഛർദിക്കുമ്പോൾ സംശയാലുക്കളാകുന്നവരോട് ഇതിലെ കഥാപാത്രം പറയുന്നു ഇത് ആ ഛർദിയല്ല. കഥകളിൽ എഴുത്തുകാർ ഉപയോഗിക്കുന്ന ദ്വയാർത്ഥപാദപ്രയോഗമാണ് നമ്മൾ ഇവിടെ കാണുന്നത്.( double entendre),

യൂദായുടെ 'അമ്മ എന്ന കഥയിൽ മകനുവേണ്ടി പിടക്കുന്ന മാതൃഹൃദയത്തിന്റെ തുടിപ്പുകൾ ഹൃദയാവർജ്ജകമായി വിവരിക്കുന്നുണ്ട്. ബൈബിൾ കഥയെ ആസ്പദമാക്കി എഴുത്തുകാരി അവരുടെ കാഴ്ചപ്പാടിലൂടെ യൂദായെ കാണുകയാണ്. അതായത് ഒരമ്മയുടെ കണ്ണിലൂടെ. മകന് നേരിടുന്ന ആപത്തുകളെ തരണം ചെയ്യാൻ അവരുടെ മനസ്സിൽ നടക്കുന്ന വിചാരണയിൽ യേശുദേവൻ പോലും നിസ്സഹായനാകുന്നു. എല്ലാം പൂർവനിശ്ചയപ്രകാരമാണ്; മകൻ വെറും നിമിത്തം എന്ന് ചിന്തിക്കുന്ന ആ മാതൃഹൃദയം മകൻ തൂങ്ങിയാടിയ മരചുവട്ടിലെ രക്തത്തുള്ളികളിൽ നിന്നും വെണ്മയാർന്ന ലില്ലിപ്പൂക്കൾ വിടരുന്നത് കാണുന്നു ലിലിപൂക്കൾ വിശുദ്ധമാതാവിനെ പ്രതിനിധാനം ചെയ്യുന്നു. തന്നെപോലെ ആ മാതാവിന്റെ മാറിൽ തന്റെ മകൻ സുരക്ഷിതനാകുമെന്ന് സുപ്രതീക്ഷയാണ് അവരുടെ മനസ്സിൽ.

എഴുത്തുകാർ കലാസൃഷ്ടികൾ നടത്തുമ്പോൾ അവർ ചിന്തിച്ചാരംഭിച്ച കഥയുടെ ഗതിയിൽ വ്യതിയാനങ്ങൾ വരാം സാന്ത്വനം എന്ന കഥ വളരെ കാല്പനികമാണ്. ഒരു ഗദ്യകവിതപോലെ ആസ്വാദകരമാണ്.ഇതിൽ ഒത്തിരി മോഹിച്ച തന്റെ പ്രിയപ്പെട്ടവന് കരുതിയ വീട്ടിലെ മുല്ലയിൽ വിരിഞ്ഞ ആദ്യത്തെ പൂ കൊടുത്തപ്പോൾ അവനു കളിയിൽ ഉള്ള ഉത്സാഹം നിമിത്തം അത് ചവുട്ടിയരച്ചു ഓടിക്കളഞ്ഞു. ഇതിലെ നായികാനായകന്മാർ ബാലികാബാലന്മാരായതുകൊണ്ട് പ്രണയത്തിന്റെ മധുരവും തീഷ്ണതയും കഥാകൃത്ത് വിവരിക്കുന്നില്ല. എന്നാൽ നിർമ്മലമായ രാഗം ആ പൂവിലെ സുഗന്ധത്തിൽ നിറഞ്ഞു പരന്നിരുന്നു. ദുഖിതയായ പെൺകുട്ടിയെ ചേച്ചി വിളിച്ചോണ്ട്പോകുന്നതായിട്ടാണ് കഥ അവസാനിക്കുന്നത്. ഒരു പക്ഷെ കഥയുടെ അന്ത്യം അങ്ങനെയായിരുന്നോ കഥാകൃത്ത് ഉദ്ദേശിച്ചത് എന്ന് നമ്മൾ സംശയിക്കും പണ്ടെങ്ങോ വായിച്ചതാണ് അതുകൊണ്ട് കൃത്യമായി ഓർമ്മയില്ല. പുസ്തകം എഴുതി തീർത്ത ഒരു ഗ്രന്ഥകാരൻ റോഡിലൂടെ കരഞ്ഞുകൊണ്ട് നടക്കുന്നു. കാരണം ചോദിച്ച കൂട്ടുകാരനോട് അദ്ദേഹത്തിന്റെ മറുപടി അയാളുടെ പുസ്തകത്തിലെ നായിക ജീവിക്കുമെന്ന് വിചാരിച്ചു പക്ഷെ അവൾ മരിച്ചുപോയി എന്ന്. സൃഷ്ടികർമ്മം നടത്തിയത് അയാളാണ് എന്നിട്ടും അയാൾ വിലപിക്കുന്നു. കഥകൾ എഴുതുമ്പോൾ എഴുത്തുകാർ നിസ്സഹായരാണ്. ഭാവനയുടെ കൊടുങ്കാറ്റിൽ അവരുടെ ആശയങ്ങൾ എങ്ങനെ പറന്നു പോകുമെന്നും എവിടെ പതിക്കുമെന്നും അവർക്കറിയില്ല. ഈ കഥാസമാഹാരത്തിലെ കഥകളിൽ ചിലതൊക്കെ അങ്ങനെയല്ലേ എന്ന് സൂക്ഷ്മതയോടെ വായിക്കുമ്പോൾ മനസ്സിലാക്കാം. അത് കലയുടെ ഉദാത്തഭാവമാണ്.

ഭ്രമകല്പനകളിൽ നിന്നും ഉത്ഭവിച്ച കഥകൾ ഉണ്ട്. അതും അവരുടെ പേനത്തുമ്പിലെത്തിയപ്പോൾ അനുസരണയില്ലാത്ത കുട്ടിയെപ്പോലെ കുസൃതി കാണിക്കുന്നു. പക്ഷെ വായനക്കാരന് ആ കുസൃതി ഇഷ്ടപ്പെടുമ്പോൾ അവരുടെ സൃഷ്ടികർമ്മം വിജയം കാണുന്നു. ഇരുപത്തിയൊന്ന് കഥകൾ ഉണ്ട്. ചിലതെല്ലാം പ്രവാസ ജീവിതത്തിന്റെ അനുഭവങ്ങളിൽ നിന്നും കണ്ടെത്തിയ ചില സംഭവങ്ങളാണ് (ശഴിലലേ). ഇതിലെ ആദ്യ കഥ പൊരുത്തത്തിൽ ഒന്നിൽ കൂടുതൽ സംഭവങ്ങളെ കൂട്ടിച്ചേർത്തിട്ടുണ്ട്

വളവ് എന്ന കഥയിൽ വീട്ടിലടക്കപ്പെട്ട ഒരു വീട്ടമ്മയുടെ കൊച്ചു കൊച്ചു മോഹങ്ങളുടെയും ഭർത്താവിന് അത് സാക്ഷാത്കരിക്കാൻ പറ്റാതെ അവൾ തന്നെ അത് സാധിക്കുന്നതുമാണ്. അയാളെ സംബന്ധിച്ചേടത്തോളം വീട്ടിലേക്കുള്ള വണ്ടി പോകുമെന്ന ഭയമാണ്. ഒരു വണ്ടി പോയാൽ എന്തെന്ന ഒരു നിഷ്കളങ്കയുടെ ചിന്തയോടെ അയാൾക്കൊപ്പം എത്താൻ കഴിയാതെ അവൾ ഒറ്റപ്പെടുന്നു. പക്ഷെ അവൾ വീട്ടമ്മ എന്ന ജയിൽപ്പുള്ളിയിൽ നിന്നും മോചനം തേടുകയാണ്. സാധാരണ കുടുംബങ്ങളിലെ നേർക്കാഴ്ചകളിൽ നിന്നും കഥാകൃത്ത് കണ്ടെത്തിയ ഒരു കുടുംബകഥയാണിത്. ശ്രദ്ധിച്ചു വായിക്കുന്നവരെ ചിന്തിപ്പിക്കുന്ന അവരെ ആസ്വാദനത്തിന്റെ വിശാല മേഖലകളിലേക്ക് കൊണ്ടുപോകാൻ കഴിവുള്ള കഥകൾ ഈ സമാഹാരത്തിലുണ്ട്.



# Save $ 894.* Combine Home & Auto.

**Michael Tharian**
**Agent**
1855 Victory Blvd
Staten Island, NY 10314
**Toll Free: 888-644-7222**

Save money and time when you combine your home and auto insurance. Just another way I'm her to help life go right. **CALL ME TODAY**

**We Serve These States NY, NJ, PA, & CT.**

**We Provide Auto, Home & Life Insurance**

State Farm®

*Average household savings based on 2016 national survey of new policyholders who reported savings by switching to State Farm

State Farm Mutual Automobile Insurance Company State Farm Indemnity Company, State Farm Fire and Casualty Company State Farm General Insurance Company

1601489 Bloomington, IL

● കോളം /വൃശ്ചികകാറ്റുപോലെ ഒരു കുട്ടിക്കാലം



റോസി തമ്പി



# ത്രേസ്യാക്കുട്ടിയുടെ ആടുകൾ

ഈ കഥ നടക്കുമ്പോൾ എനിക്ക് ഒമ്പതും അനിയന് അറും വയസ്സാണ് പ്രായം.

കാലം. ഒരു മധ്യവേനലവധി.

സമയം .നേരം പുലർന്ന് ഏഴു മണി.

സ്ഥലം.എല്ലാ കുട്ടികളുടെയും സ്വപ്ന ഭൂമിയായ അമ്മ വീട്.

കുട്ട്യോള് വന്നോ അന്നമ്മേട്ത്താരേ? ആടിന് കഞ്ഞള്ളട്ക്കാൻ വന്ന ത്രിസ്യൂട്ട്യേച്ച്യാ. പര്യ പുറത്ത്ന്ന്. കമ്പന്യേ പുവ്വാൻ മുറിം കൂപ്പായം മാറി അന്നമ്മേട്ത്താര് ഒന്നുകൂടി മൂത്രമൊഴിക്കാൻ മറപ്പെരേലേക്ക് എറങ്ങിതാ. കാല് രണ്ടടി അകത്തി വെച്ച് മുണ്ട് മുന്നിലും പിന്നിലും നാലിഞ്ച് വീതം അകത്തിപ്പിടിച്ച കാലിനിടയിലൂടെ ഉണങ്ങിയ പ്ലാവിലയിൽ ചറപറാന്ന് ഇളം ചൂടുള്ള വെള്ളം വീഴുമ്പോൾ അതിലും ഉറക്കെ ശബ്ദത്തിൽ അന്നമ്മേട്ത്താര് പറഞ്ഞു.

'ആ..പിള്ളേരേ ഞാൻ ഇന്നലെ കമ്പനി വിട്ടപ്പോ നേരേ പോയി കൊണ്ടന്നു .അല്ലേങ്ങേ തോമൂട്ടി പിന്നെ കൊള്ളിപ്പണികഴിട്ടേന്ന് പറയും.

ത്രേസൂട്ട്യേ ആ കക്കൂസേടെ പിന്നില് നിക്കണ പഴപ്ലാവിന്മേ മോളില് ഒരു ചക്ക മൂത്ത്ണ്ട് തോന്നുണു അന്തോണ്യോട് അത് ഒന്ന് ഇട്ട് വെക്കാൻ പറ .കയറ് ആ വെറക് പെരേല് കാണും' .

ത്രിസ്യൂട്ടി വാഴത്തടത്തിലെ വക്കു പൊട്ടിയ വലിയ മൺകലത്തിൽ നിന്ന് കഞ്ഞിവെള്ളവും പഴ തൊലിയും ഞണങ്ങിയ അലൂമിനിയം ബക്കറ്റിലേക്ക് ഒഴിക്കുമ്പോൾ ത്രിസൂട്ടിയെ മുട്ടിയുരുമ്മി നിന്ന് മൂക്കു കൊണ്ട് സ്നേഹമസൃണമായ ഒരു ശബ്ദം പുറപ്പെടുവിച്ച് കലത്തിൽ നിന്ന് ബക്കറ്റിലേക്ക് വീഴുന്ന പഴ തൊലികൾ മൂക്കു കൊണ്ട് മണത്ത് നാവുകൊണ്ട് വായിലാക്കി തൊലിയുടെ ഒരു ഭാഗം വായിൽ നിന്ന് ഒരു വശത്തുകൂടെ പുറത്തേക്കിട്ട് ചവച്ചിറക്കുകയാണ് പത്രു എന്ന കൊറ്റനാട് .

> **അന്തോണി ചക്ക ഇടാൻ വന്നപ്പോഴെക്കും അഞ്ചാറ് അയൽ വീടുകളിലെ കുട്ടിസംഘം അവധിക്കാല പരിപാടികൾ പ്ലാൻ ചെയ്യാൻ പ്ലാവിൻ ചോട്ടിൽ വട്ടമേശ സമ്മേളനം തുടങ്ങി കഴിഞ്ഞു. ചക്കയിട്ട് ആടിനുള്ള പ്ലാവില കളുമായി വിക്കനന്തോണി പോകുമ്പോഴും ചർച്ച തുടർന്നു**

ത്രിസൂട്ടി പത്രൂ എന്നു വിളിച്ചാൽ മതി അവർക്ക് മാത്രം അറിയാവുന്ന ഭാഷയിൽ അവൻ മറുപടി പറയും .ആടുകൾ വഴി തെറ്റാതെ നോക്കുന്നതും പത്രുവാണ്. പത്രു വിന്റെ ശത്രു, കാളിയറോഡിലേ നേർച്ച കൊറ്റൻ മാത്രമാണ്. കഴുത്തിൽ മണി കെട്ടിയ ഊശാം താടിയുമുള്ള ആ ഒറ്റയാൻ മനക്കലെ ഇടോഴിയിൽ നിന്ന് സാറാമ്മയുടെ പാടം കടന്ന് മണ്ണാം മുക്കിലേക്ക് വരും.എത്ര ക്ഷമിച്ചാലും ശത്രു തന്റെ ടറിറ്ററിയിലൂടെ തലയുയർത്തി നടക്കുന്നതു കാണുമ്പോൾ പത്രു വിന്റെ നിയന്ത്രണം വിട്ടു പോകും. ത്രിസ്സൂട്ടി പറഞ്ഞാലും പത്രുവിന് അപ്പോൾ അനുസരിക്കാൻ കഴിയാതെ വരും. ആ മുട്ടനാടുകൾ കൊമ്പുകോർക്കുമ്പോൾ ഇടവഴി നിശ്ചലമാകും. ത്രിസ്സൂട്ടിയും അത് അറിയാത്ത രീതിയിൽ അനുവദിച്ചു കൊടുക്കും. അവൻ ഒരാണല്ലേ എന്നാണ് അതിനുള്ള ന്യായം. മറഞ്ഞു നിന്ന് ആകൊമ്പുകോർക്കൽ അവൾ ആസ്വദി

ക്കാറുമുണ്ട്. എന്നാൽ പത്രു ഏതെങ്കിലും പെണ്ണാടുകളു മായി ഇണചേരാനുള്ള വട്ടം കൂട്ടി തുടങ്ങിയാൽ ത്രിസ്സ്യുട്ടി അവന്റെ സ്വകാര്യത നഷ്ടപെടാതിരിക്കാൻ എന്നവണ്ണം ആ ഭാഗത്തേക്ക് നോക്കാറില്ല. ആടുകളുടെ അപ്പോഴത്തെ ശബ്ദം കേൾക്കാതിരിക്കാൻ കഴിയുന്നതും ദൂരെ മാറി പോകുകയോ മറ്റു പണികളിൽ തിരക്കാവുകയോ ആണ് പതിവ്. പക്ഷേ ഞങ്ങൾ കുട്ടികൾ കിട്ടുന്ന അവസരങ്ങള് എല്ലാം അവ ഒളി ഞ്ഞിരുന്നു കാണുകയും മറ്റാരും കാണാതെ അവ ഞങ്ങൾക്കിട യിൽ പരീക്ഷിച്ചു നോക്കുവാൻ ഉത്സാഹിക്കുകയും ചെയ്തു പോന്നു.

അന്തോണി ചക്ക ഇടാൻ വന്ന പ്പോഴെക്കും അഞ്ചാറ് അയൽ വീടുകളിലെ കുട്ടിസംഘം അവ ധിക്കാല പരിപാടികൾ പ്ലാൻ ചെയ്യാൻ പ്ലാവിൻ ചോട്ടിൽ വട്ടമേശ സമ്മേളനം തുടങ്ങി കഴിഞ്ഞു. ചക്കയിട്ട് ആടിനുള്ള പ്ലാവില കളുമായി വിക്ക നന്തോണി പോകുമ്പോഴും ചർച്ച തുടർന്നു.

എ എ എപ്പഴ വന്നേ ? പോകുമ്പോൾ വിക്കനന്തേ ണി തലയിൽ തോണ്ടി.

ഇന്നലെ വൈന്നേരം.

ഇനി രണ്ടു മാസം കളി തന്നെ.

പിക്കനന്തോണി പാവമാണ്. . പത്തു സെന്റു സ്ഥലം -ഒരു പതിനാലാം കോല് എട്ടിൽ ഓടിട്ട ചാണം മെഴുകിയ വീടും ത്രിസ്യകുട്ടി എന്ന, വളരെ ശോഷിച്ച ശരീരവും വലിവിന്റെ അസുഖവുമുള്ള ഒരേ ഒരു പെങ്ങളുമാണ് സ്വ ന്തമായുള്ളത്. അന്തോണിക്ക് ആരോഗ്യമുള്ള ശരീരവും മരം കേറാനുള്ള കഴിവും ഉണ്ടെങ്കിലും തന്റെ ഉണ്ണിയെ ത്രേസ്യാകുട്ടി പുറത്ത് ഒരു പണിക്കും വിട്ടില്ല. പനി പിടിച്ച് മൂന്നാം നാൾ അമ്മ മരിക്കും മുമ്പ്, തന്നെ എല്പിച്ചതാ.

എന്തിനാ ത്രിസ്യാകുട്ട്യേ നീ ഈ വയ്യാത്തോടത്ത് ഇങ്ങനെ ആടുങ്ങളുടെ പിന്നാലെ കിടന്ന് ഓടണത്. അന്ത്യോണ്യേ എന്തെങ്കിലും പണിക്ക് പറഞ്ഞയച്ചൂടെ. അമ്മാമ ഒരിക്കൽ ചോദിക്കുന്നതു കേട്ടു .

തോളത്തു കിടന്നിരുന്ന പഴയ തോർത്ത് മുണ്ട് എടു ത്ത് കണ്ണു തുടച്ചു കൊണ്ട് ത്രേസ്യാക്കുട്ടി പറഞ്ഞു,

അപ്പനെ ക്കുറിച്ചുള്ള ഓർമ്മ, വാഴയിലയിൽ പൊതി ഞ്ഞ് പരിപ്പുവടയുമായി രാത്രി പണി കഴിഞ്ഞ് വരുന്നതാ ണ്. അമ്മ പോകുമ്പം എനിക്ക് ഏഴ് വയസ്. ഉണ്ണിക്ക് നാ ല് വയസ്സും.അമ്മേനേ പള്ളേ്യ കൊണ്ടോ യാ ഞങ്ങക്ക് ആരാ ചോറ് തരാ എന്നു പറഞ്ഞാ അന്ന് അവൻ അച്ചനെ ഉന്തി താഴെട്ടത് .അപ്പാപ്പൻ ആവുന്നത്ര പിടിച്ചിട്ടും അവൻ നിന്നില്ല. അവസാനം ആരോ ചെറിയ മുറിയിലിട്ട് പൂട്ടി. അന്ന് പിന്നെ ഒന്നും മിണ്ടിയില്ല. ദിവസങ്ങളോളം മിണ്ടി യില്ല.പിന്നെ ഒരിസം ഉച്ചക്ക് ഞങ്ങടെ അമ്മാമ എന്റെ തലേല് പേൻ നോക്കിക്കൊണ്ടിരിക്കുമ്പോ ഉണ്ണി അകത്ത് നിന്ന് ഓടി മുറ്റത്തേക്ക് വന്നു. ഒരലർച്ചയോടെ നിലത്ത് വീണ് കയ്യും കാലും ഇട്ട് അടിക്കാൻ തുടങ്ങി. വായേന്ന് നുരേം പതേം വന്നു. കുട്ടി ഇപ്പോ മരിക്കുംന്ന് കരുതി. മരണവെപ്രാളം. കണ്ട് നിക്കാൻ പറ്റില്ല. തൊടാനും സമ്മ തിക്കിണില്ല.അമ്മാമ അകത്തു പോയി പിടില്ലാത്ത ഒരു കത്തി എടുത്തു കൊണ്ടുവന്ന് ഉണ്ണിടെ കയ്യിൽ ബലമായി പിടി പ്പിച്ചു.കുറച്ചു കഴിഞ്ഞപ്പോചത്ത പോലെ കിടന്നു.പിന്നെ അമ്മാമ എടുത്ത് കുളിപ്പിച്ച് കഞ്ഞി കോ രിക്കൊടുത്തു. എന്താണ്ടായേ ഉണ്ണ്യേ എന്നു ചോദിച്ചപ്പോ അവൻ പറയാ. ആ എന്തുട്ടാണ്ടാ യേ? ഇക്യറില്ലന്ന് .

കറവയുള്ള അഞ്ചാടുകൾ ത്രേസ്യയുടെ ആട്ടിൻ കൂട്ടത്തിൽ എപ്പോഴും കാണും. ഇരു നാഴി പാലു വെച്ച് ഓരോ ആടിൽ നിന്നും കറന്നെടുക്കും ബാക്കി കുട്ടികൾക്ക് / കുട്ടിക്ക് കുടിക്കാനുള്ളതാണ്. മിക്കവാറും രണ്ടു കുട്ടികളായിരിക്കും ഒരു പ്രസവത്തിൽ ആടുകൾക്ക്

ഉണ്ണി കളിക്കാൻ പോയപ്പോ അമ്മാമന്നോട് പറഞ്ഞു .ത്രിസൂട്ട്യേ അവ ന് അപസ്മരം എളകിണ്ട് . മ്മള് സൂക്ഷിക്കണം.

അതിപിന്നാ ഉണ്ണിക്ക് വിക്ക് തുടങ്ങിത് .ന്റുണ്ണി വയ്യാ ത്തതാ. ആ കാണണ ശരീരം ഒരു ബലോംല്ല്യാത്തതാ. മരത്തിന്മേ കേറിയ നേരത്ത് അത് എളകിയാലോ?അ ന്നമ്മേട്ത്താരോടക്ക് മാത്ര ഞാൻ അവനെ വിടാറുള്ളൂ. നിങ്ങളെക്ക് മറക്കാൻ പറ്റോ?

ഞാൻ ഇങ്ങനെ എണീറ്റ് നടക്കണത് നിങ്ങള് ആലാ ഹേടെ മന്ത്രം ചൊല്ലി ഉപ്പൂതി ആ ബാധ ഒഴിച്ചേപിന്നാ . ഔ ആലോചിക്കാൻ വയ്യാ .എത്ര നാള ആ നമ്പൂരിടെ പ്രേ തം കഷ്ടപ്പെടുത്തിത്.

കറവയുള്ള അഞ്ചാടുകൾ ത്രേസ്യയുടെ ആട്ടിൻ കൂട്ട ത്തിൽ എപ്പോഴും കാണും. ഇരു നാഴി പാലു വെച്ച് ഓരോ ആടിൽ നിന്നും കറന്നെടുക്കും ബാക്കി കുട്ടികൾക്ക് / കു ട്ടിക്ക് കുടിക്കാനുള്ളതാണ്. മിക്കവാറും രണ്ടു കുട്ടികളാ യിരിക്കും ഒരു പ്രസവത്തിൽ ആടുകൾക്ക് .പത്രു വിന്റെ കുട്ടികൾ ആയതു കൊണ്ട് അവർക്കെല്ലാം പത്രുവിനെ പോലെ കഴുത്തിൽ രണ്ടു മണിയുണ്ടാകാറുണ്ട്. ആ മണി ആട്ടിയാട്ടി തുള്ളിച്ചാടി വരുന്ന ആട്ടിൻകുട്ടികൾ ത്രേസ്യ യുടെ കറവകഴിഞ്ഞാൽ മുലകളെ നാവു നക്കി മൂക്ക് കൊണ്ട് മണത്ത് തല കൊണ്ട് മൃദുവായി ഇടിച്ച് പാൽ വലിച്ചു കുടിക്കുന്നത് ത്രേസ്യ ഉൾപുളകത്തോടെ നോ ക്കി നിൽക്കും. പിടിച്ചു വെച്ച പാലെല്ലാം തള്ളാട് സമൃദ്ധ മായ് ചുരത്തിക്കൊടുക്കും.

ഇരു നാഴിപാൽ വീട്ടീ ലേക്കാണ് .ബാക്കിയുള്ള രണ്ടിട ങ്ങഴി പാലിന് മുമ്പുതന്നെ പറഞ്ഞുറപ്പിച്ചവർ ഉരി ഗ്ലാസും ചുവന്നുള്ളിയുമായ് മുറ്റത്തുണ്ടാകും. തോളിലിട്ടതോർ ത്തുകൊണ്ട് ത്രിസ്യാ കുട്ടി ആടുകളെയും കൊണ്ട് കുറു ക്കന്റെ തോപ്പിലേക്ക് പോയാൽ .അന്തോണി പടിക്കൽ എടോഴില് വന്നിരുന്ന് തനിച്ച് തായം കളിക്കാൻ തുടക്കും. ചിലപ്പോ മുന്നിലെ വീട്ടിലെ ചാത്തുമാനും കൂടും. ചാത്തു മാ ന് മാർക്കറ്റിൽ ഉന്തുവണ്ടി വലിക്കലായിരുന്നു. ഇപ്പോ വയ്യാണ്ടായി വീട്ടിലിരിപ്പാ. മൂത്ത മോൻ രാധക്ക് ആ പണി കിട്ടിയതുകൊണ്ട് .കുടുംബം പട്ടിണിയില്ല.ആറടി ഉയര

വും ഒത്ത ശരീരവുമുള്ള ബലിഷ്ഠനാണ് ചാത്തുമാൻ . വയസ്സായെങ്കിലും ആ വലുപ്പം അങ്ങനെ തന്നെയുണ്ട്. ഭാര്യ കാക്ക്യമ്മായി നാലടി ഉയരമാണ്. ഇപ്പോ ഒരു കൂനും ഉണ്ടെങ്കിലും അത്രയും വെളുപ്പ് നിറമുള്ള ആരും ആ ഇടവഴിയിൽ ഉണ്ടായിരുന്നില്ല.

12 മണിയാകുമ്പോൾ തലയിൽ ഒരു ചാക്ക് ചവറും (അന്നത്തേക്കുള്ള വിറക് ) മുന്നിൽ ആടുകളുമായി ത്രിസ്യാക്കുട്ടി തിരിച്ചു വരും വരെ അന്തോണി അവിടെയിരിക്കും.

ഞങ്ങളുടെ കുട്ടിസംഘത്തിന് പല വിധ സഹായവും അന്തോണിയെക്കൊണ്ടുണ്ട്. കുട്ടിയും കോലും കളിക്കാൻ ശീമക്കൊന്നയുടെ വടി കഷ്ണങ്ങളാക്കി തരിക. കർണ്ണാക്കും കായ കൊണ്ട് ചക്രങ്ങളുള്ള വണ്ടിയുണ്ടാക്കി തരിക. പിന്നെ ഇടക്കൊക്കെ പറമ്പിലെ കശുമാവിൽ നിന്നു വീണു കിട്ടുന്ന അണ്ടി ചുട്ടു തരിക. അത് എല്ലാവർക്കുമില്ല എനിക്കും അനിയനും എന്തായാലും കിട്ടും. പിന്നെ പതിനൊന്നു മണിക്ക് പെപ്പിൽ വെള്ളം വരുമ്പോൾ രാവിലെ മുതൽ പെണ്ണുങ്ങൾ വരിവരിയായി കൊണ്ടു വെച്ച പാത്രങ്ങൾ നിറച്ചു വെക്കലും അന്തോണി ഫ്രീയായി ചെയ്തു കൊടുക്കും. എന്നാലും പെണ്ണുങ്ങൾക്ക് അന്തോണിയെ ഇഷ്ടമല്ല. പെണ്ണുങ്ങളെ തനിച്ചു കണ്ടാൽ അന്തോണി മുണ്ടുപൊക്കി കാണിക്കുമത്രേ. പപ്പോഴും പെണ്ണുങ്ങൾ കുടമെടുക്കാൻ വരുമ്പോൾ 'ഫ' തെണ്ടി എന്ന് ആട്ടുന്നത് കാണാം. എന്തിനാ അവര് അങ്ങനെ പറഞ്ഞേന്ന് ചോദിച്ചാൽ അന്തോണി കണ്ണിറുക്കി ചിരിക്കും. ഞങ്ങൾ കുട്ടികളും അന്തോണിടെ അടുത്തു കളിക്കുന്നത് മുതിർന്നവർ കണ്ടാൽ ചീത്ത പറയും. പിള്ളരേ നാശാക്കും എന്നാണ് പെണ്ണുങ്ങൾ പറയുക. അന്തോണിടെ കൂടെ കളിക്കുന്ന കണ്ടാൽ വീട്ടിൽ ചെന്നാൽ എല്ലാവർക്കും അടി ഉറപ്പാണ്. എന്നാലും ഞങ്ങൾ അരും കാണാതെ അന്തോണിടെ അടുത്തു നിന്ന് സഹായങ്ങൾ സ്വീകരിക്കും.

കാലത്ത് നാടകം കളി, ഉച്ചക്ക് കവടി കളി, വൈകുന്നേരം ഹോക്കി കളി അങ്ങനെയാണ് ഇടവഴിയിലെ കളികൾ .

പതിനൊന്നു മണിയാകുമ്പോൾ കുട്ടികൾ ഒരോ അടുക്കു പാത്രവുമായി കമ്പനി പടിയിലേക്ക് യാത്രയാകും. ആ ഇടവഴിയിൽ പകുതിവിടുകളിൽ നിന്ന് ഒരാളെങ്കിലും കമ്പനിയിൽ ജോലി ചെയ്യുന്നുണ്ട്. അവർക്ക് ഉച്ചക്കുള്ള ചോറാണ് ആ പാത്രങ്ങളിൽ .അമ്മാമക്കും, അമ്മക്കും ഉള്ള ചോറുകൾ രണ്ടു പാത്രങ്ങളിലായി ഞങ്ങളും പുറപ്പെടും. മേമയുടെ ജോലി സമയാ സമയങ്ങളിൽ ഭക്ഷണം ഉണ്ടാക്കുക. വെള്ളം കൊണ്ടുവരിക തുണി കഴുകുക വീടു വൃത്തിയാക്കുക ഞങ്ങളെ കുളിപ്പിക്കുക എന്നിവയാണ്.

കമ്പനിപ്പടിക്കൽ ചോറു കൊണ്ടു കൊടുത്തു വന്നാൽ ഞങ്ങൾക്കും മേമ ചോറുവിളമ്പും ഒരു ഒഴിച്ചു കറി, ഉപ്പേരി ഉണക്കമീൻ വറുത്തത്. ഇത്രയും സ്ഥീരമാണ്. എല്ലാ വിടുകളിലും പിന്നെ സ്ത്രികൾ ഒന്നു നടുനിവർത്തുന്ന നേരമാണ്. അപ്പോൾ പിള്ളേർ ഓരോ വീടിന്റെയും അടുക്കള വാതിൽ വഴി പതുക്കെ പുറത്തുചാടും.വേലിക്കഴകൾ ചാടി എടോഴിയിലെത്തും. ഒരു പത്തുപേരുടെ സംഘം ആയിക്കഴിഞ്ഞാൽ പടിഞ്ഞാട്ട് കുറുക്കന്റെ തോപ്പു നോക്കി പാറക്കല്ലുകൾ നിറഞ്ഞ വെള്ളച്ചാൽ ഇടവഴിയിലൂടെ ഒറ്റവരിയായ് കയറിപ്പോകും. കശുമാവിൻ തോട്ടത്തിൽ അപ്പോൾ ചവറടിക്കുന്നവരും ആടിനെ നോക്കുന്നവരും ഒഴിഞ്ഞു പോയിരിക്കും. അണ്ടിനോക്കുന്ന പരമേട്ടനും മാച്ചുവട്ടിൽ മയക്കത്തിലായിരിക്കും. ഉച്ചനേരത്ത് പാറമടയിൽ നിന്നു വരുന്ന ചെറുകാറ്റ് തുരുതുരെ കശുമാങ്ങകൾ ഉതിർത്തിടും. മഞ്ഞയും ചുവപ്പും നിറത്തിലുള്ള മാങ്ങകൾ പെണ്ണുങ്ങൾ ചവറടിച്ചു മാറ്റിയ ഇടങ്ങളിലൂടെ പൂച്ച നടത്തം പാലിച്ച് വലിയ ഈറോലി വിടയിൽ അണ്ടിയോടു കൂടി കോർമ്പകളായി കോർത്ത് പെട്ടന്ന് ഊർന്നിറങ്ങി പോരും. തുടുത്ത മാമ്പഴങ്ങൾക്ക് ഇടവഴിയിൽ ആൾക്കാർ ഏറെയാണ്.അണ്ടികൾ വിരിഞ്ഞ് അതിനു മുമ്പേ പോക്കറ്റിലാക്കിയിരിക്കും. സൗകര്യം പോലെ അത് അന്തോണിയെ എൽപ്പിച്ചാൽ ചുട്ടു കിട്ടും.

മാതാവിന്റെവണക്കമാസം കാലം കൂടന്നത് മെയ് അവസാനത്തിലാണ്. ചക്കപ്പഴവും പാച്ചോറും ചേർന്നൊരുക്കുന്ന ആ സദ്യയിൽ ഞങ്ങൾക്കൊരിക്കലും പങ്കെടുക്കാൻ പറ്റില്ല. .അപ്പഴേക്കും വീട്ടീലേക്ക് പോരണ്ട സമയമാകും.

നല്ല മാതാവേ മരിയേ എന്ന പാട്ട് പ്രാർത്ഥന കഴിഞ്ഞാൽ വലിയ ശബ്ദത്തിൽ ഇടവഴിയൽ മുഴങ്ങും ഒരു വിട്ടീൽ പകുതിയാകുമ്പോഴായിരിക്കും അടുത്ത വീട്ടിൽ തുടങ്ങുക. ഒരു ഏഴു മണി കഴിഞ്ഞ് മണ്ണാമുക്ക് ഇടവഴിയിലൂടെ നടന്നാൽ കുന്തിരിക്ക പുകയുടെ മണവും' നല്ല മാതാവേ ' എന്ന പാട്ടും മൂക്കിലേക്കും കാതിലേക്കും ഒഴുകിവരും.

> **ഞാൻ നല്ല ഇടയയാകുന്നു. എന്റെ ആടുകൾ എന്റെ സ്വരം കേൾക്കുന്നു. അവ എന്നെയും ഞാൻ അവയേയും തിരിച്ചറിയുന്നു. ഒരു കള്ളനും നായ്ക്കും നരിക്കും ഞാനവയെ വിട്ടുകൊടുക്കില്ല. ഈ കൂട്ടിലേക്ക് എത്തിച്ചേരണ്ട ആടുകൾ ഇനിയുമുണ്ട് ഞാൻ അവയെ അന്വേഷിച്ചു കൊണ്ടിരിക്കുന്നു**

വണക്കമാസം കാലം കൂടും മുമ്പ് വികാരിയച്ചൻ വീടുകൾ വെഞ്ചിരിക്കാൻ വരും. കുട്ടികൾ അച്ചന്റെ പിറകെ വീടുകൾ കയറിയറങ്ങും. എല്ലാ വീട്ടിൽ നിന്നും അച്ചന് ചായയും പഴവും മിക്ച്ചറും നല്കും. അച്ചൻ അത് കുട്ടികൾക്ക് കൊടുക്കും.

ത്രേസ്യകുട്ട്യേ നിന്നെ ഇപ്പോ പള്ളിലേക്കൊന്നും കാണാറില്ലല്ലോ? എഴുപതു കഴിഞ്ഞ വികാരിയച്ചൻ തന്റെ മുടിയില്ലാത്ത തലയിൽ വിരലോടിച്ചു കൊണ്ട് കുശലാമ്പേഷണം നടത്തി. ത്രേസ്യാ കയ്യുകൾ ആകാശത്തേക്കുയർത്തി ചെറിയ ശബ്ദത്തിൽ അച്ചനോട് സ്വകാര്യം പറഞ്ഞു.

ഞാൻ നല്ല ഇടയയാകുന്നു. എന്റെ ആടുകൾ എന്റെ

സ്വരം കേൾക്കുന്നു. അവ എന്നെയും ഞാൻ അവയേയും തിരിച്ചറിയുന്നു. ഒരു കള്ളനും നായ്ക്കും നരിക്കും ഞാനവയെ വിട്ടുകൊടുക്കില്ല. ഈ കൂട്ടിലേക്ക് എത്തിച്ചേരണ്ട ആടുകൾ ഇനിയുമുണ്ട് ഞാൻ അവയെ അന്വേഷിച്ചു കൊണ്ടിരിക്കുന്നു .

അപ്പോൾ ആട്ടിൻകൂട്ടിൽ നിന്ന് മ്മേ, മേ എന്ന ശബ്ദം ഒന്നിൽ നിന്നു തുടങ്ങി മുപ്പതായി ഉയർന്നു. എന്തെന്നാൽ കൂട്ടിൽ മുപ്പത് ആടുകൾ ഉണ്ടായിരുന്നു.

അന്തോണി വിക്കി വിക്കി വികാരിയെ ആശ്വസിപ്പിച്ചു. അ അ അച്ചോ ദൈവസഭാ മത്തായിയാ ഇവളെ ഇങ്ങനെയാക്കിയത്. അച്ചൻ ഒന്ന് തലയിൽ കൈ വെച്ച് പ്രാർത്ഥിച്ചാൽ മതി .ഒഴിഞ്ഞു പൊയ്ക്കോളും.

അച്ചൻ ആസകലം ഒന്നു നോക്കി. പിന്നെ ഇരുത്തി ഒന്നു മൂളി. കുഞ്ഞാച്ചൂന്റെ വീട്ടിലേക്ക് നടന്നു.

ആലയിൽ നിന്ന് പത്രൂ ഉച്ചത്തിൽ ശബ്ദമുണ്ടാക്കിക്കൊണ്ടിരുന്നു.

അച്ചൻ പോയി കഴിഞ്ഞപ്പോൾ അവൾ ആട്ടിൽ കൂടി നരികിലേക്ക് ചെന്നു. അപ്പോൾ അവരെല്ലാം കവുങ്ങിന്റെ പാളി കൊണ്ടുണ്ടാക്കിയ കൂടിന്റെ തറയിൽ ഒരുമിച്ച് ചവുട്ടി ശബ്ദമുണ്ടാക്കുകയും കൂട്ടിൽ കെട്ടിയിട്ട പ്ലാവിലകൾ കടിച്ചു തുപ്പു ക യും ചെയ്തു. അവൾ കൂടു തുറന്നു വിട്ടു. ആദ്യം പത്രു, പുറകിൽ ശോശമ്മ, കത്രീന ,മറിയം കുട്ടി എന്നിങ്ങനെ സ്ഥാനമനുസരിച്ച് അവർ ഓരോരുത്തരായി ഇറങ്ങി വന്ന് അവൾക്ക് ചുറ്റും നിലയുറപ്പിച്ചു.പത്രു അവളെ ദേഹമാസകലം നാവു കൊണ്ട് നക്കുകയും മൂക്കു കൊണ്ട് മണക്കുകയും ചെയ്തു. അവന് എത്താതെ വന്ന തന്റെ ശീരര ഭാഗങ്ങളെല്ലാം അവൾ കുനിച്ചു കൊടുത്തു.

ആ കൂട്ടിൽപ്രായപൂർത്തിയായ ഒരാൺമാത്രമേയുണ്ടായിരുന്നുള്ളൂ. അതു അവൻ മാത്രമാണ്.

തന്റെ ആടുകളിൽ ആൺകുട്ടി പിറന്നാൽ അവൾ ഒരു മാസം കഴിഞ്ഞാൽ അതിനെ തള്ളയിൽ നിന്നു വേർപെടുത്തി വെണ്ണീർകാരാൻ മൂസക്ക് കൊടുക്കും. കൊടുക്കുമ്പോൾ പറയും മൂസ അറക്കാൻ കൊടുക്കരുത്.മൂസ കാളിയ റോഡിലേക്ക് നേർച്ചകൊറ്റൻമാരേ അന്വേഷിക്കുന്ന വടക്കാഞ്ചേരിയിലെ താത്തമാർക്ക് കൂടിയ വിലക്ക് വിൽക്കും. ആട്ടിൻകുട്ടിയെ വാങ്ങാൻ വരുമ്പോൾ മൂസ ഒരു പൊതി ഒറഞ്ചും മഞ്ഞയും നിറമുള്ള നാരങ്ങ മുട്ടായി അരയിലെ പച്ചബൽട്ടിൽ കരുതും. ആട്ടിൻകുട്ടിയെ കയറു പിടിച്ചു വാങ്ങുമ്പോൾ പണത്തോടൊപ്പം ഈ പൊതിയും കൊടുക്കും. ആ പൊതി ഞങ്ങൾക്കുള്ളതാണ്. ഓണത്തിനോ പെരുനാളിനോ പൂരത്തിനോ വരുമ്പോൾ അരിപ്പെട്ടിയിൽ സൂക്ഷിച്ച ആ പൊതിഞങ്ങൾ നേരേ നീട്ടും

അമ്മാമ മുറ്റത്തെ ചവറടുപ്പിൽ കുളിക്കാൻ വെള്ളം ചൂടാക്കാൻ തുടങ്ങുമ്പോൾ ത്രസ്യാ കുട്ടി വൈകുന്നേരത്തെ ആടുകൾക്കുള്ള കഞ്ഞള്ളം എടുക്കാൻ പാത്രവുമായി വരും. അപ്പോൾ മേമ കാവ്കാരാൻ കേശവചോൻ ഉച്ചക്ക് കൊണ്ടു വരുന്ന കായൽ മീൻ ഇരുമ്പാ പുളിയിട്ട് തേങ്ങയരച്ച് വെച്ചത് ഉള്ളി കാച്ചുന്ന മണം അവിടെ പരക്കും

പത്രു അല്ലാതെ മറ്റൊരാൺ ആ കുട്ടിൽ ഉണ്ടാക്കുന്നത് ത്രേസ്യക്ക് ഇഷ്ടമല്ല .തനിക്കതിൽ എതിർപ്പുണ്ടെങ്കിലും അന്തോണി അതിൽ ഇടപെടാറില്ല.

നാലുമണിക്കു മുന്നേ വീട്ടിൽ കേറണം എന്നാണ് ഞങ്ങൾക്കുള്ള കല്പന. കട്ടൻ കാപ്പിയും ശർക്കര ചീവിട്ട് വാഴയിലയിൽ പരത്തി മൺചട്ടിയിൽ ചുട്ടെടുത്ത ഗോതമ്പടയുമായിരിക്കും മിക്കവാറും. ചിലപ്പോൾ കിണ്ണത്തപ്പവും കാണും.

വൈകുന്നേരം അഞ്ചു മണിക്ക് കമ്പനി വിട്ട് തലയിലും ദേഹത്തും നിറയെ പഞ്ഞിയുമായി അമ്മാമ വരുമ്പോഴേക്കും ഞങ്ങളെ കുളിപ്പിച്ച് അലക്കിയ ഡ്രസ്സ് ഇടീച്ച് നിർത്തിണ്ടാകും മേമ. ഞങ്ങളിങ്ങനെ കുരുമുളക് വള്ളി പടർന്ന മുരുക്കുമരങ്ങളിൽ ( രണ്ടു പടിക്കാലുകൾ) പിടിച്ച് നല്ല കുട്ടികളായി അമ്മാമ വരുന്നതും നോക്കി നിൽക്കും. ഒരു സഞ്ചിയിൽ വീട്ടു സമാനങ്ങളും മറ്റേ കയ്യിൽ ചോറ്റുപാത്രവും ഉണ്ടാകും. ചോറ്റുപാത്രം ഞങ്ങൾക്കുള്ളതാണ്. അതിൽ കമ്പനി കാന്റിനിൽ നിന്ന് അഞ്ച് പൈസ ടോക്കണ് വാങ്ങി വാച്ച് മാൻ കാണാതെ കൊണ്ടുവരുന്ന ഉഴുന്നുവടയും പരിപ്പുവടയും കാണും. അതു തിന്നിട്ടേ ഞങ്ങൾ അകത്തു കയറു.

അമ്മാമ മുറ്റത്തെ ചവറടുപ്പിൽ കുളിക്കാൻ വെള്ളം ചൂടാക്കാൻ തുടങ്ങുമ്പോൾ ത്രസ്യാ കുട്ടി വൈകുന്നേരത്തെ ആടുകൾക്കുള്ള കഞ്ഞള്ളം എടുക്കാൻ പാത്രവുമായി വരും. അപ്പോൾ മേമ കാവ്കാരാൻ കേശവചോൻ ഉച്ചക്ക് കൊണ്ടുവരുന്ന കായൽ മീൻ ഇരുമ്പാ പുളിയിട്ട് തേങ്ങയരച്ച് വെച്ചത് ഉള്ളി കാച്ചുന്ന മണം അവിടെ പരക്കും.

അവധിക്കാലം കഴിയും വരെ ഇതാവർത്തിക്കും.

സ്കൂൾ തുറക്കുന്നതിന് രണ്ടു ദിവസം മുമ്പ് പുതിയ ബാഗ്, പുതിയ കുട,പുതിയ ചെരിപ്പ്, പുതിയ ഉടുപ്പ്, പുതിയ ബോക്സ്,പുതിയ പേന, പുതിയ പെസിൽ , പുതിയ നോട്ടുപുസ്തകങ്ങൾ ഇവയൊക്കെയായി സങ്കടം ഉള്ളിലൊതുക്കി പോരുമ്പോൾ പിക്കനന്തോണി കണ്ണു നിറഞ്ഞു കൊണ്ട് തലയിൽ തട്ടി പറയും ഓണത്തിന് വേഗം വരണം. കൂട്ടുകാരായ കുഞ്ഞാച്ചു ,സുര, യൂദ എന്നിവർ ഇടവഴിയുടെ അറ്റത്തുള്ള ബസ് സ്റ്റോപ്പ് വരെ കൂടെവരും. അഞ്ചു മണിക്കുള്ള സുബിത ബസ്സിൽ കയറുമ്പോൾ അവർ ടാറ്റ പറഞ്ഞ് പിന്നിൽ നിൽക്കും. കമ്പനി പടിക്കൽ നിന്ന് അമ്മ മുന്നേ ആ ബസ്സിൽ കയറിയിട്ടുണ്ടാകും.

തൃസൂട്ട്യേച്ചിയുടെ പെണ്ണാടുആടുകൾ അപ്പാഴും കുറുക്കന്റെ തോപ്പിൽ കശുമാങ്ങ തിന്ന് അണ്ടി തുപ്പുകയും പത്രു പെണ്ണാടുകളെ മണപ്പിച്ചു നടക്കുകയുമായിരുന്നു.



# അവയവ മാഫിയയുടെ താവളങ്ങൾ തേടി

## മാഫിയയെ പൊളിച്ചടുക്കി പുരസ്കാരം നേടി, പക്ഷെ...

**മാഫിയയെ പറ്റി 37 വർഷം മുമ്പ് വിശദപഠനം നടത്തി ഏറ്റവും മികച്ച റിപ്പോർട്ടിങ്ങിനുള്ള കേരള ഗവർമെന്റിന്റെ 1987 ലെ പുരസ്കാരം നേടിയ ലേഖകൻ ആ അന്വേഷണത്തെ പറ്റി എഴുതുന്നു**

**കുര്യൻ പാമ്പാടി**

മലയാളികളെ പ്രത്യേകിച്ചു നിർധനരായ സ്ത്രീജനങ്ങളെ ലക്ഷങ്ങളുടെ മോഹവലയത്തിൽ കുടുക്കി വൃക്കകൾ ചൂഴ്ന്നു മാറ്റി നിരാധാരരാക്കുന്ന ഗൂഢസംഘങ്ങളെക്കുറിച്ചുള്ള റിപ്പോർ ട്ടുകൾ ഒരിക്കൽ കൂടി കേരളീയ മന:സാക്ഷിയെ പിടിച്ച് കുലുക്കുമ്പോൾ ചരിത്രം ആവർത്തിക്കുകയാണ്.



അവയവ റാക്കറ്റിന്റെ കണ്ണി-അറസ്റ്റിലായ എറണാകുളം എടത്തല സ്വദേശി സജിത്

ഇന്ത്യമുഴുവൻ നീരാളിപിടുത്തത്തിലാക്കിയ അത്തരമൊരു റാക്കറ്റിനെപറ്റി 37 വർഷം മുമ്പ് വിശദപഠനം നടത്തിയെഴുതിയ 'നരഭോജികൾ' എന്ന ലേഖന പരമ്പരക്ക് ഏറ്റവും മികച്ച റിപ്പോർട്ടിങ്ങിനുള്ള കേരള ഗവർമെന്റിന്റെ 1987 ലെ പുരസ്കാരം മുഖ്യമന്ത്രി ഇകെ നായനാരിൽ നിന്നു സ്വീകരിച്ച ആളാണ് ഞാൻ.

കരുണാകരൻ മന്ത്രിസഭയുടെ കാലത്താണ് പത്തു ലക്കങ്ങളിലായി ലേഖനം മലയാള മനോരമയിൽ വന്നത്. സമ്മാനം തന്നത് രണ്ടാം നായനാർ മന്ത്രിസഭയുടെ കാലത്തും. നിയമ സഭയിൽ ലേഖനപരമ്പര ഉയർത്തിക്കാട്ടി പ്രതിപക്ഷ മെമ്പർമാർ ഒച്ചപ്പാടുണ്ടാക്കിയപ്പോൾ ആരോഗ്യമന്ത്രി കെ പി രാമചന്ദ്രൻ നായർ വിശദീകരണവുമായി എണീറ്റു:


പരമ്പരയുടെ അവസാനഖണ്ഡത്തിൽ നിർദ്ദേശിച്ചതുപോലെ മൃതശരീങ്ങളിൽ നിന്ന് കണ്ണ്, വൃക്ക, കരൾ തുടങ്ങിയ അവയവങ്ങൾ ശേഖരിച്ച് രോഗികൾക്ക് നൽകാനുള്ള ബൃഹദ് പദ്ധതി ഗവർമെന്റ് ആവിഷ്ക്കരിക്കുന്നതാണെന്നു അദ്ദേഹം മറുപടി നൽകി. അവയവങ്ങൾ നീതിപൂർവം ആവശ്യക്കാർക്ക് നൽകുന്നതിന് മെഡിക്കൽ കോളേജുകളിൽ വിദഗ്ദ്ധ സമിതികൾ രൂപവൽക്കരിക്കുന്നതാണ്.

എന്തോ ചിലതൊക്കെ നടന്നു. അമേരിക്കയിലും യൂറോപ്പിലെ പല പരിഷ്കൃത രാജ്യങ്ങളിലും റോഡപ

കങ്ങളിൽ മരിക്കുന്നവരുടെ അവയവങ്ങൾ ശേഖരിച്ച് വിതരണം ചെയ്യന്ന രീതിയുണ്ട്. അമേരിക്കയിൽ പോലീസ് ഹെലികോപ്റ്ററിൽ തന്നെ അവ എത്തിക്കാൻ ഏർപ്പാടുണ്ട്. പക്ഷെ ഇവിടെയോ?

എന്താണ് 2024 ലെ സ്ഥിതി? രോഗികൾ കാത്തുകെട്ടി കിടക്കുന്നു. അവർക്കു ആവശ്യത്തിന് അവയവങ്ങൾ കിട്ടുന്നില്ല. പണം മോഹിച്ച് നൽകാൻ തയ്യാറുള്ള പാവപ്പെട്ടവർ ഇറാനിലും ശ്രീലങ്കയിലും (പണ്ട് ഹോങ്കോങ്കിലും ഉണ്ടായിരുന്നു ഈ ഗൂഢസംഘം) മറ്റും അഭയം തേടുന്നു. സർക്കാരിന്റെ കണ്ണ് വെട്ടിച്ച് അവരെ കുരുക്കിലാക്കാൻ അവയവ മാഫിയ വലവിരിക്കുന്നു. ഇത്തരം സംഘങ്ങൾ അന്താരാഷ്ട്ര തലത്തിൽ പ്രവർത്തിക്കുന്നുവെന്ന് പലതവണ തെളിഞ്ഞിട്ടുള്ളതാണ്.

കേരളത്തിൽ അവയവ ശസ്ത്രക്രിയ നിയന്ത്രിക്കാൻ ഗവർമെന്റ് രൂപീകരിച്ച കെഎൻഒഎസ് (കേരള നെറ്റ്വർക് ഓഫ് ഓർഗൻ ഷെയർ) എന്ന സംഘടനയുണ്ട്. അവരുടെ 'മൃതസഞ്ജീവനി' പദ്ധതിയിൽ വൃക്ക, കരൾ, ഹൃദയം എന്നിവയ്ക്കായി രജിസ്റ്റർ ചെയ്തു കാത്തിരിക്കുന്നവർ 2265 പേരുണ്ട്. അവയവ ദാനികളുടെ എണ്ണം കുറയുന്നതിനാൽ ജീവൻ നിലനിർത്താൻ അന്യ അവയവം കൂടിയ തീരു എന്ന സ്ഥിതിയിലാകുന്നവർ ഇടനിലക്കാരുടെ പിന്നാലെ പായുന്നു.



**രണ്ടു വൃക്കകൾ-ഒന്നായാലും ജീവിക്കാം**

തമിഴ് നാട്ടിൽ പലയിടത്തും അവയവ ദാനം ഒരു പാക്കേജാണ്. 20 ലക്ഷം മുതൽ 25 ലക്ഷം വരെ നൽകിയാൽ ദാതാവിനെയടക്കം ആശുപതികൾ സജ്ജീകരിക്കും. കേരളത്തിൽ ശസ്ത്രക്രിയകൾ കുറഞ്ഞതോടെ അത്യാവശ്യക്കാർ തമിഴ്നാട് ആശുപത്രികളിൽ അഭയം തേടുന്നു എന്നാണ് ഒടുവിലത്തെ റിപ്പോർട്ടുകൾ.

കൊല്ലത്ത് ഉളിയക്കോവിലിൽ താമസിക്കുന്ന രാജു എന്ന ചെറുപ്പക്കാരനിൽ നിന്നാണ് 1986ലെ നരഭോജികളുടെ കഥ ആരംഭിക്കുന്നത്. വീട്ടിൽ നിന്ന് പുറപ്പെട്ടു പോയി ബോംബെയിലെ ഒരു ഇറാനിയുടെ ഹോട്ടലിൽ പണിയെടുത്തിരുന്ന അയാൾ, വർഷങ്ങൾ കഴിഞ്ഞു കീശനിരയെ പണവുമായി തിരികെ എത്തുന്നു. ആരെയെകിലും കൊന്നിട്ട് വന്നാതാണോ എന്ന് ബന്ധുക്കൾക്ക് സംശയം.

കഥകൾ മാറ്റിമാറ്റിപ്പറഞ്ഞ അയാളെ അവർ ബലമായി തിരുവന്തപുരത്തു ഗവ. ആശുപതിയിൽ ഹാജരാക്കി. ഡോക്ടർമാരുടെ പരിശാധനയിൽ അയാളുടെ വയറിനു ഇടതു വശത്ത് നീണ്ട മുറിവ് തുന്നികെട്ടിയ പാടു കണ്ടെത്തി. എക്സ്റേയിൽ അയാളുടെ ഒരു വൃക്ക നഷ്ടപെട്ടിരിക്കുന്നതായും വെളിപ്പെട്ടു.

അയാളെ കൊല്ലത്തെ തെരുവോരങ്ങളിൽ തിരഞ്ഞു കണ്ടു പിടിച്ചു. പണമെല്ലാം തീർന്നപ്പോൾ ലോട്ടറികച്ചവടം നടത്തി ജീവിക്കുകയാണ്. അനുനയിപ്പിച്ചപ്പോൾ അയാൾ എല്ലാം തുറന്നു പറഞ്ഞു. ബോംബേ ഹോട്ടലിൽ വയറു വേദനയുമായി ഇരിക്കുമ്പോൾ അവിടെ സ്ഥിരം വരുന്ന ഒരാൾ സഹായിക്കാമെന്ന് ഏറ്റു. പേര് ഗോവിന്ദ്.

ഗോവിന്ദ് വലിയൊരു ആശുപത്രിയിലേക്കു കൂട്ടിക്കൊണ്ടു പോയി. നിരവധി ലാബ് പരിശോധനകൾക്കൊ ടുവിൽ ശസ്ത്രക്രിയ. ഗോവിന്ദ് എന്നും ഓറഞ്ചും ആപ്പിളും വാങ്ങിക്കൊണ്ടുവന്നു സൽക്കരിക്കുമായിരുന്നു. മുറിവ് ഉണങ്ങിയപ്പോൾ തിരുവനന്തപുരത്തേക്കുള്ള വിമാന ടിക്കറ്റും അയ്യായിരം രൂപയും നൽകി യാത്രയാക്കി.

രാജുവിന്റെ പക്കൽ സൂക്ഷിച്ചിരുന്ന ഒട്ടേറെ ലാബ് സർട്ടിഫിക്കറ്റുകളുടെ കോപ്പികളിൽ ഒന്നിൽ വലതു മുകളിലായി ഗോവിന്ദ് എന്ന് രേഖപ്പെടുത്തിയിരുന്നു. രോഗിയെ പരിശോധനക്കു റഫർ ചെയ്ത ഡോക്റ്ററുടെ പേരും കിട്ടി-ദേവദാസ് ഗാന്ധി. അന്വേഷണം ബോംബെയിലേക്ക് നീട്ടിയാലേ മാഫിയയുടെ ചുരുളുകൾ ഒന്നൊയി അഴിക്കാൻ സാധിക്കൂ എന്നുറപ്പായി.

കോട്ടയം മെഡിക്കൽ കോളജിലെ നെഫ്രോളജിസ്റ് (വൃക്കരോഗ വിദഗ്ദ്ധൻ) കാശി വിശ്വേശരനെ കണ്ടു. വൃക്കരോഗം എന്താണെന്നും അത് താൽക്കാലികമായി മറികടക്കാനുള്ള ഡയാലിസിസും (യന്ത്രം മുഖേന രക്തം ശുദ്ധീകരിക്കുക)) ആത്യന്തികമായി വൃക്ക മാറ്റിവയ്ക്കേണ്ടതിന്റെ പ്രാധാന്യവും എന്താണെന്ന് അദ്ദേഹം എന്നെ പഠിപ്പിച്ചു.

അദ്ദേഹത്തോടൊപ്പം മധുരയിൽ ആയിടെ നടന്ന ഒരു ദേശീയ നെഫ്രോളജി സമ്മേളത്തിൽ പങ്കെടുത്തു. അവിടെ പ്രബന്ധം അവതരിപ്പിച്ചവരിൽ ഒരു പ്രമുഖന്റെ പേര് ഗാന്ധി എന്നാണെന്നറിഞ്ഞപ്പോൾ ഞെട്ടലുണ്ടായി. അവയവ റാക്കറ്റിലെ മുഖ്യ പ്രതികളിൽ ഒരാൾ അയാളല്ലേ?



**ഇറാനിലെ ടെഹ്റാനിൽ വൃക്ക വാങ്ങാൻ കാത്തു കിടക്കുന്ന രോഗി-ചിത്രം എഎഫ്പി**



**പാക്ക് പഞ്ചാബിൽ വൃക്ക വിറ്റ ആൾ തുന്നികെട്ടിയ മുറിവ് കാട്ടുന്നു-എഎഫ്പി**

ആദ്യം പോയത് വെല്ലൂർ മെഡിക്കൽ കോളജിലേക്കാണ്. അവിടെ ബന്ധുക്കളിൽ നിന്നു മാത്രമേ കിഡ്നി സ്വീകരിക്കൂ എന്നായിരുന്നു പ്രമാണം. പക്ഷെ ആരെയും ബന്ധുവാക്കാൻ ഏതു റാക്കറ്റിനും കഴിയുമെന്ന് വ്യക്തമായി. അവിടെ ശസ്ത്രക്രിയ കാത്തു കിടക്കുന്നവരെയും അത് കഴിഞ്ഞു വിശ്രമിക്കുന്നവരെയും താമസിപ്പിക്കുന്ന ഒരു 'കിഡ്നി കോളനി' തന്നെ കണ്ടു.

ആശുപത്രി ഗേറ്റിനു മുമ്പിൽ രോഗികൾക്കും കൂട്ടുകിടപ്പുക്കാർക്കും കരിക്കു വിൽക്കുന്ന ഒരു സംഘം ഉണ്ടായിരുന്നു. അവരിൽ പെട്ട ആളാണ് റാക്കറ്റിന്റെ സൂത്രധാരൻ എന്ന് തൊട്ടു പിന്നിൽ ഹോട്ടൽ നടത്തുന്ന മലയാളി സ്വകാര്യമായി പറഞ്ഞു തന്നു. ആൾ സൂത്രക്കാനാണ്. പലതവണ ശ്രമിച്ചാലേ പിടി തരൂ.

ഒടുവിൽ ഇടനിലക്കാരൻ ശെൽവൻ പ്രത്യക്ഷപെട്ടു. കിഡ്നി ദാതാക്കളെ കണ്ടെത്താനായി ഉൾഗ്രാമങ്ങളിൽ പോയി വന്നതാണ്. ഓ പോസിറ്റീവ് രക്തമുള്ള ഗൾഫിലെ ബന്ധുവിന് മാറ്റിവയ്ക്കാൻ അടിയന്തിരമായി വൃക്ക വേണമെന്നും പണം പ്രശ്നമല്ലെന്നും പറഞ്ഞു ബോധ്യപ്പെടുത്തിയപ്പോൾ അയാൾ അയഞ്ഞു. ആശുപത്രിക്കു സമീപമുള്ള വീട്ടിലേക്കു ഊണിനു ക്ഷണിച്ചു. അവിടെ വച്ച് കരാർ ഉറപ്പിക്കാം.

മീൻ കുഴമ്പും ചീരത്തോരനും കൂട്ടിയുള്ള ഊണ് ശെൽവന്റെ പെണ്ടാട്ടി സ്നേഹപൂർവം വിളമ്പി. നല്ലൊരു കിഡ്നിക്ക് ഒരുലക്ഷം രൂപയാണ് ആവശ്യപ്പെട്ടത്. (37 വർഷം മുമ്പാണെന്നു ഓർക്കുക) നാലിലൊന്നു അഡ്വാൻസ് ചെയ്യണം. തർക്കിച്ചു റേറ്റ് 75,000 ആയി കുറപ്പിച്ചു. അയാൾ എന്റെ നേർക്ക് ഒരു വിസിറ്റിങ് കാർഡ് നീട്ടി. 'കെ. ശെൽവൻ, കിഡ്നി ഏജന്റ്, നിയർ മെഡിക്കൽ കോളജ്, വെല്ലൂർ. ഇടതു താഴെ എസ്എസ്സി നമ്പറും വലത്ത് താഴെ ലാൻഡ്ലൈൻ നമ്പരും. ഫോൺ കണക്ഷൻ കിട്ടാനായി എസ്എസ്ഐ (സ്മോൾ സ്കെയിൽ ഇൻഡസ്ട്രി) യായി രജിസ്റ്റർ ചെയ്തതാണ്.

പിറ്റേന്നു അഡ്വാൻസുമായി എത്താമെന്ന് ഇറപ്പു പറഞ്ഞു അവിടെനിന്നു തടി തപ്പി.

അടുത്തതായി ഹൈദ്രബാദ്. അവിടെ ജൈനമതക്കാരുടെ മഹാവീർ ആശുപത്രിയിൽ കിഡ്നി മാറ്റിവയ്ക്കുന്നുണ്ടെന്നും വെല്ലൂ രിലേതു പോലെ പോലെ ബന്ധുവിന്റെ കിഡ്നി എന്ന് നിർബന്ധമില്ലെന്നും കേട്ടിരുന്നു. എല്ലാറ്റിനും രസീത് നൽകി ചിട്ടയായി നടത്തുന്ന സ്ഥാപനമാണ്. ഒടുവിൽ ഡോക്ടർ അമർനാഥിനെ തന്നെ കണ്ടു. ഗൾഫ് രോഗിയുടെ കഥ ആവർത്തിച്ചു. പക്ഷെ...

'ഡോക്ടർ, സർജറിയുടെ തലേദിവസം രോഗിയുടെ പക്കൽ നിന്നു താങ്കൾ നല്ലൊരു തുക വാങ്ങുന്നുണ്ടെന്നും അതിനു രസീത് നൽകുന്നില്ലെന്നും കേൾക്കുന്നല്ലോ. എന്റെ ആളിന് കമ്പനിയിൽ നിന്ന് റിഇമ്പേഴ്സ്മെന്റ് കിട്ടേണ്ടതാണ്. എല്ലാറ്റിനും രസീത് കൂടിയേ തീരു'

ഓപ്പറേഷന് തലേന്ന് രസീത് ഇല്ലാതെ പണം വസൂലാക്കുന്നുവെന്നു പറഞ്ഞ താമസം ഡോക്ടറുടെ മുഖം ചുവന്നു, സംസാരം നിർത്തി. അയാൾ വിറച്ചുകൊണ്ട് ആക്രോശിച്ചു. 'നിങ്ങൾ പറയുന്നത് കള്ളമല്ലേ? നിങ്ങൾ ഇൻകം ടാക്സിൽ നിന്നല്ലേ? അതോ സിബിഐയിൽ നിന്നോ? ''എന്ന് പറഞ്ഞു കൊണ്ട് അദ്ദേഹം തുടരെ ബെല്ലടിച്ചു. 'സംസാരം ഇനിയില്ല. നിങ്ങൾക്കു പോകാം,' യൂണിഫോം ധരിച്ച ഒരു സെക്യ്യരിറ്റിക്കാരൻ വന്നു എന്നെ പുറത്തേക്കു കൂട്ടിക്കൊണ്ടു പോയി.

ബോംബെയുടെ ഇരുളടഞ്ഞ ഗലികളിൽ ആണ് അടുത്ത അന്വേഷണം. ഗോവിന്ദ് പതിവായി വരുന്ന നായേഴ്സ് മെഡിക്കൽ കോളജിന്റെ പരിസരത്തു തമ്പ

ടിച്ച് നടത്തിയ അന്വേഷണം പലദിവസം നീണ്ടു. ഭാഗ്യത്തിനു ഗോവിന്ദിന്റെ നമ്പർ കിട്ടി. ഗൾഫ് രോഗിയുടെ കഥ അവർത്തിച്ച ശേഷം പറഞ്ഞു, ഒന്ന് കണ്ടാൽ കൊള്ളാം, എവിടെയാണ് താമസം? 'കാണാൻ പറ്റില്ല, അഡ്രസ് ഇല്ല' എന്നായിരുന്നു കർക്കശമായ മറുപടി.

വീണ്ടും സഹായം യാചിച്ചപ്പോൾ പിറ്റന്നാൾ ആശുപതിക്കു മുമ്പിൽ വരും. കാത്തു നിന്നാൽ അവിടെ വച്ചു കാണാമെന്നു മറുപടി. അത്രയും രക്ഷയായി. ടെലസ്കോപ്പിക്ക് കാമറയുമായി ഒരു ഫോട്ടോഗ്രാഫറെ ദൂരെ ഒളിപ്പിച്ച് നിർത്തിയെങ്കിലും ഗോവിന്ദ് വന്നതേയില്ല. വീണ്ടും വിളിച്ചു. ഫോൺ എടുക്കുന്നതേയില്ല. ഏത ദിവസമാണ് അങ്ങിനെ കാത്തു നിൽക്കുക?



വൃക്ക നൽകി കബളിപ്പിക്കപ്പെട്ട സ്ത്രീയുമായി അഭിമുഖം: ഏഷ്യാനെറ്റിലെ ജോഷികുര്യൻ

അറബി സംസാരിക്കുന്ന ഗോവിന്ദിനെ അറിയാമെന്നും ആശുപത്രിയിൽ കിഡ്നി ശസ്ത്രക്രിയ ചെയ്യാൻ കിടത്തിയിരിക്കുന്ന യമനിൽ നിന്നുള്ള രോഗികൾക്ക് ഓറഞ്ചും ആപ്പിളുമായി പതിവായി വന്നു പോകാറുണ്ടെന്നും ആശുപത്രിയുടെ മുമ്പിൽ കരിക്കു വിൽക്കുന്ന മലപ്പുറത്തെ അലിയാണ് അടക്കം പറഞ്ഞത്.

ഗൾഫിൽ പോകാൻ ഊഴം കാത്തിരിക്കുന്ന സാധു പയ്യൻ. വിദേശ കൂട്ടുകാരൻ സമ്മാനിച്ച ഒരു ചെറിയ കാമറയുമുണ്ട്. ഗോവിന്ദിന്റെ പടം എടുത്ത് ബോംബെ മനോരമ ഓഫീസിൽ എത്തിച്ചാൽ നല്ല പ്രതിഫലം നൽകാമെന്നു പറഞ്ഞു അലിയെ വിശ്വസിപ്പിച്ച ശേഷം കിട്ടിയ പടങ്ങളും വിവരങ്ങളുമായി ഞാൻ പിറ്റേന്നു രാവിലെ വിമാനത്തിൽ കൊച്ചിയിലേക്ക് പറന്നു.



കിഡ്നി തട്ടിപ്പ് റിപ്പോർട്ടിന് കേരളം ആദരിച്ച ലേഖകനും കുടുംബവും പുരസ്കാരവും

പരമ്പര തുടങ്ങി എട്ടാം ദിവസം ബോംബേ ഓഫീസിൽ നിന്ന് വിളി വന്നു. അലി എന്നൊരു പയ്യൻ ഒരു റോൾ ഫിലിം ഏൽപ്പിച്ചുവെന്ന വിവരം പറയാൻ, വിശ്വസിക്കാൻ കഴിഞ്ഞില്ല. ആ പയ്യൻ പറഞ്ഞ പണി പറ്റിച്ചു! ഫിലിം കയ്യോടെ വിമാനത്തിൽ കൊച്ചിയിലെത്തിക്കാൻ ഏർപ്പാടാക്കി. അവിടെനിന്നു കാറിൽ കോട്ടയത്തേക്ക്.


ബ്ളാക് ആൻഡ് വൈറ്റ് റോളിൽ ഏഴെട്ടു പടങ്ങൾ ഉണ്ടായിരുന്നു. മിക്കവയും കൊള്ളില്ല. പലതും ഔട്ട് ഓഫ് ഫോക്കസ്. ചിലതു ബ്ളാങ്ക്. ഒരെണ്ണത്തിൽ മാത്രം വരയൻ വട്ടക്കഴുത്തു ബനിയൻ ഇട്ട ഒരാളുടെ മുഖത്തിന്റെ പകുതി ഭാഗം തെളിഞ്ഞു കിട്ടി.രക്ഷപെട്ടു. ' വില്ലൻ ഗോവിന്ദനെ കിട്ടി. ചിത്രം നാളെ ' എന്ന് ഒന്നാം പേജിൽ തന്നെ അനൗൺസ്മെന്റ്. അലിക്ക് ബോംബേ ഓഫീസിൽ നിന്ന് ആയിരം രൂപ കൊടുക്കാൻ ഏർപ്പാടാക്കി.

വില്ലന്മാരുടെ വില്ലൻ, അറബി സംസാരിക്കുന്ന ഇടനിലക്കാരൻ, മലയാളിയുടെ കിഡ്നി വാങ്ങി യമനി രോഗി ക്കു വിറ്റ കശ് മലൻ ഗോവിന്ദ്. അയാളുടെ ചിത്രവുമായി അവസാനത്തെ ലക്കം ഇറങ്ങി. ടെലിവിഷൻ കാര്യമായി എത്താത്ത കാലത്തു പരമ്പര ഹിറ്റ് ആയി. 'ഇതിനു അവാർഡ് കിട്ടു'മെന്ന അസോഷ്യേറ്റ് എഡിറ്റർ തോമസ് ജേക്കബിന്റെ പ്രവചനം അച്ചട്ടായി.

മനോരമയെ ഇടതു നേതാക്കൾ കഠിനമായി വിമർശിക്കുന്ന കാലം. എഴുത്തുകാരനും സഹൃദയനുമായ നായനാർ പിന്നീട് മനോരമയിൽ ഒരു പംക്തി വരെ കൈകാര്യം ചെയ്തുവെന്നത് മറ്റൊരു പരമാർത്ഥം. അന്ന് അദ്ദേഹത്തിൽ നിന്ന് അവാർഡ് വാങ്ങുക എന്നത് വീണു കിട്ടിയ ഭാഗ്യം.

അവാർഡ് വാങ്ങി ആറു മാസം കഴിഞ്ഞപ്പോൾ ഒരു നട്ടപ്പാതിരായ്ക്കു പെരുന്തൽമണ്ണയിൽ നിന്ന് ഒരു സംഘം ആളുകൾ ഒരു ജീപ്പിൽ എന്റെ വീട്ടിലെത്തി ബെല്ലടിച്ചു. മനോരമയിൽ പോയി ഗാന്ധി നഗറിൽ കുട്ടികളുടെ ആശുപത്രിക്കു എതിരെയുള്ള എന്റെ വീടിന്റെ വിലാസം വാങ്ങി വന്നതാണ്. ഗൾഫിലെ അവരുടെ ഒരു ബന്ധുവിന് ഒരു കിഡ്നി വേണം. നല്ല ഒരെണ്ണം. പണം പ്രശ്നമല്ല!

പ്രസിദ്ധീകരിച്ച് നാല്പതു വർഷം പിന്നിടുമ്പോൾ ചലച്ചിത്ര പ്രവർത്തകനും നിരൂപകനുമായ വിജയകൃഷ്ണന്റെ "സാർത്ഥവാഹകസംഘം' എന്ന നോവലിന്റെ കണ്ടെടുക്കലും വായനയും






# അധികാരത്തിന്റെ ശവപ്പറമ്പുകൾ

ദുർഗ മനോജ്

എന്തുകൊണ്ടെന്നറിയാതെ ചില പുസ്തകങ്ങൾ അനുവാചക ശ്രദ്ധ അല്പവും കിട്ടാതെ വിസ്മൃതിയിലാണ്ടു പോകാറുണ്ട്. കാലങ്ങളോളം മണ്ണിനടിയിൽ മറഞ്ഞുകിടന്ന ശേഷം പെട്ടെന്നൊരുനാൾ ഒരു പേമാരിയോ ഉരുൾപൊട്ടലോ മണ്ണിനു പുറത്തേക്കു കൊണ്ടെത്തിക്കുന്ന ചില അമൂല്യമായ ചരിത്രശേഷിപ്പുകൾ പോലെയൊരു പുസ്തകം! വിജയകൃഷ്ണൻ എഴുതിയ സാർത്ഥവാഹകസംഘം എന്ന പുസ്തകം വായിച്ചവസാനിപ്പിച്ചപ്പോൾ ഈ ചിന്തയാണ് എന്നിൽ രൂപംകൊണ്ടത്. നാല്പതു വർഷം മുൻപാണ് സാർത്ഥവാഹകസംഘം എന്ന നോവൽ, അതിന്റെ രചയിതാവ് എഴുതി പൂർത്തിയാക്കുന്നതും ഡിസി ബുക്സ് അതിന്റെ ആദ്യ പതിപ്പ് പ്രസിദ്ധീകരിക്കുന്നതും. ചിലത് കാലത്തെ അതിജീവിക്കേണ്ടവയാണ്. ഈ നോവൽ ആ വിശേഷണം ഏറ്റവും അർഹിക്കുന്നു. ഒരു പക്ഷേ, കാലത്തെ കബളിപ്പിക്കുക കൂടി വേണമെന്നത് ഈ രചനയുടെ നിയോഗമായിരുന്നോ എന്നും സംശയിക്കും സാഹിത്യപ്രവർത്തക സഹകരണ സംഘം പ്രസിദ്ധീകരിച്ച ഈ പുസ്തകത്തിന്റെ രണ്ടാം പതിപ്പിന്റെ ആമുഖത്തിൽ രചയിതാവ് വെളിപ്പെടുത്തിയിരിക്കുന്ന കാര്യങ്ങൾ വായിക്കുമ്പോൾ. ഈ പുസ്തകത്തെക്കുറിച്ച് ആദ്യമെഴുതിയത് സാക്ഷാൽ എ. അയ്യപ്പൻ, തുടർന്ന് കവി പി. ഉദയഭാനു. രണ്ടു തവണയും വ്യത്യസ്ത കാരണങ്ങൾ കൊണ്ട് ആ ലേഖനങ്ങൾ വെളിച്ചം കണ്ടില്ല. ആ കഥ ആമുഖത്തിൽ വായിക്കാം.



ഇനി കഥയുടെ ആഴങ്ങളിലേക്കു കടക്കാം.

മൂന്നു ഭാഗങ്ങളായി മുപ്പത് അധ്യായങ്ങ

> **ചില പുസ്തകങ്ങൾ കാലത്തെ അതിജീവിക്കേണ്ടവയാണ്. "സാർത്ഥവാഹകസംഘം' ആ വിശേഷണം ഏറ്റവും അർഹിക്കുന്നു. ഒരു പക്ഷേ, കാലത്തെ കബളിപ്പിക്കുക കൂടി വേണമെന്നത് ഈ രചനയുടെ നിയോഗമായിരുന്നോ എന്നും സംശയിക്കാം**

ളിൽക്കൂടിയാണ് കഥ പറഞ്ഞു പോകുന്നത്. ഈ രചനയുടെ പ്രധാന കഥാപാത്രമായി നിലകൊള്ളുന്നതു മഴയാണ് എന്നു പറയാം. അങ്ങനെയല്ല പ്രകൃതി എന്നതിനെ വിപുലപ്പെടുത്തിയാലും തെറ്റില്ല. മഴയും വെയിലും മനുഷ്യജീവിതത്തിൽ നിഴലും വെളിച്ചവും സൃഷ്ടിച്ച് ജനനവും മരണവും ആവർത്തിക്കുന്ന കാഴ്ചയാണ് ഈ രചനയിൽ പിന്തുടരുന്നതും.

''ശബ്ദങ്ങളെല്ലാം നിശ്ശബ്ദതയിലടങ്ങി.ചലനങ്ങളെല്ലാം നിശ്ചലതയിൽ ലയിച്ചു ' എന്നിങ്ങനെയാണ് ഈ നോവൽ അവസാനിക്കുന്നത്. ആരംഭിക്കുന്നതാകട്ടെ, നിശ്ശബ്ദതയിൽ നിന്നും ശബ്ദങ്ങളുണ്ടായി, നിശ്ചലതയിൽ നിന്നും ചലനങ്ങളുണ്ടായി എന്നും.

**ഈ രചനയുടെ പ്രധാന കഥാപാത്രമായി നിലകൊള്ളുന്നതു മഴയാണ് എന്നു പറയാം. അങ്ങനെയല്ല പ്രകൃതി എന്നതിനെ വിപുലപ്പെടുത്തിയാലും തെറ്റില്ല. മഴയും വെയിലും മനുഷ്യജീവിതത്തിൽ നിഴലും വെളിച്ചവും സൃഷ്ടിച്ച് ജനനവും മരണവും ആവർത്തിക്കുന്ന കാഴ്ചയാണ് ഈ രചനയിൽ പിന്തുടരുന്നതും**

സാർത്ഥവാഹകസംഘം എന്ന നോവൽ നാല്പതു വർഷം മുൻപാണ് എഴുതിയത് എന്നാണ് ആമുഖം സൂചിപ്പിക്കുന്നതെങ്കിലും ഇനിയൊരു നാല്പതു വർഷത്തിനു ശേഷവും ഈ കൃതി മുന്നോട്ടുവയ്ക്കുന്ന ആശയത്തിന് അല്പം പോലും മാറ്റ് കുറയില്ല. കാരണം മനുഷ്യൻ അന്നും ഇന്നും എന്നും ആന്തരികമായി ഒന്നു തന്നെയാണ്. ഒരു ഭാഗത്ത് അധികാരം കീഴ്പ്പെടുത്തുന്നവർ, മറു ഭാഗത്ത് അധികാരികൾ. ഇവർക്കിടയിൽ വിദൂഷകർ, രഹസ്യം ചോർത്തുന്നവർ തുടങ്ങിയവർ, ഇതിലൊന്നും ഉൾപ്പെടാതെ അപൂർവം വേറെ ചിലർ. ഇവർ കഥാപാത്രങ്ങളെ പരസ്പരം വെച്ചുമാറുന്നു എന്നു മാത്രം. ഇന്നത്തെ അധികാരി നാളത്തെ ഉപേക്ഷിക്കപ്പെട്ടവനാകാം. പാർശ്വവത്കരിക്കപ്പെട്ടവരിൽ നിന്നും അധികാരികൾ ഉണ്ടായി വരാം, അവരും കാലത്തിന്റെ കുത്തൊഴുക്കിൽ അലിഞ്ഞപ്രത്യക്ഷമായേക്കാം. ഇവിടെ കഥയുടെ കാലമേതെന്നു ചിന്തിക്കാം, കാളവണ്ടിയും കുടമണികിലുക്കവും സൂചിപ്പിക്കുന്നത് പുരാതനകാലത്തെക്കുറിച്ചാണെങ്കിലും കഥാപാത്രങ്ങളുടെ ചിന്തകൾക്ക് എ ഐ യുഗത്തിലും മാറ്റമില്ലെന്നത് അതിശയമാണ്.

ഇവിടെ പ്രഥമപുരുഷനായി നിന്ന് കഥാകൃത്ത് കഥ പറയുകയാണ്. അയാൾ ജീവന്റെ കണിക പോലും ഇല്ലാത്ത, വെളുത്ത മരുപ്പരപ്പിൽ അനാഥനായി കിടപ്പുണ്ട്. മരണം അയാളിൽ ആധിപത്യം സ്ഥാപിച്ചോ എന്നു സംശയിക്കും മുന്നേ, നിശ്ശബ്ദതയിൽ നിന്നും മെല്ലെ ജീവന്റെ പല വിധ ഒച്ചകൾ ഉയരുകയായി. ജ്ഞാനവാസിഷ്ഠത്തിൽ വിവരിക്കുന്ന മായ എന്ന അവസ്ഥയുടെ മറ്റൊരു അവതരണമാണ് ഈ നോവൽ എന്നും പറയാം. വഴിയരികിലെ ഉപേക്ഷിക്കപ്പെട്ടവനെ അതുവഴി കടന്നുവന്ന കച്ചവട സംഘം കണ്ടെത്തുന്നിടത്ത് കഥ ആരംഭിക്കുന്നു. അവനെ അവർ സ്വന്തം കാളവണ്ടികളിലൊന്നിൽ കയറ്റിക്കിടത്തുന്നു. അതോടെ അവനും അവരിലൊരാളാവുകയാണ്. കണ്ണുതുറന്ന അവൻ ചുറ്റുപാടും പഠിച്ചു. ഇനി അവർ അവനും സ്വന്തം.

എന്തൊക്കെയോ വസ്തുക്കൾ ഒരു ദേശത്തു നിന്നും ശേഖരിച്ച് മറ്റൊരു ദേശത്തു വിറ്റഴിച്ച്, അവിടെ നിന്നും മറ്റു ചരക്കുകൾ വാങ്ങി അനസ്യൂതം തുടരുന്ന യാത്രയാണവരുടേത്. ഒരു നാടും അവരുടേതല്ല, എന്നാൽ എല്ലാ നാടും അവരുടേതുമാണ്.

അത്തരമൊരുവർത്തക സംഘത്തിന് സ്വകാര്യ സ്വത്തുക്കൾ ഇല്ല. അവർ നിരന്തരം സഞ്ചരിക്കുന്നു. സഞ്ചാരമാണ് അവരുടെ ജീവിതം. അങ്ങനെയുള്ള അവർ പൊടുന്നനെ ആർത്തലച്ചു പെയ്യാൻ തുടങ്ങിയ മഴയിൽ വഴിയിൽ അകപ്പെട്ടു പോകുന്നു. തുടർ യാത്ര അവർക്കു മുന്നിൽ അസാധ്യമാകുന്നു. തുടർന്ന്, മനുഷ്യസംസ്കാരം രൂപം കൊണ്ടതെങ്ങനെയെന്നു ഓർമിപ്പിക്കും വിധം കഥ അതിന്റെ ഭാവം സ്വീകരിക്കുന്നു.

''കുഞ്ഞിക്കണ്ണൻ സംഘത്തിന്റെ നേതാവാണ്. പ്രകൃതിശക്തികൾ കൂടി തന്നെ അനുസരിച്ചെങ്കിൽ എന്നയാൾ ആഗ്രഹിക്കുന്നുണ്ടാകാം. താൻ നിൽക്കാൻ ആജ്ഞാപിക്കുമ്പോൾ മഴ നിന്നിരുന്നുവെങ്കിൽ ഇപ്പോൾ കാതങ്ങൾക്കപ്പുറം ഒരു പട്ടണത്തിൽ കച്ചവട സാധനങ്ങൾ കൈമാറുമായിരുന്നു. അതിനു കഴിയാതെ പോയത് തന്റെ നേർക്കുള്ള ഒരു വെല്ലുവിളി പോലെ അയാൾക്കു തോന്നി. '

ഇങ്ങനെയാണ് കുഞ്ഞിക്കണ്ണൻ എന്ന ഏകാധിപതി രൂപം കൊള്ളുന്നത്. വളരെക്കുറച്ചു മാത്രം സംസാരം, ആജ്ഞകൾ മാത്രം പുറപ്പെടുവിക്കുന്ന, മറ്റുള്ളവരെ കേൾക്കാൻ കൂട്ടാക്കാത്ത, നയിക്കാൻ വേണ്ടി ദൈവം നിയോഗിച്ചത് എന്നു മറ്റുള്ളവരേയും വിശ്വസിപ്പിച്ച, ദയ അല്പവും തീണ്ടാത്ത മനുഷ്യൻ, അതാണയാൾ. വിഭാര്യനാണയാൾ.

മറ്റുള്ളവരോടൊപ്പം ഇടപെടാൻ  അയാളുടെ മകൾ പാർവതിക്കും അനുവാദമില്ല.  കുഞ്ഞിക്കണ്ണൻ ആ വലിയ സംഘത്തിന്റെ അനിഷേധ്യ നേതാവാണ്.

അടുത്ത പ്രധാന കഥാപാത്രം എല്ലാം കാണുന്ന അറിയുന്ന ഞാൻ (കഥാകൃത്ത്) തന്നെ.

മനുഷ്യന് അടിസ്ഥാനപരമായി ഒരു വിശ്വാസമോ ആശ്രയമോ ആവശ്യമുണ്ട് മുന്നോട്ടുള്ള ജീവിതത്തിൽ എന്ന നിശ്ചയത്തിൽ നിന്നാണ് പേമാരിയിൽ കുടുങ്ങിപ്പോയ മുന്നോട്ടുള്ള യാത്ര മുടങ്ങിയ സംഘം, ഒരു ഊരിൽ തങ്ങാൻ ഇടയാക്കുന്നതും, അവിടെ അവരെ വിട്ടുപിരിഞ്ഞ കാളി മുത്തശ്ശിയുടെ പേരിൽ ഒരു ഗ്രാമം സ്ഥാപിച്ചതും, അതേ മുത്തശ്ശിക്കായി ഒരു ക്ഷേത്രം ഉയർന്നു വന്നതുമൊക്കെ. അങ്ങനെ കാളിയൂർ ഉണ്ടായി. കാളിയൂരിന് പറയാൻ കഥകളുണ്ടായി. കഥാപുരുഷൻ എല്ലാറ്റിനും സാക്ഷിയാണ്. വർത്തകസംഘം കൃഷിക്കാരായി മാറിയതിന്, പൊതു ഉടമസ്ഥതയിലെ സ്ഥലം പലരുടേതുമായി മാറിയതിന്, അതിൽ ചിലർക്ക് അർഹമായതിലേറെയും മറ്റു ചിലർക്ക് അപ്പാടെ അവഗണനയും ലഭിച്ചതിന്, ചെറിയ കുടിലുകളിൽ നിന്നും ചിലർ മാത്രം വലിയ വീടുകളുടെ ഉടമയായതും ഒക്കെ അവൻ കണ്ടുനിന്നു. പ്രണയം തളിർക്കുന്നതിനും വളർന്നു പടരുന്നതിനും അവസരങ്ങളുടെ വലിയ സാധ്യതയ്ക്കു മുന്നിലതു ഒഴിവാക്കപ്പെടുന്നതിനും, ഒക്കെ അവൻ സാക്ഷിയായി.

വഴിയരികിൽ ഉപേക്ഷിക്കപ്പെട്ടവനു മുന്നിൽ ഒരു ജനപദം രൂപം കൊണ്ടു. പലതിനും അവന് ഉത്തരങ്ങളില്ലായിരുന്നു. അവനു മുന്നിൽ ഭൂതകാലം നഷ്ടമായിരുന്നു. അവൻ വർത്തമാനകാലത്തിൽ നില കൊണ്ടു. അവൻ കാണുന്ന സ്വപ്നങ്ങളും അവന്റെ ചുറ്റും രൂപം കൊണ്ട യാഥാർത്ഥ്യങ്ങളുമാണ് സാർത്ഥവാഹകസംഘം വരച്ചിടുന്ന ലോകം. കുടമണി കിലുക്കി കാതങ്ങൾ താണ്ടിയിരുന്ന കാളവണ്ടികൾ ഇന്ന് കാളിയൂരിലെ ഗ്രാമവാസികൾ നട്ടുനനച്ചു കൊയ്തെടുക്കുന്ന ധാന്യങ്ങൾ പുറം നാടുകളിൽ കച്ചവടം ചെയ്യാൻ വേണ്ടി ആ ഗ്രാമം വിട്ടു യാത്ര ചെയ്യുന്നു. പോയപോലെ ' നേതാവു തെളിക്കുന്ന വഴിയിലൂടെ അവർ മടങ്ങി എത്തുകയും ചെയ്യുന്നു. എല്ലാവരും സമന്മാരായിരിക്കുന്ന ഒരു ലോകം വളരെപ്പെട്ടെന്നാണ് അസമത്വങ്ങളുടെ ഭൂമികയാകുന്നത്.

**കാളവണ്ടിയും കുടമണികിലുക്കവും സൂചിപ്പിക്കുന്നത് പുരാതനകാലത്തെക്കുറിച്ചാണെങ്കിലും കഥാപാത്രങ്ങളുടെ ചിന്തകൾക്ക് എ ഐ യുഗത്തിലും മാറ്റമില്ലെന്നത് അതിശയമാണ്**

വിജയകൃഷ്ണൻ വരച്ചിടുന്ന കാളിയൂരിന് ഒരു പ്രത്യേകതയുണ്ട്. അത് എത്രത്തോളം നൂറ്റാണ്ടുകൾക്കു മുൻപു രൂപം കൊണ്ട ഒരു ആദിമ സംസ്കാരത്തെ വരച്ചിടുന്നു, അത്രത്തോളം തികച്ചും അത്യന്താധുനികമായ ഒരു നഗരജീവിതത്തേയും പ്രതിനിധീകരിക്കുന്നുണ്ട്. മാധ്യമങ്ങളുടെ വായ് മൂടിക്കെട്ടിയ ഇന്നിന്റെ രാഷ്ട്രീയം സാർത്ഥവാഹകസംഘത്തിലും കണ്ടെത്താം. ഏകാധിപതിക്ക് ചെവികളാണെങ്ങും. കാറ്റു പോലും അയാൾക്കു മുന്നിൽ കേട്ടുകേൾവികൾ പൊടിപ്പും തൊങ്ങലും ചേർത്ത് വിളമ്പും. പ്രതിഷേധത്തിന്റെ ചെറുസ്വരം പോലും അയാളെ അസ്വസ്ഥനാക്കും അയാൾക്കോ .അയാളുടെ ശിങ്കിടികൾക്കോ നോട്ടം കൊണ്ട് തന്നെ മറ്റുള്ളവരെ നിയന്ത്രിക്കാനാകും. സാർത്ഥവാഹകസംഘം, എങ്ങനെ ഒരു ഏകാധിപതി രൂപം കൊള്ളുന്നുവെന്നും എങ്ങനെ  കാലം പിന്നീട് അതിന്റെ നീതി നടപ്പാക്കുന്നുവെന്നും വിശദീകരിക്കുന്നുണ്ട്. പാർവതിയും ദാമുവും തമ്മിലുള്ള പ്രണയം, കഥാകാരനും വൈദ്യരുടെ മകൾ ദേവുവുമായുള്ള പ്രണയം, കണ്ണന്റേയും തങ്കയുടേയും പ്രണയം അങ്ങനെ പ്രണയം സൂചിയിൽ കോർത്തെടുത്ത ഈരിഴനൂലുപോലെ നോവലിൽ ആദിമധ്യാന്തം കടന്നുപോകുന്നുണ്ട്. പ്രണയം മാത്രമല്ല, മനുഷ്യരുടെ കഥയല്ലേ രതിയും അതിമനോഹരമായി കൊരുത്തെടുത്തിട്ടുണ്ട് നോവലിൽ.

''കുളി കഴിഞ്ഞു ഞങ്ങൾ മടക്കയാത്ര ആരംഭിച്ചു. ഞങ്ങൾക്ക് ശയ്യാതലമൊരുക്കിയ പാറയോടും മേല്ക്കൂരയായി നിന്ന വൻമരത്തോടും വിടചൊല്ലി. സാക്ഷിയായി നിന്ന ചന്ദ്രനെ മാത്രം കണ്ടുകിട്ടിയില്ല.

''ചന്ദ്രനെ ഇനിയും കാണാമല്ലോ ', ഞാൻ ദേവുവിനെ ആശ്വസിപ്പിച്ചു.

''പക്ഷേ, അത് കാളിയൂരിലെ ചന്ദ്രനല്ലേ? ആ  ചന്ദ്രൻ പാവം, ഇവിടെ നടന്നതൊന്നും അറിഞ്ഞിട്ടില്ല.''

എന്നിങ്ങനെ ഓരോ വാചകത്തിലും അന്തരാർത്ഥങ്ങൾ നിറഞ്ഞിരിക്കുന്നു ഈ രചനയിൽ.

മായൻ എന്നൊരു കഥാപാത്രം സാർത്ഥവാഹകസംഘത്തിൽ എപ്രകാരമാണ് ആഴ്ന്നു നിൽക്കുന്നതെന്ന് പഠനവിഷയമാണ്. മായൻ ശില്പിയാണ്. കാളിയമ്മയുള്ള അമ്പലം പണിതവനാണ്. ഇപ്പോൾ മാതേവനു വീടു പണിയാൻ വിസമ്മതിച്ച അതേ മായൻ കുഞ്ഞിക്കണ്ണന്റെ വീടു പണിയുകയാണ്. ഈ സമയത്താണ് മായനു നേരെ ഒരു ചോദ്യം ഉയരുന്നത്.

''മായനോർമ്മയുണ്ടോ അന്ന് ഇതു പോലൊരു രാത്രിയിൽ നമ്മളൊന്നിച്ചിരുന്നത്? അന്ന് അമ്പലത്തിന്റെ പണി നടക്കുകയായിരുന്നു.

തനതോർക്കുന്നില്ലല്ലോ എന്ന ഭാവത്തിൽ മായൻ എന്നെ നോക്കി. ഞാനാകട്ടെ ആ രാത്രിയെപ്പറ്റി കൂടുതൽ കൂടുതൽ വ്യക്തമായി ഓർക്കുകയായിരുന്നു.

താൻ സൃഷ്ടിച്ചു വെച്ച ഈ ആകാശവും

നക്ഷത്രങ്ങളും പർവതങ്ങളും നദീതടങ്ങളും മാറി നിന്നു നോക്കുമ്പോൾ ദൈവത്തിനെന്തു തോന്നുമെന്നു മായൻ ചോദിച്ചു. പൂർണ്ണമാണെന്നു തോന്നിയാൽ മരിക്കണമെന്നും അപൂർണ്ണമെന്നു തോന്നിയാൽ പൂർണ്ണത കിട്ടും വരെ സൃഷ്ടി തുടരണമെന്നും മായൻ പറഞ്ഞു. '

'ഇല്ല, ഞാനോർക്കുന്നില്ല.'' മായൻ പറഞ്ഞു. അതു കൂട്ടാക്കാതെ ഞാൻ തുടർന്നു:

''ഭംഗിയായി എന്തെങ്കിലുമൊന്നു സൃഷ്ടിച്ചാൽ, അറിഞ്ഞോ അറിയാതെയോ പിന്നെ സൃഷ്ടിക്കുന്നതൊക്കെ മോശമായാൽ എന്തു ചെയ്യണമെന്നു ഞാൻ ചോദിച്ചു.

ഒന്നുകിൽ സൃഷ്ടി നിർത്തണം, അല്ലെങ്കിൽ മരിക്കണം. മായൻ പറഞ്ഞു. '

'ഇല്ല, ഞാനോർക്കുന്നില്ല.''

മായന്റെ ശബ്ദം ഒരു ദീന രോദനം പോലെയോ ഗർജനം പോലെയോ എനിക്കനുഭവപ്പെട്ടു. ഞാൻ എഴുന്നേറ്റു നടന്നു..

**വിജയകൃഷ്ണൻ വരച്ചിടുന്ന കാളിയൂരിന് ഒരു പ്രത്യേകതയുണ്ട്. അത് എത്രത്തോളം നൂറ്റാണ്ടുകൾക്കു മുൻപു രൂപം കൊണ്ട ഒരു ആദിമ സംസ്കാരത്തെ വരച്ചിടുന്നു, അത്രത്തോളം തികച്ചും അത്യന്താധുനികമായ ഒരു നഗരജീവിതത്തേയും പ്രതിനിധീകരിക്കുന്നുണ്ട്. മാധ്യമങ്ങളുടെ വായ് മൂടിക്കെട്ടിയ ഇന്നിന്റെ രാഷ്ട്രീയം സാർത്ഥവാഹകസംഘത്തിലും കണ്ടെത്താം**

എന്നത്തേയും പോലെ വെളുപ്പിനെ കുഞ്ഞിക്കണ്ണന്റെ പണിക്കാർ പണിസ്ഥലത്തെത്തി.ആ കെട്ടിടത്തിന്റെ ഉത്തരത്തിന്മേൽ ആരോ കെട്ടിത്തൂങ്ങിക്കിടക്കുന്ന കാഴ്ച കണ്ട് അവർ ഞെട്ടി. അടുത്തുചെന്നു നോക്കിയപ്പോൾ അവർ സ്തംഭിച്ചു നിന്നു.

അതു മായനായിരുന്നു.''

മായൻ ആത്മഹത്യ ചെയ്തത്, ഒരു വാശി തീർക്കലിനായി സ്വന്തം കഴിവിനെ, കലയെ വ്യഭിചരിച്ചു എന്ന ആത്മനിന്ദയിലാണ്. മായന്റെ, ദാമുവിന്റെ, പിന്നീട് പാർവതിയുടെ അങ്ങനെ നിരപരാധികളുടെ പ്രാണൻ പറിഞ്ഞു പോയ കാളിയൂർ വീണ്ടും ഒരു തിരസ്കൃത ഭൂമി ആകാൻ തുടങ്ങുകയായിരുന്നു.

ഒടുവിൽ നേടിയതൊക്കെ തുലഞ്ഞ്, വെറും പ്രാണൻ മാത്രം കൈയിലുള്ളവരായി അവർ, കാളിയൂരിൽ അവശേഷിച്ചവർ വീണ്ടും യാത്രയാരംഭിക്കുകയായി. അവർ കാളകളെ വണ്ടിയിൽ ബന്ധിച്ചു. ശേഷം മഴയിലേക്ക്, കുതിച്ചുയർന്ന് വെള്ളപ്പാച്ചിലിലേക്ക് നടന്നു തുടങ്ങി.

അപ്പോൾ ഇത്ര നേരം കഥ പറഞ്ഞവനോ?

അപ്പോഴേക്കും അവൻ പ്രണയിച്ച പെണ്ണിനെ മോഹിച്ച കൂനൻ ഒരു കൂർത്ത മുളന്തണ്ടിൽ അവന്റെ പ്രാണനെ കോർത്തു കഴിഞ്ഞിരുന്നു.

''പതുക്കെ, വളരെ പതുക്കെ കുടമണികളുടെ ശബ്ദം കാതിൽ നിന്നകലാൻ തുടങ്ങി.....

....: ശബ്ദങ്ങളെല്ലാം നിശ്ശബ്ദതയിലടങ്ങി. ചലനങ്ങളെല്ലാം നിശ്ചലതയിൽ ലയിച്ചു.''

വിജയകൃഷ്ണൻ രചിച്ച സാർത്ഥവാഹകസംഘം എന്ന ഈ കൃതി മലയാളനോവൽസാഹിത്യത്തിൽ വേറിട്ടു നിൽക്കുന്ന രചനയാണ്. കാളവണ്ടികളിൽ സംഘം ചേർന്നു ദേശാടന യാത്ര നടത്തുന്ന കുറച്ചു മനുഷ്യർ, അവർക്കിടയിൽ പരസ്പര സ്നേഹവും വിശ്വാസവും ഉണ്ട്. അവർ വ്യക്തിപരമായ ലാഭത്തിലുപരി കൂട്ടായ പ്രയത്നത്തെ മാനിക്കുന്ന ജനതയാണ്. പല ദേഹങ്ങളിൽ ഒരു മനസ്സ് അതാണ് ആ കൂട്ടം. അവരിൽ എല്ലാവരുമുണ്ട്. സമൂഹത്തിന്റെ നേർമുറിയാണവർ. ക്ഷുരകനും വൈദ്യനും, പൂജാരിയും, പറമ്പിൽ പൊന്നുവിളയിക്കാനറിയുന്നവരും, മേനിയഴകിനാൽ ആണൊരുത്തനെ കീഴ്പ്പെടുത്താനറിയുന്ന പെണ്ണും, കഞ്ചാവ് പുകച്ചാൽ ആനന്ദമെന്നു കരുതുന്നവനും, അങ്ങനെയങ്ങനെ എല്ലാവരും ചേർന്നതാണാ കൂട്ടം. അവർക്കൊരു തലവനുണ്ട്. അയാളാണ് അധികാരം കൈയാളുന്നവൻ. അയാൾക്കു കീഴിലാണ് മറ്റെല്ലാവരും. അവർ ഇങ്ങനെയാത്ര ചെയ്യുകയാണ്. ആർക്കും സ്വന്തം ഭൂതകാലത്തെക്കുറിച്ചറിവില്ല.അവർ യാത്ര ചെയ്യുന്നു. അവരുടെ ഓർമയുടെ തുടക്കം മുതൽ അവർ യാത്രയിലാണ്. എന്നാൽ അവർക്ക് ആകസ്മികമായി യാത്ര അവസാനിപ്പിക്കേണ്ടി വരുന്നു. അവർ യാത്ര മറന്ന് ഒരു ദേശത്തെ അവരുടേതാക്കുന്നു. ഒടുവിൽ അവിടവും വിട്ട്, വീണ്ടും സഞ്ചാരികളായി....

ഇതിനിടയിൽ കഥ പറയാൻ ഒരാൾ അവർക്കൊപ്പം കടന്നു ചെല്ലുന്നു. അവനും കഥാപാത്രമാകുന്നു. അവർ തുടർയാത്ര തുടങ്ങുമ്പോൾ അവന്റെ യാത്ര അവസാനിച്ചിരുന്നുവെന്നു മാത്രം. ഇതിലെ ഓരോ കഥാപാത്രങ്ങളും പഠനവിധേയമാക്കാൻ തക്കവിധം പ്രൗഢഗാംഭീര്യം നിറഞ്ഞവയാണ്. ഓരോ കഥകളും ഇന്നിന്റെ രാഷ്ട്രീയം കൃത്യമായി വ്യവച്ഛേദിക്കുന്നു.

ഒരു വട്ട വായനയ്ക്കപ്പുറം പലവട്ട വായനയും പഠനവും ആവശ്യപ്പെടുന്ന, സാഹിത്യ കുതുകികളുടെ അടിയന്തിര ശ്രദ്ധയും പഠനവും പതിയേണ്ടതുമായ വളരെ ഗൗരവത്തോടെ സമീപിക്കേണ്ട രചനയാണിത് എന്ന് നിസ്സംശയം പറയാവുന്ന കൃതിയാണ് സാർത്ഥവാഹക സംഘം.







# 45th Annual AKMG CONVENTION

**Aug 29th to 31st, 2024**

**Hilton Bayfront, San Diego, CA**

More Info and Registration

**www.akmg.org**



*We are delighted to welcome*

**our AKMG family!**



AKMG

SAN DIEGO 2024


pravasi CHANNEL HD
Presents
മേളം
NJ MALAYALEES
PAATTUPETTI
ANNUAL SHOW
9.00pm ET
Watch On
INDIA LIFE TV HD
www.indialife.tv
pravasi CHANNEL HD
TO WATCH
THIS PROGRAM
SCAN QR CODE

● മലയാള സിനിമ
/ഐ ഇ എഫ് എഫ് കെ

# സെല്ലുലോയിഡിലെ അതിശയങ്ങൾ

**കോടിയും ഓളവും സൃഷ്ടിക്കുന്ന സിനിമകൾ അല്ല , മലയാളി ഭാവുകത്വത്തെ സ്വാധീനിക്കുന്ന പരീക്ഷണ ചിത്രങ്ങളാണ് മലയാള സിനിമയുടെ ഭാവി നിർണ്ണയിക്കുക**


സണ്ണി ജോസഫ്


ക്രിസ്റ്റൻ ജോസഫ്


സജീവൻ അന്തിക്കാട്


ദീപേഷ് ടി

**◉ പി എസ് ജോസഫ്**

കോടികൾ ചെലവഴിച്ചു കോടികൾ കൊയ്യുകയും കോടികൾ നഷ്ടപ്പെടുത്തുകയും ചെയ്യുന്ന മലയാള സിനിമയിൽ ഒരു അതിശയമായിരിക്കും ക്രിസ്റ്റൻ ജോസഫ് സംവിധാനം ചെയ്ത മെനു (മെൻ യു).എഴുപത്തഞ്ചു മിനിറ്റ് നീളുന്ന ഈ സിനിമ ഒറ്റ ഷോട്ടിൽ സംവിധാനം ചെയ്തതാണ് . അഭിനയം, ചിത്രീകരണം , സംവിധാനം, സാങ്കേതികത ,ലോജിസ്റ്റിക്സ് തുടങ്ങിയവ ഉയർത്തുന്ന വെല്ലുവിളികളെ നേരിട്ട് നിർമ്മിച്ച ഈ ചിത്രത്തിന് വന്ന ചെലവ് ആരെയും അതിശയിപ്പിക്കും .മുപ്പതിനായിരം രൂപ.

പല പരിമിതികളും നേരിട്ടായിരുന്നു ചിത്രം പൂർത്തിയാക്കിയത് .കഥാപാത്രങ്ങളിൽ രണ്ടു പേർ ട്രാൻസ്ജെൻഡർ ആണ് .നേരത്തെ അഭിനയിക്കാത്തവർ .സിറ്റുവേഷൻ പറഞ്ഞു കൊടുത്തുവെങ്കിലും അവർ സ്വയം സംഭാഷണം മുന്നോട്ടു കൊണ്ടു പോകണം അത് പോലെ മറ്റു അഭിനേതാക്കളും .,വൈകാരികമായ അവരുടെ ജീവിതത്തെ തങ്ങളുടെ കഥാപാത്രത്തിനു അനുസൃതമായി അവതരിപ്പിക്കണം, അറിയാതെ പറയുന്ന വാക്കുകൾക്കനുസരിച്ച് മറുപടി ഉണ്ടാകണം. അതോടൊപ്പം തങ്ങളുടെ സ്വഭാവവും തങ്ങൾ അനുഭവിക്കുന്ന ഏകാന്തതയും വിഷമങ്ങളും പുറത്ത് കൊണ്ടു വരണം .നീണ്ട കാത്തി

> **സിനിമയോട് പ്രതിബദ്ധത ഉള്ള നിരവധി സംവിധായകരും സാങ്കേതിക വിദഗ്ദരുമാണ് മലയാള സിനിമയുടെ ശക്തി . അവർ തിയേറ്ററുകളെ നിയന്ത്രിക്കാനോ വിതരണത്തെ സ്വാധീനിക്കാനോ കഴിയുന്നവരല്ല . താരമൂല്യവും പണവും പ്രധാന ഘടകമാകുന്ന ആ ലോകത്തിൻറെ പിന്നാംപുറത്താണ് അവരുടെ നിൽപ്പ് . പ്രതിഭ മാത്രമാണ് അവരുടെ മുതൽമുടക്ക്**

രിപ്പിന് ഒടുവിൽ വരുന്ന അതിഥി അല്ലെങ്കിൽ കാമുകൻ . അയാളുമായി തർക്കവും വേർപിരിയലും .പ
ിന്നെ
പുറത്തു ഒരു രാത്രിക്ക് അന്തിക്കൂട്ടിനു ആളെതേടൽ. അത് ചിത്രീകരിക്കാൻ ക്യാമറയുമായി അടുത്ത ജങ്ക്ഷനിലേക്ക് ഓടണം .അവിടെ വിശാലമായ ദൃശ്യ പശ്ചാത്തലത്തിൽ അവരുമായി വിലപേശുന്ന പുരുഷന്മാർ .അതിൽ അവരുടെ സ്വാഭാവം പുറത്തു കൊണ്ടു വരണം . പിന്നിട് സിനിമക്കുള്ളിലെ സിനിമ .പുറത്തു ഒരു കഫേയിൽ മറ്റൊരു കാഴ്ച .

മുറിയിൽ നിന്ന് ക്യാമറയുമായി പുറത്തേക്ക് പോയതായിരുന്നു വലിയ വെല്ലുവിളി എന്ന് സംവിധായകൻ ക്രിസ്റ്റൻ ജോസഫ് പറയുന്നു അതെ പോലെ സൌണ്ട് റിക്കോഡിംഗ് സൗകര്യം ചിത്രീകരണം തീരുന്നത് വരെ ഉണ്ടാകുമോ എന്ന ഭയം .അതിനുമപ്പുറം തിരക്കുള്ള കവലയിൽ ചിത്രീകരണം നടക്കുമ്പോൾ ആളുകൾ തടിച്ചു കൂടുമോയെന്നു ഭീതി . വിജയകരമായി പൂർത്തിയായെങ്കിലും സൌണ്ട് റെക്കോഡിങ്ങിൽ പോരായ്മ വന്നു എന്ന് സംവിധായകൻ സമ്മതിക്കുന്നു .ഇനി ഇത്തരമൊരു സാഹസത്തിനു ഇല്ലെന്നും .

ഈ വിഭാഗം ചിത്രങ്ങളിൽ ട്രാൻസ് വ്യക്തികളുടെ യാഥാർത്ഥ വിചാര വികാരങ്ങളിലേക്ക് ഉറ്റു നോക്കുന്ന സിനിമയാണിത് എന്ന നിലക്ക് സംവിധായകന് ക്രിസ്റ്റൻ ജോസഫിന് അഭിമാനിക്കാം .ദൈര്ഘ്യം ഇത്തിരി കൂടിയെങ്കിലും

മലയാളത്തിലെ ഇന്നത്തെ പരീക്ഷണ ചിത്രങ്ങളുടെ ഒരു നേർ ചിത്രം കൂടിയാണ് മെനു. കോഴിക്കോട് പ്രതാപ് ജോസഫിന്റെ മിനിമൽ സിനിമ പോലെ പരീക്ഷണ ചിത്രങ്ങൾക്കായുള്ള ഒരു വേദി ഇല്ലെങ്കിൽ ഒരു പക്ഷെ കാണികൾ കാണുക പോലും ചെയ്യാതെ പോകാൻ ഇടയുള്ള ചിത്രങ്ങൾ .മുപ്പത്തിയഞ്ചു ചിത്രങ്ങൾ ഐ ഇ എഫ് എഫ് കെ വഴി പ്രദർശിപ്പിച്ചതായി സംവിധായകനും ഫെസ്റ്റിവൽ ഡയറക്റ്ററുമായ പ്രതാപ് ജോസഫ് പറയുന്നു അതിൽ തന്നെ അഞ്ചു ചിത്രങ്ങളുടെ വേൾഡ് പ്രീമിയർ കൂടിയാണ് ഇത്.

പാൻ ഇന്ത്യൻ ചിത്രത്തിൻറെ ഫോർമുലക്ക് ഇന്ന് മലയാളത്തിലേക്ക് പൊതുവേ ഇന്ത്യ മുഴുവൻ നോക്കുമ്പോൾ വിപണിയുടെ ശക്തിയെ അവഗണിച്ചു നിർമ്മിക്കുന്ന ഈ മലയാള ചിത്രങ്ങൾ നമ്മുടെ ഭാവുകത്വത്തിൽ വലിയ വ്യതിയാനം വരുത്തുന്നു .ഇടക്കി

> **ക്രിസ്റ്റൻ ജോസഫ് സംവിധാനം ചെയ്ത മെനു (മെൻ യു). എഴുപത്തഞ്ചു മിനിറ്റ് നീളുന്ന ഈ സിനിമ ഒറ്റ ഷോട്ടിൽ സംവിധാനം ചെയ്തതാണ്. അഭിനയം ,ചിത്രീകരണം ,സംവിധാനം ,സാങ്കേതികത ,ലോജിസ്റ്റിക്സ് തുടങ്ങിയവ ഉയർത്തുന്ന വെല്ലുവിളികളെ നേരിട്ട് നിർമ്മിച്ച ഈ ചിത്രത്തിന് വന്ന ചെലവ് ആരെയും അതിശയിപ്പിക്കും .**
> **മുപ്പതിനായിരം രൂപ.**



സംവിധായിക ബിന്ദു സാജനും
നിർമ്മാതാവ് കുഞ്ഞികൃഷ്ണനനും

ടെ കഥയും റഷസും മാറ്റുകയും സംവിധായകനെ തന്നെ മാറ്റുകയും ചെയ്യുന്ന വൻ നിർമാതാക്കൾ അല്ല സിനിമയോട് പ്രതിബദ്ധത ഉള്ള നിരവധി സംവിധായകരും സാങ്കേതിക വിദഗ്ദരുമാണ് മലയാള സിനിമയുടെ ശക്തി .അവർ തിയേറ്ററുകളെ നിയന്ത്രിക്കാനോ വിതരണത്തെ സ്വാധീനിക്കാനോ കഴിയുന്നവരല്ല .

താരമൂല്യവും പണവും പ്രധാന ഘടകമാകുന്ന ആ ലോകത്തിൻറെ പിന്നാംപുറത്താണ് അവരുടെ നിൽപ്പ് . പ്രതിഭ മാത്രമാണ് അവരുടെ മുതൽമുടക്ക് . സിനിമയോടുള്ള മോഹം മൂലം കളത്തിൽ ഇറങ്ങിയിരിക്കുന്ന ഈ പ്രതിഭകൾക്ക് തിയേറ്റർ പോലും ഒരു സ്വപ്നമാണ് .എന്നിട്ടും അവർ വീണ്ടും വീണ്ടും സിനിമ ചെയ്യുന്നു .അവർക്ക് കൈപിടിച്ചു കൊടുക്കാൻ തുണയാകേണ്ട ഫിലിം അക്കാദമിക്ക് പോലും അതിനു കഴിയുന്നില്ല എന്നത് വലിയൊരു ദുരന്തമാണ് .

മിനിമൽ സിനിമയിൽ അവതരിപ്പിച്ച ലാ ടോമാറ്റിനോ എന്ന സജീവൻ അന്തിക്കാടിന്റെ ചിത്രം ഒരു ഉദാഹരണമാണ് .എല്ലാ അർത്ഥത്തിലും ഒരു സിനിമ എന്ന നിലയിൽ വലിയ വിജയം ആകേണ്ട ചിത്രമാണിത്. വലിയ താര നിര ഇല്ലെങ്കിലും പ്രേക്ഷകരെ ആകർഷിക്കുന്ന നടന വൈഭവമുള്ള നടി നടന്മാർ ഈ ചിത്രത്തിൽ ഉണ്ട് .പ്രമേയമാകട്ടെ സാർവലൌകികവും. സത്യത്തെ കുഴിച്ചു മൂടാൻ ശ്രമിക്കുന്ന ഭരണകൂടത്തിൻറെ കിരാതമായ ശ്രമങ്ങൾ ആണ് സിനിമയുടെ പ്രമേയം . ആർ ടി ഐ അപേക്ഷ നൽകി അഴിമതി പുറത്തു കൊണ്ടുവരുന്ന വിവരാവകാശ

പോരാളികളെ  കേന്ദ്രീകരിച്ചു എടുത്തിരിക്കുന്ന ഈ സിനിമയെ  ക്ലാസിക് എന്ന് തന്നെ വിശേഷിപ്പിക്കാം . ആദ്യവസാനം സത്യത്തിനു വേണ്ടി പ്രവർത്തിക്കുന്ന സാധാരണക്കാരായ യോദ്ധാക്കളെ ശക്തമായി അവതരിപ്പിക്കുന്ന സജീവൻ അന്തിക്കാട്  ഇനി മാധ്യമങ്ങളുടെ ഭാവി ഇത്തരം സ്രോതസ്സുകളിൽ കൂടിയാണെന്ന് കരുതുന്നു . രവീഷ് കുമാറും ദ്രുത രാവിയും അടങ്ങുന്ന ആ സിറ്റിസെൻ ജേർണലിസത്തിൻറെ പ്രതീകമാണ് ജോയ് മാത്യൂ അവതരിപ്പിക്കുന്ന ലാ ടോമാറ്റിനോയുടെ പത്രാധിപർ .തക്കാളി കുഴച്ചു ആറാടുന്ന സ്പെയിനിലെ ഉത്സവമാണ് ലാ ടോമാറ്റിനോ. ചിത്രം അവസാനിക്കുന്നത് രക്തത്തിൽ ആറാടികൊണ്ടും . അതോടൊപ്പം വിവരാവകാശ പോരാട്ടത്തിൽ മരിച്ച നൂറു കണക്കിന് പേരുടെ പേരുകൾ സ്ക്രീനിൽ നിറയുന്നു .

> **ഒരു സിനിമ എന്ന നിലയിൽ വലിയ വിജയം ആകേണ്ട ചിത്രമാണ് സജീവൻ അന്തിക്കാടിന്റെ ലാ ടോമാറ്റിനോ . വമ്പൻ  താര നിര ഇല്ലെങ്കിലും പ്രേക്ഷകരെ ആകർഷിക്കുന്ന നടന വൈഭവമുള്ള നടി നടന്മാർ ഈ ചിത്രത്തിൽ ഉണ്ട് .. ആർ ടി ഐ അപേക്ഷ നൽകി അഴിമതി പുറത്തു കൊണ്ടുവരുന്ന വിവരാവകാശ പോരാളികളെ  കേന്ദ്രീകരിച്ചു എടുത്തിരിക്കുന്ന ഈ സിനിമയെ  ക്ലാസിക് എന്ന് തന്നെ വിശേഷിപ്പിക്കാം**

ഭരണകൂടം എത്ര വിദഗ്ദമായാണ് തങ്ങളുടെ വിമർശകരുടെ നാവരിയുകയും ഇവിടെ ജീവൻ തന്നെ എടുക്കുകയും ചെയ്യുന്നതെന്ന് കൃതഹസ്തയോടെ സജീവൻ അന്തിക്കാട് ഈ സിനിമയിൽ  അവതരിപ്പിക്കുന്നു .കോമഡിയുടെ പേരിൽ ശ്രദ്ധേയനായ കോട്ടയം നസീർ എന്ന നടൻ ഈ ചിത്രത്തിൽ നിർദ്ദയമായി പീഡനം നടത്തുന്ന പോലീസുകാരനായി പരകായ പ്രവേശം നടത്തുന്നു .അദ്ദേഹത്തിൻറെ ഓരോ വാക്കും ചലനവും ചിത്രത്തിൻറെ അന്തരീക്ഷം മാറ്റി മറിക്കുന്നു .നവാഗത നടൻ അവതരിപ്പിക്കുന്ന പീഡനത്തിൽ മുന്നിൽ നിൽക്കുന്ന   അബുവിനുണ്ടാകുന്ന മനചാഞ്ചല്യം ആണ് ചിത്രത്തിലെ ഒരു പ്രധാന നിമിഷം . ഒടുങ്ങാത്ത പീഡനത്തിനു ജോയ് മാത്യുവിനെ വിധേയനാക്കുന്ന സ്ത്രീ പോലീസുകാരി അവസാനം മനസലിഞ്ഞു അദ്ദേഹത്തിനു രക്ഷപെടാൻ വഴി തന്നെ ഒരുക്കുന്നു

കഠിനമായ പീഡനത്തിനു വിധേനാകുമ്പോഴും ആർജവം കൈ വിടാത്ത പത്രാധിപർ ഒരിക്കൽ  തൻറെ ജേർണലിസം ക്ലാസ്സിൽ ഇരുന്നിരുന്നു  എന്ന് വിഷമത്തോടെ പറയുന്ന ആ പെൺകുട്ടിയോട്  ചോദിക്കുന്നു ?എന്താണ് ന്യൂസ് ?പെൺകുട്ടി പരിഭ്രാന്തയാകുമ്പോൾ അദേഹം പറയുന്നു ,''മറ്റുള്ളവർ മൂടിവെക്കാൻ ആഗ്രഹിക്കുന്നതാണ് ന്യൂസ്...

പോലിസ് ഭീകരതയുടെ പല കഥകളും ഉണ്ടായിട്ടുണ്ട്. എങ്കിലും  ഇത്ര പച്ചയായി ഭരണകൂട ഭീകരത തുറന്നു കാട്ടുന്ന മറ്റൊരു സിനിമ ഉണ്ടായിട്ടില്ല .വളരെ സ്വാതികനെ പോലെ പുറമേ നിന്ന് പീഡനത്തിനു നേത്രത്വം നൽകുന്ന പോലീസ് ഓഫീസറും വളരെ സൂക്ഷ്മം  ആയി ആ ഭാഗം അവതരിപിക്കുന്നു .അവസാനം തങ്ങൾ കണ്ടു പിടിക്കപ്പെടും എന്നായപ്പോൾ പത്രാധിപരെ  കൊലപ്പെടുത്തി കഷണങ്ങൾ ആക്കി കടലിൽ കൊണ്ടു കളയാൻ പോകുന്ന രംഗത്ത്


പ്രതാപ് ജോസഫും ബിന്ദു സാജനും

ചെറിയ ചലനങ്ങളിലൂടെ  സിഗരെട്ടിന്റെ ചെറിയ അനക്കങ്ങൾ വഴി  നമ്മുടെ ഹൃദയത്തിൽ വലിയ മുറിവുകൾ സൃഷ്ടിക്കുന്നു സംവിധായകൻ  .വളരെ ശേഴവേ അയി എടുത്ത മികച്ച ഒരു ദൃശ്യാനുഭാവമാണ് സജീവൻ അന്തിക്കാട് ഈ ചിത്രത്തിലൂടെ നൽകുന്നത് പക്ഷെ അതിനു തിയേറ്റർ ഇല്ല എന്നത് മറ്റൊരു മലയാളി ദുരനുഭവം .

> **എങ്ങനെ വളരെ ദുർബ്ബലരായ മനസുകളെ ഭ്രാന്തമായ മനസുകൾ മസ്തിഷ്ക്ക പ്രക്ഷാളനം ചെയ്യുന്നു എന്ന അന്വേഷണമാണ് ഭൂമിയുടെ ഉപ്പ് എന്ന് സണ്ണി ജോസഫ് പറയുന്നു. ഒരു ക്രൈസ്തവ ആശ്രമത്തിന്റെ പശ്ചാത്തലത്തിൽ രൂപപ്പെടുന്ന നന്മ തിന്മകളുടെ പ്രവർത്തനം ആണ് സണ്ണി ജോസഫ് ഇതിലൂടെ ആവിഷ്ക്കരിക്കുന്നത് .**

മേളയിലെ മറ്റൊരു ആകർഷണം  പ്രശസ്ത സിനിമറ്റൊഗ്രഫർ ആയ സണ്ണി ജോസഫിന്റെ കന്നി  ചിത്രം ഭൂമിയുടെ

ഉപ്പ് ആയിരുന്നു .ഒരു ക്രൈസ്തവ ആശ്രമത്തിന്റെ പശ്ചാത്തലത്തിൽ രൂപപ്പെടുന്ന നന്മ തിന്മകളുടെ പ്രവർത്തനം ആണ് സണ്ണി ജോസഫ് ഇതിലൂടെ ആവിഷ്ക്കരിക്കുന്നത് .എങ്ങനെ വളരെ ദുർബ്ബല രായ മനസുകളെ ഭ്രാന്തമായ മനസുകൾ മസ്തിഷ്ക്ക പ്രക്ഷാളനം ചെയ്യുന്നു എന്ന അന്വേഷണമാണ് ചിത്രമെന്ന് സണ്ണി ജോസഫ് പറയുന്നു .ആശ്രമത്തിൽ എത്തുന്നു വൈദിക വിദ്യാർഥിയെ വല്ലാതെ സ്വാധീനിക്കുന്ന അച്ചനായി രഘുത്തമൻ തിളങ്ങുന്നു .

**ദീപേഷ് ടി സംവിധാനം ചെയ്ത ജൈവം പ്രമേയത്തിന്റെ വൈവിധ്യം കൊണ്ടും മികവുകൊണ്ടും ഏറെ ശ്രദ്ധിക്കപെട്ടു. പൂർണ്ണമായും കറുപ്പിലും വെളുപ്പിലും ചിത്രീകരിച്ചിരിക്കുന്ന ഈ ചിത്രം മധ്യവയസ്‌ക്കയായ ഒരു സ്ത്രീയുടെ മനോവിചാരങ്ങൾ അതിസൂക്ഷ്മമായി ഒപ്പിയെടുത്തിരിക്കുന്നു**

ദീപേഷ് ടി സംവിധാനം ചെയ്ത ജൈവം പ്രമേയത്തിന്റെ വൈവിധ്യം കൊണ്ടും മികവുകൊണ്ടും ഏറെ ശ്രദ്ധിക്കപെട്ടു .പൂർണ്ണമായും കറുപ്പിലും വെളുപ്പിലും ചിത്രീകരിച്ചിരിക്കുന്ന ഈ ചിത്രം മധ്യവയസ്ക്കയായ ഒരു സ്ത്രീയുടെ മനോവിചാരങ്ങൾ അതിസൂക്ഷ്മമായി ഒപ്പിയെടുത്തിരിക്കുന്നു .ആരും കൈകാര്യം ചെയ്യാത്ത ഒരു വിഷയമാണിത് .ചിത്രത്തിലെ നായിക ജീവിച്ചു അഭിനയിക്കുന്നു . മെനോപോസ് കാലത്ത് എത്തിയിരിക്കുന്ന മധ്യവയസ്ക്കയായ ഭാര്യയെ ക്രൂരമായി അവഗണിക്കുന്ന ഒരു ഭർത്താവിന്റെയും ഭാര്യയുടെയും കഥയാണ് ഇത് .മുസ്ലിം പശ്ചാത്തലത്തിൽ നടക്കുന്ന ഈ സിനിമയിൽ യൗവനം കൊഴിഞ്ഞ സ്ത്രീകൾ അനുഭവിക്കുന്ന വ്യഥകൾ ദീപേഷ് ടി ശക്തമായി അവതരിപിക്കുന്നു. അവഗണനക്കും അപ്പുറം മറ്റൊരു സ്ത്രീക്കും പുരുഷനും വേണ്ടിയാണ് ഈ നിരാസം എന്നത് അവരുടെ വേദന കഠിനമാക്കുന്നു . ഒരു സമാന്തര കഥയായി അവരുടെ മകന്റെ പ്രണയഭംഗം അവതരിപ്പിക്കുന്നു .തികച്ചും മത വിശ്വാസിയായിരുന്ന മകനെ പ്രണയം തകർക്കുന്നു .മയക്കു മരുന്നിന് അടിമയാകുന്ന നിലയിലേക്ക് മെഡിക്കൽ വിദ്യാർഥിയായ അയാൾ ഒഴുകി പോകുന്നു ..സിനിമയുടെ മൊത്തം ഒഴുക്കുമായി ചേരുന്നില്ല ഇതെങ്കിലും സംവിധായകന്റെ ധൈര്യം എടുത്തു പറയേണ്ടതാണ് .മുൻപും തൻറെ ചിത്രങ്ങൾ വഴി വ്യത്യസ്ത സമുദായങ്ങളെ പ്രകോപിപ്പിച്ച സംവിധായകനാണ് ദീപേഷ് ടി.

രേഷ്മാൻ ബ്രദേഴ്സിൻറെ ഭൂതം, ഷെഹ്‌റസാദ് പോലെ വ്യത്യസ്ത ചിത്രങ്ങൾ ഉണ്ടായിരുന്ന ഈ മേളയിൽ മറ്റൊരു കൌതുകം ഒരു ഡോക്യു ഫിക്ഷനായ സ്വാമി ആനന്ദ തീർത്ഥൻ: ഒരു നിഷേധിയുടെ ആൽമശക്തി ആണ് .

അത്ര അറിയപ്പെടാത്ത സ്വാമിയെ കണ്ടെത്തി അവതരിപ്പിച്ചത് തന്നെ അഭിമാനാർമായ നേട്ടമാണ് . ബിന്ദു സാജനും അഭിജിത്ത് നാരായണനും സംവിധാനം ചെയ്ത ചിത്രം കേരളം മറന്ന നവോഥാന നായകരിൽ ഒരാളെ അവതരിപ്പിക്കുന്നു .ശ്രീ നാരായണ ഗുരുവിൻറെ അവസാന ശിഷ്യനാണ് സ്വാമി ആനന്ദ തീർത്ഥൻ.വടക്കൻ കേരളത്തിൽ ജാതി വ്യവസ്ഥക്ക് നേരെ പൊരുതിയ വ്യക്തി. കുഞ്ഞുങ്ങൾക്ക് വിദ്യാഭ്യാസം നൽകാനും അഗതികളായ കുഞ്ഞുങ്ങളെ പരിപാലിക്കാനും ശ്രമിച്ച വ്യക്തി സ്വാതന്ത്ര്യത്തിനു ശേഷവും നിയമപരമായ മാർഗങ്ങളിലൂടെ ജാതിക്കെതിരെ സമരം ചെയ്ത സന്യാസിവര്യനായിരുന്നു അദ്ദേഹം .

അദ്ദേഹത്തെ അറിഞ്ഞിരുന്ന അദ്ദേഹത്തിൻറെ കനിവിൽ ജീവിതം ലഭിച്ച വ്യക്തികളുടെ കണ്ണിലൂടെ ആ ജീവിതം പുനർ ജനിക്കുന്നു മാത്രമല്ല ആനന്ദതീർത്ഥനു ചേർന്ന അഭിനയം കാഴ്ചവെയ്ക്കുന്ന ഒരാളാണ് ചിത്രത്തിൽ അഭിനയിക്കുന്നത് ആനന്ദ തീർത്ഥനെ അടുത്തറിയുന്ന കുഞ്ഞു കൃഷ്ണനാണ് സിനിമയുടെ നിർമ്മാതാവ് . നല്ല ക്യാമറ .ഒഴുക്കുള്ള എഡിറ്റിംഗ് കേരളത്തിലും തമിഴ് നാട്ടിലും ആയി ചിത്രീകരിച്ച ഈ സിനിമ ഒരു തപസ്യ തന്നെയായി

**കോഴിക്കോട് പ്രതാപ് ജോസഫിന്റെ മിനിമൽ സിനിമ പോലെ പരീക്ഷണ ചിത്രങ്ങൾക്കായുള്ള ഒരു വേദി ഇല്ലെങ്കിൽ ഒരു പക്ഷെ കാണികൾ കാണുക പോലും ചെയ്യാതെ പോകാൻ ഇടയുള്ള . മുപ്പത്തിയഞ്ചു ചിത്രങ്ങൾ ഐ ഇ എഫ് എഫ് കെ വഴി പ്രദർശിപ്പിച്ചതായി സംവിധായകനും ഫെസ്റ്റിവൽ ഡയറക്റ്ററുമായ പ്രതാപ് ജോസഫ് പറയുന്നു അതിൽ തന്നെ അഞ്ചു ചിത്രങ്ങളുടെ വേൾഡ് പ്രീമിയർ കൂടിയാണ് ഇത്**


പ്രേം ചന്ദും മുക്തയും സംവിധാനം ചെയ്ത .ജോൺ എന്ന ചിത്രം ഉൾപ്പെടുത്തിയത് കൊണ്ടോ എന്നറിയില്ല ഇന്നും ജോൺ സിനിമയിലെ പുതു തലമുറയുടെ വികാരം ആണെന്ന് ഫെസ്റിവൽ ഓർമ്മ പെടുത്തി .ജോൺചിത്രങ്ങൾ പെർഫെക്റ്റ് ആയിരുന്നില്ലെന്ന് എല്ലാവരും സമ്മതിച്ചു.പക്ഷെ ആ അപൂർണ്ണത അല്ലെ പൂർണ്ണത എന്നായിരുന്നു ചോദ്യം കല imperfect ആയാൽ അതിൽ എന്താണ് തെറ്റ് എന്നായിരുന്നു ചോദ്യം


MediaAppUSA
DOWNLOAD
MediaAppUSA
ENTER to
WIN
FREE
Scan
QR Code
to Download
App
Instantly
iPhone 15 Pro
Titanium
How to WIN
iPhone 15 Pro
Download MediaAppUSA from Apple Store or Google Play Store
Download on the App Store
ANDROID APP ON Google play
Once you download and register and login to the App, your email will be automatically entered to win. Restrictions apply. This offer is valid only for anyone who downloads the app from June 1st until June 30th, 2024. You can enter from anywhere except legally restricted by any States or Countries. For complete details and rules visit medialogistics.us/downloadandwinrules. Winner will be announced on July 7th, 2024 via all Media Outlets. No purchase necessary.

● സിനിമ /കോളം

**അഭ്രപാളികളിൽ ഇതിഹാസങ്ങൾ രചിച്ചവർ 7**

**അഞ്ച് പതിറ്റാണ്ടിലേറെ ചലച്ചിത്രനിരൂപകനായും ചരിത്രകാരനായും പ്രവർത്തിച്ച ഏബ്രഹാം തോമസ് എഴുതുന്ന കോളം അഭ്രപാളികളിൽ ഇതിഹാസങ്ങൾ രചിച്ചവർ ചലച്ചിത്രത്തിലെ അപൂർവ പ്രതിഭകളുടെ സർഗജീവിതത്തിലേക്ക് വഴിതുറക്കുന്ന വ്യത്യസ്തമായ ലേഖനങ്ങളാണ്.**



# അടൂർ ഗോപാലകൃഷ്ണൻ

## മലയാളിയുടെ ദൃശ്യബോധം തിരുത്തിയ സംവിധായകൻ

**ഏബ്രഹാം തോമസ്**




ഇന്ത്യൻ സിനിമാരംഗത്ത് ഭാഗ്യദേവത ഇത്രയധികം കനിഞ്ഞ് അനുഗ്രഹിച്ച അടൂർ ഗോപാലകൃഷ്ണനെ പോലെയാകാൻ അനവധി സംവിധായകൻ ആഗ്രഹിക്കുന്നുണ്ടാകും. 16 തവണ ദേശീയ അവാർഡുകൾ, 17 തവണ കേരള സംസ്ഥാന ഫിലിം അവാർഡുകൾ, പത്മശ്രീ, പത്മവിഭൂഷൺ, ദാദാസാഹേബ് ഫാൽക്കേ അവാർഡ് (കേന്ദ്ര ഗവൺമെന്റ്), ജെസി ഡാനിയേൽ അവാർഡ്(കേരള ഗവൺമെന്റ്), വെനീസ്, കാൻ, ടൊറോന്റോ ചലച്ചിത്ര മേളകളിൽ അംഗീകാരം, സത്യജിത് ഫിലിം ഇൻസ്റ്റിട്യൂട്ട് (കോട്ടയം) തുങ്ങി അന്തമില്ലാത്ത ബഹുമതികൾ അടൂരിനെ തേടിയെത്തി. മറ്റ് പല സമാന്തര സിനിമാ സംവിധായകരെ പോലെ സാമ്പത്തിക ഭദ്രതയില്ലാത്ത ഒരു ജീവിതത്തിലേയ്ക്ക് അടൂരിന് മടങ്ങേണ്ടി വന്നില്ല.

1964 ൽ പൂനേയിലെ ഫിലിം ഇൻസ്റ്റിട്യൂട്ടിൽ നിന്ന് സ്ക്രിപ്റ്റ് റൈറ്റിംഗിലും സംവിധാനത്തിലും ബിരുദം എടുത്ത് മുതൽ ലഘുചിത്രങ്ങളും, ഡോക്യുമെന്ററികളും എടുത്തു വന്ന അടൂർ 1972ൽ തന്റെ 'സ്വയംവരം' എന്ന ചിത്രത്തിനു ദേശീയ അവാർഡ് നേടി ചലച്ചിത്ര നിർമ്മാണത്തിന്റെ അതുവരെയുള്ള പല ധാരണകളും മാറ്റിക്കുറിച്ചു. അതുവരെ 'ചെമ്മീൻ' നേടിയ ബഹുമതികളിൽ അഭിരമിച്ചിരുന്ന മലയാള സിനിമയ്ക്ക് ലഘു ബജറ്റിൽ നിർമ്മിച്ച ഒരു ചിത്രത്തിലൂടെ വീണ്ടും ഉയരങ്ങൾ കീഴടക്കാൻ കഴിയുമെന്ന ആധികാരമായ സാക്ഷ്യപത്രം ലഭിച്ചു. മലയാള ആനുകാലികങ്ങളും ദൂരദർശനും സ്വയംവരത്തെ ആസ്വാദക ഹൃദയങ്ങളിൽ നിലനിർത്തി.

**അടൂർ 1972ൽ തന്റെ 'സ്വയംവരം' എന്ന ചിത്രത്തിനു ദേശീയ അവാർഡ് നേടി ചലച്ചിത്ര നിർമ്മാണത്തിന്റെ അതുവരെയുള്ള പല ധാരണകളും മാറ്റിക്കുറിച്ചു.**

വീണ്ടും ലഘുചിത്രങ്ങളും ഡോക്യുമെന്ററികളും എടുത്തതിന് ശേഷം 1977ൽ സംവിധാനം ചെയ്ത 'കൊടിയേറ്റം' ഏറ്റവും നല്ല മലയാള ചിത്രത്തിനും നല്ല നടനുമുള്ള ദേശീയ അവാർഡുകൾ നേടി. വിവാഹിതനാകാതെ, ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാതെ അമ്പലപ്പറമ്പുകളിൽ നിന്ന് അമ്പലപ്പറമ്പുകളിലേയ്ക്ക് അലഞ്ഞു നടക്കുന്ന യൗവ്വനം പിന്നിട്ട ഒരു പുരുഷന്റെ കഥ അടൂർ കഴിവ



തും സംഭാഷണം ഒഴിവാക്കി ദൃശ്യഭാഷയ്ക്ക് പ്രാധാന്യം നൽകി അടൂർ അവതരിപ്പിച്ചപ്പോൾ പോരായ്മകൾ വിസ്മരിച്ച് ഈ ചലച്ചിത്രം നെഞ്ചിലേറ്റുവാൻ സമാന്തര സിനിമയുടെ ആരാധകർ തയ്യാറായി. നാടകത്തിലെ അനുഭവസമ്പത്ത് കഥാനായകനായി പ്രത്യക്ഷപ്പെട്ട ഗോപിക്ക് മുതൽക്കൂട്ടായി. നല്ല നടനുള്ള അവാർഡ് അന്ന് ഭരത് അവാർഡായി അറിഞ്ഞിരുന്നു. ഗോപിയുടെ പേരിന് മുന്നിൽ ഇന്നും ആ വിശേഷണം തുടരുന്നു.

കേരളത്തിൽ ഒരു പുതിയ സിനിമ സംസ്കാരത്തിന് നാന്ദികുറിച്ച് അടൂർ ചലച്ചിത്ര നിർമ്മാണത്തിന് ഒരു സഹകരണ സ്ഥാപനം, ചിത്രലേഖ ഫിലിം സൊസൈറ്റിക്ക് തുടക്കമിട്ടു. ദേശീയ ഫിലിം ഫെസ്റ്റിവലിൽ പ്രദർശിപ്പിക്കുവാൻ വേണ്ടി 'കൊടിയേറ്റ'ത്തിന്റെ പ്രിന്റുമായി അടൂർ നടനും ചിത്രലേഖയുടെ സെക്രട്ടറിയുമായിരുന്ന കരമന ജനാർദ്ദനൻ നായർക്കൊപ്പം ബോംബെ വഴിയാണ് ഡൽഹിക്ക് പോയത്. ബോംബെയിലെ നാഷ്ണൽ സെന്റർ പെർഫോമിംഗ് ആർട്സ്(എൻസിപിഎ)ഓഡിറ്റോറിയത്തിൽ പത്രക്കാർക്ക് വേണ്ടി ഒരു ഷോ നടത്തിയപ്പോൾ പബ്ലിക്ക് റിലേഷൻസ് കൈകാര്യം ചെയ്ത വ്യക്തി എന്നെ ക്ഷണിച്ചു.

**വിവാഹിതനാകാതെ, ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാതെ അമ്പലപ്പറമ്പുകളിൽ നിന്ന് അമ്പലപ്പറമ്പുകളിലേയ്ക്ക് അലഞ്ഞു നടക്കുന്ന യൗവ്വനം പിന്നിട്ട ഒരു പുരുഷന്റെ കഥ അടൂർ കഴിവതും സംഭാഷണം ഒഴിവാക്കി ദൃശ്യഭാഷയ്ക്ക് പ്രാധാന്യം നൽകി അടൂർ അവതരിപ്പിച്ചപ്പോൾ പോരായ്മകൾ വിസ്മരിച്ച് ഈ ചലച്ചിത്രം നെഞ്ചിലേറ്റുവാൻ സമാന്തര സിനിമയുടെ ആരാധകർ തയ്യാറായി. നാടകത്തിലെ അനുഭവസമ്പത്ത് കഥാനായകനായി പ്രത്യക്ഷപ്പെട്ട ഗോപിക്ക് മുതൽക്കൂട്ടായി.**

പ്രസ്ഷോയിലാണ് അടൂരിനെ ഞാൻ ആദ്യമായി കണ്ടത്. കൊടിയേറ്റത്തിന്റെ ആ പ്രിന്റിന് സബ് ടൈറ്റിലുകൾ ഉണ്ടായിരുന്നില്ല. സംഭാഷണം ഇംഗ്ലീഷിലാക്കി അടൂർ പ്രേക്ഷകരുടെ ഇയർഫോണുകളിൽ എത്തിച്ചു. എന്തായാലും സംഭാഷണം വളരെ കുറവായിരുന്നതിനാൽ അടൂരിന്റെ ജോലി ലഘുവായിരുന്നു. ഒരു അഭിമുഖത്തിന് അടുത്ത ദിവസം ഞാൻ ജോലി ചെയ്തിരുന്ന ബാങ്കിന്റെ ഓഫീസിൽ എത്താമെന്ന് അടൂർ പറഞ്ഞു.

അടുത്ത ദിവസം അടൂരും കരമനയും എന്റെ ഓഫീസിൽ എത്തി. ഓഫീസിലെ കാന്റീനിലിരുന്ന് ഞങ്ങൾ ദീർഘനേരം സംസാരിച്ചു. അക്കാലത്ത് ഹിന്ദിയിലെ ചില സമാന്തര സിനിമ സംവിധായകർ എന്നോട് പറഞ്ഞിട്ടുള്ളത് പോലെയായിരുന്നു അടൂരിന്റെ വീക്ഷണങ്ങളും. പ്രേക്ഷകനോട് ഉത്തരവാദിത്വമില്ല, തന്റെ സിനിമ മനസ്സിലായില്ല എന്ന് പറഞ്ഞവർക്ക് ക്ലാസ്സുകൾ സംഘടിപ്പിക്കുക, സിനിമയിൽ ഗാനങ്ങൾ വേണമെന്ന് തനിക്ക് അഭിപ്രായമില്ല തുടങ്ങിയ പ്രതികരണങ്ങൾ പലകോണുകളിൽ നിന്ന് ഞാൻ കേട്ടിരുന്നു. ഹിന്ദിയിൽ ഒരു ചിത്രം എടുക്കുന്നതിനെക്കുറിച്ച് ആലോചിട്ടില്ലെന്നും അടൂർ പറഞ്ഞു.

പിന്നീട് അടൂരിനെ ഞാൻ കാണുന്നത് അമേരിക്ക

യിലെ മലയാളി എഴുത്തുകാരുടെ സംഘടന (ലാന) സംഘടിപ്പിച്ച ആദ്യ അന്താരാഷ്ട്ര സമ്മേളനത്തിലാണ്. ആദ്യദിവസം സമ്മേളനം ഉദ്ഘാടനം ചെയ്തത് അടൂരായിരുന്നു. സംഘടനയുടെ സെക്രട്ടറി എന്ന നിലയിൽ അടൂരിനെ ഞാൻ സ്വാഗതം ചെയ്തു. ചലച്ചിത്രമേഖലയിൽ ഇന്ത്യാഗവൺമെന്റ് നൽകുന്ന പരമോന്നത ബഹുമതിയാണ് ദാദാ സാഹേബ് ഫാൽക്കേ അവാർഡ്. അത് വരെ(2004 ജനുവരി) ഈ അവാർഡ് മലയാള സിനിമയിൽ പ്രവർത്തിച്ചിട്ടുള്ള ആർക്കും ലഭിച്ചിരുന്നില്ല. ഈ വസ്തുത ചൂണ്ടിക്കാട്ടി ഫാൽക്കേ അവാർഡിന് അടൂരിനെ പരിഗണിക്കണം എന്ന് ഞാൻ സ്വാഗത പ്രസംഗത്തിൽ പറഞ്ഞു. ഇതിന് പ്രതികരണമായി സാധാരണ സിനിമാരംഗത്തുള്ളവരുടെ അവസാന കാലത്താണ് ഫാൽക്കേ അവാർഡ് നൽകുന്നത്. തനിക്ക് അത്രയും പ്രായമായിട്ടില്ല എന്ന് അടൂർ പറഞ്ഞു. ജീവിതത്തിന്റെ അന്തിമ കാലഘട്ടത്തിലല്ലാതെ തന്നെ ഫാൽക്കേ അവാർഡ് നേടിയ ഒട്ടനവധി പേരുകൾ ഞാൻ മറുപടി പറഞ്ഞപ്പോൾ നൽകി. എന്തായാലും 2004 അവസാനം ഫാൽക്കേ അവാർഡ് പ്രഖ്യാപിച്ചപ്പോൾ അടൂരിന്റെ പേരാണ് ഉണ്ടായിരുന്നത്.

> **കേരളത്തിൽ ഒരു പുതിയ സിനിമ സംസ്കാരത്തിന് നാന്ദികുറിച്ച് അടൂർ ചലച്ചിത്ര നിർമ്മാണത്തിന് ഒരു സഹകരണ സ്ഥാപനം, ചിത്രലേഖ ഫിലിം സൊസൈറ്റിക്ക് തുടക്കമിട്ടു.**



കൊടിയേറ്റത്തിന് ശേഷം എലിപ്പത്തായം, മുഖാമുഖം, അനന്തരം, മതിലുകൾ, വിധേയൻ, കഥാപുരുഷൻ, നിഴൽക്കൂത്ത്, നാല് പെണ്ണുങ്ങൾ, ഒരു പെണ്ണും രണ്ടാണും എന്നീ ചലച്ചിത്രങ്ങളും ലഘുചിത്രങ്ങളും കാഴ്ചവയ്ക്കുകയും ഇവയ്ക്കെല്ലാം അവാർഡുകളും പ്രശസ്തി പത്രങ്ങളും വാരിക്കൂട്ടുകയും ചെയ്തു. അടൂർ-വൈക്കം മുഹമ്മദ് ബഷീറിന്റെ മതിലുകൾക്ക് വലിയ പ്രസിദ്ധി ലഭിച്ചു. കൊടിയേറ്റം ഉൾപ്പെടെ അടൂരിന്റെ നാല് ചിത്രങ്ങളിൽ അഭിനയിച്ച ഗോപിയും മലയാളതാര നടീനടന്മാരിൽ പലരും അടൂർ ചിത്രങ്ങളിലൂടെ തങ്ങളുടെ കരിയറുകൾക്ക് പുതിയ ഊർജ്ജം പകർന്നു. നാല് പെണ്ണുങ്ങൾക്കും എലിപ്പത്തായത്തിനും, അനന്തരത്തിനും മികച്ച സംവിധായകനുള്ള ദേശീയ അവാർഡും കൊടിയേറ്റം, എലിപ്പത്തായം, മതിലുകൾ, വിധേയൻ, നിഴൽക്കൂത്ത് എന്നിവയ്ക്ക് ഏറ്റവും നല്ല മലയാളചിത്രങ്ങൾക്കും അവാർഡുകൾ നേടി(ലിസ്റ്റ് പൂർണ്ണമാണോ എന്ന് പറയാനാവില്ല.) 1985 140 മിനിറ്റ് ദൈർഘ്യമുള്ള 'ഈ (യു) ഗംഗ' എന്ന ചിത്രം സംവിധാനം ചെയ്തു. ഇതിന് പാരിസ് ഡോക്യുമെന്ററി മേളയിൽ ഗ്രാന്റ് പ്രൈസ് ലഭിച്ചു. 2005 ൽ കലാമണ്ഡലം രാമൻകുട്ടി നായരെക്കുറിച്ചു ഒരു ഡോക്യുമെന്റി സംവിധാനം ചെയ്തു.

1972 ൽ മലയാള സിനിമയിൽ സ്വയം വരത്തിലൂടെ ഒരു പുതിയ സിനിമാസംസ്കാരത്തിന് തുടക്കം കുറിച്ച അടൂർ ഒട്ടനവധി പുതിയ ചലച്ചിത്ര സ്ംവിധായകർക്ക് പ്രേരണയും പുത്തൻ ഉണർവ്വും നൽകി. മൂന്നു നാല് ദശാബ്ദങ്ങൾക്കിപ്പുറം പുതിയ ചിന്തകളും തലമുറകളുടെ വ്യത്യസ്തമായ കാഴ്ചപ്പാടും അടൂരിനെ പോലെയുള്ള സംവിധായകരുടെ സിനിമാ സങ്കല്പങ്ങൾക്ക് മാറ്റം വരുത്തിയിട്ടുണ്ടാകും. എങ്കിലും ഇവരുടെ സംഭാവനകൾ ഒരു കാലത്തും വിസ്മരിക്കപ്പെടുകയില്ല.

വിവാദങ്ങളിലേയ്ക്ക് അടൂരിന്റെ പേര് വലിച്ചിഴയ്ക്കപ്പെട്ടിട്ടുണ്ട്. മുഖാമുഖത്തിന് വലിയ വിമർശനം നേരിടേണ്ടി വന്നു. വിധേയന്റെ കഥാകൃത്ത് സക്കറിയ അടൂരുമായി ഏറ്റുമുട്ടി. 2023 ൽ കെ.ആർ.നാരായണൻ നാഷ്ണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആൻഡ് ആർട്സ് ഡയറക്ടർ ശങ്കർ മോഹനും വിദ്യാർത്ഥികളുമായുള്ള തർക്കങ്ങളിൽ അടൂർ മോഹനെ ന്യായീകരിച്ചത് വിവാദങ്ങൾക്ക് കാരണമായി.

1941 ജൂലൈ 3ന് അടൂരിനടുത്ത പള്ളിക്കൽ ഗ്രാമത്തിലാണ് അടൂർ ജനിച്ചത്. 1961ൽ ഗാന്ധിഗ്രാം റൂറൽ ഇൻസ്റ്റിട്യൂട്ടിൽ നിന്ന് ഇക്കണോമിക്സിൽ ബിരുദം എടുത്തു. 9 ഫീച്ചർ ഫിലിമുകളും 30 ലഘുചിത്രങ്ങളും ഡോക്യുമെന്ററികളും സംവിധാനം ചെയ്യുകയും അനവധി ലേഖനങ്ങളും പുസ്തകങ്ങളും എഴുതുകയും ചെയ്തു. യൂണിവേഴ്സിറ്റി ഓഫ് വിസ്കോൺസിൽ അറ്റ്മിൽ വോക്കിയിലെ പെക്ക് സ്ക്കൂൾ ഓഫ് ആർട്ട്സിൽ അടൂർ ഗോപാലാകൃഷ്ണൻ ഫിലിം ആർക്കൈവ് ആൻഡ് റിസർച്ച് സെന്റർ സ്ഥാപിച്ചിട്ടുണ്ട്. ഏക മകൾ അശ്വതി ദോർജെ മുംബൈ പോലീസിൽ ഡെപ്യൂട്ടി കമ്മീഷ്ണർ(ആക്ടിംഗ്)ആണ്.

> **മൂന്നു നാല് ദശാബ്ദങ്ങൾക്കിപ്പുറം പുതിയ ചിന്തകളും തലമുറകളുടെ വ്യത്യസ്തമായ കാഴ്ചപ്പാടും അടൂരിനെ പോലെയുള്ള സംവിധായകരുടെ സിനിമാ സങ്കല്പങ്ങൾക്ക് മാറ്റം വരുത്തിയിട്ടുണ്ടാകും. എങ്കിലും ഇവരുടെ സംഭാവനകൾ ഒരു കാലത്തും വിസ്മരിക്കപ്പെടുകയില്ല.**

# ദൈവവിളി തേടിയെത്തിയ കേൾവി പരിമിതൻ



**ഇന്ത്യയിലെ ആദ്യത്തെ കേൾവി പരിമിതിയുള്ള കാത്തോലിക്ക വൈദീകൻ ഫാ . ജോസഫ് തേർമഠം യു എസിൽ സെമിനാരി പഠനം പൂർത്തിയാക്കി പ്രേക്ഷിതവൃത്തിയിൽ വ്യാപരിക്കുകയാണ് ..**

**◉ ആന്റണി കണയംപ്ലാക്കൽ**

യേശു ക്രിസ്തുവിനെ കാണാൻ കുള്ളനായ സക്കെവുസ് ഒരു മരത്തിൽ കയറി നിന്ന കഥ ബൈബിളിലെ ഹൃദയം ദ്രവിപ്പിക്കുന്ന ഒരു സന്ദർഭമാണ് . പ്ജോരമുഖ കവി ജോൺ മിൽട്ടൻ അത് ഒരു മികച്ച കാവ്യ സന്ദർഭമാക്കി .കാത്തിരിക്കുന്നവരും ഈശ്വരനെ സേവിക്കുന്നു എന്ന അദ്ദേഹത്തിൻറെ കണ്ടെത്തൽ ക്രൈസ്തവ വിശ്വാസത്തിന്റെ ആധാരശിലയാണ് .അദമ്യമായ പ്രതീക്ഷ ആണ് അതിന്റെ കാതൽ .ഫാ.ജോസഫ് തേർമഠം ആ ക്രൈസ്തവ പ്രതീക്ഷയുടെ മകുടോദാഹരണമാണ്.

ഇന്ത്യയിലെ ആദ്യത്തെ കേൾവി പരിമിതിയുള്ള കാത്തോലിക്ക വൈദീകൻ യു എസിൽ സെമിനാരി പഠനം പൂർത്തിയാക്കി പ്രേക്ഷിതവൃത്തിയിൽ വ്യാപരിക്കുകയാണ് .. ദൈവവിളി കേൾക്കാൻ കേൾവി പരിമിതി ഒരു പരിമിതിയേയല്ല . സാക്ഷ്യപ്പെടുത്തുന്നത് ഫാ . ജോസഫ് തേർമഠം (38 ) . ഇന്ത്യയിലെ ആദ്യത്തെയും ഏഷ്യയിലെ രണ്ടാമത്തെയും ലോകത്തിലെ 26 മത്തേയുമായ കേൾവി പരിമിതിയുള്ള കാത്തോലിക്ക വൈദീകനായി തൃശൂർ വ്യാകുലമാതാ ബസിലിക്കയിൽ മെയ് രണ്ടിന് അതിരൂപതാ ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തിൽനിന്നും വൈദീകപട്ടം സ്വീകരിച്ചപ്പോൾ കേൾവി പരിമിതിക്കുമേൽ ദൈവവിളിയുടെ വിജയമായിരുന്നു . അമേരിക്കയിലെ സെമിനാരി ജീവിതമാണ് ജോസഫ് തേർമഠത്തിനു അൾത്താരയിലേക്കുള്ള വഴിയൊരുക്കിയത് .

അമേരിക്കയിലെ നെവാർക് ആസ്ഥാനമായ ഡൊമിനിക്കൻ മിഷനറീസ് ഫോർ ദി ഡെഫ് ആണ് തേർമഠത്തിന്റെ ജീവിതത്തിൽ ഏറ്റവും നിർണായകമായ വഴിത്തിരിവ് ഉണ്ടാക്കിയത് .

തുടർ പഠനത്തിനായി അമേരിക്കയിലേക്ക് പോയ ജോസെഫിന്റെ സഹോദരനാണ് ഡൊമിനിക്കൻ മിഷനറീസ് കേൾവി പരിമിതികൾ ഉള്ളവർക്കായി ചെയ്നയുന്ന സേവനങ്ങളെ കുറിച്ച് പറഞ്ഞത് .

മുംബൈയിൽ ഇൻഷുറൻസ് കമ്പനിയിലായിരുന്നു ജോസെഫിന്റെ പിതാവ് തോമസിന് ജോലി. അങ്ങനെയാണ്



മുംബൈയിൽ പഠിച്ചതും വളർന്നതും. മാതാപിതാക്കൾ തോമസിനോടും റോസിയോടുമൊപ്പം മുംബയിൽ ആയിരുന്നു ജോസെഫിന്റെ ബി .എസ്സി പഠനം വരെ .

ബിരുദ പഠനത്തിന് ശേഷം അമേരിക്കയിലെ ഡൊമിനിക്കൻ മിഷനറിസിന്റെ സെമിനാരിയിൽ പഠനം .അമേരിക്കയിലെ സെമിനാരി പഠനത്തിനുശേഷം തിരികെയെത്തി ഡീക്കൻ ആയിരിക്കെ ഏർക്കാട്, പുണെ എന്നിവിടങ്ങളിൽ സേവനമനുഷ്ഠിച്ചു. പിന്നീടാണ് കോട്ടയം അയ്മനത്തുള്ള ഹോളി ക്രോസ് എന്ന സന്യാസസമൂഹത്തിന്റെ.ഡെഫ് മിനിസ്ട്രിയെക്കുറിച്ചു അറിഞ്ഞു അവിടെ പരിശീലനത്തിനായി ചേരുന്നതും .

ആംഗ്യഭാഷയിൽ വളരെയേറെ പ്രാവീണ്യമുള്ള ഫാ. ബിജു മൂലക്കരയുടെ ഉപദേശം സ്വീകരിച്ചാണ് ജോസഫ് ഹോളി ക്രോസ് വൈദികസഭയിൽ ചേർന്നത്.

ഇനി കേൾവി പരിമിതിയുള്ളവർക് ഒരു ശക്തിയും പ്രചോദനവുമായി ആംഗ്യ ഭാഷയിൽ കൂദാശ അർപ്പിക്കാനുമായി ഫാ .ജോസഫ് തേർമഠം ഒപ്പമുണ്ടാകും

അദ്ദേഹത്തിന്റെ വാക്കുകളിൽ പറഞ്ഞാൽ 'ഇതൊരു തുടക്കമാണ്, എന്നെപ്പോലെ പരിമിതികളുള്ളവർക്കും ഇതെല്ലാം സാധ്യമാണെന്നുള്ള സന്ദേശമാണ് നൽകാൻ '.

Got into an accident?
NEVER TO WORRY



CALL
GLOBAL COLLISION
& BODY WORKS LLC
1-845-727-4022
We will pick up the vehicle
and repair it fully to your satisfaction!

# മുട്ടത്തു വർക്കി

# ജനപ്രിയ കഥാകാരന്റെ രചനകളിലൂടെ

**മലയാളത്തിലെ വായനസംസ്കാരത്തിനു ശക്തി പകർന്ന എഴുത്തുകാരിൽ ഒരാളാണ് ഒട്ടേറെ ജനപ്രിയ രചനകളിലൂടെ വായനക്കാരുടെ ഹൃദയം കവർന്ന മുട്ടത്തു വർക്കി . വളരെ ലളിതമായ കഥപറച്ചിലാണ് അദ്ദേഹത്തിൻറെ കൃതികളുടെ മുഖമുദ്ര. കഥാപാത്രങ്ങൾ ആകട്ടെ ഗ്രാമങ്ങളിലെ സാധാരണക്കാർ അവരുടെ സംസാരം . വലിയ അർത്ഥതലങ്ങൾ ഇല്ലെങ്കിലും അവ ഒരു കാലത്തിന്റെ സാംസ്കാരിക ലോകം വിളംബരം ചെയ്യുന്നതാണ് മധ്യതിരുവതാന്കൂറിലെ ജനജീവിതത്തിന്റെ തുടിപ്പും അശ്ലങ്കകളും ഇവയിൽ കാണാം . അതിഭാവുകത്വത്തിന്റെ ഒരു തലം ഉണ്ടെങ്കിലും സിനിമ പോലെ ഒരു രസച്ചരടിലാണ് അദ്ദേഹത്തിൻറെ ഓരോ നോവലും തീർത്തിരിക്കുന്നത് . അത് കൊണ്ടു തന്നെയാകാം അക്കാലത്തെ ജനപ്രിയ സിനിമകളുടെ ആധാരവും ഈ കഥകൾ ആയി . മലയാളി സംസ്കാരത്തെ ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിൽ സ്വാധീനിച്ച അദ്ദേഹത്തിൻറെ നോവലുകൾ അന്ന മുട്ടത്ത് പരിചയപ്പെടുത്തുന്നു .**

**ഇത്തവണ അവതരിപ്പിക്കുന്ന നോവലുകൾ പച്ച നോട്ടുകളും പഞ്ചായത്ത് വിളക്കും .**

## പച്ചനോട്ടുകൾ

### പ്രണയവും അതിമോഹവും സൃഷ്ടിച്ച കാണാക്കയങ്ങൾ

**അന്ന മുട്ടത്ത്**



ദീപനാളം വാരികയിലൂടെ ഖണ്ഡശഃ പ്രസിദ്ധീകരിക്കുകയും തുടർന്ന് ഗ്രന്ഥരൂപത്തിലെത്തുകയും ചെയ്ത മുട്ടത്തുവർക്കിയുടെ നോവലാണ് 'പച്ചനോട്ടുകൾ'. ഇതു സിനിമയായപ്പോൾ പ്രേംനസീർ, വിജയശ്രീ എന്നിവരാണ് കഥയിലെ നായികാനായകന്മാർക്ക് മജ്ജയും മാംസവും നൽകിയത്.

കൂലിപ്പണിക്കാരനായ റപ്പായേലിന്റെ മകൾ സുന്ദരിയായ ലീനയുടെ മനസ്സമ്മതം നടന്നു. സ്ത്രീധനത്തിനുവേണ്ടി ആകെയുള്ള പുരയിടത്തിന്റെ പകുതി വിറ്റ് പണമാക്കിയെങ്കിലും ആ തുക ബസ്സിൽ വച്ച് കൈമോശം വന്നുപോയി. പണം നഷ്ടപ്പെട്ട വിവരമറിഞ്ഞ റപ്പായേൽ ബോധരഹിതനായി.

കൊച്ചുതൊമ്മിയുടെ മകനായ പൗലോസ് വിദ്യാസമ്പന്നനാണ്. ഏറെ നാളായി തൊഴിൽ തേടി നടക്കുന്നു. അവന് ബസ്സിൽവച്ച് ആ പണപ്പൊതി കിട്ടി. ആരും അന്വേഷിക്കാത്തതിനാൽ അവൻ പണവുമായി വീട്ടിലേക്കുപോയി.

ഒരു ഇന്റർവ്യൂ കഴിഞ്ഞ്, തൊഴിലുടമ ആവശ്യപ്പെട്ട ഡിപ്പോസിറ്റ് നൽകാൻ മാർഗ്ഗമില്ലാതെ അവൻ വിഷമിച്ചിരുന്ന അവസരമായിരുന്നു അത്. എന്തായാലും കളഞ്ഞുകിട്ടിയ ആ പച്ചനോട്ടുകൾ അവന് ഒരു തൊഴിൽ നേടാൻ ഉപകരിച്ചു.

അതിനിടെ റപ്പായേലിന്റെ പണം നഷ്ടപ്പെട്ട വിവരത്തിന് ദൂരെയുള്ള ഒരു പള്ളിവികാരിയുടെ പേരിൽ പത്രത്തിൽ പരസ്യം കണ്ടു. അതോടെ പൗലോസിന് കുറ്റബോധമായി. ഡിപ്പോസിറ്റ് തിരിച്ചുവാങ്ങി ജോലി നഷ്ടപ്പെടുത്താനും അവനു മനസ്സുവന്നില്ല.

പണം ഉടനെ തിരിച്ചുകൊടുക്കാനല്ലെങ്കിലും റപ്പായേലിന്റെ സാഹചര്യങ്ങൾ മനസ്സിലാക്കുക എന്ന ഉദ്ദേശ്യത്തോടെ പൗലോസ് ഒരുനാൾ കിങ്ങിണിപ്പാറയിലേ

ക്കു തിരിച്ചു.

സ്വർഗ്ഗത്തേക്കാൾ സുന്ദരമായ ഒരു ഗ്രാമപ്രദേശം. വഴിയോരത്തു നിന്ന പൗലോസിന്റെ മുന്നിലൂടെ ഒരു പശു ഓടിക്കിടച്ച് കടന്നുപോയി. അതിന്റെ പിന്നാലെ സുന്ദരിയായ ലീനയും. ആ പശുവിനെ ഒന്നുപിടിച്ചു കൊടുക്കാൻ അവൾ അയാളുടെ സഹായം തേടി. തുടർന്നുള്ള സംഭാഷണ മദ്ധ്യേ റപ്പായേലിന്റെ മകളാണ് അവൾ എന്നറിഞ്ഞ പൗലോസ് ഞെട്ടുന്നു. അവൾ തന്റെ വിവാഹം മുടങ്ങിയതും പണം നഷ്ടപ്പെട്ടതുമായ കഥകളും അയാളോടു പറയുന്നു.




എന്തായാലും ഒരു പശുവിനെ വാങ്ങാൻ വന്നതാണെന്ന നാട്യത്തിൽ അവൻ അവളുടെ വീട്ടിലുംപോയി. ഒരു തുക അഡ്വാൻസും നൽകി.

അപ്പോൾ ശക്തമായ മഴ പെയ്തു. ഒപ്പം ഇടിയും മിന്നലും. പൗലോസിന് ആ രാത്രി അവിടെ അന്തിയുറങ്ങുകയേ നിർവ്വാഹമുണ്ടായിരുന്നുള്ളൂ. അവൻ ആ വീട്ടുകാരുമായി സൗഹാർദ്ദത്തിലായി. രാവിലെ തന്റെ നാട്ടിലേക്കു മടങ്ങുമ്പോൾ ലീനയുടെ രൂപം അവന്റെ മനസ്സിൽ മായാതെ നില്പുണ്ടായിരുന്നു.

ജോലിയായതോടെ പൗലോസിനും വിവാഹാലോചനകൾ വന്നു തുടങ്ങി. വീട്ടുകാരുടെ നിർബ്ബന്ധത്തിനു വഴങ്ങി അവൻ ഒരു പെണ്ണുകാണലും നടത്തി. പെൺകുട്ടിക്ക് അവനെ ഇഷ്ടവുമായി.

അതേസമയം സ്വപ്നങ്ങൾകൊണ്ടു കൊരുത്ത വരണമാല്യവുമായി ലീന അവനുവേണ്ടി കാത്തിരിക്കുകയായിരുന്നു. തന്റെ അധരങ്ങളിൽ പ്രണയമുദ്ര അർപ്പിച്ചിട്ടുപോയ അവനെക്കുറിച്ച് പിന്നെ വിവരങ്ങളൊന്നും ലഭിക്കാതായപ്പോൾ അവൾ ഒരു കത്തയച്ചു. തനിക്കൊരു രണ്ടാംകെട്ടുകാരന്റെ വിവാഹാലോചന വന്നെന്നും, പൗലോസ് വന്ന് അതിൽനിന്ന് രക്ഷിച്ചില്ലെങ്കിൽ ആത്മഹത്യ ചെയ്യുമെന്നുംവരെ ലീന എഴുതി. അതിന് പൗലോസിന്റെ മറുപടി എത്തി. കുറച്ചുനാൾകൂടി കാത്തിരിക്കണമെന്നും താൻ ലീനയെ മാത്രമേ വിവാഹം കഴിക്കൂ എന്നും അവൻ ഉറപ്പു നൽകി. എന്നാൽ മാസങ്ങൾ കഴിഞ്ഞിട്ടും പൗലോസിന് അവളെ കാണാൻ പോകാൻ കഴിഞ്ഞില്ല.

അതോടെ താറാവുകച്ചവടക്കാരനായ അന്തപ്പൻ കേറിയും ഇറങ്ങിയും നടന്ന് ലീനയുമായുള്ള വിവാഹം ഉറപ്പിച്ചു. അയാൾക്ക് സ്ത്രീധനമൊന്നും വേണ്ടത്രെ. വീട്ടുകാരുടെ നിർബ്ബന്ധത്തിനു വഴങ്ങി മനസ്സമ്മതവും നടത്തി. കാലവർഷത്തിനു തുടക്കമായി. കിങ്ങിണിയാറ് നിറഞ്ഞൊഴുകുന്നു. ലീനയുടെ വീട്ടിൽ വിവാഹത്തിനുള്ള ഒരുക്കങ്ങളൊക്കെ പൂർത്തിയായി. എന്നാൽ വിവാഹദിവസം രാവിലെ ലീനയെ കാണാതായി! കമ്പനി ഉടമയായ മാത്യൂസ് മുതലാളിക്കും ഭാര്യയ്ക്കുമൊക്കെ പൗലോസിനെ വലിയ താല്പര്യമായിരുന്നു. അവരുടെ മകളായ റോസിലിൻ ഒരുനാൾ അവന്റെ കവിളത്ത് ഒരു പ്രേമമുദ്രയും നൽകി.

അപ്പോൾ തന്റെ വീട്ടിലെ സാഹചര്യങ്ങൾ പൗലോസ് അവളോടു പറഞ്ഞു. അവന് ആവശ്യമായ സാമ്പത്തിക സഹായം നൽകാൻ അവൾ സന്നദ്ധയായിരുന്നു.

അപ്പോഴാണ് ലീനയുടെ കടന്നുവരവ്. കല്യാണനാളിൽ വീടുവിട്ട അവൾ ആദ്യം ആത്മഹത്യക്കാണ് ശ്രമിച്ചതെങ്കിലും പിന്നീട് താൻ മോഹിച്ച പുരുഷനെ തേടിയിറങ്ങുകയായിരുന്നു. പൗലോസ് ഇനിയും കൈവിട്ടാൽ താൻ ചത്തുകളയുമെന്നും അവൾ കണ്ണീരോടെ പറഞ്ഞു.

റോസിലിനോട് അതു തന്റെ സഹോദരി ലീലാമ്മയാണെന്ന് അവൻ കള്ളം പറഞ്ഞു. അതോടെ റോസിലിൻ നിർബന്ധിച്ച് അവളെ തങ്ങളുടെ വീട്ടിൽ താമസിപ്പിച്ചു.

താൻ പൗലോസിനെ പ്രണയിക്കുന്ന വിവരം റോസിലിൻ തന്റെ മാതാപിതാക്കളെ അറിയിച്ചു. അവർക്കും ആ ബന്ധത്തിൽ എതിർപ്പില്ലായിരുന്നു. അതോടെ പൗലോസിന് ജോലിയിൽ പ്രമോഷനും ശമ്പളവർദ്ധനവും ഉണ്ടായി. താമസിക്കാൻ ബംഗ്ലാവും കമ്പനിയിൽ കൂടുതൽ ഉത്തരവാദിത്വപ്പെട്ട സ്ഥാനമാനങ്ങളും വാഗ്ദാനം ചെയ്യപ്പെട്ടു.

ഓഫീസ് ആവശ്യത്തിന് പൗലോസ് പുറത്തേക്കു പോയിരുന്ന സമയത്ത് അവന്റെ പിതാവ് കൊച്ചുതൊമ്മി ആശാൻ അവിടെ എത്തി. മാത്യൂസ് മുതലാളിയു

മായി പരിചയപ്പെട്ടു. പൗലോസിന്റെ സഹോദരിയുടെ വിവാഹത്തിന് സാമ്പത്തികസഹായം നൽകാമെന്ന് മുതലാളി പറഞ്ഞു. കൂടാതെ റോസിലിനും പൗലോസുമായുള്ള വിവാഹം നടത്തുന്ന കാര്യവും അയാൾ പറഞ്ഞു.

അതിനു പിന്നാലെ കൊച്ചുതൊമ്മിയുടെ മകൾ ഇവിടെയുണ്ടെന്നു പറഞ്ഞ് അയാൾ ലീനയെ വരുത്തി. അവർ പരസ്പരം തിരിച്ചറിഞ്ഞില്ല. അതോടെ അവൾ സഹോദരിയാണെന്നു പറഞ്ഞ് പൗലോസ് തങ്ങളെ പറ്റിക്കുകയായിരുന്നെന്ന് മാത്യൂസ് മുതലാളിക്കു മനസ്സിലായി.

അതോടെ ലീന സത്യം മുഴുവൻ തുറന്നു പറഞ്ഞു. ക്ഷുഭിതനായ മാത്യൂസ് കള്ളന്മാരാണെന്നും പറഞ്ഞ് ലീനയെയും കൊച്ചുതൊമ്മിയെയും ഒരു മുറിയിലിട്ടു പൂട്ടിയിട്ട് പോലീസിൽ വിവരമറിയിച്ചു. അതിനിടയിലേക്കാണ് പുറത്തു പോയിരുന്ന പൗലോസ് വന്നുകയറുന്നത്. കണ്ടപാടെ കൊച്ചുതൊമ്മി മകന്റെ കരണത്തിനിട്ട് ഒന്നു പൊട്ടിച്ചു. ഇതിനിടെ പോലീസും എത്തി. റോസിലിന്റെ അഭ്യർത്ഥനമാനിച്ച് കേസും അറസ്റ്റുമൊക്കെ ഒഴിവാക്കപ്പെട്ടു.

മാത്യൂസ്  മുതലാളി പൗലോസിനെയും കൊച്ചുതൊമ്മിയെയുമൊക്കെ ആ വീട്ടിൽ നിന്നും ഇറക്കിവിട്ടു. ലീന പൗലോസിനൊപ്പം ചെന്നാൽ കൊന്നു കളയുമെന്ന് കൊച്ചുതൊമ്മി ഭീഷണിപ്പെടുത്തി. നിരാലംബയായ അവൾ എന്തുചെയ്യേണ്ടുവെന്നറിയാതെ പകച്ചു നിന്നു. അങ്ങകലെ കിങ്ങിണിപ്പുഴ പല പ്രാവശ്യം തെളിഞ്ഞും കലങ്ങിയും ഒഴുകി. ലീന ആറ്റിൽ ചാടി മരിച്ചതാണെന്ന് അവളുടെ വീട്ടുകാരും നാട്ടുകാരുമെല്ലാം വിശ്വസിച്ചു. രാത്രികാലങ്ങളിൽ തോട്ടിറമ്പിൽ അവളുടെ പ്രേതത്തെ കണ്ടവർ പോലുമുണ്ടത്രെ!

ഇതിനിടെ ലീനയെ വിവാഹം കഴിക്കാനിരുന്ന അന്തപ്പന് ഒരു രഹസ്യ ഭാര്യയും രണ്ടു കുട്ടികളും ഉണ്ടായിരുന്നുവെന്നു തെളിഞ്ഞു. അയാൾ അവരെ ഒപ്പം താമസിപ്പിക്കാൻ നിർബ്ബന്ധിതനായി.

മകളെ നഷ്ടപ്പെട്ട റപ്പായിയുടെ മദ്യപാനം ഏറി. രാത്രിയിൽ ആറ്റിൻകരയിലിരുന്ന് മകളെ ഓർത്ത് അയാൾ വിലപിക്കും.

ഒരു രാത്രിയിൽ ചിരുത റപ്പായിയുടെ വീട്ടിൽ നിന്നും ഇറങ്ങുമ്പോൾ വെള്ള വസ്ത്രം ധരിച്ച ലീന പടികയറി വരുന്നു. പ്രേതമണെന്നു കരുതി പേടിച്ച് അവൾ ബോധംകെട്ടുവീണു. ശോശാമ്മയും തെറതിയുമൊക്കെ ലീനയെ കണ്ട് ഞെട്ടിവിറച്ചു. ലീന അമ്മയെ കെട്ടിപ്പിടിച്ചു കരഞ്ഞു. അതോടെ പ്രേതമല്ലെന്നു ശോശാമ്മയ്ക്കു മനസ്സിലായി.

സംഭവമറിഞ്ഞ് നാട്ടുകാരൊക്കെ ഓടിക്കൂടി. താൻ മാത്യൂസ് മുതലാളിയുടെ കാറിൽ ആറ്റിനക്കരെ വരെ എത്തിയ സംഭവങ്ങൾ ലീന വിവരിച്ചു.

മാത്യൂസ് പൗലോസിനെ ജോലിയിൽ നിന്നു പിരിച്ചവിട്ടതോടെ അവൻ കൊടുത്ത ഡിപ്പോസിറ്റ് തുകയും തിരിച്ചു കിട്ടി. തനിക്ക് കളഞ്ഞുകിട്ടിയ ആ പണം യഥാർത്ഥ ഉടമയായ ലീനയുടെ വീട്ടുകാർക്കു തിരിച്ചു കൊടുക്കാൻ തന്നെ അവൻ തീരുമാനിച്ചു.

മാത്യൂസ് തന്റെ മകളെ യോഗ്യനായ ഒരു ചെറുപ്പക്കാരന് വിവാഹം ചെയ്തയച്ചു.

പണം മടക്കിക്കൊടുക്കാൻ ലീനയുടെ വീട്ടിലേക്കു പോയത് കൊച്ചുതൊമ്മിയാണ്. പറമ്പുവിറ്റു മകളെ വിവാഹം കഴിപ്പിക്കാൻ വച്ചതുക കളഞ്ഞുപോയതു മുതലുള്ള ചരിത്രം മുഴുവൻ അറിഞ്ഞപ്പോൾ അയാളും ചില തീരുമാനങ്ങളെടുത്തു.

പിന്നെ അയാൾ വന്നത് പൗലോസിനെയും കൂട്ടിക്കൊണ്ടാണ്. തനിക്കു കളഞ്ഞുകിട്ടിയ പണം അവൻ തന്നെ റപ്പായിച്ചേട്ടന്റെ കൈകളിൽ മടക്കി നൽകി.

ആ പണവും തന്റെ മകൾ ലീനയുടെ കരവും റപ്പായിച്ചേട്ടൻ സുഭഗനായ ആ ചെറുപ്പക്കാരന്റെ കരങ്ങളിലും ഏല്പിക്കുന്നു. ലീനയെയും പൗലോസിനെയും യോജിപ്പിക്കാൻ ദൈവം കണ്ടുപിടിച്ച ഓരോ വഴികൾ.

## പഞ്ചായത്തുവിളക്ക്

# കുരുവിപ്പെട്ടിയുടെയും കടുവപ്പെട്ടിയുടെയും മറക്കാനവാത്ത കഥകൾ

ഒരു പഞ്ചായത്തിലെ തിരഞ്ഞെടുപ്പിനോട് അനുബന്ധിച്ചുള്ള പ്രശ്നങ്ങളും രണ്ട് യുവ ഹൃദയങ്ങളുടെ അനുരാഗവും കൂട്ടിക്കലർത്തി മുട്ടത്തു വർക്കി രചിച്ച നോവലാണ് പഞ്ചായത്തുവിളക്ക്. ഈ നോവൽ 'സ്ഥാനാർത്ഥി സാറാമ്മ' എന്ന പേരിൽ സിനിമയുമായിട്ടുണ്ട്.

നന്മകളാൽ സമൃദ്ധമായ ഒരു നാട്ടിൻപുറം. അവിടുത്തെ പുരാതനവും പ്രസിദ്ധവുമായ തറവാട്ടിലെ ചാണ്ടിച്ചന്റെയും മറിയാമ്മയുടെയും മകനാണ് ഐപ്പ്. വിദ്യാസമ്പന്നനായ അവന് ജോലിയൊന്നുമായിട്ടില്ല. എന്തെങ്കിലും ബിസ്സിനസ് തുടങ്ങണമെന്നാണ് ആഗ്രഹം. അതിനിടയിൽ ചില വിവാഹാലോചനകളും നടക്കുന്നുണ്ട്. അവന്റെ സഹോദരി സെലീനയെ കെട്ടിക്കാനുള്ള പണവും ചാണ്ടിച്ചൻ കരുതിവച്ചിട്ടുണ്ട്.

ഒരുനാൾ ആ വീട്ടിലേക്ക് നാട്ടിലെ പ്രമാണിമാരായ ചില ആൾക്കാർ കടന്നുവന്നപ്പോൾ ഐപ്പിന് വിവാഹാ

ലോചനുമായി എത്തിയതാവും എന്നു കരുതിയാണ് മറിയാമ്മ അവരെ സ്വീകരിച്ചത്. എന്നാൽ ഗ്രാമത്തിൽ ഉടൻ നടക്കാൻ പോകുന്ന പഞ്ചായത്തു തിരഞ്ഞെടുപ്പിൽ ഐപ്പിനെ മത്സരിപ്പിക്കുക എന്നതായിരുന്നു അവരുടെ ആഗമനോദ്ദേശ്യം.

ഐപ്പിന് അതിൽ വലിയ താൽപര്യം ഇല്ലായിരുന്നെങ്കിലും നാട്ടുപ്രമാണിമാരുടെ നിർബന്ധം ഏറിയപ്പോൾ മറ്റാരും എതിരില്ലെങ്കിൽ മത്സരിക്കാമെന്നായി അവൻ. മകൻ ജയിച്ചു പഞ്ചായത്തുമെമ്പറും പ്രസിഡന്റും ഒക്കെ ആവുകയും ആ നിലയിൽ അവന് വിവാഹമാർക്കറ്റിൽ ഡിമാന്റ് കൂടുകയും ചെയ്യുമെന്ന കണക്കുകൂട്ടലിൽ ചാണ്ടിച്ചനും മകൻ മത്സരിക്കുന്നതിനോടു യോജിച്ചു.



ആ വാർഡിലെ സ്ഥിരം മെമ്പറായ കള്ളനോട്ടു തോമാച്ചൻ ഇത്തവണ മത്സരിക്കുന്നില്ലെന്ന് ആഗതർ ഐപ്പിനെ അറിയിച്ചു. അതോടെ ശക്തനായ ആ എതിരാളി ഉണ്ടാവില്ലെന്ന് ഉറപ്പായി.

എതിർസ്ഥാനാർത്ഥി ഇല്ലാതെയും വലിയ പണച്ചെലവില്ലാതെയും ജയിക്കാമെന്നു കേട്ടപ്പോൾ മറിയാമ്മയും മകന്റെ മത്സരത്തിനു സമ്മതം മൂളി.

അങ്ങനെ ഐപ്പും നാട്ടുപ്രമാണിമാരും കൂടി നാട്ടിലെ പ്രമുഖവ്യക്തികളെയൊക്കെ സന്ദർശിച്ച് പഞ്ചായത്തു തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനുള്ള അനുവാദവും അനുഗ്രഹവും നേടി.

അങ്ങനെ ആഘോഷമായി ഐപ്പ് നാമമിർദ്ദേശപത്രിക സമർപ്പിച്ചു. എന്നാൽ തൊട്ടു പിന്നാലെ മറ്റൊരു സ്ഥാനാർത്ഥികൂടി അപ്രതീക്ഷിതമായി ആ വാർഡിൽ പത്രിക സമർപ്പിച്ചു. തയ്യൽക്കാരൻ മത്തായിയുടെ മകൾ നിർമ്മല!

എതിർസ്ഥാനാർത്ഥി വന്നതിനാൽ ഐപ്പ് പിൻമാറാൻ ശ്രമിച്ചു. നിർമ്മലയുമായി ഒരു മത്സരത്തിന് അവന് താൽപര്യമില്ല. അയൽവാസിയായ ആ പെൺകുട്ടി കൊച്ചുനാളിൽ അവന്റെ വീട്ടിലെ ഭക്ഷണം കഴിച്ചു വളർന്നവളാണ്. മറിയാമ്മച്ചേടത്തിയാണ് അവളെയും ഐപ്പിനെയും സ്കൂളിൽ കൊണ്ടുപോയിരുന്നത്.

സുന്ദരിയായ നിർമ്മല പഠിക്കാനും മിടുക്കിയായിരുന്നു. നന്നായി പാടുകയും ചെയ്യും. ഒടുവിൽ സ്ഥലത്തെ സ്കൂളിൽത്തന്നെ അവൾക്ക് അധ്യാപികയായി ജോലിയും ലഭിച്ചു.

ഐപ്പിനെ പിന്മാറുവാൻ ആരും സമ്മതിച്ചില്ല. മാത്രമല്ല നിർമ്മലയെ മത്സരത്തിൽ നിന്നും പിൻമാറ്റുവാൻ പലരും ശ്രമിക്കുകയും ചെയ്തു. എന്നാൽ അതും വിജയിച്ചില്ല. കാരണം അവൾ തന്റെ പിതാവായ മത്തായിയുടെ നിർബന്ധം മൂലമാണ് നാമനിർദ്ദേശപത്രിക നൽകിയത്. അതിനു പിന്നിലാവട്ടെ മുൻ മെമ്പർ കള്ളനോട്ടു തോമാച്ചന്റെ കരങ്ങൾ ഉണ്ടുതാനും.

മത്തായിക്കു കുറേ പണം നൽകി മകളെ പിൻവലിപ്പിക്കാനും ഒരു ശ്രമം ഉണ്ടായി. അതും വിജയിച്ചില്ല. എന്നാൽ തന്റെ ബാല്യകാലസുഹൃത്തായ ഐപ്പച്ചൻ തന്നെ ഇലക്ഷനിൽ ജയിക്കണമെന്നാണ് അവളുടെ മനസ്സിലെ ആഗ്രഹം. പക്ഷേ സ്വന്തം പിതാവിനെയും അയാളുടെ പിന്നിലെ പ്രേരകശക്തിയായ തോമ്മാച്ചനെയും ഭയന്നിട്ട് അവൾക്ക് മത്സരരംഗത്തു നിന്നു പിന്മാറാനും പറ്റാത്ത അവസ്ഥ. അവളുടെ കണ്ണീരിന് ആരും വില കല്പിച്ചില്ല.

മത്സരരംഗം സജീവമായി കുരുവി ചിഹ്നവും കുതിരചിഹ്നവുമൊക്കെ നാടുനീളെ നിറഞ്ഞു. നിർമ്മലയുടെ പിന്നിൽ തോമാച്ചനാണെന്ന് അറിഞ്ഞതോടെ ഐപ്പച്ചനും കർമ്മധീരനായി പടക്കളത്തിലിറങ്ങി.

നിർമ്മലയോടുള്ള അവന്റെ പരിഭവമൊക്കെ മാറി. അവൾ അവന്റെ ബാല്യകാലസഖിയാണ്. പ്രായമായപ്പോൾ അവളെ വിവാഹം കഴിക്കാൻ മോഹിച്ചിട്ടുപോലുമുണ്ട്. പക്ഷേ, തന്റെ മനസ്സിലെ ആ മോഹം അവൻ ആരോടും വെളിപ്പെടുത്തിയിട്ടില്ലെന്നുമാത്രം. കാരണം സമ്പന്നരായ അവന്റെ വീട്ടുകാർ അത്തരമൊരു ബന്ധത്തിന് സമ്മതം മൂളുകയില്ല.

തിരഞ്ഞെടുപ്പു രംഗം സജീവമായി. ഇരുവിഭാഗവും ശക്തമായ പ്രചരണം ആരംഭിച്ചു.

നിർമ്മലയ്ക്കുവേണ്ടി തോമാച്ചൻ പണം കണ്ടമാനം ചെലവഴിച്ചു. തങ്ങളുടെ പക്ഷത്തുള്ളവർക്കു മദ്യപിക്കാൻ കള്ളുഷാപ്പിലേക്ക് ചീട്ടുകൊടുത്തും, റൗഡികളെ ഇറക്കിയുമൊക്കെയായിരുന്നു തോമാച്ചന്റെ പ്രചരണം. അയാൾ പല വോട്ടർമാർക്കും പണം നൽകിയും നിർമ്മലയ്ക്കുവേണ്ടി വോട്ടുമറിച്ചു. ഐപ്പച്ചന്റെ ഇല

ക്ഷൻ കമ്മിറ്റിയിൽ നിന്ന് നാലുപേർ മറുകണ്ടം ചാടി. ഐപ്പച്ചൻ സദാചാരവിരുദ്ധനാണെന്നുവരെ നോട്ടീസടിച്ചു പ്രചരിപ്പിച്ചു. എന്നാൽ താൻ ഇക്കാര്യങ്ങളിൽ നിരപരാധിയാണെന്നും എല്ലാം തോമാച്ചന്റെ കളികളാണെന്നും ഇലക്ഷനിൽ ഐപ്പച്ചൻ ജയിക്കുമെന്നും ഒക്കെ പറഞ്ഞ് നിർമ്മല അയച്ചകത്ത് അവന്റെ മനസ്സിനെ തണുപ്പിച്ചു. ഇലക്ഷൻ പ്രചാരണത്തിനിടയ്ക്ക് ഒരുനാൾ ഐപ്പച്ചന്റെ വീട്ടിൽചെന്ന് താൻ ഇലക്ഷനിൽ മത്സരിക്കാനുണ്ടായ സാഹചര്യങ്ങൾ വിശദീകരിച്ചു. അവർക്ക് അവളോടു സഹതാപം തോന്നി.

ഇലക്ഷൻ രംഗം ചൂടുപിടിച്ചതോടെ നാട്ടിൽ സംഘർഷാവസ്ഥയായി ബ്രോക്കർ അന്തോനിയുടെ വീടിന്റെ ഓടുകൾ എറിഞ്ഞു തകർത്തു. ഷാപ്പിനു തീവച്ചു. പോത്തൻസാറിന്റെ വീടിന്റെ പൂന്തോട്ടം നശിപ്പിച്ചു. ഏകോദരസഹോദരങ്ങളെപ്പോലെ കഴിഞ്ഞിരുന്ന നാട്ടുകാർ കീരിയും പാമ്പും പോലെയായി. കുറെപ്പേർ ആശുപത്രിയിലും കുറെപ്പേർ ജയിലിലുമായി. എങ്ങും എവിടെയും അരക്ഷിതാവസ്ഥ.

ഇതിനിടെ ഐപ്പച്ചനെ ആക്രമിക്കാൻ തോമാച്ചൻ റൗഡികളെ ഇറക്കി. നിർമ്മലയുടെ മുന്നറിയിപ്പു ലഭിച്ചതിനാൽ അവൻ രക്ഷപ്പെട്ടു. രണ്ടുകൂട്ടരുടെയും തിരഞ്ഞെടുപ്പു സമ്മേളന സ്ഥലങ്ങളിലും സംഘർഷം ഉണ്ടായി. ആക്രമണങ്ങളിൽ ഒരാൾ മരിച്ചു.

ഒടുവിൽ ഇലക്ഷൻ ശാന്തമായി നടന്നു. ഐപ്പച്ചൻ 300 വോട്ടിന്റെ ഭൂരിപക്ഷത്തിൽ ജയിക്കുമെന്ന് അവർ കണക്കുകൂട്ടി. പക്ഷേ, ഫലം വന്നപ്പോൾ പതിനൊന്നുവോട്ടിന്റെ ഭൂരിപക്ഷത്തിൽ നിർമ്മല വിജയിച്ചു. പണം കൊടുത്തുവരെ വോട്ടു ചെയ്യിച്ചാണ് തോമാച്ചൻ ആ അട്ടിമറി സൃഷ്ടിച്ചത്. ഫലം അറിഞ്ഞശേഷം രാത്രിയിൽ തോമാച്ചനെ എഴുന്നള്ളിച്ചുകൊണ്ട് പ്രകടനവും നടന്നു. റൗഡികൾ നടത്തിയ ആ പ്രകടനത്തിൽ എതിരാളികളുടെ വീടുകളിലെല്ലാം അവർ നാശനഷ്ടങ്ങളും വരുത്തി.



വിജയം ആഘോഷിക്കാൻ തോമാച്ചനും മത്തായിയുംകൂടി മദ്യപാനം തുടങ്ങി. മത്തായി അബോധാവസ്ഥയിലായ അവസരം നോക്കി തോമാച്ചൻ നിർമ്മലയെ കടന്നുപിടിച്ചു. എന്നാൽ നിർമ്മല അയാളെ വെട്ടുകത്തി കാണിച്ച് വിരട്ടിവിട്ടു. തോമാച്ചനിൽ പ്രതികാരവാഞ്ഛ ഉണർന്നു.

പിറ്റേന്ന് നിർമ്മലയുടെ വീട് തീപിടിച്ചു ചാമ്പലായി കിടക്കുന്നതാണ് നാട്ടുകർ കണ്ടത്.

ഇലക്ഷനിൽ പരാജയപ്പെട്ട ഐപ്പച്ചൻ വീടിനും തീവച്ചു എന്നായി ആരോപണം. മത്തായിയുടെ മൃതദേഹവും വീടിനുള്ളിൽ നിന്ന് കണ്ടെത്തി. എന്നാൽ നിർമ്മലയ്ക്ക് എന്തുസംഭവിച്ചു എന്ന് യാതൊരു വിവരവുമില്ല.

ഐപ്പച്ചനെ പോലീസ് അറസ്റ്റു ചെയ്തു. തോമാച്ചന്റെ ശിങ്കിടികൾ വീടിനു തീ വയ്ക്കുന്നതു കണ്ടതായി അവൻ പോലീസിനു മൊഴി കൊടുക്കുകയും ചെയ്തു.

ഈ അവസരത്തിൽ തോമാച്ചനാണ് വീടിനു തീവച്ചതെന്ന് അയാളുടെ ഭാര്യ തന്നെ പോലീസിനു മൊഴികൊടുത്തു. നിർമ്മലയെ വീട്ടിൽ നിന്ന് രക്ഷിച്ച് തന്റെ വീട്ടിൽ പാർപ്പിച്ച ലക്ഷ്മിയമ്മ സത്യം തുറന്നു പറഞ്ഞു. അതോടെ ഐപ്പച്ചൻ മോചിക്കപ്പെടുകയും തോമാച്ചൻ അറസ്റ്റിലാവുകയും ചെയ്തു.

പൊള്ളലേറ്റ നിർമ്മലയെ കാണാൻ ഐപ്പച്ചന്റെ അമ്മ മറിയാമ്മ പോയി. അവർക്ക് അവളോടുണ്ടായിരുന്ന നീരസമെല്ലാം മാറി. കാരണം അവൾ പഞ്ചായത്തു മെമ്പർസ്ഥാനം രാജിവച്ചു. ഐപ്പച്ചൻ എതിരില്ലാതെ തെരഞ്ഞെടുക്കണമെന്നാണ് അവളുടെ ആഗ്രഹം. എന്നാൽ വീണ്ടും ഒരു ഇലക്ഷന് ഇറങ്ങിപ്പുറപ്പെടാൻ ഐപ്പച്ചൻ തയ്യാറായില്ല.


അച്ഛൻ മരിക്കുകയും വീട് നഷ്ടമാവുകയും പഞ്ചായത്തു മെംബർ സ്ഥാനം രാജിവയ്ക്കുകയും ചെയ്ത നിർമ്മലയ്ക്ക് ആ ഗ്രാമം അന്യമാവുകയാണ്. അവൾ അകലെയുള്ള സഹോദരിയുടെ വീട്ടിലേക്കു പോവുകയാണ്. യാത്ര ചോദിക്കാൻ അവൾ ഐപ്പച്ചന്റെ വീട്ടിലുമെത്തി. അവിടെ ചാണ്ടിച്ചനും മറിയാമ്മയും സെലിനും എല്ലാം ഉണ്ടായിരുന്നു. ഇലക്ഷൻ പ്രചാരണവേളയിലെ 'പഞ്ചായത്ത് വിളക്ക്' എന്നും വിളിച്ചുകൊണ്ട് ഐപ്പച്ചനും എത്തി.

അവരാരും നിർമ്മലയെ ആ ഗ്രാമം വിട്ടു പോകുവാൻ അനുവദിക്കുന്നില്ല. അവർ നിർമ്മലയെ ആ വീട്ടിലെ ഒരംഗമായി സ്വീകരിക്കുകയായിരുന്നു. അതേ, ഐപ്പച്ചന്റെ ജീവിതസഖിയായി. ആ ഭവനത്തിലെയും ഐപ്പച്ചന്റെ ജീവിതത്തിലെയും കെടാവിളക്കായി.


ASSOCIATION OF KERALA MEDICAL GRADUATES
45th AKMG Annual Convention
PRESENTS
August 29-31
Hilton Bayfront | San Diego, CA
Divyaa Unni At
AKMG GALA Night
Register now at www.akmg.org
More Info: 1-951-541-8319

വാക്കനൽ

പി . എസ് . ജോസഫ്





# സുഗന്ധം ചൊരിയുന്ന വ്യവസായി

എ വി അനൂപ് എന്ന വ്യവസായിയുടെയും വ്യക്തിയുടെയും അനുഭവകഥകൾ മലയാളികൾക്ക് ഒരു പാഠം ആകേണ്ടതാണ്

മദിരാശിയിലെ മലയാളി വ്യവസായികൾക്ക് നാട്ടിൽ പലർക്കും ഇല്ലാത്ത ഒരു പ്രത്യേകതയുണ്ട് .അവർ പഴയ മദ്രാസ്സിലും ഇന്നത്തെ ചെന്നെയിലും ഒരു പോലെ സാമൂഹിക സാംസ്കാരിക പരിപാടികളിൽ സജീവമായി പങ്കെടുക്കും .പണം കൊണ്ടു സഹായിക്കുക മാത്രമല്ല ,നേരിൽ പരിപാടികളിൽ പങ്കെടുക്കും . സ്റ്റേജിനു മുന്നിൽ ഇരുന്നവർക്ക് ഇന്ന് സ്റ്റേജിൽ തിരികെ ഇരിക്കുന്നതിലാണ് താല്പര്യം . ..എങ്കിലും സാമൂഹികമായ പ്രതിബദ്ധത വ്യക്തി ഭേദമന്യേ അവർ പ്രകടിപ്പിച്ചു വരുന്നു .പക്ഷെ ഒരാൾ സ്റ്റേജിൽ പ്രത്യക്ഷപ്പെടുന്നത് ആരും എതിർക്കില്ല .എന്നും നാടകങ്ങളിൽ അഭിനയിച്ചു സദസ്യരെ അഭിമുഖീകരിച്ച ഏ വി അനൂപ് ആണത് . അദ്ദേഹം സിനിമയിലും അഭിനയിച്ചു വരുന്നു .പക്ഷെ എ വി ഏ ഗ്രൂപിന്റെ സാരഥി എന്ന നിലയിൽ പ്രശസ്തനായ ഈ വ്യവസായിക്ക് ഇതെല്ലം ഒരു ചെറിയ തൂവൽ മാത്രം .തൻറെ ജീവിതവും വഴിത്തിരിവുകളും പ്രതിപാദിക്കുന്ന യൂ ടേൺ എന്ന പുസ്തകം അദ്ദേഹം എനിക്ക് സമ്മാനിക്കുന്നത് വരെ പക്ഷെ അദ്ദേഹത്തിൻറെ വ്യത്യസ്തമായ വ്യക്തിത്വം എനിക്കും അറിയുമായിരുന്നില്ല .

> **വ്യവസായി ആയി ജനിച്ച ഒരു വ്യക്തിയല്ല എ വി അനൂപ്. യാദൃശ്ചികമായി പറക്കമുറ്റാത്ത ഒരു ബിസിനസ് സാമ്രാജ്യത്തിന്റെ നേതൃത്വത്തിൽ എത്തിയ വ്യക്തിയാണ് അദ്ദേഹം അത് കൈ പിടിച്ചു ഉയർത്തി എന്ന് മാത്രമല്ല അത് ഇന്ത്യ മുഴുവൻ അറിയപ്പെടുന്ന ബ്രാൻഡ് ആയി അദ്ദേഹം ഉയർത്തുകയും ചെയ്തു .**

വ്യവസായി ആയി ജനിച്ച ഒരു വ്യക്തിയല്ല അനൂപ്.യാദൃശ്ചികമായി പറക്കമുറ്റാത്ത ഒരു ബിസിനസ് സാമ്രാജ്യത്തിന്റെ നേതൃത്വത്തിൽ എത്തിയ വ്യക്തിയാണ് അദ്ദേഹം അത് കൈ പിടിച്ചു ഉയർത്തി എന്ന് മാത്രമല്ല അത് ഇന്ത്യ മുഴുവൻ അറിയപ്പെടുന്ന ബ്രാൻഡ് ആയി അദ്ദേഹം ഉയർത്തുകയും ചെയ്തു .ഇന്ന് മെഡിമിക്സ് എന്ന ബ്രാൻഡിനെ പറ്റി ആലോചിക്കുമ്പോൾ എത്ര വലിയ തീച്ചൂളയിൽ കൂടിയാണ് ആ സ്ഥാപനം ഈ ഉയരങ്ങൾ കൈ വരിച്ചതെന്നു അതിശയം തോന്നാം . തിരുവനന്തപുരം അമ്പലനഗറിൽ കഴിഞ്ഞിരുന്ന ഒരു സാധാരണ വ്യക്തിയുടെ അപൂർവമായ വിജയ ഗാഥയാണിത് .

മെഡിമിക്സ് സ്ഥാപിച്ചത് അനൂപിന്റെ അമ്മാവനായ ഡോ വി പി സിദ്ധനാണ്. .റെയിൽവേയിൽ ജോലി ചെയ്യുമ്പോൾ അദ്ദേഹം സ്ഥാപിച്ചതാണ് ഇത് .ത്വക്ക്

രോഗികൾക്ക് നൽകിരുന്ന ഒരു ആയുർവേദ ഔഷധം സോപ്പ് രൂപത്തിൽ അവതരിപ്പിച്ചാൽ വിജയം കൊയ്യുമെന്നു അദ്ദേഹത്തിലെ ബിസിനസ് മനസ്സ് പറഞ്ഞു അങ്ങനെ സ്ഥാപിച്ച മെഡിമിക്സ് .പതുക്കെ പതുക്കെ വളർച്ച പ്രാപിച്ചു .അന്ന് വിപണിയിൽ ശക്തമായിരുന്ന ചന്ദ്രിക ആയുർവേദിക് സോപ്പിനെ അത് പിന്നിലാക്കി .ഈ വ്യവസായ നേട്ടം കൈവരിച്ചിട്ടും സിദ്ധൻ ഉല്ലസിച്ചു രസിച്ചത് നാടകാഭിനയത്തിലയിരുന്നു .

ഒരു കാലത്ത് മലയാള സിനിമയുടെ കേന്ദ്രമായ മദിരാശിയിൽ സിനിമാക്കമ്പം മൂത്തവർ തടിച്ചു കൂടിയെങ്കിലും അവരാരും തന്നെ അതിലേക്കുള്ള വേദിയായി നാടകത്തെ കണ്ടില്ല. മദിരാശി നാടകവേദി തനി അമേചർ നാടക സംഘങ്ങൾ ആയിരുന്നു .സ്വന്തമായി കഥയെഴുതി അല്ലെങ്കിൽ നാട്ടിൽ അവതരിപ്പിച്ചു വിജയിപ്പിച്ച നാടകങ്ങൾ പുതിയവരുടെ സംവിധാനത്തിൽ അരങ്ങു കണ്ടു . അവരിൽ പലർക്കും സിനിമ ഒരു ലക്ഷ്യം പോലും ആയിരുന്നില്ല .വ്യവസായി എന്ന സ്ഥാനം പോലും ഓർക്കാതെ നാടകത്തിൽ മുഴുകുന്ന അനൂപിനെ ഞാൻ പലപ്പോഴും അതിശയത്തോടെ കണ്ടിട്ടുണ്ട് .

1962 ഏപ്രിൽ 30 നു ഫിഷറീസ് ഡയറക്ടർ എ ജി വാസവന്റെ മകനായി ജനിച്ച അനൂപ് ജീവിതത്തിൻറെ തീച്ചൂളയിലേക്ക് എറിയപ്പെടുന്നത് എം ജി കോളേജിൽ പഠിക്കുമ്പോൾ അച്ചൻ മരിക്കുന്നതോടെയാണ് .അഛൻ കടന്നു പോയപ്പോൾ ആ വീടിന്റെ ചുവരുകളിൽ പരസ്പരം നിസ്സഹായതയോടെ പരസ്പരം നോക്കിയിരുന്ന തന്നെയും അമ്മയെയും സഹോദരികളെപ്പറ്റിയും അദ്ദേഹം ഈ പുസ്തകത്തിൽ ഓർക്കുന്നു .

കുസൃതിയും വഴക്കും നിറഞ്ഞ ഒരു ബാല്യകാലത്തിൽ ഒന്നാം ക്ലാസിൽ അധ്യാപികയെ ''പീഡിപ്പിക്കാൻ ''ശ്രമിച്ച വിദ്യാർഥി എന്ന പേര് നേടിയത് അദ്ദേഹം രസകരമായി വിവരിക്കുന്നുണ്ട് .തൃശ്ശൂർ വിട്ടു കോഴിക്കോട് ചുങ്കം യു പി സ്കൂളിൽ ആയിരുന്നു അദ്ദേഹം അഞ്ചും ആറും ക്ലാസുകൾ പഠിച്ചത് .'' ക്ലാസ്സിൽ എൻറെ തൃശൂർ ഭാഷയും കോഴിക്കോടൻ ഭാഷയും ഏറ്റുമുട്ടി.എൻറെ സ്വഭാവത്തിലും ഭാഷയിലും ഉണ്ടായ മാറ്റം അമ്മയെ വിഷമിപ്പിച്ചിരുന്നു ',അനൂപ് എഴുതുന്നു .രാജശ്രീയുടെ ദാക്ഷായണി കഥയ്ക്ക് മുൻപേ ഒരു ഭാഷാപോരാട്ടം എന്നേ ഇതിനെ വിശേഷിപ്പിക്കാവൂ . പിന്നിട് എറണാകുളം പൊന്നുരുന്നി സ്കൂളിലും തുടർന്നു തിരുവനന്തപുരം സെന്റ് ജോസെഫ്സ് സ്കൂളിലും .അമ്മനാട്ടത്തിലും റോളർ സ്കേറ്റിഗിലും റുബിക്ക് ക്യൂബു സെറ്റ് ചെയ്യുന്നതിലും പ്രാഗത്ഭ്യം നേടിയ നാളുകൾ ആയിരുന്നു അത് . ഇതിനിടെ നാടകത്തിൽ അഭിനയിക്കാൻ ശ്രമം .സംഭാഷണം പരിഭ്രമം മൂലം പുറത്തു വന്നില്ല .

**ആസൂത്രണത്തിന്റെ അഭാവവും ക്യാപ്പിറ്റലിന്റെ കുറവും മൂലമാണ് പലരും ബിസിനസ്സിൽ പൊട്ടുന്നത് . അപക്വമായ ചിന്തയും കുറെ പണവും കയ്യിൽ ഉണ്ടെങ്കിൽ ബിസിനസ്സ് ചെയ്യാം എന്ന് തെറ്റിദ്ധരിക്കുന്നവരും കുറവല്ല. ബിസിനസ് വിജയിക്കുന്നതിന് ആവശ്യമായ പല ഘടകങ്ങളിൽ ഒന്ന് മാത്രമാണ് പണം", അനൂപ് തൻറെ ബിസിനസ് അനുഭവം പങ്കുവെയ്ക്കുന്നു**

കുട്ടികൾ കൂകി.''ഞങ്ങൾ പ്രത്യക്ഷപ്പെട്ട അതെ വേഗതയോടെ സ്റ്റേജിൽ നിന്നു ഇറങ്ങിയോടി പരിശീലനവും പരിചയപ്പെടലുമില്ലാതെ ഒരു കാര്യവും വിജയിക്കില്ലെന്ന് അന്ന് പഠിച്ചതാണ് ',അനൂപ് പറയുന്നു

അമ്പലനഗർ കോളനിയിൽ അദ്ദേഹം അവതരിപ്പിച്ച നാടകം വിജയിച്ചു .റിഹേർസൽ കണ്ടു . ആകാശവാണി ഓഡിഷനു ക്ഷണിച്ചുവെങ്കിലും അതിൽ പരാജയപ്പെട്ടു .ഒരു ആദ്യരാത്രി അവതരിപ്പിക്കാനായിരുന്നു അദ്ദേഹത്തോട് ആവശ്യപ്പെട്ടത് .പരിഭ്രമം മൂലം ആ ആദ്യരാത്രി പരാജയമായി . ബി കോമിനു എം ജി കോളേജിൽപഠിക്കുമ്പോൾ സഹപാഠിയായ ഒരു പെൺകുട്ടിക്ക് കൂട്ട് പോയി യാദൃശ്ചികമായി കഥാമത്സരത്തിൽ പങ്കെടുത്ത താൻ ഒന്നാം സമ്മാനം നേടിയ കഥയും അദ്ദേഹം പങ്കു വെയ്ക്കുന്നുണ്ട് '. സിനിമാതാരം ജഗദീഷ് എൻറെ അധ്യാപകനായിരുന്നു. മോഹൻ ലാൽ അവസാനവർഷ ബിരുദ വിദ്യാർഥിയായി അവിടെയുണ്ടായിരുന്നു ',അദ്ദേഹം ഓർക്കുന്നു .

ജീവിതത്തിലെ വഴിത്തിരിവുകൾ അതിശയകരമാണ് എപ്പോഴും ''ഞാനും കാര്യക്ഷമതയുള്ള സർക്കാർ ഉദ്യോഗസ്ഥൻ ആകണമെന്ന് അഛൻ ആഗ്രഹിച്ചു .ഞാനും .ബിസിനസ് സമൂഹം നല്ലതല്ലെന്നും അവരുമായി കൂട്ട് കൂടരുതെന്നും അച്ചൻ ഉപദേശിക്കുമായിരുന്നു ബിസിനസ് എന്നത് എന്തോ അരുതാത്ത കാര്യമാണ് എന്ന ബോധമാണ് അത് എന്നിൽ അങ്കുരിപ്പിച്ചത് ',അനൂപ് എഴുതുന്നു പക്ഷേ അച്ഛൻറെ മരണശേഷം കുടുംബം പുലർത്താനായി ഒരു ''ടാക്സി ഡ്രൈവറുടെ'' റോൾ താനേ അനൂപിന് എടുക്കേണ്ടി വന്നു .നിത്യവൃത്തിക്ക് വേണ്ടി പണം സമ്പാദിക്കുന്നതിലായി പിന്നെ ശ്രദ്ധ'' സഹോദരി ഭർത്താവ് സുധിറിനു ഒരു വാൻ ഉണ്ടായിരുന്നു .ആ വാഹനം എനിക്ക് തന്നു ഉപജീവന

ത്തിന് വഴി കണ്ടെത്താൻ ഞാൻ അപ്രകാരം ടാക്സി ഡ്രൈവറായി ..ഡെലിഗേഷൻ വഴി വഴി ബിസിനസ് മുന്നോട്ടു കൊണ്ടു പോകാൻ കഴിയുമെന്ന് ഞാൻ പഠിച്ചത് ഈ നീക്കത്തിലൂടെയായിരുന്നു ',അനൂപ് എഴുതുന്നു

ആ സമയത്താണ് ഡോ വി പി സിദ്ധൻ വീട്ടിൽ എത്തുന്നത് .തൻറെ ഫാക്ടറിയിൽ മലയാളി തൊഴിലാളികൾ സമരത്തിൽ ഇറങ്ങിയത് മൂലം ബിസിനസ് നിർത്തേണ്ടി വന്ന വിഷമത്തിലാണ് അദ്ദേഹം അവിടെയെത്തിയത് .''അങ്ങനെ അദ്ദേഹത്തെ സഹായിക്കാൻ ഞാൻ 1982 മേയിൽ മദിരാശിയിൽ എത്തി .അവിടെ എത്തിയപ്പോഴാണ് അതൊരു മുൾക്കിരീടമാണ് എന്ന് എനിക്ക് മനസ്സിലായത് .അപ്പോൾ മധുരക്ക് ട്രാൻസ്ഫർ ആയ ഡോ സിദ്ധൻ അയച്ച കത്തുകൾ അനുസരിച്ചായിരുന്നു ഓരോ നീക്കവും . അവ പുസ്തകമാക്കിയിരുന്നെങ്കിൽ വലിയ മാനെജ്മെന്റ് പാഠങ്ങൾ ആകുമായിരുന്നു അനൂപ് എഴുതുന്നു ആദ്യകാലത്ത് നൂറു ഹോട്ടലിലെങ്കിലും സോപ്പ് എത്തിക്കാനായിരുന്നു ശ്രമം . സോപ്പുമായി പോകുമ്പോൾ പലരും പരിഹസിച്ചിട്ടുണ്ട് . ആദ്യകാലത്ത് സിദ്ധനും പ്രദീപും ഞാനും നടന്നും സൈക്കിളിലും ബസിലും സോപ്പ് പാക്കെറ്റ് അടങ്ങിയ സഞ്ചിയുമായി വില്പനക്കായി സഞ്ചരിച്ചിട്ടുണ്ട് '.ആദി ഗോദ്രേജിനെ തന്നെ ഞങ്ങളുടെ വിപണനം വിസ്മയിപ്പിച്ചു എന്നത് പിൽകാല കഥ .പണം ഇല്ലാതെ വരുകയും സ്വർണം പണയം വെച്ചു ശമ്പളം നൽകുകയും ചെയ്ത ഇന്നലെകൾ ഇന്നും മനസ്സിലുണ്ട് .പ്രതിസന്ധികളെ വെല്ലുവിളികളായി കണ്ടതിനാലാണ് ഈ വിധം ചരിത്രം എഴുതാനാകുന്നത് .



ആസൂത്രണത്തിന്റെ അഭാവവും ക്യാപ്പിറ്റലിന്റെ കുറവും മൂലമാണ് പലരും ബിസിനസ്സിൽ പൊട്ടുന്നത് . അപക്വമായ ചിന്തയും കുറെ പണവും കയ്യിൽ ഉണ്ടെങ്കിൽ ബിസിനസ്സ് ചെയ്യാം എന്ന് തെറ്റിദ്ധരിക്കുന്നവരും കുറവല്ല. ബിസിനസ് വിജയിക്കുന്നതിന് ആവശ്യമായ പല ഘടകങ്ങളിൽ ഒന്ന് മാത്രമാണ് പണം'',അനൂപ് തൻറെ ബിസിനസ് അനുഭവം പങ്കുവെയ്ക്കുന്നു .പുസ്തകത്തിൽ ഇത് പോലെ നിരവധി ബിസിനസ് നിർദേശങ്ങൾ നിറഞ്ഞിരിക്കുന്നു .

സോപ്പ്നിർമ്മാണത്തിൽ ഓരോ ഉപയോഗവും അനുഭൂതിയാകണം ,ഒടുവിലത്തെ കണികയിലും ഗുണവും മണവും നഷ്യപ്പെടരുത് എന്ന് തങ്ങൾക്കു നിർബന്ധം ഉണ്ടായിരുന്നു എന്ന് അനൂപ് പറയയുന്നുണ്ട് .അതിൽ ഉപയോഗിക്കുന്ന അപൂർവമായ പെർഫ്യൂം എങ്ങനെ കണ്ടെത്തി എന്ന് അദേഹം വിശദമായി പറയുന്നുണ്ട്

സിനിമയിലേക്കുള്ള തൻറെ കടന്നു വരവും ആദ്യ സിനിമ ആഘോഷമായി പൊട്ടിയതും അദ്ദേഹം സരളമായി വിവരിക്കുന്നുണ്ട് .ശ്രീനാരായണ ഗുരുവിനെ കുറിച്ചുള്ള യുഗ പുരുഷൻ എന്ന ആ സിനിമ അദ്ദേഹത്തിനു ശ്രീ നാരായണ പ്രസ്ഥാനങ്ങളുമായി അടുത്ത ബന്ധത്തിന് കാരണമായി .

അദ്ദേഹത്തിൻറെ മുത്തച്ഛൻ എ സി ഗോവിന്ദൻ ശ്രീനാരായണ ഗുരുവുമായി അടുത്ത ബന്ധം ഉണ്ടായിരുന്ന വ്യക്തിയാണ് .കുട്ടികളുടെ ശ്രീനാരായണ ഗുരു എന്നൊരു ഗ്രന്ഥം അദ്ദേഹം രചിച്ച്ചിട്ടുമുണ്ട് .ആ നിലക്ക് അത് വലിയ നേട്ടമായിരുന്നു .

**സിനിമയിലേക്കുള്ള തൻറെ കടന്നു വരവും ആദ്യസിനിമ ആഘോഷമായി പൊട്ടിയതും അദ്ദേഹം സരളമായി വിവരിക്കുന്നുണ്ട്. ശ്രീനാരായണ ഗുരുവിനെ കുറിച്ചുള്ള യുഗപുരുഷൻ എന്ന ആ സിനിമ അദ്ദേഹത്തിനു ശ്രീ നാരായണ പ്രസ്ഥാനങ്ങളുമായി അടുത്ത ബന്ധത്തിന് കാരണമായി**

ഇപ്പോൾ മേളം ,സഞ്ജീവനി എന്നിങ്ങനെ വ്യത്യസ്തമായ സംരംഭങ്ങൾ അനൂപ് നേതൃത്വം നൽകുന്ന എ വി എ ഗ്രൂപ്പിൻറെ കീഴിൽ ഉണ്ട് .

പക്ഷെ ഇതിൽ എല്ലാം അപ്പുറം സൌഹൃദങ്ങൾക്ക് പ്രാധാന്യം നൽകുന്ന ഒരു വ്യക്തിയെ ഈ പുസ്തകത്തിൽ കാണാം .ബി കോമിനു പഠിക്കുമ്പോൾ പാഠങ്ങൾ പഠിക്കാൻ സഹായിച്ച അശോക് വർമ,കമ്പനി കാര്യത്തിൽ ഉപദേശിച്ചു വന്ന ചാക്യാർ രാജൻ തുടങ്ങിയവരുമായുള്ള സൗഹൃദം ഈ പുസ്തകത്തിനു നിറം പകരുന്നു .

ബിസിനസ്സിൽ വിജയം കൈവരിച്ച മലയാളികൾ വളരെ കുറവാണ് ,അവരിൽ തന്നെ തങ്ങളുടെ ജീവിത വിജയ രഹസ്യങ്ങൾ പുറത്തു പറയുന്നവർ തുലോം കുറവ് ആ നിലക്ക് എ വി അനൂപിന്റെ യുടേൺ മികവ് പുലർത്തുന്നു .


pravasi CHANNEL HD
Presents
NJ MALAYALEES
PAATTUPETTI
ANNUAL SHOW
Watch On
INDIA LIFE TV HD
www.indialife.tv
pravasi CHANNEL HD
9.00pm ET
TO WATCH
THIS PROGRAM
SCAN QR CODE

45th AKMG Annual Convention

PRESENTS

August 29-31

Hilton Bayfront | San Diego, CA

മലയാളത്തിന്റെ നക്ഷത്ര താരം

Manoj K.Jayan

At the AKMG GALA Night!




Register now at www.akmg.org

More Info: 1-951-541-8319




Once you download and register and login to the App, your email will be automatically entered to win. **Restrictions apply.** This offer is valid only for anyone who downloads the app from **June 1st until June 30th, 2024**. You can enter from anywhere except legally restricted by any States or Countries. For complete details and rules visit **medialogistics.us/downloadandwinrules**. Winner will be announced on July 7th, 2024 via all Media Outlets. No purchase necessary.